# ജൈവവൈവിധ്യ നിയമം 2002
# (ഭേദഗതി നിയമം 2023),
# ജൈവവൈവിധ്യ ചട്ടങ്ങൾ, 2024 &
# എ.ബി.എസ്. നിയമവ്യവസ്ഥകൾ 2025

കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്
തിരുവനന്തപുരം

**ജൈവവൈവിധ്യ നിയമം 2002**
**(ഭേദഗതി നിയമം 2023),**
**ജൈവവൈവിധ്യ ചട്ടങ്ങൾ, 2024 &**
**എ.ബി.എസ്. നിയമവ്യവസ്ഥകൾ 2025**


**പരിഭാഷ**

മിത്രാംബിക എൻ.ബി.,
റിസർച്ച് ഓഫീസർ, കെ.എസ്.ബി.ബി.

ഡോ. വി. ബാലകൃഷ്ണൻ,
മെമ്പർ സെക്രട്ടറി, കെ.എസ്.ബി.ബി.

**ഡിസൈൻ & ലേ ഔട്ട്**

പ്രവീൺ കെ.പി.,
ഗ്രാഫിക് ഡിസൈനർ, കെ.എസ്.ബി.ബി.

**പ്രസിദ്ധീകരണം**

മെമ്പർ സെക്രട്ടറി,
കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്
തിരുവനന്തപുരം


**കുറിപ്പ്:**

*സംസ്ഥാനത്തെ ജൈവവൈവിധ്യ പരിപാലന സമിതികൾ (ബി.എം.സി. കൾ), തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, മറ്റു തൽപ്പരകക്ഷികൾ തുടങ്ങിയവർക്കുള്ള ബോധവൽക്കരണത്തിനുവേണ്ടിയാണ് ഈയൊരു പരിഭാഷ തയ്യാറാക്കിയിട്ടുള്ളത്. ഭരണപരവും നിയമപരവുമായിട്ടുള്ള ആവശ്യങ്ങൾക്കായി ഒറിജിനൽ ജൈവവൈവിധ്യ നിയമവും ചട്ടങ്ങളും നിയമവ്യവസ്ഥകളും റഫർ ചെയ്യേണ്ടതാണ്.*

# ജൈവവൈവിധ്യ നിയമം 2002
# (ഭേദഗതി നിയമം 2023),
# ജൈവവൈവിധ്യ ചട്ടങ്ങൾ, 2024 &
# എ.ബി.എസ്. നിയമവ്യവസ്ഥകൾ 2025

കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്
തിരുവനന്തപുരം

# ആമുഖം

മനുഷ്യരാശിയുടെ നിലനിൽപ്പിനും പ്രകൃതിയുടെ സന്തുലിതാവസ്ഥ നിലനിർത്തുന്നതിനും വേണ്ടിയുള്ള അടിത്തറയാണ് ജൈവവൈവിധ്യം. ഓരോ രാജ്യത്തിന്റെയും ജൈവവൈവിധ്യത്തിന്മേലുള്ള പരമാധികാരം അതത് രാജ്യങ്ങൾക്ക് ഉറപ്പു നൽകുന്ന അന്താരാഷ്ട്ര ജൈവവൈവിധ്യ ഉടമ്പടിയിലെ അംഗ രാഷ്ട്രമായതിനെ തുടർന്നാണ്, 2002 ൽ ഇന്ത്യാ ഗവൺമെന്റ് ജൈവവൈവിധ്യ നിയമം പാസാക്കുകയും, 2004 ൽ ജൈവ വൈവിധ്യ ചട്ടങ്ങൾ രൂപീകരിക്കുകയും ചെയ്തത്. ജീവജാല ങ്ങളുടെ സംരക്ഷണം, ജൈവവിഭവങ്ങളുടെ സുസ്ഥിരോപ യോഗം, ജൈവവിഭവങ്ങളുടെ വിനിയോഗത്തിൽ നിന്നും ലഭ്യ മാകുന്ന പ്രയോജനങ്ങളുടെ തുല്യവും നീതിയുക്തവുമായ പങ്കുവെയ്ക്കൽ എന്നീ ലക്ഷ്യങ്ങളോടുകൂടി നിലവിൽ വന്ന ജൈവവൈവിധ്യ നിയമവും ചട്ടങ്ങളും യഥാക്രമം 2023 ലും 2024 ലും ഭേദഗതി ചെയ്യുകയുണ്ടായി. അതോടൊപ്പം തന്നെ, ജൈവവിഭവങ്ങളുടെ വിനിയോഗത്തിൽ നിന്നും ലഭ്യമാകുന്ന പ്രയോജനങ്ങളുടെ തുല്യവും നീതിയുക്തവുമായ പങ്കുവെയ് ക്കൽ നടപ്പാക്കുന്നതിനായുള്ള, ദേശീയ ജൈവവൈവിധ്യ അതോറിറ്റിയുടെ 2014 ലെ നിയമവ്യവസ്ഥകളും (Access and Benefit Sharing Regulations) 2025 ൽ ഭേദഗതി ചെയ്യുകയു ണ്ടായി.

സമകാലീന സാഹചര്യങ്ങളിൽ ജൈവസമ്പത്തുകളുടെ ഉപ യോഗം, ഗവേഷണം, വ്യാപാരം, പരമ്പരാഗത അറിവുകളുടെ സംരക്ഷണം എന്നിവ കൂടുതൽ പ്രാധാന്യമർഹിക്കുന്നതി നാൽ, പൊതുജനങ്ങൾക്കും ഗവേഷകർക്കും വിദ്യാഭ്യാസ പ്രവർത്തകർക്കും വ്യവസായ മേഖലകൾക്കും ഭരണസംവിധാ നങ്ങൾക്കും എല്ലാറ്റിലുമുപരിയായി, ജൈവവൈവിധ്യ നിയമ ത്തിന്റെയും ചട്ടങ്ങളുടെയും പ്രാദേശികതല നിർവ്വഹണ സംവിധാനങ്ങളായ ജൈവവൈവിധ്യ പരിപാലന സമിതി കൾക്കും (ബി.എം.സി.കൾ) തദ്ദേശസ്വയംഭരണ സ്ഥാപന ങ്ങൾക്കും, ജൈവവൈവിധ്യ നിയമത്തിന്റെയും ചട്ടങ്ങളുടെയും അന്തഃസത്ത ഉൾക്കൊള്ളുന്നതിന്, മാതൃഭാഷയിൽ അവ ലഭ്യ

മാക്കേണ്ടത് അനിവാര്യമാണ്. ഈയൊരു ലക്ഷ്യം മുൻനിർത്തിയാണ് 2023 ലെ ജൈവവൈവിധ്യ (ഭേദഗതി) നിയമം, ഭേദഗതി ചെയ്ത 2024 ലെ ജൈവവൈവിധ്യ ചട്ടങ്ങൾ, 2025 ലെ എ.ബി.എസ്. നിയമവ്യവസ്ഥകൾ എന്നിവയുടെ മലയാള പരിഭാഷ സംസ്ഥാന ജൈവവൈവിധ്യ ബോർഡ് തയ്യാറാക്കിയിരിക്കുന്നത്. വിഷയത്തിന്റെ സാങ്കേതികതയും നിയമഭാഷയുടെ കൃത്യതയും പരമാവധി നിലനിർത്തുന്നതിന് ഈയൊരു പരിഭാഷയിൽ ബോർഡ് ശ്രമിച്ചിട്ടുണ്ട്. സമൂഹത്തിന്റെ നാനാതലങ്ങളിൽ ജൈവവൈവിധ്യ സംരക്ഷണാവബോധവും നിയമപരമായിട്ടുള്ള അറിവും ശക്തിപ്പെടുത്തുന്നതിന് ഈയൊരു കൈപ്പുസ്തകം സഹായകരമാകുമെന്ന് പ്രത്യാശിക്കുന്നു.

**ഡോ. വി. ബാലകൃഷ്ണൻ**
മെമ്പർ സെക്രട്ടറി

**ഡോ. എൻ. അനിൽകുമാർ**
ചെയർമാൻ

| നം | ഉള്ളടക്കം | പേജ് |
|---|---|---|
| 1. | 2002-ലെ ജൈവവൈവിധ്യ ആക്ട് (ജൈവവൈവിധ്യ (ഭേദഗതി) ആക്ട് 2023) | 9 |
| 2. | ജൈവവൈവിധ്യ ചട്ടങ്ങൾ, 2024 | 77 |
| 3. | എ.ബി.എസ് നിയമവ്യവസ്ഥകൾ 2025 | 187 |

# 2002-ലെ ജൈവവൈവിധ്യ ആക്ട്

**(2003 ലെ 18-ാം നമ്പർ, 2003 ഫെബ്രുവരി 05)**

**(ജൈവവൈവിധ്യ (ഭേദഗതി) ആക്ട് 2023 പ്രകാരം ഭേദഗതി ചെയ്തത്;**

**2023 ലെ 10-ാം നമ്പർ, തീയതി: 2023 ആഗസ്റ്റ് 03)**

# 2002-ലെ ജൈവവൈവിധ്യ ആക്ട്

**(2003 ലെ 18-ാം നമ്പർ, 2003 ഫെബ്രുവരി 05)**
**(ജൈവവൈവിധ്യ (ഭേദഗതി) ആക്ട് 2023 പ്രകാരം ഭേദഗതി ചെയ്തത്;**
**2023 ലെ 10-ാം നമ്പർ, തീയതി: 2023 ആഗസ്റ്റ് 03)**

ജൈവവൈവിധ്യത്തിന്റെ സംരക്ഷണത്തിനും അതിന്റെ ഘടകങ്ങളുടെ സുസ്ഥിര ഉപയോഗത്തിനും, ജൈവ വിഭവങ്ങളുടെയും, അറിവിന്റെയും ഉപയോഗം കൊണ്ട് ഉണ്ടാകുന്ന ആനുകൂല്യങ്ങളുടെ ന്യായയുക്തവും നീതി പൂർവ്വകവുമായ പങ്കിടലിനും അതിനോട് അനുബന്ധമായുള്ള കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്നതിനുള്ള ഒരു ആക്ട്.

ഇന്ത്യ ജൈവവൈവിധ്യത്തിലും തത്സംബന്ധമായ പരമ്പരാഗതവും സമകാലീനവുമായ വിജ്ഞാനവ്യവസ്ഥയിലും സമ്പുഷ്ടമായതിനാലും; ഇന്ത്യ 1992 ജൂൺ 5ന് റിയോഡിജനിറോയിലെ ജൈവവൈവിധ്യത്തെപ്പറ്റിയുള്ള ഐക്യരാഷ്ട്ര കൺവെൻഷനിൽ ഒപ്പുവച്ച ഒരു കക്ഷി ആയതിനാലും;

പ്രസ്തുത കൺവെൻഷൻ 1993 ഡിസംബർ 29 ന് പ്രാബല്യത്തിൽ വന്നിട്ടുള്ളതിനാലും;

പ്രസ്തുത കൺവെൻഷൻ രാജ്യങ്ങൾക്ക് അവരുടെ ജൈവ വിഭവങ്ങളുടെ മേൽ പരമാധികാരം ഉറപ്പ് വരുത്തിയിരിക്കുന്നതിനാലും;

പ്രസ്തുത കൺവെൻഷന്റെ സുപ്രധാന ഉദ്ദേശം ജൈവ വൈവിധ്യത്തിന്റെ സംരക്ഷണവും അതിന്റെ ഘടകങ്ങളുടെ സുസ്ഥിര ഉപയോഗവും, ജനിതക വിഭവശേഷിയുടെ ഉപയോഗത്തിൽ നിന്നും ഉണ്ടാകാവുന്ന ആനുകൂല്യത്തിന്റെ ന്യായയുക്തവും നീതി പൂർവ്വകവുമായ പങ്കിടൽ ആയതിനാലും;

ജപ്പാനിലെ നഗോയയിൽ 2010 ഒക്ടോബർ 29 ന് ചേർന്ന ജൈവവൈവിധ്യ കൺവെൻഷനിൽ ജനിതക സ്രോതസ്സുകളി ന്മേലുള്ള പ്രാപ്യതയുടെയും അതിന്റെ ഉപയോഗപ്പെടുത്തൽ കൊണ്ട് ഉത്ഭവിക്കുന്ന ആനുകൂല്യത്തിന്റെ ന്യായയുക്തവും നീതി പൂർവ്വകവുമായ പങ്കിടലിനുള്ള ജൈവവൈവിധ്യ ഉടമ്പടിയിൽ ഇന്ത്യ ഒരു കക്ഷി ആയതിനാലും;

ജൈവവൈവിധ്യ സ്രോതസ്സുകളുടെ ഉപയോഗപ്പെടു ത്തലിൽ നിന്നും ഉത്ഭവിക്കുന്ന പ്രയോജനങ്ങളുടെ സംരക്ഷണ ത്തിനും സുസ്ഥിര ഉപയോഗത്തിനും ന്യായയുക്തവും നീതി പൂർവ്വകവുമായ പങ്കിടലിനും മേൽപ്പറഞ്ഞ ഉടമ്പടിക്ക് പ്രാബല്യം നൽകുന്നതിലേക്ക് വ്യവസ്ഥ ചെയ്യേണ്ടത് ആവശ്യമാണെന്ന് കരുതുന്നതിനാലും;

ഇന്ത്യൻ റിപ്പബ്ലിക്കിന്റെ 25-ാം സംവത്സരത്തിൽ പാർലമെന്റ് താഴെപറയും പ്രകാരം നിയമം ഉണ്ടാക്കുന്നു.

# അദ്ധ്യായം ഒന്ന്
## പ്രാരംഭം

**1. ചുരുക്കപ്പേരും, വ്യാപ്തിയും പ്രാരംഭവും:**

1. ഈ ആക്ടിന് ജൈവവൈവിധ്യ ആക്ട് 2002 എന്ന പേര് പറയാവുന്നതാണ്.
2. ഇത് ഇന്ത്യയിൽ മുഴുവൻ ബാധകമായിരിക്കുന്നതാണ്
3. ഇത് കേന്ദ്ര സർക്കാർ ഔദ്യോഗിക ഗസറ്റിൽ നിശ്ചയിച്ച് വിജ്ഞാപനം ചെയ്യുന്ന തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതും:

എന്നാൽ ഈ നിയമത്തിലെ വിവിധ വ്യവസ്ഥകൾക്ക് വ്യത്യസ്തങ്ങളായ തീയതികൾ നിശ്ചയിക്കാവുന്നതും ഈ ആക്ടിലെ വ്യവസ്ഥകളുടെ പ്രാബല്യത്തെക്കുറിച്ചുള്ള ഏതെങ്കിലും പരാമർശത്തെ ആ വ്യവസ്ഥ നിലവിൽ വന്നതായ പരാമർശമായി അർത്ഥമാക്കേണ്ടതുമാണ്.

**2. നിർവ്വചനങ്ങൾ: ഈ ആക്ടിൽ സന്ദർഭം മറ്റു വിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം.,-**

(എ) "പ്രാപ്യത" (Access) എന്നാൽ ഇന്ത്യയിൽ ഉണ്ടാകുന്നതും ഇന്ത്യയിൽ നിന്നും ലഭ്യമാക്കിയതും ആയ ഏതൊരു ജൈവ വിഭവങ്ങളും അതുമായി ബന്ധപ്പെട്ട പരമ്പരാഗത അറിവുകളും ഗവേഷണത്തിനോ, ജൈവ സർവ്വേയ്ക്കോ വാണിജ്യ ഉപയോഗത്തിനോ വേണ്ടി ശേഖരിക്കുന്നതും, ലഭ്യമാക്കുന്നതും, കൈവശം വെയ്ക്കുന്നതും എന്ന് അർത്ഥമാകുന്നു;

(എഎ) "പ്രയോജനാവകാശികൾ" (Benefit claimers) എന്നാൽ ജൈവ വിഭവങ്ങളുടെയും അവയുടെ ഉപ ഉൽപന്നങ്ങളുടെയും സംരക്ഷകരും, അതുമായി ചേർന്ന പരമ്പാരാഗത അറിവിന്റെയും (ഇന്ത്യക്കാർക്കു വേണ്ടിയുള്ള സമാഹൃത പരമ്പാരാഗത

അറിവ് ഒഴികെ) അങ്ങനെയുള്ള ജൈവ വിഭവങ്ങളുടെ ഉപയോഗവുമായി ബന്ധപ്പെട്ട വിവരങ്ങളും അവയുടെ ഉപയോഗവും പ്രയോഗവുമായി ബന്ധപ്പെട്ട നവീകരണങ്ങളുടെയും, പതിവ് രീതിയുടെയും വിവരങ്ങളുടെ സൃഷ്ടാക്കളും വച്ചു പോരുന്നവരും എന്ന് അർത്ഥമാകുന്നു;

(ബി) "ജൈവവൈവിധ്യം" (Biological diversity or Biodiversity) എന്നാൽ എല്ലാ സ്രോതസ്സുകളിൽ നിന്നും ഉള്ള ജീവികളുടെയും അവ ഭാഗമായിട്ടുള്ള പാരിസ്ഥിതിക ഘടകങ്ങളുടെയും വൈവിധ്യം എന്ന് അർത്ഥമാകുന്നതും അതിൽ ആവാസവ്യവസ്ഥയിലെ സ്പീഷീസുകൾക്കുള്ളിലും സ്പീഷീസുകൾ തമ്മിലും ഉള്ള ജൈവവൈവിധ്യവും ഉൾപ്പെടുന്നതാകുന്നു;

(സി) "ജൈവ വിഭവങ്ങൾ" (Biological resources) എന്നതിൽ മനുഷ്യ വംശത്തിന് യഥാർത്ഥമായതോ സാധ്യതാപരമായതോ ആയ ഉപയോഗമോ മൂല്യമോ ഉള്ള സസ്യങ്ങൾ, ജന്തുക്കൾ സൂക്ഷ്മജീവികൾ അവയുടെ ജനിതക വസ്തുക്കൾ അവയിൽ നിന്നും ഉരുത്തിരിഞ്ഞവ (മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഒഴികെയുള്ള ഉൽപ്പന്നങ്ങൾ) എന്നിവ ഉൾപ്പെടുന്നതും, എന്നാൽ മനുഷ്യ ജനിതക വിഭവങ്ങൾ ഉൾപ്പെടാത്തതുമാകുന്നു;

(ഡി) "ജൈവവ്യാപ്തി നിർണ്ണയവും-ജൈവ ഉപയോഗവും" (Bio-survey & Bio-utilization) എന്നാൽ ഏതെങ്കിലും ആവശ്യത്തിലേക്കായി സ്പീഷീസുകൾ ഉപസ്പീഷീസുകൾ, ജീനുകൾ, അവയുടെ ഘടകങ്ങൾ, ജൈവജന്യസത്തുകൾ, എന്നിവയുടെ വ്യാപ്തി നിർണ്ണയമോ ശേഖരണമോ എന്ന് അർത്ഥമാകുന്നതും അതിൽ സ്വഭാവ സ്വരൂപ പഠനവും ജൈവ വിഭവങ്ങളുടെ വിവരപട്ടിക തയ്യാറാക്കലും ഉൾപ്പെടുന്നതുമാകുന്നു;

(ഇ) "ചെയർപേഴ്സൺ" എന്നാൽ സന്ദർഭോചിതമായി ദേശീയ ജൈവവൈവിധ്യ അതോറിറ്റിയുടെയോ സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെയോ ചെയർപേഴ്സൺ എന്ന് അർത്ഥമാകുന്നു;

(ഇ.എ) "സമാഹൃത പരമ്പരാഗത അറിവ് " (codified traditional knowledge) എന്നാൽ 1940 ലെ ഡ്രഗ്സ് ആന്റ് കോസ്മറ്റിക്

ആക്ടിന്റെ ഒന്നാം പട്ടികയിൽ പറഞ്ഞിരിക്കുന്ന ആധികാരിക ഗ്രന്ഥങ്ങളിൽ നിന്നും നേടിയ അറിവ് എന്ന് അർത്ഥമാകുന്നു;

(എഫ്) "വാണിജ്യപരമായ ഉപയോഗം" (commercial utilization) എന്നാൽ ഔഷധങ്ങൾ, വ്യാവസായിക എൻ സൈമുകൾ, ആഹാര രുചി വർദ്ധകങ്ങൾ, വാസനദ്രവ്യങ്ങൾ, സൗന്ദര്യ വർദ്ധക വസ്തുക്കൾ, കുഴമ്പുകൾ, ഒലിയോറസിനുകൾ, നിറം കൊടുക്കുന്നവ, ജൈവജന്യ സത്തുകൾ, വിളകളുടെയും കന്നുകാലികളുടെയും ഗുണശേഷി മെച്ചപ്പെടുത്തുന്നതിനായി ഉപയോഗിക്കുന്ന ജീനുകൾ, തുടങ്ങിയ ജൈവ വിഭവങ്ങളെ വാണിജ്യപരമായി ഉപയോഗിക്കുക എന്നർത്ഥമാകുന്നതും, എന്നാൽ പരമ്പരാഗത പ്രജനനരീതികൾ, കൃഷി, ഹോർട്ടികൾച്ചർ, കോഴി വളർത്തൽ, കന്നുകാലി വളർത്തൽ, മൃഗപരിപാലനം, തേനീച്ച വളർത്തൽ എന്നിവ ഉൾപ്പെടാത്തതുമാകുന്നു;

(എഫ്.എ) "ഉല്പന്നം (derivative)" എന്നാൽ പാരമ്പര്യത്തിന്റെ അടിസ്ഥാന ഘടകം ഇല്ലെങ്കിൽ പോലും, പ്രകൃത്യാ കാണപ്പെടുന്ന ജൈവരാസ സംയുക്തമോ ജൈവവിഭവങ്ങളിൽ നിന്നും പരിണമിച്ചതോ എന്ന് അർത്ഥമാകുന്നു;

(ജി) "ന്യായയുക്തവും നീതിപൂർവ്വകവുമായ പങ്കുവെയ്ക്കൽ" (Fair & Equitable Sharing) എന്നാൽ 21-ാം വകുപ്പ് പ്രകാരം ദേശീയ ജൈവവൈവിധ്യ അതോറിറ്റിയുടെ തീരുമാന പ്രകാരമുള്ള ആനുകൂല്യം/പ്രയോജനം പങ്കുവയ്ക്കൽ എന്ന് അർത്ഥമാകുന്നു;

(ജി.എ) "നാടൻ ഇനം" (Folk variety) എന്നാൽ കർഷകർക്കിടയിൽ അനൗപചാരികമായി വികസിപ്പിച്ച് വളർത്തി, കൈമാറ്റം ചെയ്തുവരുന്ന കൃഷി ചെയ്യുന്ന ഒരു സസ്യ ഇനം എന്ന് അർത്ഥമാകുന്നു;

(ജി.ബി) "ഇന്ത്യ" (India) എന്നാൽ ഭരണഘടനയുടെ ആർട്ടിക്കിൾ 1-ൽ പരാമർശിക്കുന്ന പ്രകാരം ഉള്ള ഇന്ത്യയുടെ ഭൂപ്രദേശവും അതിന്റെ പ്രാദേശിക ജല അതിർത്തിയും (ടെറിട്ടോറിയൽ വാട്ടേഴ്സ്) കടൽത്തട്ടും, അങ്ങനെയുള്ള കടലുകൾക്കടിയിലുള്ള മണ്ണും, കോണ്ടിനന്റൽ ഷെൽഫും,

എക്സ്ക്ലൂസീവ് എക്കണോമിക് സോൺ & അദർ മാരിടൈം സോൺസ് ആക്ട് 1976-ൽ പരാമർശിക്കും പ്രകാരം ഉള്ള പ്രത്യേക സാമ്പത്തിക മേഖലകളും മറ്റു സമുദ്ര മേഖലകളും അല്ലെങ്കിൽ മറ്റ് ഏതെങ്കിലും മാരിടൈം സോണും അതിന്റെ ഭൂപ്രദേശത്തിന് മുകളിലുള്ള വ്യോമാതിർത്തിയും എന്ന് അർത്ഥമാക്കുന്നു;

(ജി.സി) "പരമ്പരാഗതയിനങ്ങൾ" (landrace) എന്നാൽ പൗരാണിക കർഷകരും അവരുടെ പിൻമുറക്കാരും കൃഷി ചെയ്തുവരുന്ന ഇനം എന്ന് അർത്ഥമാകുന്നു;

(എച്ച്) "തദ്ദേശസ്ഥാപനങ്ങൾ" (local bodies) എന്നാൽ അത് എന്ത് പേരിൽ അറിയപ്പെട്ടാലും, ഭരണഘടനയുടെ അനുഛേദം 243(ബി)യുടെ 1-ാം ഖണ്ഡത്തിന്റെയും അനുഛേദം 243 (ക്യൂ) വിന്റെ 1-ാം ഖണ്ഡത്തിന്റെയും അർത്ഥവ്യാപ്തിയിൽപ്പെടുന്ന പഞ്ചായത്തുകളും മുൻസിപ്പാലിറ്റികളും എന്നും, പഞ്ചായത്തു കളുടെയോ മുൻസിപ്പാലിറ്റിയുടെയോ അഭാവത്തിൽ ഭരണ ഘടനയുടെ മറ്റേതെങ്കിലും വ്യവസ്ഥകൾക്കോ കേന്ദ്ര നിയമ ത്തിലോ സംസ്ഥാന നിയമത്തിലൊ ഉള്ള വ്യവസ്ഥകൾക്കു കീഴിൽ രൂപീകരിച്ചിട്ടുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നും അർത്ഥമാകുന്നു;

(ഐ) "അംഗം" (member) എന്നാൽ ദേശീയ ജൈവവൈവിധ്യ അതോറിറ്റിയുടെയോ സംസ്ഥാന ജൈവവൈവിധ്യ ബോർഡി ന്റെയോ അംഗം എന്ന് അർത്ഥമാകുന്നതും അതിൽ ചെയർ പെഴ്സൺ ഉൾപ്പെടുന്നതുമാകുന്നു;

(ഐ.എ) "മെമ്പർ സെക്രട്ടറി " (Member Secretary) എന്നാൽ സന്ദർഭോചിതമായി, ദേശീയ ജൈവവൈവിധ്യ അതോറിറ്റി യുടെയോ സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെയോ മുഴുവൻ സമയ സെക്രട്ടറി എന്ന് അർത്ഥമാകുന്നു;

(ജെ) "ദേശീയ ജൈവവൈവിധ്യ അതോറിറ്റി" (National Biodiversity Authority) എന്നാൽ 8 -ാം വകുപ്പ് പ്രകാരം രൂപീകൃത മായ ദേശീയ ജൈവവൈവിധ്യ അതോറിറ്റി എന്ന് അർത്ഥ മാകുന്നു;

(കെ) "നിർദ്ദിഷ്ടം" (prescribed) എന്നാൽ ഈ ആക്ട് പ്രകാരം ഉണ്ടാക്കിയ ചട്ടങ്ങളാൽ നിർദ്ദേശിച്ചത് എന്ന് അർത്ഥമാക്കുന്നു;

(എൽ) " നിയമ വ്യവസ്ഥകൾ' (Regulations) എന്നാൽ ഈ ആക്ട് പ്രകാരം ഉണ്ടാക്കിയ നിയമ വ്യവസ്ഥകൾ എന്ന് അർത്ഥമാക്കുന്നു.

(എം) "ഗവേഷണം" (Research) എന്നാൽ ജൈവ സമ്പ്രദായങ്ങൾ, ജീവജാലങ്ങൾ, ജീവനുള്ളവയിൽ നിന്നും ഉൽപ്പാദിതമായവ, ഇവ ഉപയോഗിച്ച് ഏതെങ്കിലും ഉപയോഗത്തിനായി ഉൽപന്നങ്ങളുടെയോ പ്രക്രിയകളുടെയോ നിർമ്മാണത്തിനോ, അവയിൽ മാറ്റം വരുത്തുന്നതിനോ വേണ്ടിയുള്ള ഏതെങ്കിലും ജൈവവിഭവത്തെയോ സാങ്കേതിക പ്രയോഗങ്ങളെയോ സംബന്ധിച്ച പഠനമോ ക്രമാനുഗതമായ അന്വേഷണമോ എന്ന് അർത്ഥമാക്കുന്നു;

(എൻ) "സംസ്ഥാന ജൈവവൈവിധ്യ ബോർഡ്" (State Bio diversity Board) എന്നാൽ 22-ാം വകുപ്പ് പ്രകാരം രൂപീകരിച്ച സംസ്ഥാന ജൈവവൈവിധ്യ ബോർഡ് എന്ന് അർത്ഥമാക്കുന്നു;

(ഒ) "സുസ്ഥിരമായ ഉപയോഗം" (Sustainable use) എന്നാൽ വർത്തമാന തലമുറയുടെയും ഭാവി തലമുറയുടെയും ആവശ്യങ്ങളും അഭിലാഷങ്ങളും നിറവേറ്റാനുള്ള ജൈവവൈവിധ്യത്തിന്റെ ലഭ്യത നിലനിർത്തുന്നതും, കാലാന്തരത്തിൽ നാശോന്മുഖമാകാത്ത വിധത്തിലും തദനുസരണമായ തോതിലും ഉള്ള ജൈവവിഭവ ഘടകങ്ങളുടെ ഉപയോഗം എന്ന് അർത്ഥമാകുന്നു;

(പി) "മൂല്യവർദ്ധിത ഉല്പന്നങ്ങൾ" (Value added products) എന്നാൽ പ്രത്യക്ഷത്തിൽ തിരിച്ചറിയുവാനോ വേർതിരിച്ചെടുക്കുവാനോ കഴിയാത്ത വിധത്തിൽ ജന്തുക്കളുടെയോ സസ്യങ്ങളുടെയോ സത്തുകൾ അടങ്ങിയ ഉൽപ്പന്നങ്ങൾ എന്ന് അർത്ഥമാകുന്നു.

# അദ്ധ്യായം രണ്ട്
# ജൈവവിഭവ പ്രാപ്തിക്കുള്ള നിയന്ത്രണം

**3. ദേശീയ ജൈവവൈവിധ്യ അതോറിറ്റിയുടെ അംഗീകാരം ഇല്ലാതെ ചില വ്യക്തികൾക്ക് ജൈവവൈവിധ്യവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തുവാൻ പാടുള്ളതല്ല:-**

(1) ഉപ വകുപ്പ് (2) ൽ പരാമർശിക്കുന്ന ഏതൊരു വ്യക്തിയും, ജൈവവൈവിധ്യ അതോറിറ്റിയുടെ മുൻകൂർ അംഗീകാരം ഇല്ലാതെ, ഇന്ത്യയിലുള്ള ജൈവവിഭവങ്ങളോ അവയുമായി ബന്ധപ്പെട്ട അറിവുകളോ ഗവേഷണത്തിനോ, വാണിജ്യപരമായ ഉപയോഗത്തിനു വേണ്ടിയോ, ജൈവ വ്യാപ്തി നിർണയ ത്തിനു വേണ്ടിയോ കൈവശപ്പെടുത്താൻ പാടുള്ളതല്ല.

(2) ഉപവകുപ്പ് (1) പ്രകാരം ജൈവവൈവിധ്യ അതോറിറ്റിയിൽ നിന്നും അനിവാര്യമായും അനുമതി തേടേണ്ടവർ താഴെ പറയു ന്നവരാണ് അതായത് :-

(എ) ഇന്ത്യൻ പൗരൻ അല്ലാത്ത ആൾ;

(ബി) ഇൻകം ടാക്സ് ആക്ട് 1961-ന്റെ 2-ാം വകുപ്പിന്റെ 30-ാം ഖണ്ഡത്തിൽ നിർവ്വചിക്കും പ്രകാരം, ഇന്ത്യയിൽ സ്ഥിര താമസം ഇല്ലാത്ത ഇന്ത്യൻ പൗരൻ;

(സി) ഒരു കോർപ്പറേറ്റ് ബോഡിയോ അസോസിയേഷനോ സ്ഥാപനമോ:-

(i) ഇന്ത്യയിൽ സംയോജിക്കപ്പെട്ടിട്ടില്ലാത്തതോ, രജിസ്റ്റർ ചെയ്യാത്തതോ; അല്ലെങ്കിൽ;

(ii) 2013-ലെ കമ്പനീസ് ആക്ടിന്റെ 2-ാം വകുപ്പിന്റെ (27)-ാം ഖണ്ഡം പ്രകാരം ഒരു വിദേശിയാൽ നിയന്ത്രിക്കപ്പെടുന്നതും

തത്സമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമത്തിന് കീഴിൽ ഏകീകരിക്കപ്പെട്ടതോ, രജിസ്റ്റർ ചെയ്യപ്പെട്ടതോ ആയത്.

**4. ഗവേഷണ ഫലങ്ങൾ ദേശീയ ജൈവവൈവിധ്യ അതോറിറ്റിയുടെ അനുമതി ഇല്ലാതെ ചില വ്യക്തികൾക്ക് കൈമാറരുത്:-**

ഒരു വ്യക്തിയോ സ്ഥാപനമോ ഇന്ത്യക്കാർക്ക് വേണ്ടി ലിഖിതമാക്കപ്പെട്ട പരമ്പരാഗത അറിവുകളൊഴികെയുള്ള, ഇന്ത്യയിൽ കാണപ്പെടുന്നതും ഇന്ത്യയിൽ നിന്നും നേടിയതോ പ്രാപ്തമാക്കിയതോ ആയ ജൈവവിഭവങ്ങളിന്മേലോ, അനുബന്ധമായ പരമ്പരാഗത അറിവിന്മേലൊ ഉള്ള ഏതൊരു ഗവേഷണ ഫലവും, സാമ്പത്തിക പ്രതിഫലത്തിനോ അല്ലെങ്കിൽ മറ്റുതരത്തിലോ, 3-ാം വകുപ്പിന്റെ (2-ാം) ഉപവകുപ്പിൽ പരാമർശിക്കുന്ന വ്യക്തിക്കോ അല്ലെങ്കിൽ കോർപ്പറേറ്റ് ബോഡിക്കോ ദേശീയ ജൈവവൈവിധ്യ അതോറിറ്റിയുടെ രേഖാമൂലമുള്ള മുൻകൂർ അനുമതി ഇല്ലാതെ പങ്കിടുവാനോ കൈമാറ്റം ചെയ്യുവാനോ പാടുള്ളതല്ല;

എന്നാൽ ഏതൊരു സെമിനാറിലും ശില്പശാലയിലും സാമ്പത്തിക നേട്ടം ഉൾപ്പെടെ പ്രസിദ്ധീകരിക്കുന്ന ഗവേഷണ പ്രബന്ധത്തിനോ വിജ്ഞാനവിതരണത്തിനോ അവ കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച മാർഗ്ഗരേഖകൾക്ക് അനുസൃതമാണെങ്കിൽ ഈ വകുപ്പിലെ വ്യവസ്ഥകൾ ബാധകമായിരിക്കുന്നതല്ല;

എന്നുമാത്രമല്ല, ഗവേഷണ ഫലങ്ങൾ വീണ്ടും ഗവേഷണത്തിനായി ഉപയോഗിക്കുകയാണെങ്കിൽ, ദേശീയ ജൈവവൈവിധ്യ അതോറിറ്റിയിൽ രജിസ്റ്റർ ചെയ്യേണ്ടത് അനിവാര്യമായിരിക്കുന്നതാണ്;

എന്നതുതന്നെയുമല്ല, ഗവേഷണ ഫലങ്ങൾ ഇന്ത്യയ്ക്ക് അകത്തോ പുറത്തോ വാണിജ്യപരമായ ഉപയോഗത്തിനോ ബൗദ്ധിക സ്വത്തവകാശം നേടുന്നതിനോ ഉപയോഗിക്കപ്പെടുന്ന പക്ഷം, ഈ ആക്ടിന്റെ വ്യവസ്ഥകൾക്ക് അനുസൃതമായി ദേശീയ ജൈവവൈവിധ്യ അതോറിറ്റിയുടെ മുൻകൂർ അനുമതി വാങ്ങിയിരിക്കേണ്ടതാണ്.

**5. ചില വ്യവസ്ഥകൾ ചില സഹകരണ ഗവേഷണ പ്രോജക്ടു കൾക്ക് ബാധകമല്ല.-**

(1) സ്ഥാപനങ്ങൾ തമ്മിൽ സർക്കാർ ആഭിമുഖ്യത്തിലുള്ള ഇന്ത്യയിലെ സ്ഥാപനങ്ങളും മറ്റു രാജ്യങ്ങളിലെ അത്തരം സ്ഥാപനങ്ങളും തമ്മിലുള്ള ജൈവവിഭവങ്ങളുടെയോ അനുബന്ധ പരമ്പരാഗത അറിവുകളുടെയോ കൈമാറ്റമോ വിനിമയമോ ഉൾപ്പെടുന്ന സഹകരണ പ്രോജക്ടുകൾക്ക്, അത്തരം സഹകരണ പ്രോജക്ടുകൾ ഉപവകുപ്പ് (3) ലെ വ്യവസ്ഥകൾക്ക് അനുസൃതമാണെങ്കിൽ അവയ്ക്ക് വകുപ്പ് (3) ലെ വ്യവസ്ഥകൾ ബാധകമായിരിക്കുന്നതല്ല.

(2) ആക്ട് നിലവിൽ വരുന്നതിനു മുൻപ് വ്യവസ്ഥ ചെയ്യപ്പെട്ട കരാറുകളുടെ അടിസ്ഥാനത്തിലുള്ളതും, ഇപ്പോൾ പ്രാബല്യ ത്തിലിരിക്കുന്നതുമായ ഉപവകുപ്പ് (1) ൽ പരാമർശിച്ചിട്ടില്ലാത്ത എല്ലാ സഹകരണ ഗവേഷണ പ്രോജറ്റുകളിലെയും കരാർ വ്യവസ്ഥകൾ, ഈ ആക്ടിന്റെ വ്യവസ്ഥകൾക്കും അല്ലെങ്കിൽ ഉപവകുപ്പ് (3) ഖണ്ഡം (എ) പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള ഏതെ ങ്കിലും മാർഗ്ഗനിർദ്ദേശങ്ങൾക്കോ വ്യവസ്ഥകൾക്കോ വിരുദ്ധ മാകുന്നിടത്തോളം അസാധു ആയിരിക്കുന്നതാണ്.

(3) (1) -ാം ഉപവകുപ്പിന്റെ ഉദ്ദേശ്യത്തിലുള്ള സഹകരണ ഗവേ ഷണ പ്രോജക്ടുകൾ-

(എ) കേന്ദ്ര സർക്കാർ ഇതിലേക്കായി പുറപ്പെടുവിച്ച നയപര മായ മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതമായിരിക്കേണ്ടതും;

(ബി) കേന്ദ്ര സർക്കാരിന്റെ അംഗീകാരം നേടിയിരിക്കേണ്ടതു മാണ്.

**6. ദേശീയ ജൈവവൈവിധ്യ അതോറിറ്റിയുടെ അനുമതി ഇല്ലാതെ ബൗദ്ധിക സ്വത്തവകാശത്തിനുള്ള അപേക്ഷ സമർപ്പിക്കുവാൻ പാടില്ല.-**

(1) വകുപ്പ് (3)ലെ ഉപവകുപ്പ് (2) ന്റെ പരിധിയിൽ വരുന്ന, ഇന്ത്യയ്ക്ക് അകത്തുനിന്നോ പുറത്തുനിന്നോ ബൗദ്ധിക സ്വത്തവകാശത്തിന് വേണ്ടി അപേക്ഷിക്കുന്ന ഏതൊരു

വ്യക്തിയോ സ്ഥാപനമോ, ഇന്ത്യയ്ക്ക് പുറത്ത് സൂക്ഷിച്ചിട്ടുള്ള ശേഖര കേന്ദ്രത്തിൽ (Repository) നിക്ഷേപിക്കപ്പെട്ടവ ഉൾപ്പെടെ ഇന്ത്യയിൽ നിന്നും സ്വായത്തമാക്കിയ ഏതൊരു ജൈവവിഭവത്തിന്റെയോ അവയുമായി ബന്ധപ്പെട്ട പരമ്പരാഗത അറിവുകളെയോ അടിസ്ഥാനമാക്കിയുള്ള ഗവേഷണത്തിന്റെയോ, വിവരങ്ങളുടെയോ അടിസ്ഥാനത്തിൽ നടത്തിയ ഏതൊരു കണ്ടുപിടിത്തത്തിനും മേൽ, ബൗദ്ധിക സ്വത്തവകാശം അനുവദിയ്ക്കുന്നതിന് മുൻപ് ദേശീയ ജൈവവൈവിധ്യ അതോറിറ്റിയുടെ മുൻകൂർ അനുമതി വാങ്ങേണ്ടതാണ്.

(1.എ) വകുപ്പ് (7)ന്റെ പരിധിയിൽ വരുന്ന ഇന്ത്യയ്ക്ക് അകത്തുനിന്നോ പുറത്തുനിന്നോ ബൗദ്ധിക സ്വത്തവകാശത്തിന് അപേക്ഷിക്കുന്ന ഏതൊരാളും, ഇന്ത്യയ്ക്ക് പുറത്ത് ശേഖര കേന്ദ്രങ്ങളിൽ നിക്ഷേപിക്കപ്പെട്ടവ ഉൾപ്പെടെ ഇന്ത്യയിൽ നിന്നും സ്വായത്തമാക്കിയ ഏതൊരു ജൈവവിഭവത്തിന്റെയോ അവയുമായി ബന്ധപ്പെട്ട പരമ്പരാഗത അറിവുകളെയോ അടിസ്ഥാനമാക്കിയുള്ള ഗവേഷണത്തിന്റെയോ വിവരങ്ങളുടെയോ അടിസ്ഥാനത്തിൽ നടത്തിയ ഏതൊരു കണ്ടുപിടിത്തത്തിനും മേൽ ബൗദ്ധിക സ്വത്തവകാശത്തിനായി അപേക്ഷിക്കുന്നതിന് മുൻപ് ദേശീയ ജൈവവൈവിധ്യ അതോറിറ്റിയിൽ രജിസ്റ്റർ ചെയ്തിരിക്കേണ്ടതാണ്.

(1.ബി) ഇന്ത്യയ്ക്ക് പുറത്ത് സൂക്ഷിപ്പ് കേന്ദ്രങ്ങളിൽ നിക്ഷേപിച്ചിട്ടുള്ളവ ഉൾപ്പെടെ ഇന്ത്യയിൽ നിന്നും സ്വായത്തമാക്കിയ ഏതൊരു ജൈവ വിഭവത്തിനെയോ അവയുമായി ബന്ധപ്പെട്ട പരമ്പരാഗത അറിവുകളെയോ അടിസ്ഥാനമാക്കിയുള്ള ഗവേഷണത്തിന്റെയോ വിവരങ്ങളുടെയോ അടിസ്ഥാനത്തിൽ നടത്തിയ ഏതൊരു കണ്ടുപിടിത്തത്തിനും ബൗദ്ധിക സ്വത്തവകാശം നേടിയ, വകുപ്പ് (7)ന്റെ പരിധിയിൽ വരുന്ന ഇന്ത്യയ്ക്ക് അകത്തുനിന്നോ പുറത്തുനിന്നോ ഉള്ള ഏതൊരാളും, വാണിജ്യവൽക്കരണം നടത്തുന്ന വേളയിൽ ദേശീയ ജൈവവൈവിധ്യ അതോറിറ്റിയുടെ മുൻകൂർ അനുമതി വാങ്ങേണ്ടതാണ്.

(2) ദേശീയ ജൈവവൈവിധ്യ അതോറിറ്റി ഈ വകുപ്പ് പ്രകാരം അനുമതി നൽകുമ്പോൾ, പ്രയോജനം പങ്കിടൽ ഫീസോ, റോയൽറ്റിയോ രണ്ടും കൂടിയോ ചുമത്താവുന്നതും അല്ലെങ്കിൽ അങ്ങനെയുള്ള അവകാശങ്ങളുടെ വാണിജ്യപരമായ ഉപയോഗത്തിൽ നിന്നും ഉണ്ടാകുന്ന സാമ്പത്തിക നേട്ടങ്ങൾ പങ്കുവെയ്ക്കുന്നത് ഉൾപ്പെടെയുള്ള നിബന്ധനകൾ ഏർപ്പെടുത്താവുന്നതുമാണ്.

(3) ഈ വകുപ്പിലെ വ്യവസ്ഥകൾ, സസ്യഇനങ്ങളുടെ സംരക്ഷണവുമായി ബന്ധപ്പെട്ട ഏതെങ്കിലും നിയമത്തിൻ കീഴിൽ ഏതെങ്കിലും അവകാശത്തിന് വേണ്ടി അപേക്ഷ സമർപ്പിക്കുന്ന ഏതൊരാൾക്കും ബാധകമാകുന്നതല്ല.

(4) ഉപവകുപ്പ് (3) ൽ പരാമർശിച്ച നിയമ പ്രകാരം ഏതെങ്കിലും അവകാശം അനുവദിച്ചിട്ടുണ്ടെങ്കിൽ, അങ്ങനെയുള്ള അവകാശം അനുവദിച്ച ബന്ധപ്പെട്ട അധികാരി അവകാശം അനുവദിച്ച രേഖയുടെ മേലൊപ്പു വച്ച ഒരു പകർപ്പ് ദേശീയ ജൈവവൈവിധ്യ അതോറിറ്റിക്ക് കൊടുക്കേണ്ടതാണ്.

**7. ചില ആവശ്യങ്ങൾക്ക് ജൈവ വിഭവങ്ങൾ നേടുന്നതിന് വേണ്ടി സംസ്ഥാന ജൈവവൈവിധ്യ ബോർഡിനു മുൻകൂർ അറിയിപ്പ് നൽകൽ :-**

(1) വകുപ്പ് (3) ലെ ഉപവകുപ്പ് (2) ന്റെ പരിധിയിൽ വരാത്ത ഒരു വ്യക്തിയും ജൈവ വിഭവങ്ങളും അനുബന്ധ അറിവകളും ബന്ധപ്പെട്ട സംസ്ഥാന ജൈവവൈവിധ്യ ബോർഡിന് മുൻകൂർ അറിയിപ്പ് നൽകാതെ വാണിജ്യപരമായ ഉപയോഗത്തിനായി സ്വായത്തമാക്കുവാൻ പാടുള്ളതല്ല, എന്നാൽ അങ്ങനെയുള്ള സ്വായത്തമാക്കൽ വകുപ്പ് (23)ലെ ഖണ്ഡം (ബി) യ്ക്കും, വകുപ്പ് (24)ലെ ഉപവകുപ്പ് (2) നും വിധേയമായിട്ടായിരിക്കേണ്ടതാണ്. എന്നാൽ ഈ വകുപ്പിലെ വ്യവസ്ഥകൾ ലിഖിതമാക്കപ്പെട്ട പരമ്പരാഗത അറിവുകൾക്കും, കൃഷി ചെയ്ത് വളർത്തുന്ന ഔഷധ ചെടികൾക്കും അതിന്റെ ഉൽപ്പന്നങ്ങൾക്കും ജൈവവൈവിധ്യത്തെ സംരക്ഷിക്കുന്നവരും പരിപാലിക്കുന്നവരും ഉൾപ്പെടെയുള്ള ആ പ്രദേശത്തെ പ്രാദേശിക ജനങ്ങൾക്കും, സമൂഹത്തിനും വൈദ്യൻമ്മാർ, ഹക്കീമുകൾ, ഭാരതീയ

ചികിത്സാ സമ്പ്രദായം ഉൾപ്പെടെ തദ്ദേശീയമായ ചികിത്സ രീതികൾ ജീവിത മാർഗ്ഗമായും ഉപജീവനത്തിനായും നടത്തിക്കൊണ്ടിരിക്കുന്ന രജിസ്റ്റർ ചെയ്തിട്ടുള്ള ആയുഷ് പ്രാക്ടീഷണർമാർക്കും ബാധകമാകുന്നതല്ല.

(2) ദേശീയ ജൈവവൈവിധ്യ അതോറിറ്റിയിൽ നിന്നും നിർദ്ദേശിക്കുന്ന തരത്തിൽ ജൈവവൈവിധ്യ പരിപാലന സമിതിയിൽ നിന്നും സർട്ടിഫിക്കറ്റ് ഓഫ് ഒറിജിൻ (ഉറവിട സർട്ടിഫിക്കറ്റ്) നേടിയിട്ടുണ്ടെങ്കിൽ മാത്രമേ കൃഷി ചെയ്ത് വളർത്തിയ ഔഷധസസ്യങ്ങൾക്ക് ഉപവകുപ്പ് (1) പ്രകാരമുള്ള ഒഴിവാക്കൽ ലഭ്യമാകുകയുള്ളൂ

(3) ജൈവവൈവിധ്യ പരിപാലന സമിതി, നിർദ്ദിഷ്ട രീതിയിൽ രേഖപ്പെടുത്തിവെച്ചിട്ടുള്ള വസ്തുതകളെ അടിസ്ഥാനമാക്കി ഉപവകുപ്പ് (2) പ്രകാരം സർട്ടിഫിക്കറ്റ് ഓഫ് ഒറിജിൻ നിർദ്ദിഷ്ട മാതൃകയിൽ നൽകേണ്ടതാണ്.

# അദ്ധ്യായം മൂന്ന്
# ദേശീയ ജൈവവൈവിധ്യ അതോറിറ്റി

**8. ദേശീയ ജൈവവൈവിധ്യ അതോറിറ്റിയുടെ രൂപീകരണം-**

(1) ഔദ്യോഗിക ഗസറ്റിലെ വിജ്ഞാപനം മുഖേന കേന്ദ്രസർക്കർ നിശ്ചയിക്കുന്ന തീയതി മുതൽ ഈ ആക്ടിന്റെ ഉദ്ദേശലക്ഷ്യ ങ്ങളിലേക്ക് കേന്ദ്ര സർക്കാർ ദേശീയ ജൈവവൈവിധ്യ അതോ റിറ്റി എന്ന പേരിൽ ഒരു സ്ഥാപനം രൂപീകരിക്കേണ്ടതാണ്.

(2) ദേശീയ ജൈവവൈവിധ്യ അതോറിറ്റി ശാശ്വത പിൻതുടർച്ച അവകാശത്തോടും പൊതു മുദ്രയോടും കൂടിയ മുൻപറഞ്ഞ പേരിലുള്ള ഒരു ഏകാംഗീകൃത സ്ഥാപനം ആയിരിക്കുന്നതും, സ്ഥാവരവും ജംഗമവുമായ വസ്തുവകകൾ രണ്ടും ആർജി ക്കാനും, കൈവശം വെച്ചുകൊണ്ടിരിക്കുവാനും കൈയൊഴിയു വാനും, കരാറിൽ ഏർപ്പെടുവാനും പ്രസ്തുത പേരിൽ വ്യവഹ രിക്കുകയും അതിനെതിരെ വ്യവഹാരം നടത്തുവാനും അധികാരം ഉണ്ടായിരിക്കുന്നതാണ്.

(3) ദേശീയ ജൈവവൈവിധ്യ അതോറിറ്റിയുടെ ആസ്ഥാനം ചെന്നൈയിലായിരിക്കുന്നതും കേന്ദ്ര സർക്കാരിന് ഔദ്യോഗിക ഗസറ്റ് വിഞ്ജാപനം വഴി മേഖലാ ഓഫീസുകൾ ഇന്ത്യയിലെ മറ്റു സ്ഥലങ്ങളിൽ സ്ഥാപിക്കാവുന്നതുമാണ്.

(4) ദേശീയ ജൈവവൈവിധ്യ അതോറിറ്റിയിൽ ഇനിപറയുന്ന അംഗങ്ങൾ ഉൾക്കൊള്ളുന്നതായിരിക്കും, അതായത്:-

(എ) ജൈവവൈവിധ്യത്തിന്റെ സംരക്ഷണത്തിലും സുസ്ഥിര ഉപയോഗത്തിലും ന്യായയുക്തവും നീതിപൂർവ്വകവുമായി ആനുകൂല്യം പങ്കിടുന്നതുമായി ബന്ധപ്പെട്ട വിഷയത്തിലും മതി യായ അറിവും, വൈദഗ്ധ്യവും പരിചയവും ഉള്ള കേന്ദ്ര സർക്കാർ നിയമിക്കുന്ന വിദഗ്ധനായ ഒരാൾ ചെയർപേഴ്സണാ യിരിക്കും;

(ബി) താഴെപ്പറയുന്ന വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന മന്ത്രാലയങ്ങളെ പ്രതിനിധീകരിക്കുന്ന കേന്ദ്ര സർക്കാർ നിയമിക്കുന്ന 16 എക്സ് ഒഫീഷ്യോ അംഗങ്ങൾ, അതായത്.-

I. കാർഷിക ഗവേഷണവും വിദ്യാഭ്യാസവും
II. കൃഷിയും കർഷക ക്ഷേമവും
III. ആയൂർവേദ, യുനാനി, സിദ്ധ, സൊവ റിഗ്പ, യോഗയും നാച്യുറോപതിയും, ഹോമിയോപതി
IV. ജൈവസാങ്കേതികത
V. പരിസ്ഥിതിയും കാലാവസ്ഥാവ്യതിയാനവും
VI. വനവും വന്യജീവിയും
VII. ഇന്ത്യൻ വന ഗവേഷണ വിദ്യാഭ്യാസ കൗൺസിൽ
VIII. ഭൗമശാസ്ത്രം
IX. പഞ്ചായത്തീ രാജ്
X. ശാസ്ത്രവും സാങ്കേതിക വിദ്യയും
XI. ശാസ്ത്ര - വ്യാവസായിക ഗവേഷണം
XII. ഗോത്രകാര്യം

(സി) സംസ്ഥാന ജൈവവൈവിധ്യ ബോർഡുകളിൽ നിന്നും റൊട്ടേഷണൽ ക്രമത്തിൽ നിയമിക്കുന്ന നാലു പ്രതിനിധികൾ;

(ഡി) നിയമ വിദഗ്ധർ, ജൈവവൈവിധ്യത്തിന്റെ സംരക്ഷണം, ജൈവവിഭവങ്ങളുടെ സുസ്ഥിര ഉപയോഗം, ജൈവവിഭവങ്ങളുടെ ഉപയോഗത്തിൽ നിന്നും ഉത്ഭവിക്കുന്ന ആനുകൂല്യത്തിന്റെ ന്യായവും നീതിപൂർവ്വകവുമായ പങ്കുവെയ്ക്കൽ വിഷയങ്ങളുമായി ബന്ധപ്പെട്ട് പ്രത്യേക അറിവോ പരിചയമോ ഉള്ള ശാസ്ത്രജ്ഞർ, വ്യാവസായിക പ്രതിനിധികൾ, സംരക്ഷകർ, ജൈവവിഭവങ്ങളുടെ അറിവ് സൂക്ഷിപ്പുകാരും ഉടമകളും ഉൾപ്പെടെയുള്ള വിദഗ്ധരിൽ നിന്നും കേന്ദ്ര സർക്കാർ നിയമിക്കുന്ന 5 അനൗദ്യോഗിക അംഗങ്ങൾ.

(ഇ) കേന്ദ്രസർക്കാർ നിയമിക്കുന്ന ജൈവവൈവിധ്യ സംരക്ഷണവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ പരിചയം ഉള്ള ഒരു മെമ്പർ സെക്രട്ടറി.

**9. ചെയർപേഴ്സണിന്റെയും, അംഗങ്ങളുടെയും, മെമ്പർ സെക്രട്ടറിയുടെയും സേവന വ്യവസ്ഥകൾ :-**

ദേശീയ ജൈവവൈവിധ്യ അതോറിറ്റിയിലെ ഔദ്യോഗിക അംഗങ്ങളുടെയും, മെമ്പർ സെക്രട്ടറിയുടെയും ഒഴികെ ചെയർ പേഴ്സണിന്റെയും, അംഗങ്ങളുടെയും ഓഫീസ് കാലാവധിയും സേവന വ്യവസ്ഥകളും കേന്ദ്ര സർക്കാർ നിർദ്ദേശിക്കും പ്രകാരം ആയിരിക്കുന്നതാണ്.

**10. ചെയർപേഴ്സൺ ദേശീയ ജൈവവൈവിധ്യ അതോറിറ്റി യുടെ ചീഫ് എക്സിക്യൂട്ടീവ് ആയിരിക്കുന്നതാണ്.-**

ചെയർപേഴ്സൺ ദേശീയ ജൈവവൈവിധ്യ അതോറിറ്റിയുടെ ചീഫ് എക്സിക്യൂട്ടീവ് ആയിരിക്കുന്നതും നിർദ്ദിഷ്ട അധികാര ങ്ങൾ പ്രയോഗിക്കുകയും ചുമതലകൾ നിർവ്വഹിക്കുകയും ചെയ്യേണ്ടതാണ്.

**(10.എ). മെമ്പർ സെക്രട്ടറി :-**

(1) മെമ്പർ സെക്രട്ടറി ദേശീയ ജൈവവൈവിധ്യ അതോറിറ്റി യുടെ മുഖ്യ ഉദ്യോഗസ്ഥനും കൺവീനറും ആയിരിക്കുന്ന തും, ഈ ആക്ടിൻ കീഴിൽ അതിന്റെ കർത്തവ്യങ്ങൾ നിർവ്വഹി ക്കുന്നതിന് അതോറിറ്റിയെ സഹായിക്കേണ്ടതുമാണ്.

(2) മറ്റ് നിർദ്ദിഷ്ട ചുമതലകളും മെമ്പർ സെക്രട്ടറി നിർവ്വഹി ക്കേണ്ടതാണ്.

**11. അംഗങ്ങളെ നീക്കം ചെയ്യൽ :- കേന്ദ്ര സർക്കാരിന് ദേശീയ ജൈവവൈവിധ്യ അതോറിറ്റിയിൽ നിന്നും ഏതൊരു അംഗ ത്തേയും താഴെ പറയുന്ന കാരണങ്ങളാൽ നീക്കം ചെയ്യാവു ന്നതാണ്.-**

(എ) പാപ്പരായി വിധിക്കപ്പെട്ടാൽ; അഥവാ

(ബി) സദാചാര ദൂഷ്യം ഉൾപ്പെടെയുള്ള കുറ്റ കൃത്യങ്ങൾക്ക് ശിക്ഷിക്കപ്പെട്ടാൽ; അഥവാ

(സി) ഒരു അംഗമായി പ്രവർത്തിക്കുന്നതിന് ശാരീരികമായും മാനസികമായും കഴിവില്ലാതെ വന്നാൽ; അഥവാ

(ഡി) തന്റെ സ്ഥാനം ദുരുപയോഗം ചെയ്തതുവഴി തന്റെ ഓഫീസിൽ തുടരുന്നത് പൊതുജനതാൽപര്യത്തിന് ഹാനികര മായാലോ; അഥവാ

(ഇ) ഒരു അംഗമെന്ന നിലയിൽ തന്റെ പ്രവർത്തനങ്ങളെ ദോഷകരമായി ബാധിക്കുന്നതരത്തിൽ സാമ്പത്തികമോ, അല്ലാ തെയോ ഉള്ള നേട്ടം ഉണ്ടാക്കിയിട്ടുള്ള പക്ഷം ഓഫീസിൽ നിന്നും നീക്കം ചെയ്യാവുന്നതാണ്;

**12. ജൈവവൈവിധ്യ അതോറിറ്റിയുടെ യോഗങ്ങൾ.-**

(1) ദേശീയ ജൈവവൈവിധ്യ അതോറിറ്റി നിർദ്ദിഷ്ടമായ സമയത്തും, സ്ഥലത്തും, കാര്യങ്ങൾ നടത്തുന്നതിൽ അപ്ര കാരമുള്ള ചട്ടങ്ങൾ പാലിച്ചു കൊണ്ടും (യോഗത്തിൽ കുറഞ്ഞ പക്ഷം പങ്കെടുക്കേണ്ട അംഗങ്ങളുടെ എണ്ണം ഉൾപ്പെടെ) യോഗം ചേരേണ്ടതാണ്.

(2) ദേശീയ ജൈവവൈവിധ്യ അതോറിറ്റിയുടെ യോഗങ്ങളിൽ ദേശീയ ജൈവവൈവിധ്യ അതോറിറ്റിയുടെ ചെയർപേഴ്സൺ അദ്ധ്യക്ഷത വഹിക്കേണ്ടതാണ്.

(3) ഏതെങ്കിലും കാരണത്താൽ ചെയർപേഴ്സണിന് ഹാജരാകു വാൻ സാധിക്കാതെ വരുന്നുവെങ്കിൽ, ഹാജരായ അംഗങ്ങളിൽ നിന്നും തിരഞ്ഞെടുത്ത ദേശീയ ജൈവവൈവിധ്യ അതോറിറ്റി യുടെ ഏതെങ്കിലുമൊരു അംഗം യോഗത്തിൽ അദ്ധ്യക്ഷത വഹിക്കേണ്ടതാണ്.

(4) ജൈവവൈവിധ്യ അതോറിറ്റിയുടെ ഏതൊരു യോഗ ത്തിന്റെയും മുൻപാകെ വരുന്ന എല്ലാ വിഷയങ്ങളും യോഗ ത്തിലെ അംഗങ്ങളുടെ ഭൂരിപക്ഷവോട്ടിന്റെ അടിസ്ഥാനത്തിൽ തീരുമാനിക്കേണ്ടതും, വോട്ടുകൾ തുല്യമായി വന്നാൽ ചെയർ പേഴ്സൺ അഥവ, അദ്ദേഹത്തിന്റെ അസാന്നിദ്ധ്യത്തിൽ അദ്ധ്യക്ഷത വഹിക്കുന്ന വ്യക്തിക്ക് ഒരു രണ്ടാം വോട്ടോ, കാസ്റ്റിംഗ് വോട്ടോ ചെയ്യാവുന്നതുമാണ്.

(5) യോഗത്തിൽ തീരുമാനം എടുക്കേണ്ടതായ ഒരു വിഷയ ത്തിൽ അംഗത്തിന് ഏതെങ്കിലും തരത്തിൽ നേരിട്ടോ,

അല്ലാതെയോ, അല്ലെങ്കിൽ വ്യക്തിപരമായ ബന്ധമോ താല്പര്യമോ ഉണ്ടെങ്കിൽ, അദ്ദേഹം തന്റെ ബന്ധത്തിന്റെ അല്ലെങ്കിൽ താല്പര്യത്തിന്റെ സ്വഭാവം വ്യക്തമാക്കേണ്ടതും അപ്രകാരം വ്യക്തമാക്കിയ ശേഷം ആ അംഗം പ്രസ്തുത യോഗത്തിൽ പങ്കെടുക്കാതിരിക്കേണ്ടതുമാണ്.

(6) ദേശീയ ജൈവവൈവിധ്യ അതോറിറ്റിയുടെ ഒരു പ്രവൃത്തിയോ നടപടിയോ–

(എ) ദേശീയ ജൈവവൈവിധ്യ അതോറിറ്റിയിലെ ഏതെങ്കിലും ഒഴിവോ രൂപീകരണത്തിലെ ഏതെങ്കിലും പിഴവ് മൂലമോ അല്ലെങ്കിൽ;

(ബി) ഒരു അംഗമായി പ്രവർത്തിക്കുന്ന വ്യക്തിയുടെ നിയമനത്തിലുള്ള ഏതെങ്കിലും പിഴവ് കൊണ്ടോ അല്ലെങ്കിൽ;

(സി) പരിഗണന വിഷയത്തിന്റെ ഗുണദോഷവശങ്ങളെ ബാധിക്കാത്ത തരത്തിലുള്ള ദേശീയ ജൈവവൈവിധ്യ അതോറിറ്റിയുടെ നടപടിക്രമത്തിലെ ഏതൊരു അപാകത കൊണ്ടോ, മാത്രം അസാധുവാക്കപ്പെടുന്നതല്ല.

**13. ദേശീയ ജൈവവൈവിധ്യ അതോറിറ്റിയുടെ കമ്മിറ്റികൾ.–**

(1) ദേശീയ ജൈവവൈവിധ്യ അതോറിറ്റിക്ക് കാർഷിക ജൈവവൈവിധ്യം കൈകാര്യം ചെയ്യുവാനായി ഒരു കമ്മിറ്റി രൂപീകരിക്കാവുന്നതാണ്.

വിശദീകരണം: ഈ ഉപവകുപ്പിന്റെ ഉദ്ദേശത്തിലേക്ക് 'കാർഷിക ജൈവവൈവിധ്യം' എന്നാൽ കൃഷിയുമായി ബന്ധപ്പെട്ട ഇനങ്ങളുടെയും അവയുടെ വന്യ ബന്ധുക്കളുടെയും ജൈവവൈവിധ്യം എന്ന് അർത്ഥമാകുന്നു.

(2) ഈ ആക്ടിൻ കീഴിൽ ദേശീയ ജൈവവൈവിധ്യ അതോറിറ്റിക്ക് കാര്യക്ഷമമായി അതിന്റെ കർത്തവ്യങ്ങൾ പാലിക്കുവാനും ചുമതലകൾ നിറവേറ്റുവാനും യുക്തമെന്ന് തോന്നുന്നത്ര കമ്മിറ്റികൾ കൂടി രൂപീകരിക്കാവുന്നതാണ്.

(3) ഈ ഉപവകുപ്പിൻ കീഴിൽ രൂപീകരിക്കപ്പെട്ട കമ്മിറ്റിയ്ക്ക് ദേശീയ ജൈവവൈവിധ്യ അതോറിറ്റിയിൽ അംഗമല്ലാത്ത, അതിന് യുക്തമെന്ന് തോന്നുന്നത്ര വ്യക്തികളെ അംഗങ്ങളായി നിയോഗിക്കാവുന്നതും, അപ്രകാരം നിയോഗിക്കുന്ന വ്യക്തികൾക്ക് കമ്മിറ്റിയുടെ യോഗങ്ങളിലും, നടപടികളിലും പങ്കെടുക്കുന്നതിന് അവകാശം ഉണ്ടായിരിക്കുന്നതും, എന്നാൽ വോട്ട് ചെയ്യാൻ അവകാശം ഉണ്ടായിരിക്കുന്നതുമല്ല.

(4) ഉപവകുപ്പ് (2) പ്രകാരം കമ്മിറ്റി അംഗങ്ങളായി നിയമിതരായ വ്യക്തികൾക്ക് കമ്മിറ്റിയുടെ യോഗങ്ങളിൽ പങ്കെടുക്കുന്നതിന് കേന്ദ്ര സർക്കാർ നിശ്ചയിക്കും പ്രകാരമുള്ള അലവൻസുകൾക്കും ഫീസുകൾക്കും അർഹത ഉണ്ടായിരിക്കുന്നതാണ്.

**14. ദേശീയ ജൈവവൈവിധ്യ അതോറിറ്റിയുടെ ഓഫീസർമാരും ജീവനക്കാരും.-**

(1) ദേശീയ ജൈവവൈവിധ്യ അതോറിറ്റിക്ക് ഈ ആക്ട് പ്രകാരമുള്ള അതിന്റെ ചുമതലകൾ കാര്യക്ഷമമായി നിർവഹിക്കുന്നതിന് അതിന് ആവശ്യമെന്ന് കരുതുന്ന പ്രകാരമുള്ള ഓഫീസർമാരെയും മറ്റുജീവനക്കാരെയും നിയമിക്കാവുന്നതാണ്.

(2) ദേശീയ ജൈവവൈവിധ്യ അതോറിറ്റിയിലെ ഓഫീസർമാരുടെയും ജീവനക്കാരുടെയും സേവന വ്യവസ്ഥകളും നിബന്ധനകളും നിയന്ത്രണചട്ടങ്ങളിൽ വ്യക്തമാക്കിയിരിക്കുന്ന പ്രകാരം ആയിരിക്കേണ്ടതാണ്.

**15. ദേശീയ ജൈവവൈവിധ്യ അതോറിറ്റിയുടെ ഉത്തരവുകളുടെയും തീരുമാനങ്ങളുടെയും പ്രമാണീകരണം:.-**

ദേശീയ ജൈവവൈവിധ്യ അതോറിറ്റിയുടെ എല്ലാ ഉത്തരവുകളും തീരുമാനങ്ങളും ചെയർപേഴ്സണോ മെമ്പർ സെക്രട്ടറിയോ അല്ലെങ്കിൽ ഇതിലേയ്ക്കായി ദേശീയ ജൈവവൈവിധ്യ അതോറിറ്റി അധികാരപ്പെടുത്തുന്ന മറ്റ് ഏതെങ്കിലും അംഗം കൈയ്യൊപ്പ് വെച്ച് പ്രമാണീകരിക്കപ്പെടേണ്ടതും, ദേശീയ ജൈവവൈവിധ്യ അതോറിറ്റി നടപ്പിലാക്കുന്ന മറ്റ് എല്ലാ

കാര്യങ്ങളും മെമ്പർ സെക്രട്ടറിയുടെയോ അല്ലെങ്കിൽ ദേശീയ ജൈവവൈവിധ്യ അതോറിറ്റി ഇതിലേക്കായി അധികാരപ്പെടുത്തിയ ഒരു ഉദ്യോഗസ്ഥനൊ കയ്യൊപ്പ് വച്ച് സാധുത നൽകേണ്ടതാണ്.

**16. അധികാരം ഏൽപ്പിച്ചു കൊടുക്കൽ.-**

ദേശീയ ജൈവവൈവിധ്യ അതോറിറ്റിക്ക്, രേഖാമൂലമുള്ള പൊതുവായതോ പ്രത്യേകമായതോ ആയ ഉത്തരവുകളാൽ ഏതെങ്കിലും അംഗത്തിനോ മെമ്പർ സെക്രട്ടറിക്കോ, ജൈവവൈവിധ്യ അതോറിറ്റിയിലെ ഉദ്യോഗസ്ഥനോ അല്ലെങ്കിൽ ഒരു വ്യക്തിക്കോ അതോറിറ്റിക്ക് യുക്തമെന്ന് കരുതുന്ന ഈ ആക്ട് പ്രകാരമുള്ള അധികാരങ്ങളും ചുമതലകളും (50-ാം വകുപ്പിൻ കീഴിൽ അപ്പീൽ ഫയൽ ചെയ്യുവാനുള്ള അധികാരവും 64-ാം വകുപ്പിൻ കീഴിൽ നിയമ വ്യവസ്ഥകൾ ഉണ്ടാക്കുന്നതിനുള്ള അധികാരവും ഒഴികെ) അതിലെ നിബന്ധനകൾക്കനുസരിച്ച് ഏല്പിച്ചു കൊടുക്കാവുന്നതാണ്.

**17. ദേശീയ ജൈവവൈവിധ്യ അതോറിറ്റിയുടെ ചെലവുകൾ ഇന്ത്യയുടെ സഞ്ചിത നിധിയിൽ നിന്നും വഹിക്കേണ്ടതാണ്.-**

അംഗങ്ങൾക്ക് കൊടുക്കേണ്ടതായ ശമ്പളവും അലവൻസും, ദേശീയ ജൈവവൈവിധ്യ അതോറിറ്റിയിലെ ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും പെൻഷനും, ശമ്പളവും അലവൻസും ഉൾപ്പെടെയുള്ള ജൈവവൈവിധ്യ അതോറിറ്റിയുടെ ഭരണപരമായ ചെലവുകൾ എന്നിവ ഇന്ത്യയുടെ സഞ്ചിത നിധിയിൽ നിന്നും കൊടുത്തു തീർക്കേണ്ടതാണ്.

# അദ്ധ്യായം നാല്
# ദേശീയ ജൈവവൈവിധ്യ അതോറിറ്റിയുടെ ചുമതലകളും അധികാരങ്ങളും

**18. ദേശീയ ജൈവവൈവിധ്യ അതോറിറ്റിയുടെ ചുമതലകളും അധികാരങ്ങളും :-**

(1) ദേശീയ ജൈവവൈവിധ്യ അതോറിറ്റി, ജൈവവിഭവങ്ങളും അതിനോടനുബന്ധമായ പരമ്പരാഗത അറിവുകളും സ്വായത്തമാക്കുന്നതിനും, ആനുകൂല്യങ്ങളുടെ ന്യായയുക്തവും നീതിപൂർവ്വകവുമായ പങ്കുവയ്ക്കൽ തീരുമാനിക്കുന്നതിനുമുള്ള നിയമ വ്യവസ്ഥകൾ കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തോടെ ഉണ്ടാക്കേണ്ടതാണ്.

(2) വകുപ്പ് 3, 4, 6 എന്നിവയിൽ പരാമർശിക്കുന്ന ഏതൊരു പ്രവൃത്തിയും അനുവാദം നൽകുകയോ, നിരസിക്കുകയോ ചെയ്തു കൊണ്ട് നിയന്ത്രിക്കേണ്ടത് ദേശീയ ജൈവവൈവിധ്യ അതോറിറ്റിയുടെ ചുമതല ആയിരിക്കുന്നതാണ്.

(3) ദേശീയ ജൈവവൈവിധ്യ അതോറിറ്റി :-

(എ) ജൈവവൈവിധ്യത്തിന്റെ സംരക്ഷണം, അതിന്റെ ഘടകങ്ങളുടെ സുസ്ഥിര ഉപയോഗം, ജൈവവിഭവങ്ങളുടെ ഉപയോഗത്തിൽ നിന്നും ഉണ്ടാകുന്ന ആനൂകൂല്യത്തിന്റെ ന്യായയുക്തവും നീതി പൂർവ്വകവുമായ പങ്കുവെയ്ക്കൽ എന്നിവയുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ കേന്ദ്ര സർക്കാരിന് ഉപദേശം നൽകുകയും;

(ബി) വകുപ്പ് 37 ഉപവകുപ്പ് (1) പ്രകാരം ജൈവവൈവിധ്യ പൈതൃക കേന്ദ്രങ്ങളായി വിജ്ഞാപനം ചെയ്യേണ്ട ജൈവവൈവിധ്യ പ്രധാന്യമുള്ള പ്രദേശങ്ങളെ തിരഞ്ഞെടുക്കുന്നതിനും അത്തരം പൈതൃക കേന്ദങ്ങളുടെ പരിപാലനത്തിന് വേണ്ട നടപടികളെക്കുറിച്ച് സംസ്ഥാന സർക്കാരുകൾക്ക് ഉപദേശം നൽകുകയും;

(ബി.എ) ഈ ആക്ടിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട് ഏതൊരു വിഷയത്തിലും സംസ്ഥാന ജൈവവൈവിധ്യ ബോർഡുകൾക്ക് ഉപദേശം നൽകുകയും;

(സി) ഈ നിയമത്തിന്റെ വ്യവസ്ഥകളെ പ്രാവർത്തികമാക്കുന്നതിന് ആവശ്യമായി വന്നേക്കാവുന്ന അത്തരം ചുമതലകൾ നിർവ്വഹിക്കുകയും ചെയ്യേണ്ടതാണ്.

(4) ദേശീയ ജൈവവൈവിധ്യ അതോറിറ്റിക്ക്, കേന്ദ്ര സർക്കാരിനുവേണ്ടി, ഇന്ത്യയ്ക്ക് അകത്തോ, പുറത്തുള്ള ശേഖര കേന്ദ്രങ്ങളിൽ കാണപ്പെടുന്നതുൾപ്പെടെ ഇന്ത്യയിൽ നിന്നും കൊണ്ടുവന്നിട്ടുള്ളതോ ആയ ഏതൊരു ജൈവവിഭവത്തിനോ അതുമായി ബന്ധപ്പെട്ട പരമ്പരാഗത അറിവിനോ ഇന്ത്യയ്ക്ക് പുറത്തുള്ള ഏതെങ്കിലും രാജ്യത്ത് ബൗദ്ധിക സ്വത്തവകാശം അനുവദിക്കുന്നതിനെ എതിർക്കുവാൻ ആവശ്യമായ ഏതൊരു നടപടികളും സ്വീകരിക്കാവുന്നതാണ്.

# അദ്ധ്യായം അഞ്ച്
# ദേശീയ ജൈവവൈവിധ്യ അതോറിറ്റിയുടെ അംഗീകാരം

**19. ദേശീയ ജൈവവൈവിധ്യ അതോറിറ്റി അംഗീകാരം നൽകേണ്ട ചില പ്രവർത്തനങ്ങൾ –**

(1) ഇന്ത്യയിൽ കാണപ്പെടുന്ന ഏതൊരു ജൈവവിഭവമോ, തത്സബന്ധമായ അറിവോ ഗവേഷണത്തിനു വേണ്ടിയോ വാണിജ്യപരമായ ഉപയോഗത്തിനോ ജൈവവ്യാപ്തി നിർണ്ണയ ത്തിനോ, ജൈവ ഉപയോഗത്തിനോ വേണ്ടി നേടുവാനോ ഇന്ത്യയിൽ കാണപ്പെടുന്നതോ ഇന്ത്യയിൽ നിന്നും നേടിയതോ ആയ ജൈവവിഭവങ്ങളെ സംബന്ധിച്ച ഏതൊരു ഗവേഷണ വുമായി ബന്ധപ്പെട്ട ഫലങ്ങൾ കൈമാറ്റം ചെയ്യുവാനും ഉദ്ദേശിക്കുന്ന 3–ാം വകുപ്പിന്റെ (2)–ാം ഉപവകുപ്പിൽ പരാമർശി ക്കുന്ന ഏതൊരു വ്യക്തിയും, നിർദ്ദിഷ്ട ഫോറത്തിൽ അപ്ര കാരമുള്ള ഫീസടച്ച്, ദേശീയ ജൈവവൈവിധ്യ അതോറിറ്റിക്ക് അപേക്ഷ നൽകേണ്ടതാണ്.

(2) 3–ാം വകുപ്പിന്റെ (2)–ാം ഉപവകുപ്പിൽ പരാമർശിക്കുന്ന ഏതൊരു വ്യക്തിയും 6–ാം വകുപ്പിന്റെ (1)–ാം ഉപവകുപ്പിൽ പരാമർശിക്കും പ്രകാരം ഇന്ത്യയ്ക്ക് അകത്തോ പുറത്തോ, ഒരു കുത്തകാവകാശത്തിനോ അല്ലെങ്കിൽ മറ്റേതെങ്കിലും തരത്തിലുള്ള ബൗദ്ധിക സ്വത്തവകാശത്തിനോ വേണ്ടി അപേ ഷിക്കുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ, നിർദ്ദിഷ്ട ഫോറ ത്തിൽ, നിശ്ചിത ഫീസ് ഒടുക്കി, നിശ്ചിത രീതിയിൽ ദേശീയ ജൈവവൈവിധ്യ അതോറിറ്റിക്ക് അപേക്ഷ സമർപ്പിക്കേണ്ട താണ്.

(2.എ) 6–ാംവകുപ്പിന്റെ (1.എ) ഉപവകുപ്പിൽ പരാമർശിക്കുന്ന ഏതൊരു വ്യക്തിയും (2)–ാം ഉപവകുപ്പിൻ കീഴിൽ അപേക്ഷ സമർപ്പിക്കുമ്പോൾ ദേശീയ ജൈവവൈവിധ്യ അതോറിറ്റിയിൽ

രജിസ്റ്റർ ചെയ്തിരിക്കേണ്ടതും, 6-ാം വകുപ്പിന്റെ (1 ബി) ഉപ വകുപ്പിൽ പരാമർശിക്കുന്ന വ്യക്തികൾ വാണിജ്യവത്കരണ ത്തിന്റെ സമയത്ത് ദേശീയ ജൈവവൈവിധ്യ അതോറിറ്റിയുടെ മുൻകൂറായുള്ള അനുമതി നേടിയിരിക്കേണ്ടതുമാണ്.

(3) ഉപവകുപ്പ് (1) അഥവാ ഉപവകുപ്പ് (2) പ്രകാരമുള്ള അപേക്ഷ ലഭിച്ചു കഴിഞ്ഞാൽ, ദേശീയ ജൈവവൈവിധ്യ അതോറിറ്റി യ്ക്ക് അതിന് ഉചിതമെന്ന് തോന്നുന്ന രീതിയിൽ അന്വേഷണം നടത്തിയ ശേഷം, ആവശ്യമെങ്കിൽ ഇതിലേക്കായി രൂപീകരിച്ച വിദഗ്ധ കമ്മറ്റിയുമായി കൂടിയാലോചിച്ച് ഇതിന് വേണ്ടിയു ണ്ടാക്കിയ വ്യവസ്ഥകൾക്ക് വിധേയമായി റോയൽറ്റി ചാർജ് ചുമത്തുന്നത് ഉൾപ്പെടെ, അതിന് യുക്തമെന്ന് തോന്നുന്ന നിബന്ധനകൾക്ക് വിധേയമായി, ഉത്തരവ് മുഖേന അംഗീകരി ക്കുകയോ, അല്ലെങ്കിൽ കാരണങ്ങൾ രേഖപ്പെടുത്തി അപേക്ഷ നിരസിക്കുകയോ ചെയ്യാവുന്നതാണ്:

എന്നാൽ അങ്ങനെയുള്ള നിരസിക്കൽ ഉത്തരവ് അത് ബാധി ക്കുന്ന വ്യക്തിക്ക് പറയുവാനുള്ളത് പറയുന്നതിന് ഒരു അവസ രം നൽകാതെ പുറപ്പെടുവിക്കുവാൻ പാടില്ലാത്തതാണ്.

(3.എ). ദേശീയ ജൈവവൈവിധ്യ അതോറിറ്റി, ഈ വകുപ്പിൻ കീഴിൽ അനുമതി നൽകുമ്പോൾ, ഇതിലേക്കായി ഉണ്ടാക്കി യിട്ടുള്ള നിയമവ്യവസ്ഥകളിൽ പറഞ്ഞിട്ടുള്ള പ്രകാരമാവണം ആനുകൂല്യങ്ങളുടെ പങ്കുവയ്ക്കൽ തീരുമാനിക്കേണ്ടത്;

എന്നാൽ ദേശീയ ജൈവവൈവിധ്യ അതോറിറ്റിക്ക് അങ്ങനെ യുള്ള ഒരു പ്രവൃത്തി, ജൈവവൈവിധ്യത്തിന്റെ സംരക്ഷണ ത്തിനും, ജൈവവൈവിധ്യത്തിന്റെ സുസ്ഥിര ഉപയോഗത്തി നും അതിൽ നിന്നും ഉത്ഭവിക്കുന്ന ആനുകൂല്യത്തിന്റെ ന്യായയുക്തവും നീതിപൂർവ്വകവുമായ പങ്കുവയ്ക്കലിനും ഹാനികരമെന്നോ, വിരുദ്ധമായതെന്നോ അഭിപ്രായം ഉള്ളു പക്ഷം, അങ്ങനെയുള്ള ഏതൊരു പ്രവൃത്തിയും ഉത്തരവി ലൂടെയോ കാരണങ്ങൾ രേഖപ്പെടുത്തിയോ നിരോധിക്കുകയോ നിയന്ത്രിക്കുകയോ ചെയ്യാവുന്നതാണ്.

അതുമാത്രമല്ല, നിരസിച്ചുകൊണ്ടുള്ള അങ്ങനെയുള്ള ഉത്തരവ് ബന്ധപ്പെട്ട ആൾക്ക് പറയുവാൻഉള്ളത് പറയുന്നതിന് ഒരു അവസരം നൽകാതെ പുറപ്പെടുവിക്കുവാൻ പാടുള്ളതല്ല.

(4) ദേശീയ ജൈവവൈവിധ്യ അതോറിറ്റി ഈ വകുപ്പിൻ കീഴിൽ നൽകിയ എല്ലാ അനുമതിയുടെയും, നിരസിക്കലുകളുടെയും വിവരങ്ങൾ പൊതുസമക്ഷം വയ്ക്കേണ്ടതാണ്.

**20. ഗവേഷണ ഫലങ്ങളുടെ കൈമാറ്റം.-**

(1) ഇന്ത്യയിൽ കാണപ്പെടുന്നതോ ഇന്ത്യയ്ക്ക് പുറത്തെ ശേഖര കേന്ദ്രത്തിൽ നിക്ഷിപ്തമാക്കിയതുൾപ്പടെ ഇന്ത്യയിൽ നിന്നു കൊണ്ടു വന്നിട്ടുള്ളതോ ആയ ജൈവവിഭവങ്ങളുടെയോ അനുബന്ധ പമ്പരാഗത അറിവുകളിന്മേലോ ഉള്ള ഏതൊരു ഗവേഷണ ഫലങ്ങളും, 3-ാം വകുപ്പിന്റെ (2-)ാം ഉപവകുപ്പിൻ കീഴിൽ പരാമർശിക്കുന്ന വ്യക്തികൾക്ക് സാമ്പത്തികമായ പ്രതിഫലം പറ്റിയോ അല്ലാതെയോ കൈമാറുവാൻ ഉദ്ദേശിക്കുന്ന ഏതൊരു വ്യക്തിയും സ്ഥാപനവും, ദേശീയ ജൈവവൈവിധ്യ അതോറിറ്റിക്ക് നിർദ്ദിഷ്ട ഫോറത്തിൽ നിശ്ചിത ഫീസ് ഒടുക്കിക്കൊണ്ട് ഒരു അപേക്ഷ സമർപ്പിക്കേണ്ടതാണ്.

(2) (1-) ാം ഉപവകുപ്പിൽ പരാമർശിക്കുന്ന ഗവേഷണ ഫലങ്ങളുടെ കൈമാറ്റം ഉദ്ദേശിക്കുന്ന ഏതൊരു വ്യക്തിയും നിർദ്ദിഷ്ട ഫോറത്തിലും നിശ്ചിത രീതിയിലും ഒരു അപേക്ഷ ദേശീയ ജൈവവൈവിധ്യ അതോറിറ്റിക്ക് സമർപ്പിക്കേണ്ടതാണ്.

(3) (2-)ാം ഉപവകുപ്പിൻ കീഴിൽ ഒരു അപേക്ഷ ലഭിച്ചു കഴിഞ്ഞാൽ, ദേശീയ ജൈവവൈവിധ്യ അതോറ്റി അന്വേഷണം നടത്തിയ ശേഷം ആനുകൂല്യം പങ്കിടുന്നതും അല്ലാതെയും ഉൾപ്പെടെ അതിന് യുക്തമെന്നു തോന്നുന്ന വ്യവസ്ഥകൾക്കും നിബന്ധനകൾക്കും വിധേയമായും മാർഗ്ഗരേഖയ്ക്ക് അനുസൃതമായിട്ടും ഉത്തരവ് മൂലം അനുമതി നൽകാവുന്നതും അല്ലെങ്കിൽ കാരണങ്ങൾ രേഖപ്പെടുത്തി അപേക്ഷ നിരസിക്കാവുന്നതുമാണ്.

എന്നാൽ നിരസിച്ചുകൊണ്ടുള്ള അങ്ങനെയുള്ള ഉത്തരവ് ബന്ധപ്പെട്ട ആൾക്ക് പറയുവാൻ ഉള്ളത് പറയുവാൻ ഒരു അവസരം നൽകാതെ പുറപ്പെടുവിക്കുവാൻ പാടുള്ളതല്ല.

(4) ദേശീയ ജൈവവൈവിധ്യ അതോറിറ്റി ഈ ആക്ടിനു കീഴിൽ നൽകിയിട്ടുള്ള അനുമതികളുടെയും നിരസിക്കലുകളുടെയും എല്ലാ വിവരങ്ങളും പൊതുസമക്ഷം വയ്ക്കേണ്ടതാണ്.

**21. ന്യായയുക്തവും നീതിപൂർവ്വകവുമായി ആനുകൂല്യം പങ്കുവയ്ക്കുന്നതിനുള്ള ദേശീയ ജൈവവൈവിധ്യ അതോറിറ്റിയുടെ തീരുമാനം..-**

(1) ദേശീയ ജൈവവൈവിധ്യ അതോറിറ്റി, ഈ ആക്ടിൻ കീഴിൽ അനുമതി നൽകുമ്പോൾ പ്രയോജന വിഹിതം നിശ്ചയിക്കുന്നതിനിടെ, അംഗീകാരം അനുവദിക്കുന്നതിന് വിധേയമാക്കിയ വ്യവസ്ഥകളും നിബന്ധനകളും, പ്രാപ്തമാക്കിയ ജൈവവിഭവങ്ങളുടെയും അവയുടെ ഉപോൽപ്പന്നങ്ങളുടെയും, നൂതനാശയങ്ങളുടെയും അവയുടെ ഉപയോഗങ്ങളുമായി ബന്ധപ്പെട്ട പ്രയോഗങ്ങളുടെയും ബന്ധപ്പെട്ട അറിവുകളുടെയും ഉപയോഗത്തിൽ നിന്നും ഉത്ഭവിക്കുന്ന പ്രയോജനങ്ങളുടെ ന്യായയുക്തവും നീതിപൂർവ്വകവുമായ പങ്കിടൽ, അംഗീകീരത്തിന് അപേക്ഷിക്കുന്ന വ്യക്തിയും, ദേശീയ ജൈവവൈവിധ്യ അതോറിറ്റിയെ പ്രതിനിധീകരിച്ചുകൊണ്ടുള്ള ജൈവവൈവിധ്യ പരിപാലന സമിതിയും പരസ്പരം സമ്മതിച്ച വ്യവസ്ഥകളോടും നിബന്ധനകളോടും പൊരുത്തപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

(2) ദേശീയ ജൈവവൈവിധ്യ അതോറിറ്റി, ഇതിലേക്കായി ഉണ്ടാക്കിയിട്ടുള്ള നിയമ വ്യവസ്ഥകൾക്ക് വിധേയമായി, താഴെ പറയുന്ന രീതികളിലെല്ലാമോ അല്ലെങ്കിൽ അവയിലേതെങ്കിലും ഒന്നോ അനുസരിച്ച് പ്രയോജനം പങ്കുവയ്ക്കൽ തീരുമാനിക്കേണ്ടതാണ്, അതായത്:-

(എ) ബൗദ്ധിക സ്വത്തവകാശങ്ങളുടെ കൂട്ടുടമസ്ഥത ദേശീയ ജൈവവൈവിധ്യ അതോറിറ്റിയ്ക്ക് അനുവദിച്ചു കൊണ്ടോ,

പ്രയോജനാവകാശികളെ തിരിച്ചറിഞ്ഞിട്ടുള്ളപക്ഷം അങ്ങനെ യുള്ള പ്രയോജനാവകാശികൾക്ക് അനുവദിച്ചുകൊണ്ടോ;

(ബി) സാങ്കേതിക വിദ്യയുടെ കൈമാറ്റം;

(സി) ഉൽപാദന, ഗവേഷണ, വികസന യൂണിറ്റുകൾ പ്രയോജ നാവകാശികളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിന് സാധ്യമാകുന്നതരത്തിലുള്ള പ്രദേശങ്ങളിൽ സ്ഥാപിക്കൽ;

(ഡി) ജൈവ വിഭവങ്ങൾ, ജൈവവ്യാപ്തി നിർണ്ണയം, ജൈവ ഉപയോഗം എന്നിവ സംബന്ധിച്ച ഗവേഷണ- വികസന പ്രവർ ത്തനങ്ങളിൽ ഇന്ത്യയിലെ ശാസ്ത്രജ്ഞരെയും, തദ്ദേശീയരായ ആളുകളെയും പ്രയോജനാവകാശികളെയും ബന്ധിപ്പിക്കൽ;

(ഇ) പ്രയോജനാവകാശികൾക്ക് സഹായകമാകുന്നതിലേക്ക് പ്രത്യേക മൂലധന ഫണ്ട് സ്ഥാപിക്കൽ;

(എഫ്) ദേശീയ ജൈവവൈവിധ്യ അതോറിറ്റിക്ക് യുക്തമെന്നു തോന്നുന്ന പ്രകാരം പ്രയോജനാവകാശികൾക്ക് സാമ്പത്തിക നഷ്ടപരിഹാരവും മറ്റ് സാമ്പത്തികേതര ആനുകൂല്യങ്ങളും നൽകൽ.

(3.) ദേശീയ ജൈവവൈവിധ്യ അതോറിറ്റി, ഏതെങ്കിലും തുക ആനുകൂല്യം പങ്കിടുന്നതിലേക്ക് ഉത്തരവ് ആയിട്ടുണ്ടെ ങ്കിൽ, ആ തുക ദേശീയ ജൈവവൈവിധ്യ ഫണ്ടിൽ നിക്ഷേപി ക്കുന്നതിന് നിർദ്ദേശം നൽകേണ്ടതാണ്.

എന്നാൽ ജൈവവിഭവമോ അനുബന്ധ അറിവോ ഒരു വ്യക്തി യിൽ നിന്നോ, ഒരു കൂട്ടം വ്യക്തികളിൽ നിന്നോ, സംഘടന കളിൽ നിന്നോ പ്രാപ്തമാക്കിയതിന്റെ ഫലമാണെങ്കിൽ ദേശീയ ജൈവവൈവിധ്യ അതോറിറ്റി ആ തുക നേരിട്ട് അത്തരം പ്രയോജ നാവകാശികൾക്കോ, സംഘടനകൾക്കോ, കരാർ വ്യവസ്ഥ കൾക്ക് അനുസൃതമായി അതിന് യുക്തമെന്ന് തോന്നുന്ന രീതിയിൽ നൽകുന്നതിന് നിർദ്ദേശം നൽകാവുന്നതാണ്.

(4) ഈ വകുപ്പിന്റെ ആവശ്യത്തിലേയ്ക്ക് ദേശീയ ജൈവവൈവിധ്യ അതോറിറ്റി കേന്ദ്രസർക്കാരുമായി കൂടിയാ ലോചിച്ച് നിയമവ്യവസ്ഥകൾ പ്രകാരം മാർഗ്ഗ നിർദ്ദേശങ്ങൾ തയ്യാറാക്കേണ്ടതാണ്.

# അദ്ധ്യായം ആറ്
# സംസ്ഥാന ജൈവവൈവിധ്യ ബോർഡ്

**22.സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ രൂപീകരണം :-**

(1) സംസ്ഥാന സർക്കാർ ഇതിലേക്കായി ഔദ്യോഗിക ഗസറ്റിലൂടെ വിജ്ഞാപനം ചെയ്തേക്കാവുന്ന തീയതി മുതൽ ഈ ആക്ടിന്റെ ഉദ്ദേശ്യത്തിലേക്കായി (സംസ്ഥാനത്തിന്റെ പേര്) സംസ്ഥാന ജൈവവൈവിധ്യ ബോർഡ് എന്ന പേരിൽ ഒരു ബോർഡ് രൂപീകരിക്കേണ്ടതാണ്.

(2) ഈ വകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഒരു കേന്ദ്രഭരണ പ്രദേശത്തിന് വേണ്ടി സംസ്ഥാന ജൈവവൈവിധ്യ ബോർഡ് രൂപികരിക്കുവാൻ പാടില്ലാത്തതും, ഒരു കേന്ദ്രഭരണ പ്രദേശത്തെ സംബന്ധിച്ച് ദേശീയ ജൈവവൈവിധ്യ അതോറിറ്റി പ്രസ്തുത കേന്ദ്രഭരണ പ്രദേശത്തിന്റെ സംസ്ഥാന ജൈവ വൈവിധ്യ ബോർഡിന്റെ അധികാരങ്ങൾ വിനിയോഗിക്കുകയും കർത്തവ്യങ്ങൾ നിർവ്വഹിക്കുകയും ചെയ്യേണ്ടതുമാണ്.

എന്നാൽ ഒരു കേന്ദ്രഭരണ പ്രദേശവുമായി ബന്ധപ്പെട്ട്, ദേശീയ ജൈവവൈവിധ്യ അതോറിറ്റിക്ക് അതിന്റെ മൊത്തത്തിലോ ഏതെങ്കിലുമോ ആയ അധികാരങ്ങളും ചുമതലകളും ഈ ഉപവകുപ്പിൻ കീഴിൽ കേന്ദ്രസർക്കാർ നിർദ്ദേശിക്കുന്ന വ്യക്തികൾക്കോ വ്യക്തികളുടെ സംഘത്തിനോ അല്ലെങ്കിൽ ഒരു സംഘടനയ്ക്കോ ഏൽപിച്ചു കൊടുക്കാവുന്നതാണ്.

(3) ബോർഡ് മുൻപറഞ്ഞ പേരിൽ ശാശ്വതമായ പിൻതുടർച്ചാ അവകാശമുള്ളതും, പൊതു മുദ്രയോടുകൂടിയതും സ്ഥാവര ജംഗമ സ്വത്തുക്കൾ ആർജ്ജിക്കുവാനും, കൈവശം വയ്ക്കുന്നതിനും, കയ്യൊഴിയുന്നതിനും, കരാറിൽ ഏർപ്പെടുന്നതിനും, അധികാരമുള്ള നിയമപരമായിട്ടുള്ള ഒരു സംവിധാനമാണ്.

മേൽപ്പറഞ്ഞ പേരിൽ വ്യവഹരിക്കുവാനും വ്യവഹരിക്കപ്പെടുവാനും അധികാരം ഉണ്ടായിരിക്കുന്നതുമാണ്.

(4) ബോർഡ് ഇനി പറയുന്ന അംഗങ്ങൾ ഉൾക്കൊള്ളുന്നതായിരിക്കും, അതായത്:-

(എ) സംസ്ഥാന സർക്കാർ നിയമിക്കുന്ന, ജൈവവൈവിധ്യ സംരക്ഷണം, സുസ്ഥിരമായ ഉപയോഗം, ന്യായയുക്തവും നീതി പൂർവ്വകവുമായ ആനുകൂല്യങ്ങൾ പങ്കുവെയ്ക്കന്നതുമായി ബന്ധപ്പെട്ട കാര്യങ്ങൾ എന്നിവയിൽ വേണ്ടത്ര അറിവും വൈദഗ്ധ്യവും അനുഭവപരിചയവും ഉള്ള ഒരു ചെയർപേഴ്സൺ;

(ബി) തദ്ദേശസ്വയംഭരണം, ഗോത്രവർഗ്ഗ കാര്യങ്ങൾ കൈകാര്യം ചെയ്യുന്ന വകുപ്പുകൾ ഉൾപ്പെടെ, സംസ്ഥാന സർക്കാർ നിയമിക്കുന്ന ബന്ധപ്പെട്ട സംസ്ഥാന സർക്കാർ വകുപ്പുകളെ പ്രതിനിധാനം ചെയ്യുന്ന 7-ൽ കൂടാത്ത എക്സ്സ് ഓഫീഷ്യോ അംഗങ്ങൾ;

(സി) നിയമ വിദഗ്ധർ, ജൈവവൈവിധ്യത്തിന്റെ സംരക്ഷണവും ജൈവവിഭവങ്ങളുടെ സുസ്ഥിര ഉപയോഗവും, ജൈവ വിഭവങ്ങളുടെ ഉപയോഗത്തിലൂടെ ഉത്ഭവിക്കുന്ന ആനുകൂല്യങ്ങളുടെ ന്യായയുക്തവും നീതി പൂർവ്വകവുമായ പങ്കുവെയ്ക്കലും സംബന്ധിച്ച് പ്രത്യേക അറിവും വൈദഗ്ധ്യവും പ്രവർത്തന പരിചയവും ഉള്ള ശാസ്ത്രജ്ഞർ ഉൾപ്പെടെയുള്ള വിദഗ്ധരിൽ നിന്നും സംസ്ഥാന സർക്കാർ നിയമിക്കുന്ന അഞ്ചിൽ കൂടാത്ത അനൗദ്യോഗിക അംഗങ്ങൾ.

(5) സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ ആസ്ഥാനം സംസ്ഥാന സർക്കാർ ഔദ്യോഗിക ഗസറ്റ് വഴി വിജ്ഞാപനം ചെയ്യുന്ന സ്ഥലത്ത് ആയിരിക്കുന്നതാണ്.

**23. സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ ചുമതലകൾ-** സംസ്ഥാന ജൈവവൈവിധ്യ ബോർഡിന് താഴെപ്പറയുന്ന ചുമതലകൾ ഉണ്ടായിരിക്കുന്നതാണ്.-

(എ) ജൈവവൈവിധ്യത്തിന്റെ സംരക്ഷണം, അതിന്റെ ഘടകങ്ങളുടെ സുസ്ഥിര ഉപയോഗം, ജൈവവിഭവങ്ങളുടെയോ അനുബന്ധമായിട്ടുള്ള പരമ്പരാഗത അറിവിന്റെയോ വിനിയോഗ

ത്തിൽ നിന്നും ഉത്ഭവിക്കുന്ന ആനുകൂല്യത്തിന്റെ ന്യായയുക്തവും നീതിപൂർവ്വകവുമായ പങ്കുവയ്ക്കലുമായി ബന്ധപ്പെട്ട സംഗതികളിൽ കേന്ദ്ര സർക്കാരോ, ദേശീയ ജൈവവൈവിധ്യ അതോറിറ്റിയോ ഏതെങ്കിലും നിയമവ്യവസ്ഥകളോ, മാർഗ്ഗരേഖയോ പുറപ്പെടുവിച്ചിട്ടുണ്ടെങ്കിൽ അതിന് അനുസൃതമായി സംസ്ഥാന സർക്കാരിന് ഉപദേശം നൽകുക;

(ബി) 7-ാം വകുപ്പിൽ പരാമർശിക്കുന്ന ഏതൊരു പ്രവർത്തനത്തിനും അനുമതി നൽകിക്കൊണ്ടോ അല്ലെങ്കിൽ നിരസിച്ചുകൊണ്ടോ നിയന്ത്രിക്കുക;

(ബി.എ) ദേശീയ ജൈവവൈവിധ്യ അതോറിറ്റി ഇതിലേക്കായി പുറപ്പെടുവിച്ചിട്ടുള്ള നിയമവ്യവസ്ഥകൾ പ്രകാരം ന്യായയുക്തവും നീതിപൂർവ്വകവുമായിട്ടുള്ള ആനൂകൂല്യം പങ്കിടൽ നിശ്ചയിക്കുക;

(സി) ഈ ആക്ടിന്റെ വ്യവസ്ഥകൾ പ്രാവർത്തികമാക്കുന്നതിന് അനിവാര്യമായതോ, സംസ്ഥാന സർക്കാരിനാൽ നിർദ്ദിഷ്ടമായതോ ആയ ചുമതലകൾ നിർവഹിക്കുക.

**24. ജൈവവൈവിധ്യ സംരക്ഷണത്തിന്റെ ഉദ്ദേശലക്ഷ്യത്തെ ലംഘിക്കുന്ന ചില പ്രവൃത്തികളെ നിയന്ത്രിക്കുവാനുള്ള സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ അധികാരം:.-**

(1) 7-ാം വകുപ്പിൻ കീഴിൽ വരുന്ന ഏതൊരു പ്രവർത്തനവും ഏറ്റെടുക്കുന്നതിന് ഉദ്ദേശിക്കുന്ന 3-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പിൽ പരാമർശിക്കാത്ത ഏതൊരു വ്യക്തിയും, സംസ്ഥാന സർക്കാരിന്റെ നിർദ്ദിഷ്ട ഫോറത്തിൽ സംസ്ഥാന ജൈവവൈവിധ്യ ബോർഡിന് മുൻകൂട്ടി അറിയിപ്പ് നൽകേണ്ടതാണ്.

(2)അത്തരം പ്രവൃത്തികൾ ജൈവൈവിധ്യ സംരക്ഷണത്തിന്റെയും സുസ്ഥിരോപയോഗത്തിന്റെയും അവയിൽ നിന്നും ലഭ്യമാകുന്ന ആനുകൂല്യങ്ങളുടെ ന്യായയുക്തവും നീതിപൂർവ്വകവുമായ പങ്കിടൽ ലക്ഷ്യങ്ങൾക്ക് ഹാനികരമോ വിരുദ്ധമോ ആണെന്ന് സംസ്ഥാന ജൈവൈവിധ്യ ബോർഡിന് അഭിപ്രായം ഉള്ള പക്ഷം ഉത്തരവ് മുഖേന അപ്രകാരമുള്ള പ്രവർത്തനം

നിയന്ത്രിക്കുകയോ നിരസിക്കുകയോ ചെയ്യാവുന്നതാണ് എന്നാൽ അങ്ങനെയുള്ള ഉത്തരവോ നിരസിക്കലോ ബന്ധപ്പെട്ട വ്യക്തിക്ക് പറയുവാനുള്ളത് പറയുന്നതിന് ഒരു അവസരം നൽകാതെ പുറപ്പെടുവിക്കാൻ പാടുള്ളതല്ല.

(3) ഈ വകുപ്പിൻ കീഴിൽ സംസ്ഥാന ജൈവൈവിധ്യ ബോർഡ് നൽകിയിട്ടുള്ള ഏതൊരു അനുമതിയുടെയും നിരസിക്കലിന്റെയും വിശദാംശങ്ങൾ പൊതുസമക്ഷം വെയ്ക്കേണ്ടതാണ്.

**25. വകുപ്പ് 9 മുതൽ 17 വരെയുള്ളവയിലെ വ്യവസ്ഥകൾ മാറ്റങ്ങളോടെ സംസ്ഥാന ജൈവവൈവിധ്യ ബോർഡിന് ബാധകമാണ്. –**

9 മുതൽ 17 വരെയുള്ള വകുപ്പുകളിലെ വ്യവസ്ഥകൾ താഴെപ്പറയുന്ന മാറ്റങ്ങൾക്ക് വിധേയായി സംസ്ഥാന ജൈവവൈവിധ്യ ബോർഡിന് ബാധകമായിരിക്കുന്നതാണ്. അതായത്:–

(എ) കേന്ദ്ര സർക്കാർ എന്ന പരാമർശങ്ങളെ സംസ്ഥാന സർക്കാർ എന്ന പരാമർശങ്ങളായി വ്യഖ്യാനിക്കേണ്ടതാണ്.

(ബി)ദേശീയ ജൈവവൈവിധ്യ അതോറിറ്റി എന്ന പരാമർശങ്ങൾക്ക് സംസ്ഥാന ജൈവവൈവിധ്യ ബോർഡ് എന്ന പരാമർശങ്ങളായി വ്യഖ്യാനിക്കേണ്ടതാണ്.

(സി) ഇന്ത്യയുടെ സഞ്ചിത നിധി എന്ന പരാമർശത്തിന് സംസ്ഥാന സഞ്ചിത നിധി എന്ന് വ്യഖ്യാനിക്കേണ്ടതാണ്.

## അദ്ധ്യായം എഴ്
## ദേശീയ ജൈവവൈവിധ്യ അതോറിറ്റിയുടെ ഫണ്ട്, അക്കൗണ്ടുകൾ, ഓഡിറ്റ്

**26. കേന്ദ്ര സർക്കാർ നൽകുന്ന ഗ്രാന്റും വായ്പകളും:**

കേന്ദ്ര സർക്കാർ, പാർലമെന്റിന്റെ തത്സംബന്ധമായ നിയമം മൂലം യഥാവിധി തുകവകയിരുത്തിയശേഷം, ഈ ആക്ടിന്റെ ഉദ്ദേശ്യങ്ങൾക്കായി ഉപയോഗപ്പെടുത്തുന്നതിലേക്ക് യുക്തമെന്ന് കേന്ദ്രസർക്കാർ കരുതുന്ന തുക ധനസഹായമായോ വായ്പയായോ ദേശീയ ജൈവവൈവിധ്യ അതോറിറ്റിക്ക് നൽകാവുന്നതാണ്.

**27.ദേശീയ ജൈവവൈവിധ്യ ഫണ്ടിന്റെ രൂപീകരണം.-**

(1) ദേശീയ ജൈവവൈവിധ്യ അതോറിറ്റി ദേശീയ ജൈവവൈവിധ്യ ഫണ്ട് എന്ന പേരിൽ ഒരു ഫണ്ട് രൂപീകരിക്കേണ്ടതും അതിലേക്ക്-

(എ) 26-ാം വകുപ്പിൻ കീഴിൽ ദേശീയ ജൈവവൈവിധ്യ അതോറിറ്റിയ്ക്ക് ലഭ്യമാക്കുന്ന ധനസഹായങ്ങളും വായ്പകളും;

(ബി) ദേശീയ ജൈവവൈവിധ്യ അതോറിറ്റിക്ക് ലഭിക്കുന്ന ഫീസും ആനുകൂല്യം പങ്കിടൽ തുകകളും ഉൾപ്പെടെയുള്ള എല്ലാ തുകകളും;

(സി) കേന്ദ്രസർക്കാരിന്റെ നിർദ്ദിഷ്ട സ്രോതസ്സുകളിൽ നിന്ന് ദേശീയ ജൈവവൈവിധ്യ അതോറിറ്റിക്ക് ലഭിക്കുന്ന എല്ലാ തുകകളും വരവ് വയ്ക്കേണ്ടതാണ്.

(2.) ഈ ഫണ്ട്-

(എ) പ്രയോജനാവകാശികൾക്ക് പ്രയോജനം ലഭ്യമാക്കുന്നതിനും;

(ബി) ജൈവ വിഭവങ്ങളുടെ സംരക്ഷണത്തിനും, പരിപോഷണ ത്തിനും, സുസ്ഥിര ഉപയോഗത്തിനും;

(സി) ജൈവവൈവിധ്യ പരിപാലന കമ്മിറ്റിയുമായി കൂടിയാ ലോചിച്ച് ജൈവവിഭവങ്ങളും അവയുമായി ബന്ധപ്പെട്ട പരമ്പരാ ഗത അറിവും പ്രാപ്തമാക്കിയ പ്രദേശങ്ങളുടെ സാമൂഹിക - സാമ്പത്തിക വികസനത്തിനും;

എന്നാൽ ജൈവ വിഭവങ്ങളും, അതുമായി ബന്ധപ്പെട്ട പരമ്പരാ ഗത അറിവും പ്രാപ്തമാക്കപ്പെട്ട പ്രദേശം ഏതെന്ന് തിരിച്ചറി യുവാൻ കഴിയാതെ വരുമ്പോൾ, പ്രസ്തുത ഫണ്ട് അത്തരം ജൈവ വിഭവങ്ങൾ കാണപ്പെടുന്ന പ്രദേശങ്ങളുടെ സാമൂഹിക സാമ്പത്തിക വികസനത്തിനായും;

(ഡി) ഈ ആക്ടിന്റെ ഉദ്ദേശലക്ഷ്യങ്ങളുടെ ആവശ്യത്തിലേ ക്കായും ഉപയോഗപ്പെടുത്തേണ്ടതാണ്.

**28. ദേശിയ ജൈവവൈവിധ്യ ഫണ്ടിന്റെ വാർഷിക റിപ്പോർട്ട്-**

ദേശീയ ജൈവവൈവിധ്യ അതോറിറ്റി ഓരോ സാമ്പത്തിക വർഷവും നിർദ്ദിഷ്ട ഫോറത്തിലും അപ്രകാരമുള്ള സമയത്തും മുൻ സാമ്പത്തിക വർഷത്തെ അതിന്റെ മുഴുവൻ പ്രവർത്തന ങ്ങളുടെയും, പൂർണ്ണ വിവരങ്ങളോടുകൂടിയ വാർഷിക റിപ്പോർട്ട് നിർദ്ദിഷ്ട തീയതിക്കു മുൻപ് അതിന്റെ ഓഡിറ്റ് നടത്തിയ അക്കൗണ്ടിന്റെ പകർപ്പും ഓഡിറ്ററുടെ റിപ്പോർട്ടും കേന്ദ്ര സർക്കാരിന് സമർപ്പിക്കേണ്ടതാണ്.

**29. ബഡ്ജറ്റും, അക്കൗണ്ടുകളും ഓഡിറ്റും.-**

(1) ദേശീയ ജൈവവൈവിധ്യ അതോറിറ്റി ഒരു ബജറ്റ് തയ്യാ റാക്കുകയും കൃത്യമായ അക്കൗണ്ടുകളും മറ്റ് പ്രസക്തമായ രേഖകളും (ദേശീയ ജൈവവൈവിധ്യ ഫണ്ടിന്റെ അക്കൗണ്ടു കളും മറ്റ് പ്രസക്ത രേഖകളും ഉൾപ്പെടെ) സൂക്ഷിക്കുകയും കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുമായി കൂടിയാലോചിച്ച് കേന്ദ്ര സർക്കാരിന്റെ നിർദ്ദിഷ്ട ഫോറത്തിൽ അക്കൗണ്ടിന്റെ ഒരു വാർഷിക സ്റ്റേറ്റ്മെന്റ് തയ്യാറാക്കേണ്ട തുമാണ്.

(2.) ദേശീയ ജൈവവൈവിധ്യ അതോറിറ്റിയുടെ അക്കൗണ്ടുകൾ കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യ നിശ്ചയിക്കുന്ന ഇടവേളകളിൽ ഓഡിറ്റ് നടത്തേണ്ടതും അത്തരം ഓഡിറ്റുമായി ബന്ധപ്പെട്ട ചെലവുകൾ ദേശീയ ജൈവവൈവിധ്യ അതോറിറ്റി കംപ്ട്രോളർ ആൻഡ് ആഡിറ്റർ ജനറലിന് നൽകേണ്ടതുമാണ്.

(3.) ഇന്ത്യയുടെ കംപ്ട്രോളർ ആൻഡ് ആഡിറ്റർ ജനറലിനും തത്സംബന്ധമായി അദ്ദേഹം നിയമിക്കുന്ന ഏതൊരു വ്യക്തിക്കും ദേശീയ ജൈവവൈവിധ്യ അതോറിറ്റിയുടെ അക്കൗണ്ടുകൾ ഓഡിറ്റ് ചെയ്യുന്ന കാര്യത്തിൽ, സർക്കാർ അക്കൗണ്ടുകൾ ഓഡിറ്റ് ചെയ്യുന്നതിന് കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറലിന് ഉള്ള അതേ അവകാശങ്ങളും പ്രത്യേകാവകാശങ്ങളും അധികാരങ്ങളും ഉണ്ടായിരിക്കുന്നതും, പ്രത്യേകിച്ച്, ബുക്കുകൾ, അക്കൗണ്ടുകൾ, ബന്ധപ്പെട്ട വൗച്ചറുകളും മറ്റ് രേഖകളും പേപ്പറുകളും ഹാജരാക്കുന്നതിന് ആവശ്യപ്പെടുവാനും ദേശീയ ജൈവവൈവിധ്യ അതോറിറ്റിയുടെ ഏതൊരു ഓഫീസും പരിശോധിക്കുവാനും അധികാരം ഉണ്ടായിരിക്കുന്നതാണ്.

(4.) ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലോ ഇതിലേക്കായി അദ്ദേഹം നിയമിച്ച മറ്റ് ഏതെങ്കിലും വ്യക്തിയോ സാക്ഷ്യപ്പെടുത്തിയ ദേശീയ ജൈവവൈവിധ്യ അതോറിറ്റിയുടെ അക്കൗണ്ടുകൾ അതിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ടും സഹിതം വർഷംതോറും കേന്ദ്ര സർക്കാരിന് അയച്ചുകൊടുക്കേണ്ടതാണ്.

**30. വർഷിക റിപ്പോർട്ട് പാർലമെന്റിൽ വയ്ക്കേണ്ടതാണ്.-**

വാർഷിക റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും ലഭിച്ചു കഴിഞ്ഞാൽ എത്രയും പെട്ടെന്ന് കേന്ദ്ര സർക്കാർ അത് പാർലമെന്റിന്റെ ഇരു സഭകളിലും വയ്ക്കേണ്ടതാണ്.

# അദ്ധ്യായം എട്ട്
# സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ ഫണ്ട്, അക്കൗണ്ടുകൾ, ഓഡിറ്റ്

**31. സംസ്ഥാന സർക്കാർ സംസ്ഥാന ജൈവവൈവിധ്യ ബോർഡിന് ഗ്രാന്റായി അനുവദിക്കുന്ന തുക.-**

സംസ്ഥാന സർക്കാർ, നിയമസഭയുടെ തത്സംബന്ധമായ നിയമം മുലം യഥാവിധി തുക വകയിരുത്തിയശേഷം, ഈ ആക്ടിന്റെ ഉദ്ദേശ്യങ്ങൾക്കായി ഉപയോഗപ്പെടുത്തുന്നതിലേക്ക് യുക്തമെന്ന് സംസ്ഥാന സർക്കാരിന് തോന്നുന്ന തുക ധന സഹായമായോ, വായ്പയായോ സംസ്ഥാന ജൈവവൈവിധ്യ ബോർഡിന് നൽകാവുന്നതാണ്.

**32. സംസ്ഥാന ജൈവവൈവിധ്യ ഫണ്ടിന്റെ രൂപീകരണം.-**

(1) സംസ്ഥാന ജൈവവൈവിധ്യ ഫണ്ട് എന്ന പേരിൽ ഒരു ഫണ്ട് രൂപികരിക്കേണ്ടതും അതിലേക്ക്-

(എ) 31-ാം വകുപ്പിൻ കീഴിൽ സംസ്ഥാന ജൈവവൈവിധ്യ ബോർഡിന് നൽകുന്ന ഏതൊരു ധനസഹായവും വായ്പകളും;

(ബി) ദേശീയ ജൈവവൈവിധ്യ അതോറിറ്റി നൽകുന്ന ഏതൊരു ധനസഹായവും വായ്പകളും;

(സി) ജൈവവൈവിധ്യ ബോർഡ് സ്വീകരിക്കുന്ന ചാർജ്ജുകളും ആനുകൂല്യം പങ്കിടൽ തുകയും അത്തരത്തിൽ സംസ്ഥാന സർക്കാർ നിശ്ചയിച്ചേക്കാവുന്ന മറ്റ് സ്രോതസ്സുകളിൽ നിന്നുള്ള എല്ലാ തുകകളും വരവ് വെയ്ക്കേണ്ടതാണ്.

(2) സംസ്ഥാന ജൈവവൈവിധ്യ ഫണ്ട് ഇനി പറയുന്ന കാര്യങ്ങൾക്കായി ഉപയോഗപ്പെടുത്തേണ്ടതാണ്-

(എ)പൈതൃക സ്ഥലങ്ങളുടെ പരിപാലനത്തിനും സംരക്ഷണത്തിനും;

(എഎ) പ്രയോജനാവകാശികളിലേക്ക് ആനുകൂല്യം എത്തിച്ചു നൽകുന്നതിന് ;

(ബി) 37-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പിൻ കീഴിലെ വിജ്ഞാപനം മൂലം സാമ്പത്തികമായി ബാധിക്കപ്പെടുന്ന ഏതൊരു വിഭാഗം ആളുകൾക്കും നഷ്ടപരിഹാരം നൽകുന്നതിനോ പുന:രധിവസിപ്പിക്കുന്നതിനോ;

(സി) ജൈവ വിഭവങ്ങളുടെ സംരക്ഷണത്തിനും അഭിവൃദ്ധിപ്പെടുത്തലിനും സുസ്ഥിര ഉപയോഗത്തിനും ;

(ഡി) ബന്ധപ്പെട്ട ജൈവവൈവിധ്യ പരിപാലന കമ്മിറ്റിയോ തദ്ദേശ സ്വയംഭരണ സ്ഥാപനവുമായോ കൂടിയാലോചിച്ച് ജൈവവിഭവങ്ങളും അനുബന്ധ പരമ്പരാഗത അറിവും പ്രാപ്തമാക്കിയ പ്രദേശങ്ങളുടെ സാമൂഹിക സാമ്പത്തിക ഉന്നമനത്തിനായും;

എന്നാൽ ജൈവ വിഭവങ്ങളും ബന്ധപ്പെട്ട പരമ്പരാഗത അറിവും പ്രാപ്തമാക്കിയ പ്രദേശം ഏതെന്ന് വേർതിരിച്ചറിയാൻ കഴിയാതെ വരുമ്പോൾ അത്തരം ജൈവ വിഭവങ്ങൾ കാണപ്പെടുന്ന പ്രദേശത്തിന്റെ സാമൂഹിക സാമ്പത്തിക ഉന്നമനത്തിനായി പ്രസ്തുത ഫണ്ട് ഉപയോഗപ്പെടുത്തേണ്ടതാണ്.

(ഇ) ജൈവവൈവിധ്യ പരിപാലന സമിതിയ്ക്ക് ധനസഹായമോ വായ്പകളോ നൽകുന്നതിലേക്ക്;

(എഫ്) ഈ ആക്ടിന്റെ ഉദ്ദേശലക്ഷ്യങ്ങൾക്കായുള്ള പ്രവർത്തനങ്ങൾക്കായി.

**33. ജൈവവൈവിധ്യ ബോർഡിന്റെ വാർഷിക റിപ്പോർട്ട്.-**

ജൈവവൈവിധ്യ ബോർഡ് ഓരോ സാമ്പത്തിക വർഷവും നിർദ്ദിഷ്ട ഫോറത്തിലും സമയത്തും മുൻസാമ്പത്തിക വർഷത്തിലെ അതിന്റെ പ്രവർത്തനങ്ങളുടെ പൂർണ്ണ വിവരങ്ങളടങ്ങിയ വാർഷിക റിപ്പോട്ട് തയ്യാറാക്കേണ്ടതും ആയതിന്റെ പകർപ്പ് സംസ്ഥാന സർക്കാരിന് സമർപ്പിക്കേണ്ടതുമാണ്.

**34. സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ അക്കൗണ്ടുകളുടെ ഓഡിറ്റ്.-**

സംസ്ഥാന അക്കൗണ്ടന്റ് ജനറലുമായി കൂടി ആലോചിച്ച് നിർദ്ദിഷ്ട രീതിയിൽ സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ അക്കൗണ്ടുകൾ സൂക്ഷിക്കേണ്ടതും ഓഡിറ്റ് നടത്തേണ്ടതും, സംസ്ഥാന സർക്കാരിന്റെ നിർദ്ദിഷ്ട സമയത്തിന് മുൻപ് സംസ്ഥാന ജൈവവൈവിധ്യ ബോർഡ്, ഓഡിറ്റ് ചെയ്ത അക്കൗണ്ടുകളുടെ പകർപ്പ് അതിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ടോടുകൂടി സംസ്ഥാന സർക്കാരിന് നൽകേണ്ടതുമാണ്.

**35. സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ വാർഷിക റിപ്പോർട്ട് സംസ്ഥാന നിയമസഭയ്ക്ക് മുൻപാകെ വയ്ക്കേണ്ടതാണ്.-**

സംസ്ഥാന സർക്കാർ വാർഷിക റിപ്പോർട്ടും, ഓഡിറ്റ് റിപ്പോർട്ടും ലഭിച്ചുകഴിഞ്ഞാൽ കഴിയുന്നത്ര വേഗത്തിൽ നിയമസഭയുടെ മുൻപാകെ വയ്ക്കേണ്ടതാണ്.

# അദ്ധ്യായം ഒമ്പത്
# കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ കർത്തവ്യങ്ങൾ

**36. ജൈവവൈവിധ്യത്തിന്റെ സംരക്ഷണത്തിനും അഭിവൃദ്ധിപ്പെടുത്തലിനും സുസ്ഥിര ഉപയോഗത്തിനും വേണ്ടി ദേശീയ തന്ത്രങ്ങളും, കർമ്മ പദ്ധതികളും കേന്ദ്ര സർക്കാർ വികസിപ്പിക്കണം.–**

(1). കേന്ദ്രസർക്കാർ, സംസ്ഥാന സർക്കാരുകളോടും, കേന്ദ്രഭരണ പ്രദേശങ്ങളോടും കൂടിയാലോചിച്ച് ജൈവ വിഭവ സമ്പന്നമായ പ്രദേശങ്ങൾ തിരിച്ചറിയുന്നതിനും നിരീക്ഷിക്കുന്നതിനുമുള്ള സംവിധാനങ്ങൾ ഉൾപ്പെടെ ജൈവവൈവിധ്യത്തിന്റെ സംരക്ഷണത്തിനും അഭിവൃദ്ധിപ്പെടുത്തലിനും സുസ്ഥിര ഉപയോഗത്തിനും, കൃഷിയിനങ്ങൾ, നാടൻ ഇനങ്ങൾ, പരമ്പരാഗതയിനങ്ങൾ ഉൾപ്പെടെ ജൈവ വിഭവങ്ങളുടെ സ്വസ്ഥാനത്തും *(in-situ)* ബഹിർസ്ഥാനത്തുമുള്ള *(ex-situ)* സംരക്ഷണം അഭിവൃദ്ധിപ്പെടുത്തുന്നതിലേക്കും, ഗവേഷണം പ്രോത്സാഹിപ്പിക്കുന്നതിനും, ജൈവവൈവിധ്യത്തെ സംബന്ധിച്ച അവബോധം വർദ്ധിപ്പിക്കുന്നതിനുള്ള പരിശീലനത്തിനും പൊതു ബോധവൽക്കരണത്തിനും വേണ്ടിയുള്ള ദേശീയ തന്ത്രങ്ങളും പദ്ധതികളും പരിപാടികളും വികസിപ്പിക്കേണ്ടതാണ്.

(2.) ജൈവവൈവിധ്യ സമ്പന്നമായ ഏതെങ്കിലും പ്രദേശത്ത് ജൈവ വിഭവങ്ങളും അവയുടെ ആവാസ കേന്ദ്രങ്ങളും അമിത ഉപയോഗത്താലോ, ദുരുപയോഗം മൂലമോ അവഗണനയാലോ ഭീഷണിനേരിടുന്നുവെന്ന് വിശ്വാസിക്കാൻ കേന്ദ്രസർക്കാരിന് മതിയായ കാരണം ഉണ്ടെങ്കിൽ, സാധ്യമായതും ആവശ്യമായതുമായ സാങ്കേതികവും അല്ലാത്തതുമായ ഏതൊരു സഹായവും വാഗ്ദാനം ചെയ്തുകൊണ്ട്, ബന്ധപ്പെട്ട സംസ്ഥാന സർക്കാരിനോട് ഗുണപരമായിട്ടുള്ള അടിയന്തര നടപടികൾ

കൈക്കൊള്ളുന്നതിനുള്ള നിർദ്ദേശങ്ങൾ പുറപ്പെടുവിക്കേണ്ട താണ്.

(3.) കേന്ദ്ര സർക്കാർ, പ്രയോഗികമായി, തങ്ങൾക്ക് ഉചിത മെന്ന് തോന്നുന്ന, പ്രസക്തമായിട്ടുള്ള മേഖലാ നയങ്ങളിലും അന്തർ മേഖലാ പദ്ധതികളിലും പരിപാടികളിലും ജൈവ വൈവിധ്യത്തിന്റെ സംരക്ഷണവും അഭിവൃദ്ധിപ്പെടുത്തലും സുസ്ഥിരോപയോഗവും സമന്വയിപ്പിക്കേണ്ടതാണ്.

(4) കേന്ദ്ര സർക്കാർ,

(i) ജൈവവൈവിധ്യത്തെ ദോഷകരമായി ബാധിക്കാവുന്ന പദ്ധതികളുടെ പാരിസ്ഥിതിക ആഘാതം ആവശ്യമുള്ളിടങ്ങ ളിൽ വിലയിരുത്തുന്നതിനും അത്തരത്തിലുള്ള ആഘാതങ്ങൾ ഒഴിവാക്കുകയോ ലഘൂകരിക്കുകയോ ചെയ്യുക എന്ന ഉദ്ദേശ്യ ത്തോടുകൂടി സന്ദർഭോചിതമായി അപ്രകാരമുള്ള വിലയിരു ത്തലിന് പൊതു പങ്കാളിത്തം വ്യവസ്ഥ ചെയ്യുന്നതിനും;

(ii) ജൈവവൈവിധ്യത്തിന്റെ സംരക്ഷണത്തിനും സുസ്ഥിര മായ ഉപയോഗത്തിനും, മനുഷ്യരുടെ ആരോഗ്യത്തിനും പ്രത്യാ ഘാതമുണ്ടാക്കിയേക്കാവുന്ന ജൈവസാങ്കേതിക വിദ്യയിലൂടെ പരിഷ്കരിക്കപ്പെട്ട ജീവജാലങ്ങളുടെ ഉപയോഗവും വ്യാപനവും കൊണ്ട് ഉണ്ടാകാവുന്ന അപകട സാധ്യത നിയന്ത്രിക്കുന്നതി നും കൈകാര്യം ചെയ്യുന്നതിനും; വേണ്ട നടപടികൾ കൈക്കൊ ള്ളേണ്ടതാണ്.

(5). കേന്ദ്ര സർക്കാർ, ദേശീയ ജൈവവൈവിധ്യ അതോ റിറ്റി ശുപാർശ ചെയ്യുന്ന പ്രകാരം, ജൈവവൈവിധ്യവുമായി ബന്ധപ്പെട്ട തദ്ദേശീയരായ ആളുകളുടെ അറിവിനെ പ്രാദേശിക, സംസ്ഥാന, ദേശീയ തലങ്ങളിൽ രജിസ്റ്റർ ചെയ്യുക, സ്വതന്ത്ര മായിട്ടുള്ള (Sui generis) സംരക്ഷണ സമ്പ്രദായങ്ങൾ ഉൾപ്പെടെ യുള്ള സംരക്ഷണ മാർഗ്ഗങ്ങളിലൂടെ അവയെ ആദരിക്കുവാനും സംരക്ഷിക്കുവാനും പരിശ്രമിക്കേണ്ടതാണ്.

(6). ജൈവവൈവിധ്യത്തിന്റെ സംരക്ഷണത്തിനും, സുസ്ഥിര ഉപയോഗത്തിനും അതുമായി ബന്ധപ്പെട്ട പരമ്പരാഗത അറി വിന്റെ സംരക്ഷണത്തിനും വേണ്ട നടപടികൾ കൈക്കൊള്ളു

ന്നതിന് കേന്ദ്ര സർക്കാർ ദേശീയ ജൈവവൈവിധ്യ അതോറി റ്റിയെയോ, സംസ്ഥാന ജൈവവൈവിധ്യ ബോർഡുകളേയോ, നിയോഗിക്കേണ്ടതാണ്.

വിശദീകരണം. ഈ വകുപ്പിന്റെ ആവശ്യങ്ങൾക്കായി,-

(എ) 'ബഹിർ സ്ഥാന സംരക്ഷണം (*ex-situ*)' എന്നാൽ ജൈവ വൈവിധ്യ ഘടകങ്ങളുടെ സ്വാഭാവിക വാസസ്ഥലത്തിന് പുറത്തുള്ള അവയുടെ സംരക്ഷണം എന്ന് അർത്ഥമാകുന്നു.,

(ബി) "സ്വസ്ഥാന സംരക്ഷണം (*in-situ*)' എന്നാൽ ആവാസ വ്യവസ്ഥകളുടെയും സ്വാഭാവിക വാസസ്ഥലങ്ങളുടെയും സംരക്ഷണവും, ജീവനക്ഷമതയുള്ള സ്പീഷീസുകളുടെ പരിപാലനവും സ്വാഭാവിക ചുറ്റുപാടുകളിലൂടെ അവയുടെ വീണ്ടെടുക്കലും, പോറ്റി വളർത്തുന്നതോ കൃഷി ചെയ്യപ്പെടു ന്നതോ ആയ സ്പീഷീസുകളുടെ കാര്യത്തിൽ അവയുടെ പ്രത്യേക സ്വഭാവ വിശേഷങ്ങൾ രൂപപ്പെട്ട ചുറ്റുപാടുകളിൽ വച്ചുള്ള സംരക്ഷണം എന്ന് അർത്ഥമാകുന്നു.

**36. (എ) ദേശീയ ജൈവവൈവിധ്യ അതോറിറ്റി ഏറ്റെടുക്കേ തായ നടപടികൾ.-**

ഇന്ത്യ ഒപ്പുവച്ചിട്ടുള്ള അന്താരാഷ്ട്ര വ്യവസ്ഥകൾ പാലിക്കുന്ന തിലേക്കായി ഒരു വിദേശ രാജ്യത്തു നിന്നും നേടിയ ജൈവ വിഭവങ്ങളുടെ ഇന്ത്യയുടെ അധികാരപരിധിയ്ക്കുള്ളിലെ സ്വായത്തമാക്കലും ഉപയോഗപ്പെടുത്തലും നിരീക്ഷിക്കുന്നതി നും നിയന്ത്രിക്കുന്നതിനുമുള്ള നടപടികൾ കൈക്കൊള്ളുന്ന തിന് ദേശീയ ജൈവവൈവിധ്യ അതോറിറ്റിയെയോ മറ്റ് ഏതെ ങ്കിലും സംഘടനയെയോ അധികാരപ്പെടുത്താവുന്നതാണ്.

**36. (ബി) സംസ്ഥാന സർക്കാർ ജൈവവൈവിധ്യ സംരക്ഷ ണത്തിനും സുസ്ഥിര ഉപയോഗത്തിനും വേണ്ട തന്ത്രങ്ങളും കർമ്മ പദ്ധതികളും വികസിപ്പിക്കണം-**

(1) സംസ്ഥാന സർക്കാർ, ജൈവ വിഭവങ്ങളാൽ സമ്പന്നമായ പ്രദേശങ്ങൾ തിരിച്ചറിയുന്നതിനും നിരീക്ഷിക്കുന്നതിനുമുള്ള സംവിധാനങ്ങൾ ഉൾപ്പെടെ ജൈവവൈവിധ്യത്തിന്റെ സംരക്ഷ

ണത്തിനും അഭിവൃദ്ധിപ്പെടുത്തലിനും, സുസ്ഥിരോപയോഗ ത്തിനും, കൃഷിയിനങ്ങളും, നാടൻ ഇനങ്ങളും, പരമ്പരാ ഗതയിനങ്ങളും ഉൾപ്പെടെയുള്ള ജൈവ വിഭവങ്ങളുടെ സ്വസ്ഥാ നത്തും ബഹിർ സ്ഥാനത്തുമുള്ള സംരക്ഷണം അഭിവൃദ്ധി പ്പെടുത്തുന്നതിനും, ഗവേഷണം പ്രോത്സാഹിപ്പിക്കുന്നതി നും, ജൈവവൈവിധ്യ അവബോധം വർദ്ധിപ്പിക്കുന്നതിനുള്ള പരിശീലനത്തിനും പൊതു ബോധവൽക്കരണത്തിനും വേണ്ടി യുള്ള തന്ത്രങ്ങളും പദ്ധതികളും പരിപാടികളും ദേശീയ തന്ത്ര ങ്ങൾക്കും പദ്ധതികൾക്കും പരിപാടികൾക്കും അനുരൂപമായി വികസിപ്പിക്കേണ്ടതാണ്.

(2) സംസ്ഥാന സർക്കാർ, പ്രായോഗികമയി തങ്ങൾക്ക് ഉചിത മെന്ന് തോന്നുന്ന പ്രസക്തമായിട്ടുള്ള മേഖലാനയങ്ങളിലോ അന്തർ മേഖലാ പദ്ധതികളിലോ പരിപാടികളിലോ ജൈവ വൈവധ്യ സംരക്ഷണവും അഭിവൃദ്ധിപ്പെടുത്തലും സുസ്ഥി രോപയോഗവും സമന്വയിപ്പിക്കേണ്ടതാണ്.

**37. ജൈവവൈവിധ്യ പൈതൃക കേന്ദ്രങ്ങൾ.-**

(1) നിലവിൽ പ്രാബല്യത്തിലുള്ള മറ്റ് ഏതെങ്കിലും നിയമത്തിന് കോട്ടം തട്ടാത്ത രീതിയിൽ, സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ, സംസ്ഥാന സർക്കാരിന്, അതതുസമയങ്ങളിൽ, ജൈവവൈവിധ്യ പ്രാധാന്യ മുള്ള പ്രദേശങ്ങളെ ഈ ആക്ടിനു കീഴിൽ ജൈവവൈവിധ്യ പൈതൃക കേന്ദ്രങ്ങളായി ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം ചെയ്യാവുന്നതാണ്:

എന്നാൽ അത്തരത്തിൽ ശുപാർശ ചെയ്യുന്നതിന് മുൻപ് സംസ്ഥാന ജൈവവൈവിധ്യ ബോർഡ് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനവുമായും ജൈവവൈവിധ്യ പരിപാലന സമിതിയുമായും കൂടിയാലോചിക്കേണ്ടതാണ്.

(2). സംസ്ഥാന സർക്കാരിന് കേന്ദ്ര സർക്കാരുമായി കൂടിയാ ലോചിച്ച്, എല്ലാ ജൈവവൈവിധ്യ പൈതൃക കേന്ദ്രങ്ങളുടെ യും പരിപാലനത്തിനും സംരക്ഷണത്തിനും വേണ്ട ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(3.) അപ്രകാരമുള്ള വിജ്ഞാപനം മൂലം സാമ്പത്തികമായി ബാധിക്കപ്പെട്ട ഏതെങ്കിലും വ്യക്തിക്കോ ജനവിഭാഗ ത്തിനോ നഷ്ടപരിഹാരം നൽകുന്നതിനും അവരെ പുന:രധി വസിപ്പിക്കുന്നതിനുമുള്ള സ്കീമുകൾ സംസ്ഥാന സർക്കാർ രൂപീകരിക്കേണ്ടതാണ്.

**38. കേന്ദ്ര സർക്കാരിന് വംശനാശഭീഷണി നേരിടുന്ന സ്പീഷീ സുകളെ വിജ്ഞാപനം ചെയ്യുന്നതിനുള്ള അധികാരം.-**

നിലവിൽ പ്രാബല്യത്തിലിരിക്കുന്ന ഏതെങ്കിലും നിയമത്തിന്റെ വ്യവസ്ഥകൾക്ക് കോട്ടംതട്ടാത്ത രീതിയിൽ, കേന്ദ്ര സർക്കാരിന്, ബന്ധപ്പെട്ട സംസ്ഥാന സർക്കാരുമായി കൂടിയാലോചിച്ച് അതതുസമയങ്ങളിൽ, വംശനാശത്തിന്റെ വക്കിലെത്തിയതോ സമീപഭാവിയിൽ വംശനാശം സംഭവിക്കുവാൻ സാധ്യത യുള്ളതോ ആയ ഏതൊരു സ്പീഷീസിനേയും വംശനാശ ഭീഷണി നേരിടുന്ന സ്പീഷിസുകളായി വിജ്ഞാപനം ചെയ്യാവു ന്നതും ഏതൊരു ആവശ്യത്തിനും വേണ്ടിയുള്ള അവയുടെ ശേഖരണം നിരോധിക്കുകയോ നിയന്ത്രിക്കുകയോ ചെയ്യാ വുന്നതും അത്തരം സ്പീഷീസുകളുടെ പുന:രധിവാസത്തി നും സംരക്ഷണത്തിനും വേണ്ട അനുയോജ്യമായ നടപടികൾ എടുക്കാവുന്നതുമാണ്:

എന്നാൽ കേന്ദ്ര സർക്കാരിന് അങ്ങനെയുള്ള അധികാരം സംസ്ഥാന സർക്കാരിന് ഏൽപ്പിച്ച് കൊടുക്കാവുന്നതാണ്:

എന്നുമാത്രമല്ല അങ്ങനെയുള്ള അധികാരം സംസ്ഥാന സർക്കാ രിനെ ഏൽപ്പിക്കുന്ന പക്ഷം, അത്തരത്തിലുള്ള ഏതൊരു വിജ്ഞാപനവും പുറപ്പെടുവിക്കുന്നതിന് മുൻപ് സംസ്ഥാന സർക്കാർ ദേശീയ ജൈവവൈവിധ്യ അതോറിറ്റിയുമായി കൂടി ആലോചിക്കേണ്ടതാണ്.

**39. ശേഖര കേന്ദ്രങ്ങളെ (Repositories) തെരെഞ്ഞെടുക്കുവാ നുള്ള കേന്ദ്ര സർക്കാരിനുള്ള അധികാരം.-**

(1) കേന്ദ്ര സർക്കാരിന് ദേശീയ ജൈവവൈവിധ്യ അതോറി റ്റിയുമായി കൂടിയാലോചിച്ച്, ഈ ആക്ടിന് കീഴിൽ വ്യത്യസ്ത

വിഭാഗങ്ങളിലുള്ള ജൈവ വിഭവങ്ങളുടെ ശേഖര കേന്ദ്രങ്ങളായി സ്ഥാപനങ്ങളെ തെരെഞ്ഞെടുക്കാവുന്നതാണ്.

(2) ശേഖര കേന്ദ്രങ്ങളിൽ നിക്ഷേപിക്കപ്പെട്ടിട്ടുള്ള വൗച്ചർ സ്പെസിമനുകൾ ഉൾപ്പെടെയുള്ള ജൈവിക വസ്തുക്കൾ സുരക്ഷിതമായി സൂക്ഷിക്കേണ്ടതാണ്.

(3) ഏതൊരും വ്യക്തിയും കണ്ടെത്തുന്ന ഏതൊരു പുതിയ ജീവിവർഗ്ഗത്തിനെയും പറ്റിയുള്ള വിവരങ്ങൾ പ്രസ്തുത ഉദ്ദേശ്യത്തിലേക്ക് തെരെഞ്ഞെടുത്തിട്ടുള്ള ശേഖര കേന്ദ്രങ്ങളെയോ സ്ഥാപനങ്ങളെയോ അറിയിച്ചിരിക്കേണ്ടതും വൗച്ചർ സ്പെസിമെനുകൾ, അത്തരം ശേഖര കേന്ദ്രങ്ങളിലോ സ്ഥാപനത്തിലോ നിക്ഷേപിക്കേണ്ടതുമാണ്.

**40. ചില ജൈവവിഭവങ്ങളെ ഒഴിവാക്കുവാൻ കേന്ദ്ര സർക്കാരിനുള്ള അധികാരം.-**

ഈ ആക്ടിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, കേന്ദ്ര സർക്കാരിന്, ദേശീയ ജൈവവൈവിധ്യ അതോറിറ്റിയുമായി കൂടിയാലോചിച്ച്, സാധാരണയായി ചരക്കുകളായി വ്യാപാരം നടത്തുന്ന ജൈവവിഭവങ്ങളായോ കാർഷിക മാലിന്യം ഉൾപ്പെടെ അവയിൽ നിന്നുള്ള ഉപോൽപ്പന്നങ്ങളായോ, വിജ്ഞാപനം ചെയ്തിട്ടുള്ളതും, വകുപ്പ് (7) ന്റെ പരിധിക്കുള്ളിൽ വരുന്ന നിയമ വ്യവസ്ഥകൾ പ്രകാരമോ നിർദ്ദിഷ്ട രീതിയിലോ രജിസ്റ്റർ ചെയ്തിട്ടുള്ള സ്ഥാപനങ്ങൾ കൃഷി ചെയ്ത് വളർത്തുന്ന ഔഷധ സസ്യങ്ങൾക്കും അതിന്റെ ഉൽപ്പന്നങ്ങൾക്കും ഈ ആക്ടിലെ മൊത്തത്തിലുള്ളതോ ഏതെങ്കിലുമോ വ്യവസ്ഥകൾ ബാധകമാകുന്നതല്ല എന്ന് ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം വഴി പ്രഖ്യാപിക്കാവുന്നതാണ്.

എന്നാൽ 6-ാം വകുപ്പിന്റെ (1) ഉം (2) ഉം ഉപവകുപ്പുകളിൽ പരാമർശിക്കുന്ന പ്രവൃത്തികൾക്ക് ഈ ഒഴിവാക്കൽ നൽകുവാൻ പാടുള്ളതല്ല.

# അദ്ധ്യായം പത്ത്
# ജൈവവൈവിധ്യ പരിപാലന സമിതികൾ

### 41. ജൈവവൈവിധ്യ പരിപാലന സമിതികളുടെ രൂപീകരണം

(1) ഗ്രാമപ്രദേശങ്ങളിൽ ഗ്രാമപഞ്ചായത്ത് തലത്തിലെയും നഗരപ്രദേശങ്ങളിലെ മുൻസിപ്പൽ കോർപ്പറേഷൻ തലത്തിൽ നഗര പഞ്ചായത്തോ മുൻസിപ്പൽ കമ്മിറ്റിയോ ആയിട്ടുള്ള എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും അധികാരികത യുള്ള പ്രദേശങ്ങളിൽ, ആവാസകേന്ദ്രങ്ങളുടെ സംരക്ഷണം, പരമ്പരാഗതയിനങ്ങൾ, നാടൻ ഇനങ്ങൾ, കർഷകയിനങ്ങൾ, കാർഷികയിനങ്ങൾ, വളർത്തു മൃഗങ്ങൾ, ജലാശയങ്ങളിലെ ജീവജാലങ്ങൾ, സൂക്ഷ്മജീവികൾ എന്നിവ ഉൾപ്പെടെയുള്ള ജൈവവൈവിധ്യത്തിന്റെ സംരക്ഷണവും സുസ്ഥിരോപയോ ഗവും, രേഖപ്പെടുത്തലും പ്രോത്സാഹിപ്പിക്കുന്നതിനും, ജൈവ വൈവിധ്യവുമായി ബന്ധപ്പെട്ട അറിവ് സമാഹരിച്ചു ക്രമപ്പെടു ത്തുന്നതിനും വേണ്ടി, ഒരു ജൈവവൈവിധ്യ പരിപാലന സമിതി (അത് ഏത് പേരിൽ അറിയപ്പെട്ടിരുന്നാലും ശരി) രൂപീ കരിക്കേണ്ടതാണ്:

എന്നാൽ ഈ ആക്ടിന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ കൈവരിക്കു ന്നതിനായി സംസ്ഥാന സർക്കാരിന് ഇടത്തട്ടിലോ, ജില്ലാ പഞ്ചായത്ത് തലത്തിലോ ജൈവവൈവിധ്യ പരിപാലന സമിതി കൾ രൂപീകരിക്കാവുന്നതാണ്.

(1 എ) അപ്രകാരം രൂപീകരിക്കപ്പെട്ട ജൈവവൈവിധ്യ പരിപാ ലന സമിതിയ്ക്ക്, ആവാസവ്യവസ്ഥകളുടെ സംരക്ഷണം, പരമ്പരാഗതയിനങ്ങൾ, നാടൻ ഇനങ്ങൾ, കാർഷികയിനങ്ങൾ, വളർത്തു മൃഗങ്ങൾ, സൂക്ഷ്മ ജീവികൾ എന്നിവ ഉൾപ്പെടെ യുള്ള ജൈവവൈവിധ്യത്തിന്റെ സംരക്ഷണം, സുസ്ഥിരോപ യോഗം രേഖപ്പെടുത്തൽ, ജൈവവൈവിധ്യവുമായി ബന്ധപ്പെട്ട

പരമ്പരാഗത അറിവ് സമാഹരിച്ച് ക്രമപ്പെടുത്തൽ തുടങ്ങിയ ചുമതലകൾ ഉണ്ടായിരിക്കുന്നതാണ്.

(1 ബി) ജൈവവൈവിധ്യ പരിപാലന സമിതിയുടെ ഘടന സംസ്ഥാന സർക്കാർ നിശ്ചയിക്കുന്ന പ്രകാരമായിരിക്കുന്നതാണ്:

എന്നാൽ പ്രസ്തുത സമിതിയിലെ അംഗങ്ങളുടെ എണ്ണം ഏഴിൽ കുറയാനോ പതിനൊന്നിൽ കവിയാനോ പാടുള്ളതല്ല.
വിശദീകരണം .- ഈ ഉപവകുപ്പിന്റെ ഉദ്ദേശങ്ങൾക്കായി,-

(എ) 'കൃഷിയിനം/Cultivar' എന്നാൽ കൃഷിയിലൂടെ ഉത്ഭവിച്ചതും നിലനിന്നതുമായതോ അല്ലെങ്കിൽ കൃഷിക്ക് വേണ്ടി പ്രത്യേകമായി വികസിപ്പിച്ചതോ ആയ സസ്യയിനം എന്ന് അർത്ഥമാകുന്നു.

(ബി) 'നാടൻ ഇനം/ Folk variety '' എന്നാൽ കർഷകർക്കിടയിൽ അനൗപചാരികമായി വികസിപ്പിച്ച്, വളർത്തി, കൈമാറ്റം ചെയ്യപ്പെട്ട് കൃഷി ചെയ്യുന്ന സസ്യയിനം എന്ന് അർത്ഥമാകുന്നു;

(സി) 'പരമ്പരാഗതയിനം/ Landrace '' എന്നാൽ പാരമ്പര്യ കർഷകരും അവരുടെ പിൻമുറക്കാരും വളർത്തിയ ആദ്യകാല കൃഷിയിനം എന്ന് അർത്ഥമാകുന്നു.

(ഡി) 'കർഷകയിനം/Farmer's variety ''എന്നാൽ

(i) കർഷകർ അവരുടെ കൃഷിയിടങ്ങളിൽ പരമ്പരാഗതമായി കൃഷി ചെയ്തതോ ഉരുത്തിരിച്ചെടുത്തതോ; അല്ലെങ്കിൽ

(ii) കർഷകർക്ക് സാമാന്യമായി അറിവുള്ള ഒരു ഇനത്തിന്റെ വന്യ ബന്ധുവോ പരമ്പരാഗത ഇനമോ എന്ന് അർത്ഥമാകുന്നു.

(2) ദേശീയ ജൈവവൈവിധ്യ അതോറിറ്റിയും സംസ്ഥാന ജൈവവൈവിധ്യ ബോർഡുകളും ജൈവവൈവിധ്യ പരിപാലന സമിതിയുടെ പ്രാദേശിക അധികാര പരിധിയിൽ വരുന്ന ജൈവവിഭവങ്ങളുടെ ഉപയോഗവുമായോ അവയുമായി ബന്ധപ്പെട്ട പരമ്പരാഗത അറിവുമായോ ബന്ധപ്പെട്ട ഏതൊരു തീരുമാനം കൈക്കൊള്ളുമ്പോഴും ജൈവവൈവിധ്യ പരിപാലന സമിതിയുമായി കൂടിയാലോചിക്കേണ്ടതാണ്.

(3) ജൈവവൈവിധ്യ പരിപാലന സമിതിയ്ക്ക് അതിന്റെ അധികാര പരിധിയിൽ വരുന്ന പ്രദേശങ്ങളിൽ നിന്ന് ഏതെങ്കിലും ജൈവ വിഭവം വാണിജ്യ ആവശ്യത്തിനായി സ്വായത്തമാക്കുകയോ, ശേഖരിക്കുകയോ ചെയ്യുന്ന ഏതൊരു വ്യക്തിയിൽ നിന്നും ശേഖരണ ഫീസ് (ലെവി) ചുമത്താവുന്നതാണ്.

# അദ്ധ്യായം പതിനൊന്ന്
# തദ്ദേശീയ ജൈവവൈവിധ്യ ഫണ്ട്

**42 തദ്ദേശീയ ജൈവവൈവിധ്യ ഫണ്ടിലേക്കുള്ള ഗ്രാന്റ്.-**

സംസ്ഥാന സർക്കാർ, നിയമസഭയിൽ നിയമാനുസൃതമുള്ള ധനവിനിയോഗം വ്യവസ്ഥ ചെയ്തശേഷം, ഈ ആക്ടിന്റെ ഉദ്ദേശ്യത്തിലേക്കായി ഉപയോഗപ്പെടുത്തുന്നതിന് വേണ്ടി സംസ്ഥാന സർക്കാരിന് യുക്തമെന്നു തോന്നുന്ന പ്രകാരമുള്ള തുക ഗ്രാന്റായോ വായ്പയായോ തദ്ദേശീയ ജൈവവൈവിധ്യ ഫണ്ടിലേക്ക് നൽകാവുന്നതാണ്.

**43. തദ്ദേശീയ ജൈവവൈവിധ്യ ഫണ്ടിന്റെ രൂപീകരണം.-**

(1) സംസ്ഥാന സർക്കാർ വിജ്ഞാപനം ചെയ്യപ്പെട്ടിട്ടുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനം പ്രവർത്തിക്കുന്ന എല്ലാ പ്രദേശങ്ങളിലും തദ്ദേശീയ ജൈവവൈവിധ്യ ഫണ്ട് എന്ന പേരിൽ ഒരു ഫണ്ട് രൂപീകരിക്കേണ്ടതും അതിലേക്ക്-

(എ) 42-ാം വകുപ്പ് പ്രകാരമുള്ള ഏതൊരു വായ്പയും ഗ്രാന്റും;

(ബി) ദേശീയ ജൈവവൈവിധ്യ അതോറിറ്റി നൽകുന്ന ഗ്രാന്റുകളോ വായ്പകളോ;

(സി) സംസ്ഥാന ജൈവവൈവിധ്യ ബോർഡ് നൽകുന്ന ഗ്രാന്റുകളോ വായ്പകളോ;

(ഡി) ജൈവവൈവിധ്യ പരിപാലന സമിതികൾക്ക് 41-ാം വകുപ്പിന്റെ (3)-ാം ഉപവകുപ്പ് പ്രകാരം ലഭിക്കുന്ന ഫീസ്;

(ഇ) ആനുകൂല്യം പങ്കുവെയ്ക്കൽ തുകയും, സംസ്ഥാന സർക്കാർ തീരുമാനിച്ചേക്കാവുന്ന ഏതു സ്രോതസ്സുകളിൽ നിന്നും തദ്ദേശീയ ജൈവവൈവിധ്യ ഫണ്ടിലേക്ക് ലഭിക്കുന്ന എല്ലാ തുകകളും; വരവ് വെയ്ക്കേണ്ടതാണ്.

**44. തദ്ദേശീയ ജൈവവൈവിധ്യ ഫണ്ടിന്റെ വിനിയോഗം.-**

(1) തദ്ദേശീയ ജൈവവൈവിധ്യ ഫണ്ട് ഇതിലേക്കായി ഉണ്ടാക്കിയിട്ടുള്ള നിയമവ്യവസ്ഥകൾക്കും മാർഗ്ഗരേഖകൾക്കും അനുസൃതമായി,

(എ) ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ അധികാര പരിധിയിൽ വരുന്ന പ്രദേശങ്ങളുടെ പുനരുജ്ജീവനം ഉൾപ്പെടെയുള്ള ജൈവവൈവിധ്യ സംരക്ഷണത്തിനും പരിപോഷണത്തിനും,

(ബി) സംരക്ഷണ താൽപര്യങ്ങളിൽ വിട്ടുവീഴ്ച ചെയ്യാതെ സമൂഹത്തിന്റെ സാമൂഹിക സാമ്പത്തിക വികസനത്തിനും;

(സി) ജൈവവൈവിധ്യ പരിപാലന സമിതിയുടെ ഭരണപരമായ ചെലവുകൾക്കും; വേണ്ടി വിനിയോഗിക്കേണ്ടതാണ്.

(2) സംസ്ഥാന സർക്കാർ നിർദ്ദേശിച്ചേക്കാവുന്ന രീതിയിൽ പ്രസ്തുത ഫണ്ട് ഉപയോഗപ്പെടുത്തേണ്ടതാണ്.

**45. ജൈവവൈവിധ്യ പരിപാലന സമിതിയുടെ വാർഷിക സ്റ്റേറ്റ്മെന്റ്.-**

തദ്ദേശീയ ജൈവവൈവിധ്യ ഫണ്ടിന്റെ സൂക്ഷിപ്പുകാരനായ വ്യക്തി, ഓരോ സാമ്പത്തിക വർഷവും, സംസ്ഥാന സർക്കാരിന്റെ നിർദ്ദിഷ്ട ഫോറത്തിലും നിശ്ചിത സമയത്തും മുൻ സാമ്പത്തിക വർഷ കാലയളവിലെ പ്രവർത്തനങ്ങളുടെ പൂർണ്ണ വിവരങ്ങൾ അടങ്ങിയ വാർഷിക സ്റ്റേറ്റ്മെന്റ് തയ്യാറാക്കി ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് സമർപ്പിക്കേണ്ടതും ആയതിന്റെ പകർപ്പ് സംസ്ഥാന ജൈവവൈവിധ്യ ബോർഡിന് നൽകേണ്ടതുമാണ്.

**46. ജൈവവൈവിധ്യ പരിപാലന സമിതികളുടെ അക്കൗണ്ടുകളുടെ ഓഡിറ്റ്.-**

(1) ജൈവവൈവിധ്യ പരിപാലന സമിതി അതിന്റെ അക്കൗണ്ടുകൾ സൂക്ഷിക്കേണ്ടതും സംസ്ഥാന സർക്കാരിന്റെ നിർദ്ദിഷ്ട രീതിയിൽ ഓഡിറ്റ് ചെയ്യേണ്ടതുമാണ്.

(2) ജൈവവൈവിധ്യ പരിപാലന സമിതിയുടെ, ഓഡിറ്റ് ചെയ്ത അക്കൗണ്ടുകളുടെ പകർപ്പ് ഓഡിറ്ററുടെ റിപ്പോർട്ട് സഹിതം, സംസ്ഥാന സർക്കാരിന്റെ നിർദ്ദിഷ്ട തീയതിയ്ക്ക് മുൻപായി, ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിനും സംസ്ഥാന ജൈവവൈവിധ്യ ബോർഡിനും നൽകേണ്ടതാണ്.

**47. ജൈവവൈവിധ്യ പരിപാലന സമിതിയുടെ വാർഷിക റിപ്പോർട്ടും മറ്റും ജില്ലാ മജിസ്ട്രേറ്റിന് സമർപ്പിക്കണം.-**

വകുപ്പ് 41 ഉപവകുപ്പ് (1) പ്രകാരം ജൈവവൈവിധ്യ പരിപാലന സമിതി രൂപീകരിക്കുന്ന എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങ ളും, യഥാക്രമം 45, 46, വകുപ്പുകളിൽ പരാമർശിക്കുന്ന പ്രസ്തുത സമിതികളുമായി ബന്ധപ്പെട്ട വാർഷിക റിപ്പോർട്ടും, ഓഡിറ്ററുടെ റിപ്പോർട്ട് സഹിതമുള്ള ഓഡിറ്റ് ചെയ്ത അക്കൗ ണ്ടുകളുടെ പകർപ്പും തദ്ദേശസ്വയംഭരണ സ്ഥാപനത്തിനു മേൽ അധികാരപരിധിയുള്ള ജില്ലാ മജിസ്ട്രേറ്റിന് മുൻപാകെ സമർപ്പിക്കേണ്ടതാണ്.

# അദ്ധ്യായം പന്ത്രണ്ട്
# പലവക

**48. ദേശീയ ജൈവവൈവിധ്യ അതോറിറ്റി കേന്ദ്ര സർക്കാരി ന്റെ നിർദ്ദേശങ്ങൾ പാലിക്കുന്നതിന് ബാധ്യസ്ഥരായിരിക്കും**

(1.) ഈ ആക്ടിന്റെ മുൻപറഞ്ഞ വ്യവസ്ഥകൾക്ക് കോട്ടം വരാതെ, ദേശീയ ജൈവവൈവിധ്യ അതോറിറ്റി, ഈ ആക്ട് അനുസരിച്ചുള്ള ചുമതലകളും കർത്തവ്യങ്ങളും നിറവേറ്റു മ്പോൾ, നയപരമായ പ്രശ്നങ്ങളിന്മേൽ കേന്ദ്രസർക്കാർ അതതു സമയം രേഖാമൂലം നൽകിയേക്കാവുന്ന നിർദ്ദേശങ്ങൾ പാലി ക്കുന്നതിന് ബാധ്യസ്ഥരായിരിക്കുന്നതാണ്:

എന്നാൽ ഈ ഉപവകുപ്പിൻ കീഴിൽ ഏതെങ്കിലും മാർഗ്ഗനിർ ദ്ദേശം നൽകുന്നതിന് മുൻപ് പ്രായോഗികമാകുന്നിടത്തോളം ദേശീയ ജൈവവൈവിധ്യ അതോറിറ്റിക്ക് അതിന്റെ അഭിപ്രായം പ്രകടിപ്പിക്കുന്നതിനുള്ള അവസരം നൽകേണ്ടതാണ്.

(2). ഒരു പ്രശ്നം നയപരമാണോ അല്ലയോ എന്നതിൽ കേന്ദ്രസർക്കാരിന്റെ തീരുമാനം അന്തിമമായിരിക്കുന്നതാണ്.

**49. നിർദ്ദേശം നൽകുവാൻ സംസ്ഥാന സർക്കാരിനുള്ള അധികാരം.-**

(1) ഈ ആക്ടിന്റെ മുൻപറഞ്ഞ വ്യവസ്ഥകൾക്ക് കോട്ടം വരാതെ, സംസ്ഥാന ജൈവവൈവിധ്യ ബോർഡ് ഈ ആക്ട് പ്രകാരമുള്ള അതിന്റെ ചുമതലകളും കർത്തവ്യങ്ങളും നിർവ്വ ഹിക്കുമ്പോൾ, നയപരമായ പ്രശ്നങ്ങളിന്മേൽ സംസ്ഥാന സർക്കാർ സമയാസമയം രേഖാമൂലം നൽകിയേക്കാവുന്ന നിർദ്ദേശങ്ങൾ പാലിക്കുവാൻ ബാധ്യസ്ഥരായിരിക്കുന്നതാണ്:

എന്നാൽ ഈ ഉപവകുപ്പിൻ കീഴിൽ ഏതെങ്കിലും നിർദ്ദേശം നൽകുന്നതിന് മുൻപ് പ്രായോഗികമാകുന്നിടത്തോളം

സംസ്ഥാന ജൈവവൈവിധ്യ ബോർഡിന് അതിന്റെ അഭിപ്രായം പ്രകടിപ്പിക്കുന്നതിനുള്ള അവസരം നൽകേണ്ടതാണ്.

(2)ഒരു പ്രശ്നം നയപരമാണോ അല്ലയോ എന്നതിൽ സംസ്ഥാന സർക്കാരിന്റെ തീരുമാനം അന്തിമമായിരിക്കുന്നതാണ്.

**50. തർക്കങ്ങൾ തീർപ്പാക്കൽ:-**

(1.) ദേശീയ ജൈവവൈവിധ്യ അതോറിറ്റിയും സംസ്ഥാന ജൈവവൈവിധ്യ ബോർഡും തമ്മിൽ തർക്കം ഉണ്ടായാൽ, അതതു സംഗതി പോലെ, പ്രസ്തുത അതോറിറ്റിയ്ക്കോ ബോർഡിനോ നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ കേന്ദ്ര സർക്കാരിന് മുമ്പാകെ അപ്പീൽ നൽകാവുന്നതാണ്.

(2.) (1)-ാം ഉപവകുപ്പിൻ കീഴിൽ ഫയൽ ചെയ്യുന്ന എല്ലാ അപ്പീലുകളും കേന്ദ്രസർക്കാരിന്റെ നിർദ്ദിഷ്ട മാതൃകയിൽ ആയിരിക്കേണ്ടതാണ്.

(3.) അപ്പീൽ തീർപ്പുകൽപ്പിക്കുന്നതിനുള്ള നടപടിക്രമം കേന്ദ്ര സർക്കാർ നിർദ്ദേശിച്ചേക്കാവുന്ന രീതിയിൽ ആയിരിക്കുന്നതാണ്:

എന്നാൽ അപ്പീൽ തീർപ്പാക്കുന്നതിന് മുൻപ് കക്ഷികൾക്ക് പറയുവാൻ ഉള്ളത് പറയുന്നതിനുള്ള ന്യായമായ അവസരം നൽകേണ്ടതാണ്.

(4.) സംസ്ഥാന ജൈവവൈവിധ്യ ബോർഡുകൾക്കിടയിൽ ഒരു തർക്കം ഉണ്ടായാൽ, കേന്ദ്രസർക്കാർ അത് ദേശീയ ജൈവവൈവിധ്യ അതോറിറ്റിയ്ക്ക് കൈമാറേണ്ടതാണ്.

(5.) (4)-ാം ഉപവകുപ്പിൻ കീഴിൽ ഏതെങ്കിലും തർക്കം തീർപ്പുകൽപ്പിക്കുമ്പോൾ, ദേശീയ ജൈവവൈവിധ്യ അതോറിറ്റി സ്വാഭാവിക നീതിയുടെ തത്വങ്ങൾ പാലിക്കേണ്ടതും കേന്ദ്ര സർക്കാരിന്റെ നിർദ്ദിഷ്ട നടപടിക്രമം പിൻതുടരേണ്ടതുമാണ്.

(6.) ഈ വകുപ്പിൻ കീഴിൽ ദേശീയ ജൈവവൈവിധ്യ അതോറിറ്റിയ്ക്ക് അതിന്റെ കർത്തവ്യങ്ങൾ നിറവേറ്റുന്നതിന്, 1908- ലെ സിവിൽ നടപടിക്രമങ്ങൾ പ്രകാരം ഒരു സിവിൽ കോടതിയിൽ

നിക്ഷിപ്തമായിട്ടുള്ള എല്ലാ അധികാരങ്ങളും താഴെപ്പറയുന്ന കാര്യങ്ങളിൽ ഉണ്ടായിരിക്കുന്നതാണ്. അതായത്:-

(എ) ഏതൊരാൾക്കും സമൻസ് അയയ്ക്കുവാനും ഹാജരാകാൻ നിർബന്ധിക്കുവാനും സത്യം ബോധിപ്പിക്കുമെന്ന് പ്രതിജ്ഞ യെടുപ്പിച്ച് വിസ്തരിക്കുവാനും;

(ബി) രേഖകൾ കണ്ടെത്തുന്നതിനും, ഹാജരാക്കുന്നതിനും ആവശ്യപ്പെടുവാൻ;

(സി) സത്യവാങ്മൂലം മുഖേന തെളിവ് സ്വീകരിക്കുവാൻ;

(ഡി) സാക്ഷികളെ വിസ്തരിക്കുന്നതിനോ രേഖകൾ പരിശോ ധിക്കുന്നതിനോ കമ്മീഷനെ നിയോഗിക്കുവാൻ;

(ഇ) തീരുമാനങ്ങൾ പുന: പരിശോധിക്കുവാൻ;

(എഫ്) കൃത്യവിലോപത്തിന് ഒരു അപേക്ഷ നിരസിക്കുന്ന തിനോ ഏകപക്ഷീയമായി തീർപ്പു കൽപ്പിക്കുന്നതിനോ;

(ജി) കൃത്യവിലോപത്തിന് അപേക്ഷ നിരസിച്ചുകൊണ്ടുള്ള ഉത്തരവോ ഏകപക്ഷീയമായി തീർപ്പുകൽപ്പിച്ചതായി പുറപ്പെ ടുവിച്ച ഏതൊരു ഉത്തരവും റദ്ദു ചെയ്യുവാനും;

(എച്ച്) നിർദ്ദിഷ്ടമായേക്കാവുന്ന മറ്റ് ഏതൊരു സംഗതിയും.

(7.) ദേശീയ ജൈവവൈവിധ്യ അതോറിറ്റിയുടെ മുൻപാകെ യുള്ള എല്ലാ നടപടികളും ഇന്ത്യൻ ശിക്ഷാ നിയമത്തിന്റെ 196-ാം വകുപ്പിന്റെ ആവശ്യങ്ങൾക്ക് 193- ഉം 228 ഉം വകുപ്പുക ളുടെ അർത്ഥ വ്യാപ്തിയിൽപ്പെടുന്ന നീതിന്യായ നടപടിയായി കരുതേണ്ടതും, ക്രിമിനൽ നടപടിക്രമങ്ങളിലെ 26-ാം അദ്ധ്യാ യത്തിലെ 195-ാം വകുപ്പിന്റെ എല്ലാ ആശ്യങ്ങൾക്കും ദേശീയ ജൈവവൈവിധ്യ അതോറിറ്റിയെ ഒരു സിവിൽ കോടതിയായും കരുതേണ്ടതാണ്.

**51. ദേശീയ ജൈവവൈവിധ്യ അതോറിറ്റിയുടെയും സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെയും അംഗങ്ങൾ, ഉദ്യോഗസ്ഥർ തുടങ്ങിയവരെ പൊതുസേവകരായി കരുതേ ണ്ടതാണ്.-**

ദേശീയ ജൈവവൈവിധ്യ അതോറിറ്റിയുടെയും സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെയും എല്ലാ അംഗങ്ങളും ഉദ്യോഗസ്ഥരും ജീവനക്കാരും ഈ ആക്ടിന്റെ ഏതൊരു വ്യവസ്ഥയ്ക്കും അനുസൃതമായി പ്രവർത്തിയ്ക്കുമ്പോഴോ പ്രവർത്തിച്ചു കൊണ്ടിരിക്കുന്നതായി കരുതുമ്പോഴോ ഇന്ത്യൻ ശിക്ഷാ നിയമത്തിന്റെ 21-ാം വകുപ്പിന്റെ അർത്ഥ വ്യാപ്തിയിൽ പെടുന്ന പൊതുസേവകരായി കരുതപ്പെടേണ്ടതാണ്.

**52. അപ്പീൽ.-**

നീതി പൂർവ്വകമായ ആനുകൂല്യം പങ്കുവെയ്ക്കുന്നതു സംബന്ധിച്ച് ദേശീയ ജൈവവൈവിധ്യ അതോറിറ്റിയുടെയോ സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെയോ ഈ നിയമത്തിൻകീഴിലുള്ള ഏതൊരു തീർപ്പോ,ഉത്തരവോ നിർദ്ദേശങ്ങളോ മൂലം വിഷമം ഉണ്ടാകുന്ന ഏതൊരാൾക്കും, അതതു സാഹചര്യങ്ങൾക്കനുസരിച്ച്, ദേശീയ ജൈവവൈവിധ്യ അതോറിറ്റിടുടെയോ സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെയോ അറിയിപ്പു ലഭിച്ച തീയതി മുതൽ 30 ദിവസത്തിനകം ഹൈക്കോടതി മുമ്പാകെ അപ്പീൽ ഫയൽ ചെയ്യാവുന്നതാണ്:

എന്നാൽ അപ്പീൽ വാദിക്ക് നിശ്ചിത സമയ പരിധിയ്ക്കുള്ളിൽ അപ്പീൽ ഫയൽ ചെയ്യുന്നതിന് തടസ്സമായി മതിയായ കാരണം ഉണ്ടെന്ന് ഹൈക്കോടതിയ്ക്ക് ബോധ്യപ്പെടുന്ന പക്ഷം, അപ്പീൽ ഫയൽ ചെയ്യുന്നതിന് വീണ്ടും അറുപത് ദിവസത്തിൽ കവിയാത്ത സമയം അനുവദിക്കാവുന്നതാണ്.

എന്നുമാത്രമല്ല ഈ വകുപ്പിൽ ഉൾക്കൊള്ളുന്ന യാതൊന്നും 2010-ലെ ദേശീയ ഹരിത ട്രൈബ്യൂണൽ നിയമം പ്രാബല്യത്തിൽ വന്നതുമുതൽ ബാധകമാകുന്നതല്ല.

അതുമാത്രമല്ല, 2010-ലെ ദേശീയ ഹരിത ട്രൈബ്യൂണൽ നിയമം പ്രാബല്യത്തിൽ വരുന്നതിന് മുൻപ്, ഹൈക്കോടതിയിൽ നിലവിലുള്ള ഏതൊരു അപ്പീലും, 2010 ലെ ദേശീയ ഹരിത ട്രൈബ്യൂണൽ നിയമത്തിന്റെ 3-ാം വകുപ്പ് പ്രകാരം ദേശീയ ഹരിത ട്രൈബ്യൂണൽ സ്ഥാപിക്കപ്പെട്ടിട്ടില്ലാത്തതിനാൽ ഹൈക്കോടതി തുടർന്നും വാദം കേൾക്കേണ്ടതും തീർപ്പാക്കേണ്ടതുമാണ്.

**52 (എ) ദേശീയ ഹരിത ട്രൈബ്യൂണലിലേക്കുള്ള അപ്പീൽ.–**

ഈ ആക്ടിൻ കീഴിൽ, 2010 ലെ ദേശീയ ഹരിത ട്രിബ്യൂണൽ നിയമം പ്രാബല്യത്തിൽ വന്ന ശേഷം, ദേശീയ ജൈവവൈവിധ്യ അതോറിറ്റിയുടെയോ, സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെയോ ആനുകൂല്യം പങ്കുവയ്ക്കുന്നത് സംബന്ധിച്ച തീർപ്പോ, ഉത്തരവോ മൂലം വിഷമം ഉണ്ടാകുന്ന ഏതൊരാൾക്കും, 2010 ലെ ദേശീയ ഹരിത ട്രൈബ്യൂണൽ നിയമം വകുപ്പ് (3) പ്രകാരം സ്ഥാപിതമായ ദേശീയ ഹരിത ട്രൈബ്യൂണലിലേക്ക് പ്രസ്തുത ആക്ടിലെ വ്യവസ്ഥകൾക്ക് വിധേയമായി അപ്പീൽ സമർപ്പിക്കാവുന്നതാണ്.

**53. തീർപ്പോ ഉത്തരവോ നടപ്പാക്കൽ.–**

ആനുകൂല്യങ്ങൾ ന്യായയുക്തവും നീതിപൂർവ്വകവുമായി പങ്കിടുന്നത് സംബന്ധിച്ച് ഈ ആക്ടിൻ കീഴിൽ ദേശീയ ജൈവവൈവിധ്യ അതോറിറ്റിയുടെയോ സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെയോ തീർപ്പോ, ഉത്തരവോ, അല്ലെങ്കിൽ ദേശീയ ജൈവവൈവിധ്യ അതോറിറ്റിയുടെയോ സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെയോ തീർപ്പിന്മേലോ, ഉത്തരവിന്മേലോ ഉള്ള അപ്പീലിന്മേൽ ഹൈക്കോടതിയോ ദേശീയ ഹരിത ട്രൈബ്യൂണലോ പുറപ്പെടുവിച്ച ഉത്തരവിനോ അതതു സാഹചര്യങ്ങൾക്കനുസരിച്ച്, ദേശീയ ജൈവവൈവിധ്യ അതോറിറ്റിയുടെയോ സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെയോ ഏതെങ്കിലും ഉദ്യോഗസ്ഥനോ ഹൈക്കോടതി രജിസ്ട്രാറോ, ദേശീയ ഹരിത ട്രൈബ്യൂണൽ രജിസ്ട്രാറോ നൽകുന്ന സാക്ഷ്യപത്രം, ഒരു സിവിൽ കോടതിയുടെ വിധിയായി കരുതപ്പെടേണ്ടതും പ്രസ്തുത കോടതി വിധി നടപ്പാക്കുന്ന അതേ രീതിയിൽ നടപ്പാക്കേണ്ടതുമാണ്.

**വിശദീകരണം –** ഈ വകുപ്പിന്റെയും 52–ാം വകുപ്പിന്റേയും ഉദ്ദേശ്യത്തിലേക്കായി, 'സംസ്ഥാന ജൈവവൈവിധ്യ ബോർഡ്' എന്ന പ്രയോഗത്തിൽ 22–ാം വകുപ്പിന്റെ (2)–ാം ഉപവകുപ്പിൽ പ്രസ്തുത ഉപവകുപ്പിന്റെ വ്യവസ്ഥയിന്മേൽ അധികാരങ്ങളും ചുമതലകളും ഏൽപ്പിച്ചു കൊടുക്കപ്പെട്ടിട്ടുള്ള വ്യക്തിയോ

വ്യക്തികളുടെ സംഘമോ സ്ഥാപനമോ ഉൾപ്പെടുന്നതും, ഈ വകുപ്പിൻ കീഴിൽ അപ്രകാരമുള്ള വ്യക്തിയോ വ്യക്തികളുടെ സംഘവുമായോ, സ്ഥാപനവുമായോ ബന്ധപ്പെട്ട സാക്ഷ്യ പത്രം അതതു സാഹചര്യങ്ങൾക്കനുസരിച്ച്, അപ്രകാരമുള്ള വ്യക്തിയോ വ്യക്തികളുടെ സംഘമോ, സ്ഥാപനമോ, പുറപ്പെടു വിക്കേണ്ടതാണ്.

**54.ഉത്തമ വിശ്വാസത്തിൽ എടുത്ത നടപടിയുടെ സംരക്ഷണം**

ഈ ആക്ട് പ്രകാരമോ, അതിൻ കീഴിൽ ഉണ്ടാക്കപ്പെട്ട ചട്ടങ്ങ ളോ, നിയമവ്യവസ്ഥകളോ അനുസരിച്ച് ഉത്തമവിശ്വാസത്തിൽ ചെയ്തതോ, ചെയ്യുവാൻ ഉദ്ദേശിച്ചതോ ആയ ഏതൊരു കൃത്യത്തിനും കേന്ദ്രസർക്കാരിനോ, സംസ്ഥാന സർക്കാരിനോ ഏതെങ്കിലും കേന്ദ്രസർക്കാർ ഉദ്യോഗസ്ഥനോ സംസ്ഥാന സർക്കാർ ഉദ്യോഗസ്ഥനോ ദേശീയ ജൈവവൈവിധ്യ അതോ റിറ്റിയുടെയോ സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെയോ ഏതെങ്കിലും അംഗത്തിനോ, ഉദ്യോഗസ്ഥനോ ജീവനക്കാരനോ, എതിരായി ഏതെങ്കിലും ഹർജിയോ, കോടതി വ്യവഹാരമോ, മറ്റ് ഏതെങ്കിലും നിയമ നടപടികളോ നിലനിൽക്കുന്നതല്ല.

**55. ശിക്ഷാനടപടികൾ.-**

3-ാം വകുപ്പിന്റെ (2)-ാം ഉപവകുപ്പിന്റെയോ 7-ാം വകുപ്പിന്റെയോ കീഴിൽ വരുന്ന ഏതൊരു വ്യക്തിയോ സംഘടനയോ 3-ാം വകുപ്പിന്റെയോ 4-ാം വകുപ്പിന്റെയോ 6-ാം വകുപ്പിന്റെയോ 7-ാം വകുപ്പിന്റെയോ ലംഘനമോ, ലംഘനത്തിനുള്ള ശ്രമമോ അല്ലെങ്കിൽ ലംഘനത്തിന് പ്രേരിപ്പിക്കുകയോ ചെയ്യുന്ന പക്ഷം, അപ്രകാരമുള്ള വ്യക്തി ഒരു ലക്ഷം രൂപയിൽ കുറയാ ത്തതോ എന്നാൽ 50 ലക്ഷം രൂപവരെ ആകാവുന്നതോ ആയ പിഴയീടാക്കുന്നതിന് വിധേയനായിരിക്കുന്നതും, എന്നാൽ വരുത്തുന്ന നഷ്ടം പിഴ തുകയേക്കാൾ അധികമാകുന്ന പക്ഷം, അത്തരം പിഴ, വരുത്തിയ നഷ്ടത്തിന് ആനുപാതികമായിട്ട് ആയിരിക്കേണ്ടതും, വീഴ്ച അഥവ ലംഘനം തുടരുന്ന സാഹ ചര്യത്തിൽ, വകുപ്പ് 55 (എ) പ്രകാരം നിയമിക്കപ്പെട്ട ന്യായ നിർണ്ണയ (adjudicating) ഉദ്യോഗസ്ഥൻ നിശ്ചയിക്കുന്ന,

ഒരു കോടി രൂപയിൽ കവിയാത്ത  അധിക പിഴ ചുമത്താവുന്ന തുമാണ്.

**55 (എ) പിഴ നിർണ്ണയിക്കൽ.-**

(1) 55-ാം വകുപ്പ് പ്രകാരമുള്ള പിഴ നിർണ്ണയിക്കുന്നതിനായി കേന്ദ്ര സർക്കാരിന്  ഭാരത സർക്കാരിന്റെ ജോയിന്റ് സെക്രട്ടറി യുടെയോ സംസ്ഥാന സർക്കാരിന്റെ സെക്രട്ടറിയുടെയോ പദവിയിൽ താഴെയല്ലാത്ത  ഒരു ഉദ്യോഗസ്ഥനെ നിർദ്ദിഷ്ട രീതിയിൽ അന്വേഷണം നടത്തുന്നതിനും തീർപ്പുകൽപ്പിച്ച് പിഴ ചുമത്തുന്നതിനും വേണ്ടിയുള്ള ന്യായനിർണ്ണയ (adjudicating) ഉദ്യോഗസ്ഥനായി നിയമിക്കാവുന്നതാണ്:

എന്നാൽ ആവശ്യമുള്ള അത്ര എണ്ണം ന്യായനിർണ്ണയ ഉദ്യോഗ സ്ഥന്മാരെ കേന്ദ്ര സർക്കാരിന് നിയമിക്കാവുന്നതാണ്.

(2) അന്വേഷണം നടത്തുന്ന വേളയിൽ ന്യായനിർണ്ണയ ഉദ്യോഗസ്ഥന് കേസിന്റെ വസ്തുതകളും ചുറ്റുപാടുകളുമായി പരിചിതമായിട്ടുള്ള ഏതൊരാളെയും, ന്യായനിർണ്ണയ ഉദ്യോ ഗസ്ഥന്റെ അഭിപ്രായത്തിൽ ആയത് ഉപയോഗപ്രദമാണെന്നോ, പ്രസക്തമാണെന്നോ അഭിപ്രായം ഉണ്ടെങ്കിൽ, തെളിവ് നൽകു ന്നതിനോ രേഖകൾ സമർപ്പിക്കുന്നതിനോ സമൻസ് അയയ്ക്കു ന്നതിനും നേരിട്ട് ഹാജരാകുന്നതിന് നിർദ്ദേശിക്കുന്നതിനും അധികാരം ഉണ്ടായിരിക്കുന്നതും,  അങ്ങനെയുള്ള അന്വേഷണ ത്തിൽ ബന്ധപ്പെട്ട വ്യക്തി 3-ാം വകുപ്പിന്റെയോ 4-ാം വകുപ്പിന്റെയോ  6-ാം വകുപ്പിന്റെയോ 7-ാം വകുപ്പിന്റെയോ വ്യവസ്ഥകൾ പാലിക്കുന്നതിൽ പരാജയപ്പെട്ടു എന്ന് അദ്ദേഹത്തിന് ബോധ്യപ്പെടുന്ന പക്ഷം അദ്ദേഹത്തിന് യുക്തമെന്ന് തോന്നുന്ന പ്രകാരം ഉള്ള പിഴ 55-ാം വകുപ്പിലെ വ്യവസ്ഥകൾക്ക് അനുസൃതമായി ചുമത്താവുന്നതുമാണ്;

എന്നാൽ ഈ വിഷയത്തിൽ ബന്ധപ്പെട്ട വ്യക്തിയ്ക്ക് പറയു വാൻ ഉള്ളത് പറയുന്നതിന് ഒരു അവസരം നൽകാതെ അത്തര ത്തിലുള്ള യാതൊരു പിഴയും ചുമത്തുവാൻ പാടുള്ളതല്ല.

(3) 2-ാം ഉപവകുപ്പിൻ കീഴിൽ ന്യായനിർണ്ണയ ഉദ്യോഗസ്ഥൻ പുറപ്പെടുവിച്ച ഉത്തരവ് മൂലം വിഷമം ഉണ്ടാകുന്ന ഏതൊരു വ്യക്തിയ്ക്കും 2010-ലെ ദേശീയ ഹരിത ട്രൈബ്യൂണൽ ആക്ടിന്റെ 3-ാം വകുപ്പിൻ കീഴിൽ സ്ഥാപിച്ച ദേശീയ ഹരിത ട്രൈബ്യൂണലിൽ അപ്പീൽ സമർപ്പിക്കാവുന്നതാണ്.

(4) 3-ാം ഉപവകുപ്പിൻ കീഴിലുള്ള എല്ലാ അപ്പീലുകളും ബന്ധപ്പെട്ട വ്യക്തി, ന്യായനിർണ്ണയ ഉദ്യോഗസ്ഥൻ പുറപ്പെടുവിച്ച ഉത്തരവിന്റെ പകർപ്പ് തനിക്കു ലഭിച്ച തീയതി മുതൽ മുപ്പത് ദിവസത്തിനകം സമർപ്പിക്കേണ്ടതാണ്.

(5) ദേശീയ ഹരിത ട്രൈബ്യൂണലിന്, അപ്പീൽ കക്ഷികൾക്ക് പറയുവാനുള്ളത് പറയുന്നതിനുള്ള അവസരം നൽകിയശേഷം, അപ്പീലിനു വിധേയമായ ഉത്തരവ് അംഗീകരിച്ചു കൊണ്ടോ, ഭേദഗതി ചെയ്തുകൊണ്ടോ, തള്ളികളഞ്ഞുകൊണ്ടോ അതിന് യുക്തമെന്ന് തോന്നുന്ന ഉത്തരവ് പുറപ്പെടുവിക്കാവുന്നതാണ്.

**55 (ബി). പ്രവേശനത്തിനും പരിശോധന നടത്തുന്നതിനും സർവ്വേ നടത്തുന്നതിനും മറ്റുമുള്ള അധികാരം.-**

പരിശോധന, സർവ്വേ അല്ലെങ്കിൽ സമാനമായ മറ്റു പ്രവർത്തനങ്ങൾ നടത്തുന്നതിനായി കേന്ദ്ര സർക്കാർ ചുമതലപ്പെടുത്തുന്ന സ്ഥാപനത്തിനോ ഉദ്യോഗസ്ഥനോ, താഴെപ്പറയുന്ന അധികാരങ്ങൾ എല്ലാമോ ചിലതോ ഉണ്ടായിരിക്കുന്നതാണ്, അതായത്.-

(എ) ഏതെങ്കിലും പ്രദേശത്തോ, വാഹനത്തിലോ, പരിസരത്തോ പ്രവേശിച്ച്, അവ പരിശോധിക്കുന്നതിനും, അന്വേഷണം നടത്തുന്നതിനും, സർവ്വേ നടത്തുന്നതിനും, വിവരങ്ങൾ ശേഖരിക്കുന്നതിനും, ആയതിന്റെ ഭൂപടം തയ്യാറാക്കുന്നതിനും വസ്തുക്കളും രേഖകളും പിടിച്ചെടുക്കുന്നതിനുമുള്ള അധികാരം;

(ബി) സിവിൽ കോടതിയ്ക്ക് ഉള്ളതുപോലെ, സാക്ഷികൾ ഉൾപ്പെടെയുള്ള ഏതൊരു വ്യക്തിയെയും ഹാജരാകുന്നതിന് ആവശ്യപ്പെടുന്നതിനും, രേഖകളും വസ്തുക്കളും സമർപ്പിക്കുവാൻ ആവശ്യപ്പെടുന്നതിനുമുള്ള അധികാരം;

(സി) പരിശോധനാധികാരപത്രം (search warrant) പുറപ്പെടുവിക്കുന്നതിനുള്ള അധികാരം;

(ഡി) അന്വേഷണം നടത്തുന്നതിനും അതിന്റെ ഭാഗമായി തെളിവുകൾ സ്വീകരിക്കുന്നതിനും രേഖപ്പെടുത്തുന്നതിനുമുള്ള അധികാരം;

(ഇ) നിയമപ്രകാരം നിർദ്ദേശിച്ചിട്ടുള്ള മറ്റ് അധികാരങ്ങൾ.

**56. കേന്ദ്ര സർക്കാർ, സംസ്ഥാന സർക്കാർ, ദേശീയ ജൈവ വൈവിധ്യ അതോറിറ്റി, സംസ്ഥാന ജൈവവൈവിധ്യ ബോർഡ് എന്നിവയുടെ നിർദ്ദേശങ്ങളോ ഉത്തരവുകളോ ലംഘിക്കപ്പെട്ടാലുള്ള ശിക്ഷ.-**

കേന്ദ്ര സർക്കാർ, സംസ്ഥാന സർക്കാർ, ദേശീയ ജൈവവൈവിധ്യ അതോറിറ്റി, സംസ്ഥാന ജൈവവൈവിധ്യ ബോർഡ് എന്നിവയുടെ നിർദ്ദേശങ്ങളോ ഉത്തരവുകളോ ലംഘിക്കുന്ന ഏതൊരു വ്യക്തിയ്ക്കും പ്രത്യേക ശിക്ഷ ഈ ആക്ടിൽ വ്യവസ്ഥ ചെയ്തിട്ടില്ലാത്തതിനാൽ, അത്തരം വ്യക്തിയ്ക്ക് പരമാവധി ഒരു ലക്ഷം രൂപ വരെ പിഴ ചുമത്താവുന്നതും, രണ്ടാമതോ തുടർന്നുള്ളതോ ആയ കുറ്റത്തിന് പരമാവധി രണ്ട് ലക്ഷം രൂപ പിഴയും, തുടർച്ചയായ ലംഘനത്തിന് കുറ്റം തുടരുന്ന ഓരോ ദിവസത്തേക്കും പരമാവധി രണ്ട് ലക്ഷം രൂപ വരെ അധികമായി പിഴ ചുമത്താവുന്നതുമാണ്.

**57. കമ്പനികളുടെ കുറ്റങ്ങൾ.-**

(1) ഈ നിയമപ്രകാരം ഒരു കമ്പനി കുറ്റമോ, നിയലംഘനമോ നടത്തിയാൽ, അപ്രകാരം കുറ്റം നടത്തിയ സമയത്തെ കമ്പനിയുടെ കാര്യങ്ങൾ നിയന്ത്രിക്കുകയും ബിസിനസ് നടത്തിപ്പിന്റെ ചുമതല നിർവ്വഹിച്ചു പോന്നിരുന്നതുമായ ഓരോ വ്യക്തിയെയും, കമ്പനിയെയും, കുറ്റക്കാരായി കണക്കാക്കേണ്ടതും, അവർക്കെതിരെ നിയമനടപടികളിലൂടെ അർഹമായ ശിക്ഷ ലഭ്യമാക്കേണ്ടതുമാണ്.

എന്നാൽ, ഈ ഉപവകുപ്പിലെ ഏതെങ്കിലും വ്യവസ്ഥകൾ പ്രകാരം, തന്റെ അറിവോടുകൂടിയല്ലാതെയാണ് കുറ്റം

അല്ലെങ്കിൽ നിയമലംഘനം നടന്നതെന്നും, അല്ലെങ്കിൽ അപ്രകാരമുള്ള കുറ്റമോ നിയമലംഘനമോ നടക്കാതിരിക്കുന്നതിന് ആവശ്യമായ ജാഗ്രത പുലർത്തിയിരുന്നുവെന്നും ബന്ധപ്പെട്ട വ്യക്തി തെളിയിക്കുന്നുവെങ്കിൽ, പ്രസ്തുത വ്യക്തി ഈ നിയമപ്രകാരമുള്ള യാതൊരുവിധത്തിലുള്ള ശിക്ഷാനടപടികൾക്കും വിധേയനായിരിക്കുന്നതല്ല.

(2) ഉപവകുപ്പ് (1) ൽ പ്രതിപാദിച്ചിട്ടുള്ളത് എന്തുതന്നെയായാലും, ഒരു കമ്പനി ഈ നിയമപ്രകാരം കുറ്റം ചെയ്യുകയോ നിയമലംഘനം നടത്തുകയോ ചെയ്താൽ, അത്തരം കുറ്റം അല്ലെങ്കിൽ നിയമലംഘനം, കമ്പനിയിലെ ഡയറക്ടർ, മാനേജർ, സെക്രട്ടറി അല്ലെങ്കിൽ മറ്റു ഓഫീസർമാരിൽ ആരുടെയെങ്കിലും സമ്മതത്തോടെയോ ഒത്താശയോടുകൂടിയോ അല്ലെങ്കിൽ അവരുടെ അനാസ്ഥയാലോ ആണ് നടന്നിട്ടുള്ളതെങ്കിൽ, അപ്രകാരമുള്ള ഡയറക്ടർ, മാനേജർ, സെക്രട്ടറി അല്ലെങ്കിൽ മറ്റു ഓഫീസർമാരെ കുറ്റക്കാരായി കണക്കാക്കേണ്ടതും, നിയമനടപടികളിലൂടെ അർഹമായ ശിക്ഷ അവർക്ക് ലഭ്യമാക്കേണ്ടതുമാണ്.

വിശദീകരണം - ഈ വകുപ്പിന്റെ ഉദ്ദേശ്യത്തിലേക്കായി,

(എ) 'കമ്പനി' എന്നാൽ, ഏതെങ്കിലും കോർപ്പറേറ്റ് ബോഡി എന്നർത്ഥം, സ്ഥാപനമോ മറ്റു വ്യക്തികളുടെ സംഘടനയോ ഉൾപ്പെടുന്നതാണ്;
(ബി) ഒരു സ്ഥാപനവുമായി ബന്ധപ്പെട്ട് 'ഡയറക്ടർ' എന്നാൽ, സ്ഥാപനത്തിന്റെ പങ്കാളി എന്നർത്ഥം.

**58. (ഒഴിവാക്കി)**

**59. മറ്റു നിയമങ്ങൾക്കു പുറമെ ഈ നിയമത്തിന്റെ പ്രാബല്യം.-**

വനങ്ങളും വന്യജീവികളുമായി നിലവിൽ പ്രാബല്യത്തിലുള്ള മറ്റ് ഏതെങ്കിലും നിയമത്തിലെ വ്യവസ്ഥകൾക്ക് ഹാനികരമാകാതെ, അവയ്ക്ക് പുറമെ അധികമായി ഈ നിയമത്തിലെ വ്യവസ്ഥകൾക്ക് പ്രാബല്യമുണ്ടായിരിക്കും.

**59 (എ). ചില വ്യക്തികൾക്ക് ഈ നിയമം ബാധകമല്ല.–**

സസ്യയിനങ്ങളുടെ സംരക്ഷണവുമായി ബന്ധപ്പെട്ട് പാർലമെന്റ് പാസാക്കിയ നിയമങ്ങൾ പ്രകാരം അനുമതിയോ അവകാശ മോ ലഭിച്ചിട്ടുള്ള ഏതൊരു വ്യക്തിയ്ക്കും, പ്രസ്തുത നിയമ പ്രകാരം ലഭിച്ച അനുമതിയോ അവകാശങ്ങളോ നിലനിൽക്കു ന്നിടത്തോളം, ഈ നിയമപ്രകാരമുള്ള സമാനമായ അനുമതി ആവശ്യമില്ല.

**60. സംസ്ഥാന സർക്കാരുകൾക്ക് നിർദ്ദേശം നൽകുന്നതിനുള്ള കേന്ദ്ര സർക്കാരിന്റെ അധികാരം.–**

ഈ ആക്ടിലെ വ്യവസ്ഥകളോ ആയതുപ്രകാരം രൂപീകരി ച്ചിട്ടുള്ള ചട്ടങ്ങളോ നിയമവ്യവസ്ഥകളോ ഉത്തരവുകളോ നടപ്പാക്കുന്നതിന് കേന്ദ്ര സർക്കാരിന് സംസ്ഥാന സർക്കാരു കൾക്ക് നിർദ്ദേശം നൽകാവുന്നതാണ്.

**61. കുറ്റങ്ങൾ പരിഗണിക്കൽ.–**

താഴെപ്പറയുന്നവരിൽ നിന്നുള്ള രേഖാമൂലമുള്ള പരാതി ലഭിച്ചിട്ടില്ലാത്തപക്ഷം ഈ ആക്ടിന്റെ കീഴിലുള്ള കുറ്റകൃത്യങ്ങൾ ഒരു കോടതിയിലും പരിഗണിക്കുവാൻ പാടുള്ളതല്ല–

(എ) കേന്ദ്രസർക്കാരോ ഈ ആവശ്യത്തിലേക്ക് കേന്ദ്രസർക്കാർ ചുമതലപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും അതോറിറ്റിയോ ഉദ്യോ ഗസ്ഥനോ;

(ബി) അപ്രകാരമുള്ള കുറ്റത്തിന് പരാതി നൽകുന്നതിന് ഉദ്ദേശിക്കുന്ന, നിർദ്ദിഷ്ട രീതിയിൽ കേന്ദ്ര സർക്കാരിനോ മേൽപ്പറഞ്ഞ പ്രകാരം നിയോഗിച്ചിട്ടുള്ള അതോറിറ്റിയ്ക്കോ ഉദ്യോഗസ്ഥനോ കുറഞ്ഞത് 30 ദിവസത്തിനകം നോട്ടീസ് നൽകിയിട്ടുള്ള ഏതെങ്കിലും വ്യക്തി അല്ലെങ്കിൽ പ്രയോജനാ വകാശി.

**62. ചട്ടങ്ങൾ തയ്യാറാക്കുന്നതിനുള്ള കേന്ദ്ര സർക്കാരിന്റെ അധികാരം.–**

(1) ഔദ്യോഗിക ഗസറ്റിലെ വിജ്ഞാപനം മൂഖേന, ഈ ആക്ടിലെ വ്യവസ്ഥകൾ പ്രാവർത്തികമാക്കുന്നതിനുള്ള ചട്ടങ്ങൾ കേന്ദ്ര സർക്കാരിന് തയ്യാറാക്കാവുന്നതാണ്.

(2) മേൽപ്പറഞ്ഞ പൊതുവായ അധികാരത്തെ ബാധിക്കാതെ, താഴെപ്പറയുന്ന കാര്യങ്ങൾക്ക് മൊത്തത്തിലോ ചിലതിനോ വേണ്ടി അപ്രകാരമുള്ള ചട്ടങ്ങൾ തയ്യാറാക്കാവുന്നതാണ്, അതായത്. –

(എ) വകുപ്പ് (7) ലെ ഉപവകുപ്പ് (2) പ്രകാരമുള്ള സർട്ടിഫിക്കേറ്റ് ഓഫ് ഒറിജിൻ (ഉറവിട സർട്ടിഫിക്കേറ്റ്) ലഭിക്കുന്നതിനുള്ള രീതി;

(എ.എ) വകുപ്പ് (7) ലെ ഉപവകുപ്പ് (3) പ്രകാരം സർട്ടിഫിക്കേറ്റ് ഓഫ് ഒറിജിൻ (ഉറവിട സർട്ടിഫിക്കേറ്റ്) നൽകുന്നതിനുള്ള അടിസ്ഥാനരേഖകൾ, അപ്രകാരമുള്ള രേഖകൾ സൂക്ഷിക്കുന്ന രീതി, പ്രസ്തുത സർട്ടിഫിക്കേറ്റ് നൽകുന്ന രീതി;

(എ.ബി) വകുപ്പ് 9 പ്രകാരം ചെയർപേഴ്സൺ, മെമ്പർ സെക്രട്ടറി, മറ്റു അംഗങ്ങൾ എന്നിവരുടെ സേവന വ്യവസ്ഥകളും നിബന്ധനകളും;

(ബി) വകുപ്പ് 10 പ്രകാരമുള്ള ചെയർപേഴ്സണിന്റെ അധികാരങ്ങളും ചുമതലകളും;

(ബി.എ) മെമ്പർ സെക്രട്ടറി നിർവ്വഹിക്കേണ്ട മറ്റു ചുമതലകൾ;

(സി) വകുപ്പ് (12) ലെ ഉപവകുപ്പ് (1) പ്രകാരമുള്ള യോഗങ്ങളുടെ നടത്തിപ്പ് സംബന്ധിച്ച നടപടികൾ;

(ഡി) വകുപ്പ് (19) ലെ ഉപവകുപ്പ് (1) പ്രകാരമുള്ള ചില പ്രവർത്തനങ്ങൾക്കുള്ള അപേക്ഷാ ഫോറവും ഒടുക്കേണ്ട ഫീസും;

(ഇ) വകുപ്പ് (19) ലെ ഉപവകുപ്പ് (2) പ്രകാരം അപേക്ഷ സമർപ്പിക്കേണ്ട രീതിയും ഫോറവും, ഒടുക്കേണ്ട ഫീസും;

(ഇഎ) വകുപ്പ് (20) ലെ ഉപവകുപ്പ് (1) പ്രകാരം അപേക്ഷ സമർപ്പിക്കേണ്ട ഫോറവും ഒടുക്കേണ്ട ഫീസും;

(എഫ്) വകുപ്പ് (20) ലെ ഉപവകുപ്പ് (2) പ്രകാരം ജൈവവിഭവങ്ങളും അനുബന്ധ അറിവും കൈമാറ്റം ചെയ്യുന്നതിനുള്ള രീതിയും അപേക്ഷാ ഫോറവും;

(ജി) വകുപ്പ് 28 പ്രകാരം ദേശീയ ജൈവവൈവിധ്യ അതോറിറ്റിയുടെ ഓരോ സാമ്പത്തിക വർഷത്തിലെയും വാർഷിക റിപ്പോർട്ട് തയ്യാറാക്കേണ്ട സമയവും ഫോറവും, ഓഡിറ്ററുടെ റിപ്പോർട്ട് സഹിതമുള്ള ഓഡിറ്റ് ചെയ്ത അക്കൌണ്ടുകൾ സമർപ്പിക്കുന്നതിനുള്ള തീയതിയും;

(എച്ച്) വകുപ്പ് (29) ലെ ഉപവകുപ്പ് (1) പ്രകാരം വാർഷിക ചെലവുവിവര കണക്കുകൾ തയ്യാറാക്കുന്നതിനുള്ള ഫോറം;

(ഐ) വകുപ്പ് (50) പ്രകാരം, അപ്പീൽ സമർപ്പിക്കേണ്ട സമയ പരിധിയും ഫോറവും, അപ്പീൽ തീർപ്പാക്കുന്നതിനുള്ള നടപടി ക്രമവും വിധി നിർണ്ണയിക്കുന്നതിനുള്ള നടപടിക്രമവും;

(ജെ) വകുപ്പ് (50) ലെ ഉപവകുപ്പ് (6), ഖണ്ഡം (എച്ച്) പ്രകാരം ദേശീയ ജൈവവൈവിധ്യ അതോറിറ്റിയ്ക്ക് സിവിൽ കോടതിയുടെ അധികാരം പ്രയോഗിക്കാവുന്ന അധിക കാര്യങ്ങൾ;

(ജെ എ) വകുപ്പ് (55 എ) പ്രകാരം വിധി നിർണ്ണയ ഉദ്യോഗസ്ഥൻ (Adjudicating Officer)അന്വേഷണം നടത്തേണ്ട രീതി;

(ജെ ബി) വകുപ്പ് (55 ബി) യിലെ ഖണ്ഡം (ഇ) പ്രകാരമുള്ള മറ്റു അധികാരങ്ങൾ;
(കെ) വകുപ്പ് (61) ലെ ഖണ്ഡം (ബി) പ്രകാരം നോട്ടീസ് നൽകുന്നതിനുള്ള രീതി;

(എൽ) ചട്ടപ്രകാരം നിർദ്ദിഷ്ടമാക്കേണ്ടതും നിർദ്ദിഷ്ടമാക്കാവുന്നതുമായ മറ്റു കാര്യങ്ങൾ.

(3) ഈ വകുപ്പനുസരിച്ച് ഉണ്ടാക്കുന്ന ഓരോ ചട്ടവും നിയമവ്യവസ്ഥകളും അതുണ്ടാക്കി കഴിയുന്നത്രവേഗത്തിൽ പാർലമെന്റിന്റെ ഇരുസഭകളിലും, അത് ഒറ്റ സമ്മേളനത്തിലോ, 30 ദിവസക്കാലയളവുള്ള ഒറ്റ സമ്മേളനത്തിലോ, തുടർച്ചയായുള്ള രണ്ടോ അതിലധികമോ സമ്മേളനങ്ങളിലായി, വയ്ക്കേണ്ടതും, മേൽപ്പറഞ്ഞ പ്രകാരമുള്ള സമ്മേളനമോ തുടർച്ചയായുള്ള സമ്മേളനങ്ങളോ അവസാനിക്കുന്നതിനു മുൻപായി, ഇരുസഭകളും യോജിച്ച് പ്രസ്തുത ചട്ടത്തിലോ നിയമവ്യവസ്ഥകളിലോ എന്തെങ്കിലും മാറ്റം വരുത്തുന്നതിനോ, ആയവ ഉണ്ടാക്കേണ്ടതില്ലെന്നോ തീരുമാനിച്ചുകഴിഞ്ഞാൽ, അതത്

സാഹചര്യമനുസരിച്ച്, അപ്രകാരമുള്ള മാറ്റം വരുത്തിയ ശേഷം ആ ചട്ടവും വ്യവസ്ഥകളും പ്രാബല്യത്തിൽ വരികയോ അസാധുവാകുകയോ ചെയ്യുന്നതാണ്; എന്നാൽ, ഭേദഗതി ചെയ്യുന്നതിനോ അസാധുവാക്കുന്നതിന് മുൻപോ പ്രസ്തുത ചട്ടമോ വ്യവസ്ഥയോ പ്രകാരം ചെയ്ത കാര്യങ്ങളുടെ സാധുത യ്ക്ക് അത് ബാധകമാകുന്നതല്ല.

**63. ചട്ടങ്ങൾ ഉണ്ടാക്കുന്നതിനുള്ള സംസ്ഥാന സർക്കാരിന്റെ അധികാരം.-**

(1) ഔദ്യോഗിക ഗസറ്റിലെ വിജ്ഞാപനം മൂഖേന, ഈ ആക്ടിലെ വ്യവസ്ഥകൾ പ്രാവർത്തികമാക്കുന്നതിനുള്ള ചട്ടങ്ങൾ സംസ്ഥാന സർക്കാരിന് തയ്യാറാക്കാവുന്നതാണ്.

(2) മേൽപ്പറഞ്ഞ പൊതുവായ അധികാരത്തെ ബാധിക്കാതെ, താഴെപ്പറയുന്ന കാര്യങ്ങൾക്ക് മൊത്തത്തിലോ ചിലതിനോ വേണ്ടി അപ്രകാരമുള്ള ചട്ടങ്ങൾ തയ്യാറാക്കാവുന്നതാണ്, അതായത്.-

(എ) വകുപ്പ് (23) ലെ ഖണ്ഡം (സി) പ്രകാരം സംസ്ഥാന ജൈവവൈവിധ്യ ബോർഡ് നിർവ്വഹിക്കേണ്ട മറ്റു ചുമതലകൾ;

(ബി) വകുപ്പ് (24) ലെ ഉപവകുപ്പ് (1) പ്രകാരമുള്ള മുൻകൂർ അറിയിപ്പ് നൽകേണ്ട ഫോറം;

(സി) വകുപ്പ് 33 പ്രകാരം ഓരോ സാമ്പത്തിക വർഷത്തിലെ യും വാർഷിക റിപ്പോർട്ട് തയ്യാറാക്കേണ്ട സമയവും ഫോറവും;

(ഡി) വകുപ്പ് (34) പ്രകാരം സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ അക്കൗണ്ടുകൾ സൂക്ഷിക്കേണ്ട രീതിയും ഓഡിറ്റ് ചെയ്യേണ്ട വിധവും, ഓഡിറ്ററുടെ റിപ്പോർട്ട് സഹിത മുള്ള ഓഡിറ്റ് ചെയ്ത അക്കൗണ്ടുകൾ സമർപ്പിക്കുന്നതിനുള്ള തീയതിയും;

(ഇ) വകുപ്പ് (37) പ്രകാരം ദേശീയ പൈതൃക കേന്ദ്രങ്ങളുടെ പരിപാലനവും സംരക്ഷണവും;

(ഇ.എ) വകുപ്പ് (41) ലെ ഉപവകുപ്പ് (ബി) പ്രകാരം ജൈവവൈവിധ്യ പരിപാലന സമിതിയുടെ ഘടന;

(എഫ്) വകുപ്പ് (44) ലെ ഉപവകുപ്പ് (1) പ്രകാരമുള്ള തദ്ദേശീയ ജൈവവൈവിധ്യ ഫണ്ടിന്റെ പരിപാലന രീതിയും സൂക്ഷിപ്പും പ്രസ്തുത ഫണ്ടിന്റെ വിനിയോഗ ഉദ്ദേശ്യങ്ങൾ;

(ജി) വകുപ്പ് (45) പ്രകാരം ഓരോ സാമ്പത്തിക വർഷത്തിലെയും വാർഷിക കണക്കും റിപ്പോർട്ടും തയ്യാറാക്കേണ്ട ഫോറവും സമയവും;

(എച്ച്) വകുപ്പ് (46) പ്രകാരം തദ്ദേശീയ ജൈവവൈവിധ്യ ഫണ്ടിന്റെ പരിപാലനവിധവും അക്കൗണ്ടുകളും ഓഡിറ്റിംഗും, ഓഡിറ്ററുടെ റിപ്പോർട്ട് സഹിതമുള്ള ഓഡിറ്റ് ചെയ്ത അക്കൗണ്ട് സമർപ്പിക്കേണ്ട തീയതിയും;

(ഐ) എടുത്ത് പറയേണ്ടതായിട്ടുള്ളതും പറയാവുന്നതുമായ മറ്റു കാര്യങ്ങൾ.

(3) ഈ വകുപ്പ് പ്രകാരം സംസ്ഥാന സർക്കാർ ഉണ്ടാക്കുന്ന ചട്ടങ്ങൾ, അവ ഉണ്ടാക്കി കഴിയുന്നത്ര വേഗത്തിൽ, സംസ്ഥാന നിയമസഭയുടെ, ഇരുസഭകളുണ്ടെങ്കിൽ അവയോരോന്നിന്റെയും, ഒന്ന് മാത്രമേ ഉള്ളൂവെങ്കിൽ പ്രസ്തുത സഭയുടെയും മുൻപാകെ വയ്ക്കേണ്ടതാണ്.

**64. നിയമവ്യവസ്ഥകൾ ഉണ്ടാക്കുന്നതിനുള്ള അധികാരം.-**

ദേശീയ ജൈവവൈവിധ്യ അതോറിറ്റി, കേന്ദ്ര സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതിയോടുകൂടി, ഗസറ്റ് വിജ്ഞാപനം മുഖേന, ഈ ആക്ടിന്റെ ഉദ്ദേശ്യങ്ങൾ പ്രാവർത്തികമാക്കുന്നതിനായുള്ള നിയമവ്യവസ്ഥകൾ ഉണ്ടാക്കേണ്ടതാണ്.

**65. ബുദ്ധിമുട്ടുകൾ നീക്കുന്നതിനുള്ള അധികാരം.-**

(1) ഈ ആക്ടിലെ വ്യവസ്ഥകൾ പ്രാവർത്തികമാക്കുന്നതിന് എന്തെങ്കിലും ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നുവെങ്കിൽ, കേന്ദ്ര സർക്കാരിന് ഈ ആക്ടിലെ വ്യവസ്ഥകൾക്ക് വിരുദ്ധമാകാത്ത വിധത്തിൽ ഉത്തരവിലൂടെ അത്തരം ബുദ്ധിമുട്ട് നീക്കാവുന്നതാണ്.

എന്നാൽ, ഈ ആക്ട് നിലവിൽ വന്ന് രണ്ടു വർഷത്തിനു ശേഷം അപ്രകാരമുള്ള ഉത്തരവുകൾ പുറപ്പെടുവിക്കുവാൻ പാടുള്ളതല്ല.

(2) ഈ വകുപ്പ് പ്രകാരം പുറപ്പെടുവിക്കുന്ന ഓരോ ഉത്തരവും, അത് പുറപ്പെടുവിച്ചു കഴിയുന്നത്ര വേഗത്തിൽ, പാർലമെന്റിന്റെ ഇരുസഭകൾക്കും മുമ്പാകെ വയ്ക്കേണ്ടതാണ്.

## പരിസ്ഥിതി, വനം, കാലാവസ്ഥാവ്യതിയാനം മന്ത്രാലയം

## വിജ്ഞാപനം

# ജൈവവൈവിധ്യ ചട്ടങ്ങൾ

## പരിസ്ഥിതി, വനം, കാലാവസ്ഥാവ്യതിയാനം മന്ത്രാലയം
## വിജ്ഞാപനം

# ജൈവവൈവിധ്യ ചട്ടങ്ങൾ

ന്യൂഡൽഹി, 2024 ഒക്ടോബർ 22

ജി.എസ്.ആർ.665(ഇ):-2002-ലെ ജൈവവൈവിധ്യ ആക്ട് (2003 ലെ 18) ന്റെ വകുപ്പ് 62 പ്രകാരം നൽകപ്പെട്ട അധികാരം ഉപയോഗിച്ച് 2004-ലെ ജൈവവൈവിധ്യ ചട്ടങ്ങൾ അസാധുവാക്കിക്കൊണ്ട്, അപ്രകാരം അസാധുവാക്കുന്നതിനു മുമ്പ് ചെയ്യുകയോ ഉപേക്ഷിക്കുകയോ ചെയ്ത കാര്യങ്ങളെ ബാധിക്കാതെ, കേന്ദ്രസർക്കാർ താഴെപ്പറയുന്ന ചട്ടങ്ങൾ ഇതിനാൽ രൂപീകരിക്കുന്നു; അതായത്:-

**1. ചുരുക്കപ്പേരും പ്രാരംഭവും :-**

1. ഈ ചട്ടങ്ങളെ 2024-ലെ ജൈവവൈവിധ്യ ചട്ടങ്ങൾ എന്നുപറയാം.
2. അവ ഔദ്യോഗിക ഗസറ്റിലെ അവയുടെ വിജ്ഞാപന തീയതിയുടെ അറുപതു ദിവസം അവസാനിക്കുന്ന നാൾ മുതൽ പ്രാബല്യത്തിൽ വരുന്നതാണ്.

**2. നിർവ്വചനങ്ങൾ :- ഈ ചട്ടങ്ങളിൽ, സന്ദർഭം മറ്റു വിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം:-**

1. ''ആക്ട്'' എന്നാൽ 2002-ലെ ജൈവവൈവിധ്യ ആക്ട് (2003 ലെ 18) എന്നർത്ഥമാകുന്നു.
2. ''അതോറിറ്റി'' എന്നാൽ ആക്ടിന്റെ 8 -ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പു പ്രകാരം സ്ഥാപിക്കപ്പെട്ട ദേശീയ ജൈവവൈവിധ്യ അതോറിറ്റി എന്നർത്ഥമാകുന്നു.
3. ''അഡ്ജൂഡിക്കേറ്റിംഗ് ഓഫീസർ'' എന്നാൽ ആക്ടിന്റെ 55എ വകുപ്പുപ്രകാരം നിയമിക്കപ്പെട്ട ഓഫീസർ എന്നർത്ഥമാകുന്നു.
4. ''ജൈവവൈവിധ്യ പരിപാലന സമിതികൾ'' എന്നാൽ ആക്ടിന്റെ 41 -ാം വകുപ്പിന്റെ(1)-ാം ഉപവകുപ്പു പ്രകാരം

സ്ഥാപിക്കപ്പെട്ട ഒരു ജൈവവൈവിധ്യ പരിപാലന സമിതി എന്നർത്ഥമാകുന്നു.

5. ''ചെയർപേഴ്സൺ'' എന്നാൽ അതോറിറ്റിയുടെ ചെയർ പേഴ്സൺ എന്നർത്ഥമാകുന്നു.
6. 'ഫീ' എന്നാൽ ഈ ചട്ടങ്ങളിലെ ഒന്നാംപട്ടികയിൽ വ്യക്ത മാക്കിയിട്ടുള്ള ഏതെങ്കിലും ഫീ എന്നർത്ഥമാകുന്നു.
7. ''ഫോറം'' എന്നാൽ ഈ ചട്ടങ്ങളിലെ രണ്ടാം പട്ടികയിൽ വ്യക്തമാക്കിയിട്ടുള്ള ഫോറം എന്നർത്ഥമാകുന്നു.
8. ''മെമ്പർ'' എന്നാൽ ചെയർപേഴ്സൺ, മെമ്പർ സെക്രട്ടറി എന്നിവർ ഉൾപ്പെടെ അതോറിറ്റിയുടെ ഒരു മെമ്പർ എന്നർത്ഥമാകുന്നു.
9. ''മെമ്പർ സെക്രട്ടറി'' എന്നാൽ സാഹചര്യമനുസരിച്ച് അതോറിറ്റിയുടെയോ സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെയോ കേന്ദ്രഭരണ പ്രദേശ ജൈവവൈവിധ്യ കൗൺസിലിന്റെയോ മുഴുവൻ സമയ സെക്രട്ടറി എന്നർത്ഥമാകുന്നു.

(2) ഈ ചട്ടങ്ങളിൽ ഉപയോഗിച്ചിട്ടുള്ളതും എന്നാൽ നിർവ്വചി ച്ചിട്ടില്ലാത്തതും പക്ഷേ ആക്ടിൽ നിർവ്വചിച്ചിട്ടുള്ളതുമായ വാക്കു കൾക്കും പ്രയോഗങ്ങൾക്കും ആക്ടിൽ അവയ്ക്കു നൽകി യിട്ടുള്ള അർത്ഥങ്ങൾ യഥാക്രമം ഉണ്ടായിരിക്കുന്നതാണ്.

**3. ചെയർപേഴ്സനെ തിരഞ്ഞെടുക്കുന്നതിന്റെയും നിയമിക്കു ന്നതിന്റെയും രീതി:-**

1. അതോറിറ്റിയുടെ ചെയർപേഴ്സണിനെ തെരഞ്ഞെടുക്കു ന്നത് കേന്ദ്രസർക്കാരാണ്.
2. ചെയർപേഴ്സണിന്റെ ഓരോ നിയമനവും ഉപവകുപ്പ് (1) പ്രകാരം ഹ്രസ്വകാല കരാർ ഉൾപ്പെടെ ഡെപ്യൂട്ടേഷൻ വഴിയോ തെരഞ്ഞെടുപ്പിലൂടെ സർക്കാരിനു പുറത്തു നിന്നോ ആകേണ്ടതും, നിയമനം സർക്കാരിൽ നിന്നുള്ള ഡെപ്യൂട്ടേഷൻ വഴിയോ ഹ്രസ്വകാല കരാർ വഴിയോ ആണെങ്കിൽ അപേക്ഷകൻ കേന്ദ്രസർക്കാ രിന്റെ അഡീഷണൽ സെക്രട്ടറി പദവിയിൽ താഴെ യല്ലാത്തതായിരിക്കേണ്ടതുമാണ്.

### 4. ചെയർപേഴ്സണിന്റെ ഔദ്യോഗിക കാലാവധി

1. ചെയർപേഴ്സണിന് നിയമന പ്രഖ്യാപന തീയതി മുതൽ മൂന്നുവർഷം ഔദ്യോഗിക പദവിയിൽ തുടരാവുന്നതും പുനർനിയമനത്തിന് അർഹതയുണ്ടായിരിക്കുന്നതുമാണ്; എന്നാൽ അറുപത്തിയഞ്ച് വയസ്സ് തികയുകയോ ഔദ്യോഗിക കാലാവധി തീരുകയോ ഏതാണോ ആദ്യം അതിനുശേഷം ചെയർപേഴ്സൺ പ്രസ്തുത പദവിയിൽ തുടരാൻ പാടുള്ളതല്ല.
2. ചെയർപേഴ്സണിന് രാജി ആവശ്യമുള്ള പക്ഷം ഒരു മാസത്തെ നോട്ടീസ് കേന്ദ്രസർക്കാരിന് നൽകി രാജി വയ്ക്കാവുന്നതാണ്.

### 5. ശമ്പളവും അലവൻസുകളും:-

1. ചെയർപേഴ്സണിന് ഭാരത സർക്കാരിന്റെ സെക്രട്ടറിയുടേതിന് തുല്യമായ ശമ്പളത്തിന് അർഹത ഉണ്ടായിരിക്കുന്നതാണ്.
2. സർക്കാർ ഉദ്യോഗത്തിൽ നിന്നും വിരമിച്ച വ്യക്തിയാണ് നിയമിക്കപ്പെടുന്നതെങ്കിൽ അങ്ങനെയുള്ള വ്യക്തിക്ക് കേന്ദ്ര സർക്കാരിന്റെ നിലവിലുള്ള ഉത്തരവനുസരിച്ചുള്ള ശമ്പളം നിശ്ചയിക്കേണ്ടതാണ്.
3. ചെയർപേഴ്സണിന് കേന്ദ്രസർക്കാരിന്റെ തുല്യപദവിയിലുള്ള ഉദ്യോഗസ്ഥർക്ക് അനുവദനീയമായ അലവൻസുകൾ, ലീവ്, പെൻഷൻ, പ്രൊവിഡന്റ് ഫണ്ട്, ചികിത്സാ സൗകര്യങ്ങൾ,വാടകമുക്ത താമസസൗകര്യം അല്ലെങ്കിൽ വീട്ടുവാടക അലവൻസ്, മറ്റു പ്രത്യേകാനുകൂല്യങ്ങൾ എന്നിവയ്ക്ക് അർഹതയുണ്ട്.

### 6. അനൗദ്യോഗിക മെമ്പർമാരുടെ ഔദ്യോഗിക കാലാവധിയും അലവൻസുകളും:-

1. അനൗദ്യോഗിക അംഗങ്ങൾക്ക് അവരുടെ നിയമനം ഔദ്യോഗിക ഗസറ്റിൽ പ്രഖ്യാപിക്കുന്ന തീയതി മുതൽ ഒരു സമയത്ത് മൂന്നുവർഷത്തിൽ കവിയാത്ത കാലയളവിൽ പദവിയിൽ തുടരാവുന്നതാണ്.

2. അതോറിറ്റിയുടെ യോഗത്തിൽ പങ്കെടുക്കുന്ന ഓരോ അനൗദ്യോഗിക മെമ്പർക്കും കേന്ദ്രസർക്കാരിന്റെ കമ്മീഷനുകളിലെയും കമ്മിറ്റികളിലെയും അനൗദ്യോഗിക മെമ്പർമാർക്ക് അത്തരം കമ്മീഷന്റെ അല്ലെങ്കിൽ കമ്മിറ്റിയുടെ യോഗങ്ങളിൽ പങ്കെടുക്കുന്നതിന് ബാധകമായിട്ടുള്ള സിറ്റിംഗ് അലവൻസ്, യാത്രാബത്ത, പ്രതിദിന അലവൻസ്, മറ്റു അലവൻസുകൾ എന്നിവയ്ക്ക് അർഹതയുണ്ടായിരിക്കും.

**7. അനൗദ്യോഗിക മെമ്പർമാരുടെ ഒഴിവ് നികത്തൽ:-**

1. ഒരു അനൗദ്യോഗിക മെമ്പർക്ക് ഏതുസമയത്തും ചെയർപേഴ്സണിന് അറിയിപ്പു നൽകിക്കൊണ്ട് കേന്ദ്രസർക്കാരിന് ഒരു മാസത്തെ നോട്ടീസ് രേഖാമൂലം നൽകി പദവിയിൽ നിന്ന് രാജിവെയ്ക്കാവുന്നതാണ്.
2. കേന്ദ്രസർക്കാർ രാജി സ്വീകരിക്കുന്നതോടെ അല്ലെങ്കിൽ നോട്ടീസിന്റെ കാലാവധി അവസാനിക്കുന്നതോടെ അതോറിറ്റിയിൽ ആ മെമ്പറുടെ കാലാവധി അവസാനിക്കുന്നതാണ്
3. ഒരു അനൗദ്യോഗിക അംഗത്തിന്റെ താൽകാലിക ഒഴിവ് പുതിയ നാമനിർദ്ദേശം വഴി നികത്തേണ്ടതും, ഒഴിവു നികത്തുന്നതിനായി നാമനിർദ്ദേശം ചെയ്യപ്പെടുന്ന വ്യക്തി സ്ഥാനമൊഴിഞ്ഞ അംഗത്തിന്റെ ശേഷിക്കുന്ന കാലാവധിവരെ മാത്രം പദവിയിൽ തുടരേണ്ടതുമാണ്.

**8. അംഗങ്ങളെ നീക്കംചെയ്യൽ :-** ഒരു അംഗത്തിനെയും ആക്ടിന്റെ 11-ാം വകുപ്പിൽ വ്യക്തമാക്കിയിരിക്കുന്ന ഏതെങ്കിലും കാരണത്താൽ, കേന്ദ്രസർക്കാരിന്റെ ഒരു അന്വേഷണം കൂടാതെയോ പ്രസ്തുത അംഗത്തിന്റെ ഭാഗം കേൾക്കുന്നതിന് ന്യായമായ അവസരം നൽകാതെയോ നീക്കം ചെയ്യുവാൻ പാടുള്ളതല്ല.

**9. മെമ്പർ സെക്രട്ടറി:-**

1. കേന്ദ്ര സർക്കാർ ഒരു മെമ്പർ സെക്രട്ടറിയെ അതോറിറ്റിയിലേയ്ക്ക് നിയമിക്കേണ്ടതാണ്.

2. മെമ്പർ സെക്രട്ടറിക്ക് കേന്ദ്രസർക്കാരിന്റെ ജോയിന്റ് സെക്രട്ടറിയുടേതിന് തുല്യമായ ശമ്പളത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.
3. മെമ്പർ സെക്രട്ടറിയുടെ നിയമനം സംബന്ധിച്ച വ്യവസ്ഥകളും നിബന്ധനകളും കേന്ദ്രസർക്കാർ നിശ്ചയിക്കേണ്ടതാണ്.
4. അതോറിറ്റിയുടെ യോഗങ്ങൾ വിളിച്ചു ചേർക്കുക, അതോറിറ്റിയുടെ നടപടികളുടെ രേഖകൾ സൂക്ഷിക്കുക, കൂടാതെ അതോറിറ്റിയോ ചെയർപേഴ്സണോ ചുമതലപ്പെടുത്തിയേക്കാവുന്ന മറ്റുകാര്യങ്ങൾ ചെയ്യുക എന്നിവ മെമ്പർ സെക്രട്ടറിയുടെ ഉത്തരവാദിത്വമാണ്.
5. അതോറിറ്റിയുടെ എല്ലാ പേപ്പറുകളുടെയും രേഖകളുടെയും ചുമതലയും അവയുടെ ഭദ്രമായ സൂക്ഷിപ്പിന്റെ ഉത്തരവാദിത്വവും മെമ്പർ സെക്രട്ടറിക്കായിരിക്കും.
6. സാധാരണയായി അതോറിറ്റി പുറപ്പെടുവിക്കുന്ന എല്ലാ മാർഗ്ഗനിർദ്ദേശങ്ങളും തീരുമാനങ്ങളും ഉത്തരവുകളും മെമ്പർ സെക്രട്ടറിയുടെ അല്ലെങ്കിൽ ചെയർപേഴ്സൺ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന്റെ സീലിലും കൈയ്യൊപ്പിലുമായിരിക്കേണ്ടതാണ്.

**10. അതോറിറ്റിയുടെ യോഗങ്ങൾ:-**

1. അതോറിറ്റി വർഷത്തിൽ കുറഞ്ഞത് മൂന്നു മാസത്തിലൊരിക്കൽ അതോറിറ്റിയുടെ ആസ്ഥാനത്തോ ചെയർപേഴ്സൺ നിശ്ചയിക്കുന്നതായ സ്ഥലത്തുവച്ചോ യോഗങ്ങൾ ചേരേണ്ടതാണ്.
2. ചെയർപേഴ്സൺ, ആറിൽ കുറയാത്ത മെമ്പർമാരുടെ രേഖാമൂലമുള്ള അപേക്ഷയുടെ അടിസ്ഥാനത്തിലോ കേന്ദ്രസർക്കാരിന്റെ നിർദ്ദേശത്തിന്മേലോ പ്രത്യേക യോഗം വിളിക്കേണ്ടതാണ്.
3. യോഗത്തിന്റെ ഉദ്ദേശ്യം, സമയം, യോഗം ചേരുന്ന സ്ഥലം എന്നിവ വ്യക്തമാക്കിക്കൊണ്ട് സാധാരണ യോഗങ്ങൾക്ക് കുറഞ്ഞത് പതിനഞ്ചുദിവസം മുൻപും പ്രത്യേക യോഗങ്ങൾക്ക് കുറഞ്ഞത് മൂന്ന് ദിവസം

മുൻപും അംഗങ്ങൾക്ക് നോട്ടീസ് നൽകേണ്ടതാണ്. എന്നാൽ അടിയന്തര കാര്യങ്ങൾ പരിഗണിക്കുന്നതിനും തീരുമാനമെടുക്കുന്നതിനും അംഗങ്ങൾക്ക് അറിയിപ്പു നൽകി അടിയന്തരയോഗം വിളിക്കുന്നതിന് ചെയർ പേഴ്സണിന് അധികാരമുണ്ടായിരിക്കുന്നതാണ്.

4. എല്ലാ യോഗങ്ങളിലും ചെയർപേഴ്സൺ അധ്യക്ഷത വഹിക്കേണ്ടതും ചെയർപേഴ്സണിന്റെ അസാന്നിദ്ധ്യത്തിൽ ഒരു അധ്യക്ഷനെ മെമ്പർ സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ ഹാജരായിട്ടുള്ള മെമ്പർമാരിൽ നിന്നും തെരഞ്ഞെടുക്കേണ്ടതുമാണ്.

5. ഒരു യോഗത്തിലെ അതോറിറ്റിയുടെ തീരുമാനം, ആവശ്യമെങ്കിൽ യോഗത്തിൽ ഹാജരായി വോട്ടു ചെയ്യുന്ന അംഗങ്ങളുടെ കേവലഭൂരിപക്ഷത്തിന്റെ അടിസ്ഥാനത്തിലെടുക്കേണ്ടതും, ചെയർപേഴ്സണിന് അല്ലെങ്കിൽ ചെയർപേഴ്സണിന്റെ അഭാവത്തിൽ അധ്യക്ഷം വഹിക്കുന്ന അംഗത്തിന് രണ്ടാമതൊരു വോട്ട് അഥവാ കാസ്റ്റിംഗ് വോട്ട് ചെയ്യാവുന്നതുമാണ്.

6. മെമ്പർ സെക്രട്ടറി ഉൾപ്പെടെ എല്ലാ അംഗങ്ങൾക്കും ഒരു വോട്ട് ഉണ്ടായിരിക്കുന്നതാണ്.

7. അതോറിറ്റിയുടെ എല്ലാ യോഗങ്ങളുടെയും കോറം ഏഴ് ആയിരിക്കുന്നതാണ്.

8. ഒരു അംഗത്തിന് പത്തു ദിവസം മുമ്പ് നോട്ടീസ് നൽകിയോ അല്ലെങ്കിൽ ചെയർപേഴ്സൺ തന്റെ വിവേചനാധികാരത്താൽ അനുവദിക്കുകയോ ചെയ്യുന്നുവെങ്കിൽ ഏതൊരു വിഷയവും അതോറിറ്റിയുടെ പരിഗണനയ്ക്കായി സമർപ്പിക്കുവാൻ അവകാശമുണ്ടായിരിക്കുന്നതാണ്.

9. അംഗങ്ങൾക്ക് യോഗം സംബന്ധിച്ച നോട്ടീസ് അതോറിറ്റിയുടെ മെമ്പർ സെക്രട്ടറി ഇലക്ട്രോണിക് മാർഗ്ഗത്തിലോ അല്ലെങ്കിൽ സാഹചര്യത്തിന് ഉചിതമെന്നു തോന്നുന്ന മറ്റു മാർഗ്ഗത്തിലൂടെയോ നൽകാവുന്നതാണ്.

**11. അതോറിറ്റിയുടെ പൊതുവായ പ്രവർത്തനങ്ങൾ :-**

**അതോറിറ്റി –**

a. ദേശീയ ജൈവവൈവിധ്യ ഫണ്ടിന്റെ കാര്യ നിർവ്വഹണം നടത്തുക;

b. സംസ്ഥാന ജൈവവൈവിധ്യ ബോർഡുകൾക്കും കേന്ദ്ര ഭരണപ്രദേശ ജൈവവൈവിധ്യ കൗൺസിലുകൾക്കും ജൈവവൈവിധ്യ പരിപാലന സമിതികൾക്കും നിശ്ചിത ഉദ്ദേശ്യങ്ങൾക്കായി ഗ്രാന്റുകൾ അനുവദിക്കുക;

c. അതോറിറ്റിയുടെ അനുമതികൾ സംബന്ധിയായ, കക്ഷികൾ തമ്മിലേർപ്പെടാവുന്ന, പരസ്പരം അംഗീകരിച്ചുകൊണ്ടുള്ള വിവിധ കരാറുകളുടെയും നിബന്ധനകളുടെയും ഘടനയും ഉള്ളടക്കങ്ങളും തീരുമാനിക്കുക;

d. ആക്ടിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിന് സംസ്ഥാന ജൈവവൈവിധ്യ ബോർഡിനോ കേന്ദ്രഭരണപ്രദേശ ജൈവവൈവിധ്യ കൗൺസിലിനോ സാങ്കേതികവും നിയമ സംബന്ധവുമായ ഉപദേശവും, വിശദീകരണവും മാർഗ്ഗനിർദ്ദേശവും നൽകുക;

e. സംസ്ഥാന ജൈവവൈവിധ്യ ബോർഡുകളുടെയും കേന്ദ്രഭരണപ്രദേശ ജൈവവൈവിധ്യ കൗൺസിലുകളുടെയും പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുക;

f. ജനകീയ ജൈവവൈവിധ്യ രജിസ്റ്ററിന്റെ ഇലക്ട്രോണിക് അഥവാ കയ്യെഴുത്ത് പകർപ്പിന്റെ മാതൃക വ്യക്തമാക്കുക, ജൈവവൈവിധ്യവുമായി ബന്ധപ്പെട്ട വിവരങ്ങൾ ഡോക്യുമെന്റ് ചെയ്യുന്നതിനും അവയുടെ കാലാനുസൃത നവീകരണത്തിനും, ഇലക്ട്രോണിക് അഥവാ ഡിജിറ്റൈസ് ചെയ്ത രൂപത്തിലുള്ള അവയുടെ സുരക്ഷിതമായ പരിപാലനത്തിനും അത്തരം വിവരങ്ങളുടെ കൈമാറ്റത്തിനുമുള്ള നടപടിക്രമങ്ങൾക്ക് രൂപം നൽകുക;

g. ഒരു നിശ്ചിത പ്രദേശത്തെ ജൈവവിഭവങ്ങളുടെയും അതുമായി ബന്ധപ്പെട്ട പരമ്പരാഗത അറിവുകളുടെയും ഡാറ്റാബേസും ഡോക്യുമെന്റേഷൻ സമ്പ്രദായവും ജനകീയ ജൈവവൈവിധ്യ രജിസ്റ്ററിലൂടെ വികസിപ്പിക്കുക;

h. ജൈവവൈവിധ്യ പരിപാലന സമിതികൾക്ക് ജൈവവൈവിധ്യ രജിസ്റ്ററുകൾ തയ്യാറാക്കുന്നതിനും സാധൂകരിക്കുന്നതിനും പരിപാലിക്കുന്നതിനും സംസ്ഥാന ജൈവവൈവിധ്യ ബോർഡുവഴിയോ കേന്ദ്രഭരണപ്രദേശ ജൈവവൈവിധ്യ കൗൺസിൽ വഴിയോ അതോറിറ്റി നേരിട്ടോ മാർഗ്ഗനിർദ്ദേശവും സാങ്കേതിക സഹായവും ആവശ്യമെങ്കിൽ നൽകുക;

i. അതോറിറ്റിയുടെ പ്രവർത്തനത്തെക്കുറിച്ചും ആക്ടിന്റെ നിർവ്വഹണത്തെക്കുറിച്ചും കേന്ദ്ര സർക്കാരിന് റിപ്പോർട്ട് നൽകുക;

j. ആക്ടിന്റെ നിർവ്വഹണവുമായി ബന്ധപ്പെട്ട് ഏത് പ്രദേശവും നിരീക്ഷിക്കുകയും രേഖകൾ പരിശോധിക്കുകയും ചെയ്യുക;

k. ജൈവവിഭവങ്ങളുടെ സംരക്ഷണം, അതിന്റെ ഘടകങ്ങളുടെ സുസ്ഥിര ഉപയോഗം, ജൈവവിഭവങ്ങളുമായി ബന്ധപ്പെട്ട അറിവ് എന്നിവയിൽ നിന്നും ഉടലെടുക്കുന്ന പ്രയോജനങ്ങളുടെ നീതിപൂർവ്വവും ന്യായവുമായ പങ്കുവയ്ക്കൽ എന്നിവ ഉൾപ്പെടെ ജൈവവൈവിധ്യവുമായി ബന്ധപ്പെട്ട സാങ്കേതിക വിവരങ്ങൾ, സ്റ്റാറ്റിസ്റ്റിക്കൽ ഡാറ്റ, കൈപുസ്തകങ്ങൾ, കോഡുകൾ, ഗൈഡുകൾ എന്നിവ ശേഖരിക്കുകയും സമാഹരിക്കുകയും പ്രസിദ്ധീകരിക്കുകയും ചെയ്യുക;

l. ആക്ടിന്റെ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് പഠനങ്ങൾ, ഗവേഷണങ്ങൾ, അന്വേഷണങ്ങൾ, പദ്ധതികൾ, ശിൽപശാലകൾ, സെമിനാറുകൾ, സമ്മേളനങ്ങൾ എന്നിവ സംഘടിപ്പിക്കുന്നതിന് നേതൃത്വം നൽകുക;

m. ആക്ടിന്റെ ഉദ്ദേശ്യങ്ങൾ കൈവരിക്കുന്നതിനായി അനുബന്ധ വകുപ്പുകൾ, അക്കാദമിക് സ്ഥാപനങ്ങൾ, ശാസ്ത്രപഠന സ്ഥാപനങ്ങൾ, ഗവേഷണ സ്ഥാപനങ്ങൾ എന്നിവ ഉൾപ്പെടെ എല്ലാ തൽപ്പരകക്ഷികളെയും ബോധവൽക്കരിക്കുകയും പരിശീലനവും കാര്യക്ഷമതാ പരിപോഷണ പരിപാടികളും സംഘടിപ്പിക്കുകയും ചെയ്യുക;

n. വാർഷിക ബജറ്റ് തയ്യാറാക്കുക, കൃത്യമായ കണക്കുകളും അനുബന്ധരേഖകളും തയ്യാറാക്കി സൂക്ഷിക്കുക, കേന്ദ്രസർക്കാർ നിർദ്ദേശിച്ചേക്കാവുന്ന രൂപത്തിൽ വാർഷികകണക്കിന്റെ വിവരണ പത്രിക തയ്യാറാക്കുക;

o. അതോറിറ്റിയിലെ ഉദ്യോഗസ്ഥരുടെ നിയമനവും സേവന വ്യവസ്ഥകളും സംബന്ധിച്ച നിയമവ്യവസ്ഥകൾ തയ്യാറാക്കുക.

p. അതോറിറ്റിയുടെ പ്രവർത്തനം കാര്യക്ഷമമായി നിർവ്വഹിക്കുന്നതിനുള്ള സഹായം ലഭ്യമാക്കുന്നതിന് മൂന്നു വർഷത്തിൽ അധികരിക്കാത്ത ഒരു നിശ്ചിത കാലയളവിലേയ്ക്ക് കൺസൾട്ടന്റുമാരെയും ഉപദേശകരെയും നിയോഗിക്കുക;

എന്നാൽ ഏതെങ്കിലും കൺസൾട്ടന്റിനെ അഥവാ ഉപദേശകനെ മൂന്നുവർഷത്തിലധികം കാലയളവിലേയ്ക്ക് നിയോഗിക്കേണ്ടത് ഉചിതവും ആവശ്യവുമാണെങ്കിൽ കേന്ദ്ര സർക്കാരിന്റെ മുൻകൂർ അംഗീകാരം അതോറിറ്റി തേടേണ്ടതാണ്;

q. അതോറിറ്റിയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നിർവ്വഹിക്കുന്നതിന് തസ്തിക സൃഷ്ടിക്കൽ, നിയമന ചട്ടങ്ങൾ, ശമ്പളവും അലവൻസുകളും, സേവനത്തിന്റെ വ്യവസ്ഥകളും നിബന്ധനകളും എന്നിവയുടെ കാലാനുസൃതമായ പുനരവലോകനം എന്നിവയ്ക്ക് കേന്ദ്ര സർക്കാരിനോട് ശുപാർശ ചെയ്യുക;

r. ജനിതക വിഭവങ്ങളുടെ പ്രാപ്തമാക്കലും ജനിതക വിഭവങ്ങളുടെ വിനിയോഗത്തിൽ നിന്നുണ്ടാകുന്ന ആനുകൂല്യങ്ങളുടെ തുല്യവും നീതിയുക്തവുമായ പങ്കുവയ്ക്കലും സംബന്ധിച്ച നഗോയ (Nagoya) പ്രോട്ടോകോളിന്റെ ഉദ്ദേശ്യങ്ങൾക്കായി അന്താരാഷ്ട്ര ജൈവവൈവിധ്യ ഉടമ്പടി പ്രകാരം ഒരു മാതൃകാ ദേശീയ അതോറിറ്റിയായി പ്രവർത്തിക്കുക;

s. കേന്ദ്രസർക്കാർ സൂചിപ്പിച്ചിട്ടുള്ള പ്രകാരം സംസ്ഥാന ജൈവവൈവിധ്യ ബോർഡുകളുടെയും കേന്ദ്രഭരണ പ്രദേശ ജൈവവൈവിധ്യ കൗൺസിലുകളുടെയും തർക്കങ്ങളിന്മേൽ തീർപ്പു കൽപ്പിക്കുക;

t. ജൈവവൈവിധ്യ പരിപാലന സമിതികൾ തമ്മിലുള്ള തർക്കങ്ങൾ സംസ്ഥാന ജൈവവൈവിധ്യ ബോർഡുകൾ/ കേന്ദ്രഭരണപ്രദേശ ജൈവവൈവിധ്യ കൗൺസിലുകൾക്ക് തീർപ്പാക്കുന്നതിനുള്ള മാതൃകാ മാർഗ്ഗനിർദ്ദേശങ്ങൾക്ക് രൂപം നൽകുക;

u. ആക്ടിന്റെ 7-ാം വകുപ്പിന്റെ (1) -ാം ഉപവകുപ്പു പ്രകാരം കൃഷിയിലൂടെ ഉൽപ്പാദിപ്പിച്ച ഔഷധ സസ്യങ്ങളുടെ ഉറവിട സർട്ടിഫിക്കറ്റ് (Certificate of Origin) സമർപ്പിച്ച് ഇളവ് തേടുന്നതിന്, സംസ്ഥാന ജൈവവൈവിധ്യ ബോർഡുകളുമായോ കേന്ദ്ര ഭരണ പ്രദേശ ജൈവ വൈവിധ്യ കൗൺസിലുകളുമായോ ദേശീയ ഔഷധ സസ്യ ബോർഡുമായോ അല്ലെങ്കിൽ അനുയോജ്യമെന്നു തോന്നുന്ന മറ്റേതെങ്കിലും അതോറിറ്റിയുമായോ കൂടിയാലോചിച്ച് നടപടിക്രമങ്ങൾ വികസിപ്പിക്കുക;

v. ജൈവവൈവിധ്യ പൈതൃക കേന്ദ്രങ്ങളായി വിജ്ഞാപനം ചെയ്തിട്ടുള്ള ജൈവവൈവിധ്യ പ്രാധാന്യമുള്ള പ്രദേശങ്ങളെ സംരക്ഷിക്കുന്നതിനും പരിപാലിക്കുന്നതിനും സംസ്ഥാന സർക്കാരുകൾക്കോ കേന്ദ്രഭരണപ്രദേശങ്ങൾക്കോ ചട്ടങ്ങൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നല്കുക;

w. ജൈവവൈവിധ്യ പരിപാലന സമിതികൾക്ക് അവരുടെ അധികാര പരിധിയിൽ നിന്നും ശേഖരിക്കുന്ന ജൈവ വിഭവങ്ങൾക്ക് ശേഖരണ ഫീസ് ഈടാക്കുന്നതിനുള്ള മാതൃകാ മാർഗ്ഗനിർദ്ദേശങ്ങൾ തയ്യാറാക്കുക;

x. ജൈവവിഭവങ്ങളും അവയുമായി ബന്ധപ്പെട്ട പരമ്പരാഗത അറിവും പ്രാപ്തമാക്കുന്നതിനായി, ആവശ്യമുള്ള സന്ദർഭങ്ങളിൽ, പ്രാദേശിക സമുദായങ്ങളുടെ മുൻകൂട്ടിയുള്ള സമ്മതം ലഭ്യമാക്കുന്നതിന് ജൈവവൈവിധ്യ പരിപാലന സമിതികളെ സജ്ജമാക്കുക;

y. ആക്ട് പ്രകാരം അതോറിറ്റിയുടെ പ്രവർത്തനങ്ങൾ സുതാര്യവും ഉത്തരവാദിത്വവുമുള്ള രീതിയിൽ നിർവഹിക്കുന്നതിന് ഒരു ഓൺലൈൻ വിവരസാങ്കേതിക പോർട്ടൽ വികസിപ്പിക്കുക;

**12. ചെയർപേഴ്സണിന്റെ അധികാരങ്ങളും ചുമതലകളും:-**

1. അതോറിറ്റിയുടെ ദൈനംദിന പ്രവർത്തനങ്ങളുടെ പൂർണ്ണ നിയന്ത്രണം ചെയർപേഴ്സണിൽ നിക്ഷിപ്ത മായിരിക്കുന്നതാണ്.
2. ചെയർപേഴ്സണിന് അതോറിറ്റിയിലെ ഉദ്യോഗസ്ഥരുടെ മേൽ പൊതുവായ മേൽനോട്ടമുണ്ടായിരിക്കുന്നതും അതോറിറ്റിയുടെ പ്രവർത്തനങ്ങളുടെ നിയന്ത്രണത്തി നും നടത്തിപ്പിനും ആവശ്യമായ നിർദ്ദേശങ്ങൾ നൽകു ന്നതിനും അധികാരമുണ്ടായിരിക്കുന്നതാണ്.
3. ചെയർപേഴ്സൺ നേരിട്ടോ മെമ്പർ സെക്രട്ടറി വഴിയോ അല്ലെങ്കിൽ അതിനായി അധികാരപ്പെടുത്തിയ ഏതെ ങ്കിലും ഉദ്യോഗസ്ഥൻ വഴിയോ അംഗീകരിക്കപ്പെട്ട ബഡ്ജറ്റിൽ നിന്നും എല്ലാ പേയ്മെന്റുകൾക്കും അനു മതി നൽകാവുന്നതും വിതരണം ചെയ്യാവുന്നതുമാണ്.
4. ചെയർപേഴ്സണിന് എല്ലാ പ്രൊപ്പോസലുകൾക്കും ഭരണപരവും, സാമ്പത്തികപരവും, സാങ്കേതികവുമായി ട്ടുള്ള അനുമതി നൽകുന്നതിനുള്ള അധികാരം ഉണ്ടാ യിരിക്കുന്നതാണ്.
5. ആക്ടിന്റെ 16 -ാം വകുപ്പു പ്രകാരം അതോറിറ്റിയ്ക്ക് അതിന്റെ ഏത് അധികാരവും മെമ്പർ സെക്രട്ടറിയെയോ ഭാരത സർക്കാരിന്റെ സെക്ഷൻ ഓഫീസറിൽ താഴെയല്ലാത്ത പദവിയിലുള്ള അതോറിറ്റിയുടെ ഏതെ ങ്കിലും ഉദ്യോഗസ്ഥനെയോ ഏൽപ്പിക്കാവുന്നതാണ്.
6. ക്രമപ്രകാരം അതോറിറ്റി എടുത്ത തീരുമാനങ്ങൾ നടപ്പാക്കുന്നതിനുള്ള ആവശ്യമായ നടപടികൾ ചെയർ പേഴ്സൺ സ്വീകരിക്കേണ്ടതാണ്.
7. നിലവിലുള്ളതും വരാൻ സാധ്യതയുള്ളതുമായ സാംക്ര മികരോഗങ്ങൾ പകർച്ചാവ്യാധികൾ പോലുള്ള അടി യന്തര സാഹചര്യങ്ങളിൽ പ്രത്യേകിച്ചും അവ ദേശീയ അന്തർദേശീയ തലങ്ങളിൽ മനുഷ്യന്റെയോ മൃഗങ്ങളു ടെയോ സസ്യങ്ങളുടെയോ ആരോഗ്യത്തിന് ഭീഷണി / ഹാനി ഉണ്ടാക്കുന്നവയെന്ന് സ്ഥിരീകരിക്കപ്പെട്ടിട്ടു ണ്ടെങ്കിൽ, അതോറിറ്റിയുടെ അധികാരങ്ങൾ പ്രയോ

ഗിച്ചുകൊണ്ട് അടിയന്തര അനുമതികൾ ചെയർപേഴ്സ ണിന് നൽകാവുന്നതും അത്തരം അനുമതികൾ അതോ റിറ്റിയുടെ അംഗീകാരത്തിനായി അടുത്തയോഗത്തിൽ ഹാജരാക്കേണ്ടതുമാണ്.

8. ചെയർപേഴ്സൺ, കാലാകാലങ്ങളിൽ അതോറിറ്റിയോ കേന്ദ്രസർക്കാരോ ഏൽപ്പിച്ചുകൊടുക്കുന്ന അപ്രകാര മുള്ള അധികാരങ്ങൾ ഉപയോഗിക്കേണ്ടതും പ്രാവർത്തി കമാക്കേണ്ടതുമാണ്.

**13. ജൈവവിഭവങ്ങളും തത്സംബന്ധമായ അറിവുകളും പ്രാപ്തമാക്കുന്നതിനുള്ള നടപടിക്രമം:-**

1. ആക്ടിന്റെ 3-ാം വകുപ്പിലെ ഉപവകുപ്പ് (2) ൽ പരാമർ ശിക്കുന്ന ഏതൊരു വ്യക്തിയും, ഗവേഷണത്തിനോ ജൈവസർവ്വേയ്ക്കോ ജൈവവിനിയോഗത്തിനോ ജൈവ വിഭവങ്ങളും തത്സംബന്ധമായ അറിവും പ്രാപ്തമാക്കു ന്നതിനായി അതോറിറ്റിയുടെ അംഗീകാരം തേടുന്ന തിന് അതോറിറ്റിയുടെ വെബ്പോർട്ടലിൽ ഫോറം 1-ലും വാണിജ്യപരമായ വിനിയോഗത്തിന് ഫോറം 2-ലും അപേക്ഷിക്കേണ്ടതാണ്.
2. 2023 ലെ ജൈവവൈവിധ്യ (ഭേദഗതി) ആക്ട് പ്രാബല്യ ത്തിൽ വരുന്നതിനുമുൻപ്, ആക്ടിന്റെ 3-ാം വകുപ്പിന്റെ 2-ാം ഉപവകുപ്പിൽ പരാമർശിക്കുന്ന ജൈവവിഭവങ്ങൾ കൈവശം വച്ചിട്ടുള്ള ഏതൊരു വ്യക്തിയും, ഗവേഷണം, വാണിജ്യഉപയോഗം, ജൈവസർവ്വേ, ജൈവഉപയോഗം എന്നീ ഉദ്ദേശ്യങ്ങൾക്കായി അതോറിറ്റിയുടെ അംഗീ കാരം തേടേണ്ടതാണ്.
3. ഉപവകുപ്പ് (1) പ്രകാരമുള്ള എല്ലാ അപേക്ഷകൾക്കുമൊപ്പം ഇലക്ട്രോണിക് കൈമാറ്റം വഴിയോ ഡിജിറ്റൽ പേയ്മെന്റ് വഴിയോ ദേശീയ ജൈവവൈവിധ്യ ഫണ്ടിലേയ്ക്ക് ഒരു നിശ്ചിത ഫീസ് നൽകേണ്ടതാണ്.
4. അതോറിറ്റിയ്ക്ക്, ജൈവവൈവിധ്യ പരിപാലന സമിതി യുമായി നേരിട്ടോ സംസ്ഥാന ജൈവവൈവിധ്യ ബോർഡ് അല്ലെങ്കിൽ കേന്ദ്രഭരണപ്രദേശ ജൈവവൈ

വിധ്യ കൗൺസിൽ മുഖേനയോ കൂടിയാലോചിച്ചതിനു ശേഷം അപേക്ഷകനിൽ നിന്നും മറ്റു സ്രോതസ്സുകളിൽ നിന്നും ആവശ്യമായ വിവരങ്ങൾ ശേഖരിച്ചതിനും ശേഷം, അപേക്ഷയുടെ യോഗ്യതയുടെ അടിസ്ഥാനത്തിൽ, നേട്ടങ്ങൾ പങ്കിടൽ ഉൾപ്പെടെയുള്ള, ഉപാധികൾക്കും നിബന്ധനകൾക്കും വിധേയമായി, അപേക്ഷ പൂർണ്ണരൂപത്തിൽ ലഭിച്ച് തൊണ്ണൂറു ദിവസത്തിനകം അനുയോജ്യമെന്നുകണ്ടാൽ, അംഗീകരിക്കുകയോ നിരാകരിക്കുകയോ ചെയ്യാവുന്നതാണ്:

എന്നാൽ അതോറിറ്റി ആരാഞ്ഞ വിവരം, വിവരം ആരാഞ്ഞ തീയതി മുതൽ മുപ്പതു ദിവസത്തിനകം അപേക്ഷകൻ ലഭ്യമാക്കിയില്ലെങ്കിൽ, അപേക്ഷ റദ്ദാക്കേണ്ടതും റദ്ദാക്കിയ വിവരം അപേക്ഷകനെ അറിയിക്കേണ്ടതുമാണ്:

കൂടാതെ ജൈവവൈവിധ്യ പരിപാലന സമിതി അതിന്റെ അഭിപ്രായങ്ങൾ അതോറിറ്റിയെ അറിയിക്കുന്നതിനു മുൻപ്, ആവശ്യമെങ്കിൽ ജൈവവിഭവം കൈവശം വച്ചുപോരുന്ന സമൂഹം, വ്യക്തി അല്ലെങ്കിൽ സ്ഥാപനവുമായി കൂടിയാലോചിച്ച്, അവരുടെ മുൻകൂട്ടിയുള്ള സമ്മതം സന്ദർഭോചിതമായി ഉറപ്പാക്കേണ്ടതാണ്:

അതുകൂടാതെ നിലവിലുള്ളതോ ഉടൻ ഉണ്ടാകാവുന്നതോ ആയ അടിയന്തരസാഹചര്യങ്ങളിൽ, അപേക്ഷയുടെ പരിശോധനാ പ്രക്രിയ അതോറിറ്റി ത്വരിതപ്പെടുത്തേണ്ടതാണ്:

5. പ്രാപ്തമാക്കലിനുള്ള അംഗീകാരം അതോറിറ്റി അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനും അപേക്ഷകനും പരസ്പരം സമ്മതിച്ച നിബന്ധനകളിന്മേൽ യഥാവിധി ഒപ്പുവച്ച കരാറിന്റെ രൂപത്തിൽ ആയിരിക്കേണ്ടതാണ്:

എന്നാൽ കരട് കരാർ അതോറിറ്റി അപേക്ഷകനെ രേഖാമൂലം അറിയിച്ച തീയതി മുതൽ അറുപതു ദിവസത്തിനകം അപേക്ഷകൻ കരാറിൽ ഒപ്പുവയ്ക്കുന്നില്ലെങ്കിൽ അപേക്ഷ റദ്ദായതായി കണക്കാക്കേണ്ടതാണ്:

എന്നാൽ പുതിയ അപേക്ഷയ്ക്ക് ഉപവകുപ്പ് (3) പ്രകാരം നിശ്ചയിച്ചിട്ടുള്ള ഫീസിന്റെ പകുതി തുക തൊണ്ണൂറു ദിവസത്തിനകം അടച്ച് ആയത് ലഭിക്കുന്ന മുറയ്ക്ക് റദ്ദുചെയ്ത അപേക്ഷ പുനഃപരിശോധിക്കാവുന്നതാണ്.

6. അപേക്ഷയിലെ ആവശ്യങ്ങൾ അനുവദനീയമല്ലെന്ന് അതോറിറ്റി കരുതുന്നപക്ഷം കാരണങ്ങൾ രേഖപ്പെടുത്തി അപേക്ഷ നിരസിക്കാവുന്നതാണ്:

   എന്നാൽ അപേക്ഷകന് പറയുവാനുള്ളത് പറയുന്നതിനുള്ള യുക്തമായ അവസരം നൽകാതെ അപേക്ഷ നിരസിക്കാൻ പാടുള്ളതല്ല.

7. അതോറിറ്റി അതിന്റെ വെബ്സൈറ്റിൽ അംഗീകാരം നൽകിയതിന്റെയും നിരസിച്ചതിന്റെയും എല്ലാവിവരങ്ങളും പരസ്യപ്പെടുത്തേണ്ടതും അങ്ങനെയുള്ള വിവരങ്ങൾ ആവശ്യം വരുന്ന പക്ഷം മറ്റു ഏജൻസികളുമായി പങ്കുവയ്ക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

8. സംസ്ഥാന ജൈവവൈവിധ്യ ബോർഡിനെയോ കേന്ദ്ര ഭരണപ്രദേശ ജൈവവൈവിധ്യ കൗൺസിലിനെയോ ജൈവവൈവിധ്യ പരിപാലന സമിതിയെയോ അനുയോജ്യമെന്നു തോന്നുന്ന മറ്റേതെങ്കിലും ഏജൻസിയെയോ പങ്കെടുപ്പിച്ചുകൊണ്ട് കരാറിലെ ഉപാധികളും നിബന്ധനകളും നടപ്പാക്കുന്നുണ്ടെന്ന് അതോറിറ്റി നിരീക്ഷിക്കേണ്ടതാണ്.

**14. ജൈവവിഭവങ്ങളും അവയുമായി ബന്ധപ്പെട്ട അറിവും പ്രാപ്തമാക്കുന്നതിലെ നിയന്ത്രണം:-**

1. ഈ ചട്ടത്തിലെ വ്യവസ്ഥകൾക്ക് അനുസൃതമായി അനുയോജ്യമെന്നു തോന്നുന്ന അന്വേഷണം നടത്തിയശേഷം അതോറിറ്റിയ്ക്ക് ജൈവവിഭവങ്ങളോ ജൈവവിഭവങ്ങളുമായി ബന്ധപ്പെട്ട അറിവോ പ്രാപ്തമാക്കുന്നത് നിയന്ത്രിക്കുന്നതിനോ നിരോധിക്കുന്നതിനോ താഴെപ്പറയുന്ന കാരണങ്ങളാൽ നടപടികൾ സ്വീകരിക്കേണ്ടതാണ്, അതായത്:-

a. ആക്ടിന്റെ 38-ാം വകുപ്പ് പ്രകാരം വിജ്ഞാപനം ചെയ്തിട്ടുള്ളതുൾപ്പെടെ വംശനാശം നേരിടുന്നതും / അല്ലെങ്കിൽ തദ്ദേശീയമായി മാത്രം കാണപ്പെടുന്ന സ്പീഷീസുകൾ പ്രാപ്തമാക്കുന്നതിനുവേണ്ടിയാണ് അപേക്ഷയെങ്കിൽ;

b. പ്രാപ്തമാക്കുന്നതിനുള്ള അപേക്ഷ പ്രാദേശിക സമൂഹത്തിന്റെ ജീവനോപാധിയെയും/അല്ലെങ്കിൽ അവരുടെ സാമൂഹ്യ-സാംസ്കാരിക ഘടകങ്ങളെയും പ്രതികൂലമായി ബാധിക്കുന്നുവെങ്കിൽ;

c. പ്രാപ്തമാക്കുന്നതിനുള്ള അപേക്ഷ നിയന്ത്രിക്കുവാനോ ലഘൂകരിക്കുവാനോ പ്രയാസകരമാകുന്ന രീതിയിലുള്ള പാരിസ്ഥിതിക ആഘാതത്തിന് കാരണമാകുന്നുവെങ്കിൽ;

d. പ്രാപ്തമാക്കുന്നതിനുള്ള അപേക്ഷ ജനിതകശോഷണത്തിനോ ആക്ടിന്റെ 37-ാം വകുപ്പു പ്രകാരം വിജ്ഞാപനം ചെയ്യപ്പെട്ട പ്രദേശത്തിന്റേതുൾപ്പെടെയുള്ള ആവാസവ്യവസ്ഥയുടെ പ്രവർത്തനത്തെ ബാധിക്കുന്നുവെങ്കിൽ;

e. വിഭവങ്ങൾ ഉപയോഗിക്കുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ള അപേക്ഷ ദേശീയ താൽപ്പര്യത്തിനും ഇന്ത്യ ഏർപ്പെട്ടിട്ടുള്ള ബന്ധപ്പെട്ട മറ്റു അന്താരാഷ്ട്ര കരാറുകൾക്കും വിരുദ്ധമാകുന്നുവെങ്കിൽ;

f. രേഖപ്പെടുത്തപ്പെട്ടിട്ടുള്ള മറ്റേതെങ്കിലും കാരണങ്ങളാൽ;

2. ഉപചട്ടം (1)ൽ എന്തുതന്നെ ആയാലും അതോറിറ്റിക്ക് പ്രസ്തുത ഉപവകുപ്പിന്റെ (എ) മുതൽ (ഇ) വരെയുള്ള ഖണ്ഡങ്ങളിൽ പ്രതിപാദിച്ചിട്ടുള്ളവയിൽ കൃഷിയിലൂടെ ഉൽപാദിപ്പിച്ചിട്ടുള്ള സസ്യഇനങ്ങൾ പ്രാപ്തമാക്കുന്നതിന് ഒരു നിശ്ചിതകാലയളവിലേക്ക് ഓരോ അപേക്ഷയുടെയും യോഗ്യതയ്ക്കനുസരിച്ച് അനുമതി നൽകാവുന്നതാണ്.

**15. ആക്ടിന്റെ 3-ാം വകുപ്പിലെ (2)-ാം ഉപവകുപ്പിൽ ഉൾപ്പെടുന്ന വ്യക്തികൾക്ക് ഗവേഷണഫലങ്ങൾ കൈമാറ്റം ചെയ്യുന്ന തിനോ പങ്കിടുന്നതിനോ അനുമതി തേടുന്നതിനുള്ള നടപടി ക്രമം:-**

1. ആക്ടിന്റെ 3-ാം വകുപ്പിലെ (2)-ാം ഉപവകുപ്പിൽ ഉൾപ്പെടുന്ന വ്യക്തികൾക്ക് ജൈവവിഭവങ്ങളുമായോ അവയുമായി ബന്ധപ്പെട്ട പരമ്പരാഗത അറിവുകളു മായോ ബന്ധപ്പെട്ട ഗവേഷണഫലങ്ങൾ പങ്കുവയ്ക്കു വാനോ കൈമാറ്റം ചെയ്യാനോ ഉദ്ദേശിക്കുന്ന ഏതൊരു വ്യക്തിയും അതോറിറ്റിയുടെ വെബ്പോർട്ടലിൽ താഴെ പ്പറയുന്ന ഫോറങ്ങളിൽ അപേക്ഷ നൽകേണ്ടതാണ്, അതായത് :-

a. ആക്ടിന്റെ 3 വകുപ്പിലെ (2)-ാം ഉപവകുപ്പിൽ ഉൾപ്പെടുന്ന വ്യക്തികൾക്ക് വാണിജ്യപരമായ ഉദ്ദേശ്യങ്ങൾക്കോ മറ്റെന്തെങ്കിലും ഉദ്ദേശ്യങ്ങൾക്കോ വേണ്ടി ഗവേഷണ ഫലങ്ങൾ പങ്കുവയ്ക്കുന്നതിനോ കൈമാറ്റം ചെയ്യുന്ന തിനോ അതോറിറ്റിയുടെ മുൻകൂർ അംഗീകാരം തേടു ന്നതിന് ഫോറം 3-ൽ അപേക്ഷിക്കുക;

b. കൈമാറ്റത്തിലൂടെ ഗവേഷണഫലങ്ങൾ ലഭിച്ച വ്യക്തിക്ക് (ആക്ടിന്റെ 3 -ാം വകുപ്പിന്റെ (2)-ാം ഉപവകുപ്പിൽ ഉൾപ്പെടുന്ന വ്യക്തികൾ) കൂടുതൽ ഗവേഷണത്തി നായി ഗവേഷണഫലങ്ങൾ ഉപയോഗിക്കുവാൻ രജിസ്റ്റർ ചെയ്യുന്നതിന് ഫോറം 4;

c. കൈമാറ്റത്തിലൂടെ ഗവേഷണഫലങ്ങൾ ലഭിച്ച വ്യക്തിക്ക് (ആക്ടിന്റെ 3-ാം വകുപ്പിന്റെ (2)-ാം ഉപ വകുപ്പിൽ ഉൾപ്പെടുന്ന വ്യക്തികൾ) ഗവേഷണഫലങ്ങൾ വാണിജ്യപരമായ ഉപയോഗത്തിനായി ഉപയോഗിക്കുന്ന തിന് അതോറിറ്റിയുടെ മുൻകൂർ അനുമതി തേടുന്നതിന് ഫോറം 5;

d. കൈമാറ്റത്തിലൂടെ ഗവേഷണഫലങ്ങൾ ലഭിച്ച വ്യക്തിക്ക് (ആക്ടിന്റെ 3-ാം വകുപ്പിന്റെ (2)-ാം ഉപ വകുപ്പിൽ ഉൾപ്പെടുന്ന വ്യക്തികൾ) ഗവേഷണ ഫല ങ്ങൾ ബൗദ്ധിക സ്വത്തവകാശം ലഭിക്കുന്നതിനുവേണ്ടി

ഉപയോഗിക്കുവാൻ അതോറിറ്റിയുടെ മുൻകൂർ അനുമതി തേടുന്നതിന് ഫോറം 6;

2. ഉപവകുപ്പ് (1) പ്രകാരമുള്ള എല്ലാ അപേക്ഷകളോടുമൊപ്പം ദേശീയ ജൈവവൈവിധ്യ ഫണ്ടിലേയ്ക്ക് ഇലക്ട്രോണിക് കൈമാറ്റം വഴിയോ ഡിജിറ്റൽ പേയ്മെന്റ് വഴിയോ ഒരു ഫീസ് അടയ്ക്കേണ്ടതാണ്.

3. ഉപവകുപ്പ് (1) പ്രകാരം അപേക്ഷ ലഭിച്ച് തൊണ്ണൂറു ദിവസത്തിനകം, ആവശ്യാനുസരണം, അധിക വിവരങ്ങൾ അപേക്ഷകനിൽ നിന്നും മറ്റു സ്രോതസുകളിൽ നിന്നും ശേഖരിച്ച ശേഷം, അപേക്ഷയുടെ യോഗ്യതയുടെ അടിസ്ഥാനത്തിൽ നേട്ടങ്ങൾ പങ്കുവെയ്ക്കൽ ഉൾപ്പെടെയുള്ള ഉപാധികൾക്കും നിബന്ധനകൾക്കും വിധേയമായി അനുയോജ്യമെന്നു കണ്ടാൽ, അതോറിറ്റിയ്ക്ക് അപേക്ഷ അംഗീകരിക്കുകയോ നിരസിക്കുകയോ ചെയ്യാവുന്നതാണ്:

   എന്നാൽ അതോറിറ്റി ആരാഞ്ഞ ആവശ്യമായ വിവരം ആരാഞ്ഞ തീയതി മുതൽ മുപ്പതു ദിവസത്തിനകം അപേക്ഷകൻ ലഭ്യമാക്കിയില്ലെങ്കിൽ അപേക്ഷ റദ്ദാക്കേണ്ടതും റദ്ദാക്കിയ വിവരം അപേക്ഷകനെ അറിയിക്കേണ്ടതുമാണ്.

   എന്നാൽ ഒരപേക്ഷയും അപേക്ഷകന് പറയുവാനുള്ളത് പറയുന്നതിനുള്ള അവസരം നൽകാതെ നിരസിക്കുവാൻ പാടുള്ളതല്ല.

4. ഈ ചട്ടപ്രകാരം പരാമർശിക്കപ്പെടുന്ന അനുമതികൾ അതോറിറ്റി അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനും അപേക്ഷകനും പരസ്പരം സമ്മതിച്ച് ഒപ്പുവച്ച നിബന്ധനകളിന്മേലുള്ള കരാറിന്റെ രൂപത്തിൽ ആയിരിക്കേണ്ടതാണ്.

   എന്നാൽ അതോറിറ്റി രേഖാമൂലം കരട് കരാർ അപേക്ഷകനെ അറിയിച്ച തീയതി മുതൽ അറുപതുദിവസത്തിനകം അപേക്ഷകൻ കരാറിൽ ഒപ്പുവയ്ക്കുന്നില്ലെങ്കിൽ, അപേക്ഷകനെ അറിയിച്ചുകൊണ്ട് അപേക്ഷ റദ്ദാക്കിയതായി കണക്കാക്കുന്നതാണ്.

എന്നാൽ പുതിയ അപേക്ഷയ്ക്ക് ഉപവകുപ്പ് (2) പ്രകാരം നിശ്ചയിച്ചിട്ടുള്ള ഫീസിന്റെ പകുതി തുക തൊണ്ണൂറു ദിവസത്തിനകം അടച്ച് ആയത് ലഭിക്കുന്ന മുറയ്ക്ക് റദ്ദുചെയ്ത അപേക്ഷ പുനഃപരിശോധിക്കാവുന്നതാണ്.

5. ഉപവകുപ്പ് (1)ന്റെ ഖണ്ഡം (ബി) പ്രകാരം ചെയ്ത രജിസ്ട്രേഷനിൽ പരാമർശിക്കുന്ന പ്രവൃത്തികൾ ആക്ടിന്റെ ഉദ്ദേശ്യങ്ങൾക്ക് ഹാനികരമോ വിരുദ്ധമോ ആണെന്ന് അതോറിറ്റിക്ക് അഭിപ്രായമുണ്ടാകുന്ന പക്ഷം, ഉത്തരവിലൂടെ, അവയെ നിരോധിക്കുകയോ നിയന്ത്രിക്കുകയോ ചെയ്യാവുന്നതാണ്.
6. ഉപവകുപ്പ് (1) ന്റെ ഖണ്ഡം (ബി) പ്രകാരം അതോറിറ്റിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള അപേക്ഷകൻ അതോറിറ്റി ആവശ്യപ്പെടുന്ന പക്ഷം കൃത്യമായ ഇടവേളകളിൽ സ്ഥിതിവിവര റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

**16. ബൗദ്ധിക സ്വത്തവകാശം അനുവദിക്കുന്നതിനു മുന്നോടിയായി രജിസ്ട്രേഷനു വേണ്ടിയും അതോറിറ്റിയുടെ മുൻകൂർ അനുമതി ലഭിക്കുന്നതിനുമുള്ള നടപടിക്രമം:-**

1. ആക്ടിന്റെ 3 -ാം വകുപ്പിലെ 2 -ാം ഉപവകുപ്പിൽ പരാമർശിക്കും പ്രകാരമുള്ള ഏതൊരു വ്യക്തിയ്ക്കും ബൗദ്ധികസ്വത്തവകാശം അനുവദിക്കുന്നതിനു മുന്നോടിയായി മുൻകൂർ അനുമതി തേടുന്നതിനുള്ള നടപടിക്രമം ഇനിപറയും പ്രകാരമാണ് അതായത്:-

a. ഗവേഷണത്തിന്റെ അടിസ്ഥാനത്തിലുള്ള ഏതെങ്കിലും കണ്ടുപിടുത്തത്തിനോ ഇന്ത്യക്കു പുറത്തുള്ള ശേഖര കേന്ദ്രങ്ങളിൽ ശേഖരിച്ചു വച്ചിട്ടുള്ള ജൈവവിഭവങ്ങളുൾപ്പെടെ ഇന്ത്യയിൽനിന്നും പ്രാപ്തമാക്കിയ ഡിജിറ്റൽ ശ്രേണിയിലുള്ള വിവരങ്ങളുൾപ്പെടെയുള്ള വിവരങ്ങൾക്കോ വേണ്ടി അതുമായി ബന്ധപ്പെട്ട പരമ്പരാഗത അറിവുകൾക്കോ വേണ്ടി, ഇന്ത്യയ്ക്കകത്തോ പുറത്തോ ബൗദ്ധികസ്വത്തവകാശത്തിനായി അപേക്ഷിക്കുന്ന ആക്ടിന്റെ 3 -ാം വകുപ്പിലെ (2) -ാം ഉപവകുപ്പിൽ പരാമർശിക്കുന്ന പ്രകാരമുള്ള ഏതൊരാളും, ഇന്ത്യയി

ലെയോ മറ്റൊരിടത്തുള്ളതോ ആയ ബന്ധപ്പെട്ട അധികാരികൾ ബൗദ്ധികസ്വത്തവകാശം നൽകുന്നതിനു മുൻപ്, അതോറിറ്റിയുടെ വെബ്പോർട്ടലിൽ ഫോറം 7-ൽ അപേക്ഷിച്ച്, മുൻകൂർ അനുമതി തേടേണ്ടതാണ്;

b. ഖണ്ഡം (എ) പ്രകാരമുള്ള എല്ലാ അപേക്ഷയോടുമൊപ്പം ഇലക്ട്രോണിക് കൈമാറ്റം വഴിയോ ഡിജിറ്റൽ പേയ്മെന്റ് വഴിയോ ദേശീയ ജൈവവൈവിധ്യ ഫണ്ടിലേയ്ക്ക് ഒരു നിശ്ചിത ഫീസ് അടയ്ക്കേണ്ടതാണ്;

c. അതോറിറ്റി, അപേക്ഷകനിൽ നിന്നും മറ്റു സ്രോതസ്സുകളിൽ നിന്നും ആവശ്യമായ അധികവിവരങ്ങൾ ശേഖരിച്ചശേഷം, അപേക്ഷയുടെ യോഗ്യതയിൽ തൃപ്തിപ്പെടുന്നപക്ഷം, അപേക്ഷ ലഭിച്ച് നൂറ്റി എൺപത് ദിവസത്തിനകമോ ആവശ്യമായ വിവരങ്ങൾ ലഭിച്ചതിനു ശേഷമോ ഏതാണോ ശേഷം സംഭവിക്കുന്നത്, ആദായം പങ്കുവയ്ക്കൽ ഉൾപ്പെടെയുള്ള ഉപാധികൾക്കും നിബന്ധനകൾക്കും വിധേയമായി അനുയോജ്യമെന്നു കാണുന്ന പക്ഷം അനുമതി നൽകുന്നതിനോ മറിച്ചോ ഒരു തീരുമാനമെടുക്കേണ്ടതാണ്.

എന്നാൽ അതോറിറ്റി ആവശ്യപ്പെട്ട വിവരങ്ങൾ വിവരം ആരാഞ്ഞ തീയതിമുതൽ തൊണ്ണൂറുദിവസത്തിനകം അപേക്ഷകൻ ഹാജരാക്കിയില്ലെങ്കിൽ അപേക്ഷ റദ്ദാക്കേണ്ടതും റദ്ദാക്കിയ വിവരം അപേക്ഷകനെ അറിയിക്കേണ്ടതുമാണ്.

d. അതോറിറ്റി അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനും അപേക്ഷകനും പരസ്പരം സമ്മതിച്ച നിബന്ധനകളിന്മേൽ യഥാവിധി ഒപ്പുവച്ച കരാറിന്റെ അടിസ്ഥാനത്തിലായിരിക്കണം അനുമതി നൽകേണ്ടത്;

എന്നാൽ കരടുകരാർ അതോറിറ്റി അപേക്ഷകനെ രേഖാമൂലം അറിയിച്ച തീയതി മുതൽ തൊണ്ണൂറു ദിവസത്തിനകം അപേക്ഷകൻ കരാറിൽ ഒപ്പുവയ്ക്കുന്നില്ലെങ്കിൽ അപേക്ഷകനെ അറിയിച്ചുകൊണ്ട് അപേക്ഷ റദ്ദാക്കിയതായി കണക്കാക്കേണ്ടതാണ്.

എന്നാൽ പുതിയ അപേക്ഷയ്ക്ക് ഉപവകുപ്പ് (1) ന്റെ ഖണ്ഡം (ബി) പ്രകാരം നിശ്ചയിച്ചിട്ടുള്ള ഫീസിന്റെ

പകുതി തുക തൊണ്ണൂറു ദിവസത്തിനകം അടച്ച് ആയത് ലഭിക്കുന്ന മുറയ്ക്ക് റദ്ദാക്കപ്പെട്ട അപേക്ഷ പുതുക്കാവുന്നതാണ്.

e. ബൗദ്ധിക സ്വത്തവകാശം നൽകപ്പെട്ട തീയതി മുതൽ നാൽപ്പത്തിയഞ്ചു ദിവസത്തിനകം അപേക്ഷകൻ പ്രസ്തുത വിവരം അതോറിറ്റിയെ അറിയിക്കേണ്ടതും, അതിൽ വീഴ്ച സംഭവിച്ചാൽ ബന്ധപ്പെട്ട അധികാരികൾ ഉചിതമായ നടപടി സ്വീകരിക്കേണ്ടതുമാണ്;

f. അപേക്ഷ അംഗീകരിക്കുവാൻ കഴിയില്ലെന്ന് കണക്കാക്കുന്ന പക്ഷം, അതിന്റെ കാരണങ്ങൾ രേഖപ്പെടുത്തി അതോറിറ്റിയ്ക്ക് അപേക്ഷ നിരസിക്കാവുന്നതാണ്:

എന്നാൽ അപേക്ഷകന്റെ വാദം കേൾക്കുവാനുള്ള ന്യായമായ അവസരം നൽകാതെ അപേക്ഷ നിരസിക്കുവാൻ പാടുള്ളതല്ല.

2. ആക്ടിന്റെ 7-ാം വകുപ്പിൽ പരാമർശിക്കുന്ന ഏതൊരു വ്യക്തിക്കും ബൗദ്ധിക സ്വത്തവകാശം ലഭിക്കുന്നതിനു മുന്നോടിയായി രജിസ്ട്രേഷനു വേണ്ടിയുള്ള നടപടിക്രമങ്ങൾ ഇനി പറയുന്നവയാണ്, അതായത്;

a. ഗവേഷണത്തിന്റെ അടിസ്ഥാനത്തിലുള്ള ഏതെങ്കിലും കണ്ടുപിടുത്തത്തിനോ ഇന്ത്യക്കു പുറത്തുള്ള ശേഖര കേന്ദ്രങ്ങളിൽ ശേഖരിച്ചുവച്ചിട്ടുള്ള ജൈവവിഭവങ്ങളുൾപ്പെടെ ഇന്ത്യയിൽനിന്നും പ്രാപ്തമാക്കിയ ഡിജിറ്റൽ ശ്രേണിയിലുള്ള വിവരങ്ങളുൾപ്പെടെയുള്ള വിവരങ്ങൾക്കോ വേണ്ടി അതുമായി ബന്ധപ്പെട്ട പരമ്പരാഗത അറിവുകൾക്കോ വേണ്ടി, ഇന്ത്യയ്ക്കകത്തോ പുറത്തോ ബൗദ്ധികസ്വത്തവകാശത്തിനായി അപേക്ഷിക്കുന്ന ആക്ടിന്റെ 7 -ാം വകുപ്പിൽപരാമർശിക്കുന്ന പ്രകാരമുള്ള ഏതൊരാളും, ഇന്ത്യയിലെയോ മറ്റൊരിടത്തുള്ളതോ ആയ ബന്ധപ്പെട്ട അധികാരികൾ ബൗദ്ധിക സ്വത്തവകാശം നൽകുന്നതിനു മുൻപ്, അതോറിറ്റിയുടെ വെബ്പോർട്ടലിൽ ഫോറം 8-ൽ അപേക്ഷിച്ച്, മുൻകൂർ അനുമതി തേടേണ്ടതാണ്;

b. ഖണ്ഡം (എ) പ്രകാരം അതോറിറ്റിയിൽ രജിസ്റ്റർ ചെയ്യുന്നതിനായുള്ള ഓരോ അപേക്ഷയ്ക്കുമൊപ്പം

ദേശീയ ജൈവവൈവിധ്യ ഫണ്ടിലേയ്ക്ക് ഒരു നിശ്ചിത ഫീസ് ഇലക്ട്രോണിക് കൈമാറ്റം വഴിയോ ഡിജിറ്റൽ പേയ്മെന്റ് വഴിയോ അടച്ചിരിക്കേണ്ടതാണ്;

c. അപ്രകാരമുള്ള കണ്ടുപിടുത്തം ഒരു സമൂഹമോ ഒരു വ്യക്തിയോ ഒരുകൂട്ടം വ്യക്തികളോ സ്വായത്തമാക്കി വച്ചിരുന്ന അറിവ് നിയമവിരുദ്ധമായി പ്രാപ്തമാക്കി യതിന്റെ ഫലമായിട്ടാണെന്നാണ് അതോറിറ്റിക്ക് അഭിപ്രാ യമുണ്ടാകുന്ന പക്ഷം, അതു സംബന്ധിച്ചുണ്ടായിട്ടുള്ള നാശനഷ്ടങ്ങൾക്കും കൂടാതെ കണക്കാക്കപ്പെട്ടതോ ഈടാക്കപ്പെട്ടതോ ആയ മൂല്യത്തിന്, അതതു മുറയ്ക്ക്, പിഴ ഈടാക്കുവാൻ ന്യായനിർണ്ണയ (adjudicating) ഉദ്യോഗസ്ഥനോട് അതോറിറ്റിക്ക് ആവശ്യപ്പെടാവുന്ന താണ്;

d. അപേക്ഷകൻ ബൗദ്ധിക സ്വത്തവകാശം അനുവദി ക്കപ്പെട്ട വിവരം നാൽപത്തിയഞ്ചു ദിവസത്തിനകം അതോറിറ്റിയെ അറിയിക്കേണ്ടതാണ്;

e. ബൗദ്ധികസ്വത്തവകാശം വാണിജ്യവൽക്കരിക്കുന്നതിനു മുൻപ് അതോറിറ്റിയുടെ മുൻകൂർ അനുമതി നേടുന്ന താണെന്ന രേഖാമൂലമുള്ള ഒരു ഉറപ്പ് രജിസ്ട്രേഷൻ സമയത്ത് അപേക്ഷകൻ അതോറിറ്റിക്ക് നൽകേണ്ട താണ്.

3. ആക്ടിന്റെ 7 -ാം വകുപ്പിൽ പരാമർശിച്ചിട്ടുള്ള ഏതൊ രാൾക്കും ബൗദ്ധിക സ്വത്തവകാശം വാണിജ്യവൽ ക്കരിക്കുന്നതിന് അതോറിറ്റിയുടെ മുൻകൂർ അനുമതി ലഭിക്കുന്നതിനുള്ള നടപടിക്രമം താഴെപ്പറയുന്നവയാണ്:

a. ഉപവകുപ്പ് 2-ന്റെ (ഇ) ഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ള തിൻ പ്രകാരം ബൗദ്ധികസ്വത്തവകാശത്തിന്റെ വാണിജ്യ വൽക്കരണ സമയത്ത് അപേക്ഷകൻ അതോറിറ്റി യുടെ വെബ്പോർട്ടലിൽ ഫോറം-9-ൽ അപേക്ഷിച്ച് മുൻകൂർ അനുമതി നേടേണ്ടതാണ്.

b. ഖണ്ഡം (എ) പ്രകാരമുള്ള ഓരോ അപേക്ഷയോ ടുമൊപ്പം ഒരു നിശ്ചിതഫീസ് ഇലക്ട്രോണിക് ട്രാൻസ്ഫർ വഴിയോ ഡിജിറ്റൽ പേയ്മെന്റ് വഴിയോ

ദേശീയ ജൈവവൈവിധ്യ ഫണ്ടിലേയ്ക്ക് അടച്ചിരിക്കേണ്ടതാണ്;

c. അതോറിറ്റി, അപേക്ഷകനിൽ നിന്നും, മറ്റു സ്രോതസ്സുകളിൽ നിന്നും ആവശ്യമുള്ള വിവരങ്ങൾ ശേഖരിച്ച ശേഷം അപേക്ഷയുടെ യോഗ്യത തൃപ്തികരമെന്നു കണ്ട്, അപേക്ഷ ലഭിച്ച് നൂറ്റി എൺപതു ദിവസത്തിനകമോ ആവശ്യമായ വിവരങ്ങൾ ലഭിച്ചതിനു ശേഷമോ ഏതാണോ ശേഷം സംഭവിക്കുന്നത്, ആദായം പങ്കുവയ്ക്കൽ ഉൾപ്പെടെയുള്ള ഉപാധികൾക്കും നിബന്ധനകൾക്കും വിധേയമായി അനുയോജ്യമെന്നു തോന്നുന്ന പക്ഷം അനുകൂലമായോ പ്രതികൂലമായോ ഒരു തീരുമാനമെടുക്കേണ്ടതാണ്.

d. അതോറിറ്റി അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനും അപേക്ഷകനും പരസ്പരം സമ്മതിച്ച നിബന്ധനകളിന്മേൽ യഥാവിധി ഒപ്പുവച്ചകരാറിന്റെ അടിസ്ഥാനത്തിലായിരിക്കണം അനുമതി നൽകേണ്ടത്.

എന്നാൽ കരടുകരാർ അതോറിറ്റി അപേക്ഷകനെ രേഖാമൂലം അറിയിച്ച തീയതി മുതൽ തൊണ്ണൂറു ദിവസത്തിനകം അപേക്ഷകൻ കരാറിൽ ഒപ്പുവെയ്ക്കുന്നില്ലെങ്കിൽ, അപേക്ഷ റദ്ദാക്കിയതായി കണക്കാക്കേണ്ടതാണ്. കൂടാതെ, പുതിയ അപേക്ഷയ്ക്ക് ഖണ്ഡം 3 (ബി) പ്രകാരം നിശ്ചയിച്ചിട്ടുള്ള ഫീസിന്റെ പകുതി തുക തൊണ്ണൂറു ദിവസത്തിനകം അടച്ച് ആയത് ലഭിക്കുന്ന മുറയ്ക്ക് റദ്ദാക്കപ്പെട്ട അപേക്ഷ പുതുക്കാവുന്നതാണ്.

**17. പ്രാപ്തമാക്കൽ അല്ലെങ്കിൽ അനുമതി അസാധുവാക്കൽ:-**

1. അതോറിറ്റിയ്ക്ക്, പരാതിയുടെ അടിസ്ഥാനത്തിലോ സ്വമേധയായോ ചട്ടങ്ങൾ 13, 15, 16 -ാം ചട്ടത്തിന്റെ ഉപചട്ടം (1), (3), ചട്ടം 20 എന്നിവ പ്രകാരം നൽകിയ അനുമതികൾ പിൻവലിക്കാവുന്നതും കരാർ പൂർണ്ണമായോ ഭാഗികമായോ അപേക്ഷകന്റെ ഭാഗം കേൾക്കുന്നതിന് ന്യായമായ അവസരം നൽകിക്കൊണ്ട് ഇനിപ്പറയുന്ന വ്യവസ്ഥകൾ പ്രകാരം അസാധുവാക്കാവുന്നതുമാണ്, അതായത്:-

i. അനുമതി ലഭിച്ച വ്യക്തി തെറ്റായതോ തെറ്റിദ്ധരിപ്പിക്കുന്നതോ ആയ വിവരങ്ങൾ പ്രസ്താവിക്കുകയോ ആക്ടിന്റെ ഏതെങ്കിലും വ്യവസ്ഥകളോ അനുമതി നൽകിയതിന്മേലുള്ള വ്യവസ്ഥകളോ ലംഘിക്കുകയോ ചെയ്തതായുള്ള യുക്തിസഹമായ വിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ;

ii. അനുമതി ലഭിച്ച വ്യക്തി കരാറിലെ ഏതെങ്കിലും വ്യവസ്ഥകൾ പാലിക്കുന്നതിൽ വീഴ്ചവരുത്തുമ്പോൾ;

iii. പൊതുതാൽപര്യത്തിന്റെ അടിസ്ഥാനത്തിൽ അല്ലെങ്കിൽ പരിസ്ഥിതിസംരക്ഷണത്തിനും ജൈവവൈവിധ്യത്തിന്റെ പരിപാലനത്തിനും അല്ലെങ്കിൽ പുതിയ വസ്തുതകളോ വിവരങ്ങളോ അതോറിറ്റിയുടെ ശ്രദ്ധയിൽ കൊണ്ടുവന്നതിന്റെ അടിസ്ഥാനത്തിൽ.

2. അതോറിറ്റി, അസാധുവാക്കൽ സംബന്ധിച്ച എല്ലാ ഉത്തരവുകളുടെയും ഒരു പകർപ്പ് ബന്ധപ്പെട്ട സംസ്ഥാന ജൈവവൈവിധ്യ ബോർഡിനും കേന്ദ്രഭരണ പ്രദേശ ജൈവവൈവിധ്യ കൗൺസിലിനും ജൈവവൈവിധ്യ പരിപാലന സമിതിക്കും പ്രാപ്തമാക്കൽ നിരോധിക്കുന്നതിനും എന്തെങ്കിലും നാശനഷ്ടങ്ങൾ സംഭവിച്ചെങ്കിൽ അത് കണക്കാക്കുന്നതിനും, നഷ്ടപരിഹാരം ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതിനുമായി അയച്ചു കൊടുക്കേണ്ടതാണ്.

**18. ഏതെങ്കിലും വിദേശ രാജ്യത്തുനിന്നു ലഭിച്ച ജൈവ വിഭവങ്ങളുടെയോ ബന്ധപ്പെട്ട പരമ്പരാഗത അറിവുകളുടെയോ ഇന്ത്യയിലെ ഉപയോഗം നിരീക്ഷിക്കുന്നതിനും നിയന്ത്രിക്കുന്നതിനുമുള്ള നടപടികൾ:-**

1. ഏതെങ്കിലും വിദേശരാജ്യത്തു നിന്നു ലഭിച്ച ജൈവ വിഭവമോ അതുമായി ബന്ധപ്പെട്ട പരമ്പരാഗത അറിവോ ഒരു വ്യക്തി ഗവേഷണത്തിനോ വാണിജ്യാവശ്യത്തിനോ ബൗദ്ധിക സ്വത്തവകാശം ലഭിക്കുന്നതിനോ ഇന്ത്യയിൽ ഉപയോഗിക്കുവാൻ ഉദ്ദേശിക്കുന്നുവെങ്കിൽ, ആക്ടിന്റെ 36 (എ) വകുപ്പു പ്രകാരം അതോറിറ്റിയുടെ

വെബ്പോർട്ടലിൽ ഫോറം 10–ൽ ഒരു സത്യവാങ്മൂലം സമർപ്പിക്കേണ്ടതാണ്.

2. അതോറിറ്റി, ആക്ടിലെ 36 (എ) വകുപ്പിലെ വ്യവസ്ഥ കൾ പ്രകാരം ജൈവവിഭവങ്ങൾ അല്ലെങ്കിൽ അതു മായി ബന്ധപ്പെട്ട പരമ്പരാഗത അറിവ് സംബന്ധിച്ച വിവരം ഉപയോക്താവിൽ നിന്നും ലഭിച്ചതിനു ശേഷം ആയത് ജൈവവൈവിധ്യ കൺവെൻഷന്റെ ആക്സ്സ് ആന്റ് ബനിഫിറ്റ് ഷെയറിംഗ് ക്ലിയറിംഗ് ഹൗസിൽ (Access and Benefit Sharing Clearing House) വിജ്ഞാപനം ചെയ്യേണ്ടതാണ്.

3. ദാതാവായ രാജ്യത്തിന്റെ അഭ്യർത്ഥനയുടെ അടിസ്ഥാ നത്തിൽ ആക്ടിലെ 36 (എ) വകുപ്പിലെ വ്യവസ്ഥകൾ പ്രകാരം അങ്ങനെയുള്ള ഉപയോഗത്തിന്മേൽ അനുയോ ജ്യമായ നടപടികൾ അതോറിറ്റി സ്വീകരിക്കേണ്ടതാണ്.

**19. കൃഷി ചെയ്തു വളർത്തുന്ന ഔഷധസസ്യങ്ങൾക്ക് ഉറവിട സർട്ടിഫിക്കറ്റ് (Certificate of Origin) ലഭിക്കുന്നതിനുള്ള നടപടിക്രമം:–**

1. ആക്ടിന്റെ 7–ാം വകുപ്പിൽ പരാമർശിക്കുന്ന ഏതൊരു വ്യക്തിയും 7 –ാം വകുപ്പിന്റെ 2 –ാം ഉപവകുപ്പു പ്രകാരം കൃഷി ചെയ്തു ഉൽപ്പാദിപ്പിച്ച ഔഷധ സസ്യങ്ങൾ പ്രാപ്തമാക്കുന്നതിന് ഇളവ് അവകാശപ്പെടാൻ ഉദ്ദേശിക്കുന്നുവെങ്കിൽ ബന്ധപ്പെട്ട ജൈവവൈവിധ്യ പരിപാലന സമിതിയിൽ നിന്നും ഉറവിട സർട്ടിഫിക്കറ്റ് (Certificate of Origin) ലഭിക്കുന്നതിന് ഫോറം 11–ൽ സ്വയം സാക്ഷ്യപ്പെടുത്തുന്ന പ്രസ്താവന കൈപ്പടയിലോ ഡിജിറ്റലായോ സമർപ്പിക്കേണ്ടതാണ്.

2. ഉപവകുപ്പ് (1)–ൽ പരാമർശിക്കുന്ന സ്വയംസാക്ഷ്യ പ്പെടുത്തുന്ന പ്രസ്താവനയിൽ അപേക്ഷകന്റെയും കൃഷി ചെയ്യുന്നയാളുടെയും പേരും മേൽവിലാസവും, സർവ്വേനമ്പർ ഉൾപ്പെടെ സ്ഥലത്തിന്റെ ഭൂമിശാസ്ത്ര പരമായ സ്ഥാനം, കൃഷി ചെയ്ത സ്ഥലത്തിന്റെ വ്യാപ് തിയോടൊപ്പം കൃഷി ചെയ്ത സ്പീഷീസിന്റെയും

അതിന്റെ ഭാഗങ്ങളുടെയും വിശദാംശങ്ങളും, പ്രാപ്ത മാക്കുന്ന ജൈവവിഭവങ്ങളുടെ ഏകദേശ അളവും ഉൾപ്പെടുത്തേണ്ടതാണ്.

3. അപേക്ഷയോടൊപ്പം ഇലക്ട്രോണിക് ട്രാൻസ്ഫർ വഴിയോ ഡിജിറ്റൽ സംവിധാനം വഴിയോ തദ്ദേശീയ ജൈവവൈവിധ്യ ഫണ്ടിലേക്ക് ഒരു നിശ്ചിത ഫീസ് അടയ്ക്കേണ്ടതാണ്.

4. ജൈവവൈവിധ്യ പരിപാലന സമിതി, ഔഷധസസ്യ ങ്ങളുടെ കൃഷിയുടെയും വിളവെടുപ്പിനുശേഷവുമുള്ള വിശദാംശങ്ങൾ ഉൾപ്പെടെ അപേക്ഷകൻ സമർപ്പിച്ച അപേക്ഷയുടെയും ഫോർമാറ്റ് 12-ലുള്ള രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ള വിവരങ്ങളുടെയും അടിസ്ഥാന ത്തിൽ, ആക്ടിലെ 7-ാം വകുപ്പിന്റെ (3)-ാം ഉപവകുപ്പിലും ഉപചട്ടം (1)ലും പരാമർശിക്കുന്ന കൃഷി ചെയ്തുൽ പ്പാദിപ്പിച്ച ഔഷധസസ്യങ്ങളുടെ ഉറവിട സർട്ടിഫിക്കറ്റ് പതിനഞ്ച് ദിവസത്തിനകം നൽകേണ്ടതാണ്.

എന്നാൽ ഉറവിടം സംബന്ധിച്ച സർട്ടിഫിക്കറ്റ് പതിനഞ്ചു ദിവസത്തിനകം ലഭ്യമാകുന്നില്ലെങ്കിൽ അപേക്ഷകൻ ബന്ധപ്പെട്ട സംസ്ഥാന ജൈവവൈവിധ്യ ബോർഡിനെ സമീപിക്കേണ്ടതും ആയത് ഏഴ് ദിവസത്തിനകം തീർപ്പ് കൽപ്പിക്കാവുന്നതുമാണ്.

കൂടാതെ അപേക്ഷകനും ബന്ധപ്പെട്ട ജൈവവൈവിധ്യ പരിപാലന സമിതി അല്ലെങ്കിൽ സംസ്ഥാന ജൈവ വൈവിധ്യ ബോർഡുമായി എന്തെങ്കിലും തർക്കമുണ്ടെ ങ്കിൽ ആയത് സംസ്ഥാന ജൈവവൈവിധ്യ ബോർഡ്, അതോറിറ്റിയ്ക്ക് കൈമാറേണ്ടതും അങ്ങനെയുള്ള സാഹചര്യത്തിൽ അതോറിറ്റിയുടെ തീരുമാനം അന്തിമ മായിരിക്കുന്നതുമാണ്.

5. ആക്ടിന്റെ 7-ാം വകുപ്പിലെ (2) -ാം ഉപവകുപ്പു പ്രകാരം ഇളവ് അവകാശപ്പെടുന്നതിന് ഔഷധ സസ്യങ്ങളുടെ ഉറവിടത്തിന്റെ സ്രോതസ് തെളിയിക്കേണ്ടതിന്റെ ഉത്തരവാദിത്തം ഉപയോക്താവിനായിരിക്കും.

**20. ഇന്ത്യക്കു പുറത്ത് ഇന്ത്യൻ ഗവേഷകനോ സ്ഥാപന ത്തിനോ വാണിജ്യേതര ഗവേഷണമോ അല്ലെങ്കിൽ അടിയ ന്തിര ഉദ്ദേശ്യങ്ങൾക്കുള്ള ഗവേഷണമോ നടത്തുന്നതിനുള്ള നടപടിക്രമം.-**

1. നിലവിലുള്ളതോ ആസന്നമായതോ ആയ പകർച്ചാവ്യാ ധികൾ പോലുള്ള ചില അടിയന്തര സാഹചര്യങ്ങളെ നേരിടുന്നതിനായുള്ള അടിയന്തര പഠനങ്ങൾ ഉൾപ്പെടെ വാണിജ്യേതര ഗവേഷണം നടത്തുന്നതിനായി ജൈവ വിഭവങ്ങൾ ഇന്ത്യക്കു പുറത്തേക്കു കൊണ്ടുപോകു വാനോ അയക്കുവാനോ ഏതെങ്കിലും ഇന്ത്യൻ ഗവേഷ കൻ അല്ലെങ്കിൽ സ്ഥാപനം ഉദ്ദേശിക്കുന്നുവെങ്കിൽ ഫോറം 13-ൽ അതോറിറ്റിയുടെ വെബ്പോർട്ടലിൽ അപേക്ഷിക്കേണ്ടതാണ്.

   എന്നാൽ ജൈവവിഭവവുമായി ബന്ധപ്പെട്ട പരമ്പരാഗത അറിവ് കൂടി ജൈവവിഭവത്തോടൊപ്പം കൈമാറുകയോ കൊണ്ടുപോവുകയോ ചെയ്യേണ്ടതുണ്ടെങ്കിൽ ബന്ധ പ്പെട്ട വിദേശസ്ഥാപനം ചട്ടം 13 പ്രകാരം അതോറിറ്റി യുടെ അനുമതി നേടേണ്ടതാണ്.
2. ഉപചട്ടം (1) പ്രകാരമുള്ള എല്ലാ അപേക്ഷകളോടുമൊപ്പം ഒരു നിശ്ചിതഫീസ് ഇലക്ട്രോണിക് ട്രാൻസ്ഫർ വഴിയോ ഡിജിറ്റലായോ ദേശീയ ജൈവവൈവിധ്യ ഫണ്ടിലേക്ക് അടയ്ക്കേണ്ടതാണ്.
3. അതോറിറ്റി, ഉപചട്ടം (1) പ്രകാരമുള്ള അപേക്ഷ തൃപ്തി കരമെന്ന് കണ്ടാൽ അപേക്ഷ ലഭിച്ച് നാൽപത്തിയഞ്ച് ദിവസത്തിനകം അനുമതി നൽകേണ്ടതാണ്.
4. ഉപചട്ടം (3) പ്രകാരം അതോറിറ്റിയുടെ അംഗീകാരം ലഭിച്ചുകഴിഞ്ഞാൽ അപേക്ഷകൻ ജൈവവിഭവങ്ങൾ ഇന്ത്യക്കു പുറത്ത് കൊണ്ടുപോവുകയോ അയയ്ക്കു കയോ ചെയ്യുന്നതിനുമുൻപ് വൗച്ചർ സ്പെസിമനു കൾ നിയുക്ത ദേശീയ റെപ്പോസിറ്ററിയിൽ നിക്ഷേപി ക്കേണ്ടതും ആയതിന്റെ തെളിവ് അതോറിറ്റിയ്ക്ക് അയച്ചുകൊടുക്കേണ്ടതുമാണ്.

**21. ദേശീയ ജൈവവൈവിധ്യ ഫണ്ടിന്റെ കാര്യനിർവ്വഹണവും വിനിയോഗവും:-**

1. ചെയർപേഴ്സണോ ഇതു സംബന്ധിച്ച് അധികാരപ്പെടുത്തിയിട്ടുള്ള അതോറിറ്റിയിലെ മറ്റേതെങ്കിലും ഉദ്യോഗസ്ഥനോ ആണ് ദേശീയ ജൈവവൈവിധ്യ ഫണ്ട് കൈകാര്യം ചെയ്യേണ്ടത്.
2. അതോറിറ്റിയുടെ തീരുമാനപ്രകാരം, ദേശീയ ജൈവവൈവിധ്യ ഫണ്ടിന് ആക്ടിന്റെ 27-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പിന്റെ ഖണ്ഡം (എ) യുമായി ബന്ധപ്പെട്ട ഒന്നും, ആക്ടിന്റെ (1)-ാം ഉപവകുപ്പിന്റെ ഖണ്ഡം (ബി) യും (സി) യും പ്രകാരമുള്ളതും 27-ാം വകുപ്പിന്റെ (2)-ാം ഉപവകുപ്പിൽ പരാമർശിക്കുന്ന പ്രവൃത്തികൾക്ക് ഉപയോഗിക്കേണ്ടതുമായ മറ്റൊന്നും എന്നിങ്ങനെ രണ്ട് പ്രത്യേക അക്കൗണ്ടുകൾ ഉണ്ടായിരിക്കേണ്ടതാണ്.
3. സമാഹരിക്കപ്പെട്ട സാമ്പത്തികവരുമാനം ഉൾപ്പെടെ എല്ലാ വരവുകളും ദേശീയ ജൈവവൈവിധ്യ ഫണ്ടിൽ നിക്ഷേപിക്കേണ്ടതാണ്.
4. അതോറിറ്റിക്കോ സംസ്ഥാന ജൈവവൈവിധ്യ ബോർഡിനോ കേന്ദ്രഭരണപ്രദേശ ജൈവവൈവിധ്യ കൗൺസിലിനോ നീക്കിവയ്ക്കേണ്ടതായ ആദായത്തിന്റെ പങ്ക് സാഹചര്യമനുസരിച്ച് പത്തുശതമാനം മുതൽ പരമാവധി പതിനഞ്ചു ശതമാനം വരെയാകാവുന്നതും ബാക്കി ആദായം പ്രയോജനാവകാശികൾക്ക് കൈമാറാവുന്നതും, പ്രയോജനാവകാശികളെ തിരിച്ചറിയാൻ കഴിയാത്തപ്പോൾ ആയത് മറ്റുകാര്യങ്ങൾക്ക് ഉപയോഗിക്കാവുന്നതുമാണ്.
5. ഫണ്ടിന്റെ വിനിയോഗം നിരീക്ഷിക്കുന്നതിനുള്ള നടപടികൾ അതോറിറ്റിയ്ക്ക് വ്യക്തമാക്കാവുന്നതാണ്.

**22. ആക്ടിന്റെ 50 -ാം വകുപ്പു പ്രകാരം തർക്കങ്ങൾ ഒത്തുതീർപ്പാക്കുന്നതിനുള്ള അപ്പീൽ:-**

1. അതോറിറ്റിയും സംസ്ഥാന ജൈവവൈവിധ്യ ബോർഡ് അല്ലെങ്കിൽ കേന്ദ്രഭരണപ്രദേശ ജൈവവൈവിധ്യ

കൗൺസിലുമായോ അതുമല്ലെങ്കിൽ ബോർഡുകളും കൗൺസിലുകളും തമ്മിലോ ഏതെങ്കിലും ഉത്തരവോ നിർദ്ദേശമോ ഏതെങ്കിലും നയപരമായ തീരുമാനമോ, നടപ്പാക്കുന്നതു സംബന്ധിച്ച് ഒരു തർക്കം ഉണ്ടാവുക യാണെങ്കിൽ പരാതിയുള്ള കക്ഷികളിൽ ആരെങ്കിലുമോ അതോറിറ്റിയോ, ബോർഡോ, കൗൺസിലോ ആക്ടിന്റെ 50-ാം വകുപ്പനുസരിച്ച് ഫോറം 14-ൽ കേന്ദ്രസർക്കാരിന് അപ്പീൽ സമർപ്പിക്കാവുന്നതാണ്.

2. സംസ്ഥാന ജൈവവൈവിധ്യ ബോർഡോ കേന്ദ്രഭരണ പ്രദേശ ജൈവവൈവിധ്യ കൗൺസിലോ മറ്റൊരു ബോർഡുമായോ കൗൺസിലുമായോ അല്ലെങ്കിൽ ബോർഡുകൾ തമ്മിലോ, കൗൺസിലുകൾ തമ്മിലോ തർക്കം ഉണ്ടാകുന്ന സാഹചര്യത്തിൽ, ആയത് കേന്ദ്ര സർക്കാരിന്, തർക്ക പരിഹാരത്തിനായി അതോറിറ്റി യ്ക്ക് അയയ്ക്കാവുന്നതാണ്.

3. അപ്പീൽ സംബന്ധിച്ച മെമ്മോറാണ്ടത്തോടൊപ്പം അപ്പീൽ നൽകുന്ന കക്ഷിയ്ക്ക് പരാതിയുള്ള ഉത്തരവിന്റെ, നിർദ്ദേശത്തിന്റെ അല്ലെങ്കിൽ നയതീരുമാനത്തിന്റെ, പ്രമാണീകരിച്ച ഒരു ശരിപ്പകർപ്പ് ഉണ്ടായിരിക്കേണ്ടതും ആയത് ഓൺലൈനായി ഉത്തരവിന്റെ, നിർദ്ദേശത്തിന്റെ അല്ലെങ്കിൽ നയതീരുമാനത്തിന്റെ തീയതി മുതൽ ഒരു മാസത്തിനകം സമർപ്പിക്കേണ്ടതുമാണ്:

   എന്നാൽ അപ്പീൽ സമർപ്പിക്കുന്നതിൽ കാലതാമസം നേരിട്ടതിന് മതിയായ കാരണമുണ്ടെന്ന് കേന്ദ്ര സർക്കാ രിന് ബോധ്യപ്പെട്ടാൽ, കാരണങ്ങൾ രേഖപ്പെടുത്തി, മേൽപ്പറഞ്ഞ മുപ്പതു ദിവസത്തിനു ശേഷവും അപ്പീൽ സമർപ്പിക്കുന്നതിന് അനുമതി നൽകാവുന്നതാണ്.

4. അപ്പീലിന്മേൽ വാദം കേൾക്കുന്നതിനായുള്ള നോട്ടീസ് അതോറിറ്റിയുടെ വെബ്പോർട്ടലിൽ ഫോറം 15-ൽ നൽകേണ്ടതാണ്.

5. ഉപവകുപ്പ് (2) പ്രകാരം ഒരു തർക്കം അതോറിറ്റിക്ക് സമർപ്പിക്കപ്പെടുന്ന സാഹചര്യത്തിൽ, പ്രായോഗികമാകു ന്നിടത്തോളം സ്വാഭാവിക നീതിയുടെ തത്വമനുസരി

ച്ചായിരിക്കണം അതോറിറ്റി നയിക്കപ്പെടേണ്ടതും, ഈ ചട്ടപ്രകാരം കേന്ദ്രസർക്കാർ അനുവർത്തിക്കേണ്ടതായ അതേ നടപടിക്രമം അനുവർത്തിക്കേണ്ടതുമാണ്.

6. കേന്ദ്രസർക്കാർ അല്ലെങ്കിൽ അതോറിറ്റി അപ്പീൽ നൽകുന്ന ഹർജിക്കാരന്റെയും എതിർകക്ഷികളുടെയും വാദങ്ങൾ കേട്ടതിനുശേഷം, പ്രസക്തമായ മറ്റു വസ്തു തകൾ എന്തെങ്കിലും ഉണ്ടെങ്കിൽ, അവ പരിഗണിച്ച ശേഷം, അറുപതു ദിവസത്തിനകം അപ്പീലിന്മേൽ തീർപ്പ് കൽപ്പിക്കേണ്ടതാണ്.
7. അപ്പീലിൽ തീർപ്പു കൽപ്പിക്കുമ്പോൾ, കേന്ദ്രസർക്കാ രിനോ അതോറിറ്റിയ്ക്കോ ചോദ്യം ചെയ്യപ്പെട്ട ഉത്തരവ്, നിർദ്ദേശം അല്ലെങ്കിൽ നയതീരുമാനം, അതാത് മുറയ് ക്ക് പരിഷ്കരിക്കുകയോ റദ്ദാക്കുകയോ ചെയ്യാവുന്ന താണ്.

**23. ന്യായനിർണ്ണയ (Adjudicating) ഓഫീസറുടെ അന്വേഷണ രീതി :-**

1. ആക്ടിന്റെ 55-ാം വകുപ്പിൽ പരാമർശിച്ചിരിക്കുന്ന വ്യവ സ്ഥകൾ പാലിക്കാത്തതോ ലംഘിക്കുന്നതോ ആയ പരാതികൾ, അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ (Authorized Officer) അദ്ദേഹം ചുമതലപ്പെടുത്തിയ ഉദ്യോ ഗസ്ഥനോ സ്വന്തം തീരുമാനപ്രകാരമോ ഒരു നിവേദനം ലഭിച്ചതിന്റെ അടിസ്ഥാനത്തിലോ, ആവശ്യമായ രേഖ കൾ ഉൾപ്പെടെ ലഭ്യമാക്കിയിട്ടില്ലെങ്കിൽ, ഒരു പരാതിയി ന്മേലും ന്യായനിർണ്ണയ ഓഫീസർ അന്വേഷണം നടത്താൻ പാടില്ല.
2. ഒരു ഉദ്യോഗസ്ഥൻ (Presenting Officer) മുഖേന പരാതി സമർപ്പിക്കാവുന്നതും, അദ്ദേഹം ഒരു അഭിഭാഷകൻ ആയിരിക്കേണ്ടതും, അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥ നുവേണ്ടി, യഥാക്രമമുള്ള അധികാരപരിധിയിലുള്ള ന്യായനിർണ്ണയ ഓഫീസർ മുമ്പാകെ ഹാജരാകേണ്ട തും പരാതി സമർപ്പിക്കേണ്ടതുമാണ്.

3. പരാതി അവതരിപ്പിക്കുന്ന ഉദ്യോഗസ്ഥൻ, ഉപചട്ടം (1) പ്രകാരം ന്യായനിർണ്ണയ ഓഫീസർക്ക് പരാതി സമർപ്പിക്കുന്നതിനു മുന്നോടിയായി, പരാതി അതീവ ജാഗ്രതയോടെ പഠിക്കുകയും പിഴ ഈടാക്കുന്നതിന് പ്രസക്തമായ എല്ലാവസ്തുതകളും സാഹചര്യങ്ങളും രേഖയാക്കേണ്ടതും വിഷയം ന്യായവിചാരണയ്ക്ക് വിധേയമാക്കേണ്ടതുണ്ടോ എന്ന് ഉറപ്പാക്കേണ്ടതും, കൂടാതെ അധികാരപ്പെട്ട ഉദ്യോഗസ്ഥൻ പ്രശ്നവുമായി ബന്ധപ്പെട്ട പ്രസക്തമായ രേഖകളും വസ്തുതകളും പരാതി അവതരിപ്പിക്കുന്ന ഓഫീസർക്ക് ലഭ്യമാക്കേണ്ടതുമാണ്.

4. ന്യായനിർണ്ണയ ഓഫീസർ പരാതി ലഭിച്ച് മുപ്പതു ദിവസത്തിനകം ആക്ടിന്റെ വകുപ്പ് 3,4,6 അല്ലെങ്കിൽ 7-ന്റെ ലംഘനത്തിനോ അവ പാലിക്കാത്തതിനോ ആക്ടിന്റെ 55 (എ) വകുപ്പു പ്രകാരം കുറ്റം ആരോപിക്കപ്പെട്ട വ്യക്തിക്ക് നിയമലംഘനത്തിന്റെ സ്വഭാവം അഥവാ നിയമം പാലിക്കാത്തതിനെ സംബന്ധിച്ചു വ്യക്തമായി പ്രതിപാദിച്ചുകൊണ്ടും അയാൾക്കെതിരെയുള്ള ആരോപണങ്ങൾ വ്യക്തമാക്കുന്ന രീതിയിൽ ഒരു നോട്ടീസ് നൽകേണ്ടതും, പ്രസ്തുത വ്യക്തി കേന്ദ്രസർക്കാർ നിശ്ചയിച്ചിട്ടുള്ള മാതൃകയിൽ നോട്ടീസ് ലഭിച്ച് പതിനഞ്ച് ദിവസത്തിൽ കുറയാത്തതും മുപ്പത് ദിവസത്തിൽ കൂടാത്തതുമായ സമയപരിധിയിൽ നേരിട്ടോ അധികാരപ്പെടുത്തിയ പ്രതിനിധിയിലൂടെയോ ഹാജരാകേണ്ടതാണ്.

5. നോട്ടീസിൽ വ്യക്തമാക്കിയിരിക്കുന്ന തീയതിയിൽ, പ്രസ്തുത വ്യക്തിയ്ക്കോ അദ്ദേഹം അധികാരപ്പെടുത്തിയ പ്രതിനിധിയ്ക്കോ തനിക്കെതിരേ ചുമത്തിയിട്ടുള്ള കുറ്റാരോപണങ്ങൾ ന്യായനിർണ്ണയ ഓഫീസർ മുമ്പാകെ സമ്മതിക്കുകയോ നിഷേധിക്കുകയോ ചെയ്യാവുന്നതാണ്.

6. പ്രസ്തുത വ്യക്തിയോ അദ്ദേഹം അധികാരപ്പെടുത്തിയ പ്രതിനിധിയോ കുറ്റാരോപണങ്ങൾ സമ്മതിക്കുകയാണെങ്കിൽ, അത്തരം കുറ്റസമ്മതം ന്യായനിർണ്ണയ

ഓഫീസർ തന്റെ ഉത്തരവിൽ പ്രസ്താവിക്കേണ്ടതും ഒരു പിഴ ഈടാക്കേണ്ടതും, ഉത്തരവിന്റെ പകർപ്പ്, പരാതി അവതരിപ്പിച്ച ഉദ്യോഗസ്ഥനും പരാതി ആരോപിക്കപ്പെട്ട വ്യക്തിയ്ക്കും അയച്ചുകൊടുക്കേണ്ടതുമാണ്.

7. ഉപചട്ടം (6)ൽ ഉൾപ്പെടാത്ത സന്ദർഭങ്ങളിൽ, ന്യായ നിർണ്ണയ ഓഫീസർ അന്വേഷണത്തിനായി ഒരു തീയതി നിശ്ചയിക്കേണ്ടതും പ്രസ്തുത വിവരം ബന്ധപ്പെട്ട പ്രസന്റിങ് ഓഫീസറിനെ, വിഷയം അവതരിപ്പിക്കുന്ന തിനായി അറിയിക്കേണ്ടതുമാണ്.

8. നിശ്ചയിച്ച തീയതിയിൽ, അന്വേഷണത്തിന് പ്രസക്ത മാണെന്നു കണക്കാക്കുന്ന രേഖകളും തെളിവുകളും ഹാജരാക്കുവാൻ ആരോപണ വിധേയനായ വ്യക്തിക്ക് ഒരവസരം നൽകേണ്ടതാണ്.

9. ഉപചട്ടം (8) പ്രകാരം ആവശ്യപ്പെട്ടതനുസരിച്ച് മതിയായ കാരണമില്ലാതെ ന്യായനിർണ്ണയ ഓഫീസർക്കു മുമ്പാകെ ഹാജരാകുന്നതിൽ ഏതെങ്കിലും വ്യക്തി വീഴ്ചവരുത്തു കയോ ഹാജരാകാൻ വിസമ്മതിക്കുകയോ ചെയ്യുകയാ ണെങ്കിൽ, അത്തരം വ്യക്തികളുടെ അസാന്നിധ്യത്തിൽ ന്യായനിർണ്ണയ ഓഫീസർക്ക് അന്വേഷണം തുടരാവു ന്നതാണ്.

10. ന്യായനിർണ്ണയ ഓഫീസർക്ക് ആവശ്യമുള്ള സന്ദർഭങ്ങ ളിൽ അതോറിറ്റിയുടെയോ ആക്ടിന്റെ 55 ബി വകുപ്പു പ്രകാരം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന്റെയോ കണ്ടെത്തലുകളെകൂടി അവലംബിക്കുകയോ അവരുടെ സേവനങ്ങൾ ഉപയോഗപ്പെടുത്തുകയോ ചെയ്യാവുന്ന താണ്.

11. അപ്രകാരം അന്വേഷണം നടത്തുന്ന വേളയിൽ, ന്യായ നിർണ്ണയ ഓഫീസർക്ക് വിഷയവുമായി ബന്ധപ്പെട്ട് തെളിവ് നൽകുന്നതിന് വസ്തുതകളുമായും സാഹചര്യ ങ്ങളുമായും പരിചയമുള്ള ഏതൊരു വ്യക്തിയെയും വിളിച്ചു വരുത്തുന്നതിനും ഹാജരാകുന്നതിന് നിർബന്ധി ക്കുന്നതിനും, ന്യായനിർണ്ണയ ഓഫീസറുടെ അഭി പ്രായത്തിൽ അന്വേഷണ വിഷയത്തിന് ഉപയോഗ

പ്രദമോ പ്രസക്തമോ ആയേക്കാവുന്ന രേഖകൾ ഹാജരാക്കുവാനും ആവശ്യപ്പെടാനുമുള്ള അധികാരം ഉണ്ടായിരിക്കുന്നതാണ്.

12. ഉപവകുപ്പ് (11)ന്റെ ലക്ഷ്യത്തിനായി, 1908-ലെ സിവിൽ നടപടിക്രമങ്ങളിൽ വ്യക്തമാക്കിയിട്ടുള്ള സിവിൽ കോടതിയുടെ ഇനിപറയുന്ന അധികാരങ്ങൾ ന്യായനിർണ്ണയ ഓഫീസർക്ക് ഉണ്ടായിരിക്കുന്നതാണ്, അതായത് :-

(എ) ഏതൊരു വ്യക്തിയെയും നിർബന്ധപൂർവം വിളിച്ചുവരുത്തുന്നതിനും സത്യം ബോധിപ്പിക്കുമെന്ന് പ്രതിജ്ഞയെടുപ്പിച്ച് ചോദ്യം ചെയ്യുന്നതിനും;

(ബി) ഇലക്ട്രോണിക് ഉൾപ്പെടെയുള്ള രേഖകൾ കണ്ടെത്തുന്നതിനും ഹാജരാക്കുന്നതിനും അവശ്യപ്പെടുന്നതിനും;

(സി) സത്യവാങ്മൂലത്തിന്മേൽ തെളിവുകൾ സ്വീകരിക്കുന്നതിനും.

13. ബന്ധപ്പെട്ട പ്രസന്റിംഗ് ഓഫീസറുടെ പരാതി അവതരണത്തിനും, പരാമർശിത വ്യക്തിയുടെ എതിർവാദങ്ങൾക്കും ആവശ്യമായി വരുന്ന വിവരങ്ങളുടെ രേഖപ്പെടുത്തലുകൾക്കും ശേഷം, ന്യായനിർണ്ണയ ഓഫീസർ ഒന്നുകിൽ ആരോപണങ്ങൾ തള്ളിക്കളയുകയോ അല്ലെങ്കിൽ അനുയോജ്യമെന്നു തോന്നുന്ന ഉത്തരവ് ഇറക്കുകയോ ചെയ്യേണ്ടതാണ്.

14. ന്യായനിർണ്ണയ ഓഫീസറുടെ എല്ലാ ഉത്തരവുകളും, പ്രസ്തുത ഉത്തരവിലൂടെ പിഴ ചുമത്തിയിട്ടുണ്ടോ ഇല്ലയോ എന്നത് കണക്കിലെടുക്കാതെ, കാരണങ്ങൾ വ്യക്തമാക്കുന്ന ഉത്തരവ് ആയിരിക്കേണ്ടതാണ്.

15. ഓരോ വിഷയത്തിൻമേലുമുള്ള ന്യായനിർണ്ണയ ഓഫീസറുടെ ന്യായവിധി ഉപചട്ടം (7) പ്രകാരം നിശ്ചയിച്ച തീയതി മുതൽ തൊണ്ണൂറു ദിവസത്തിനകം പൂർത്തിയാക്കേണ്ടതും, മതിയായ കാരണങ്ങൾ നിലനിൽക്കുന്ന പക്ഷം ആയത് വീണ്ടും തൊണ്ണൂറു ദിവസത്തേക്ക് കൂടി നീട്ടാവുന്നതുമാണ്.

16. ഈ ചട്ടപ്രകാരം ലഭിച്ച പരാതിയുമായി ബന്ധപ്പെട്ട വിഷയം ദേശീയ ഹരിത ട്രൈബ്യൂണലിന്റെയോ അധികാരപരിധിയിലുള്ള മറ്റേതെങ്കിലും കോടതിയുടെയോ മുന്നിൽ പ്രസ്തുത പരാതി ലഭിക്കുന്ന തീയതിക്കു മുന്നേ തർക്കവിഷയമായി നിലനിൽക്കുന്നുണ്ടെങ്കിൽ, പ്രസ്തുത കേസുകളുടെ അന്തിമ തീർപ്പ് ഉണ്ടാകുന്നതുവരെ ഈ ചട്ടപ്രകാരമുള്ള നടപടികൾ ആരംഭിക്കാൻ പാടില്ലെന്നും ന്യായനിർണ്ണയ ഓഫീസർ ഈ ചട്ടപ്രകാരമുള്ള നടപടികൾ മാറ്റി വയ്ക്കുന്നതായുള്ള ഒരു ഉത്തരവിറക്കേണ്ടതുമാണ്.

17. ആക്ടിന്റെ 3, 4, 6, അല്ലെങ്കിൽ 7 വകുപ്പുകൾ പ്രകാരമുള്ള വ്യവസ്ഥകൾ പാലിക്കുന്നതിൽ ബന്ധപ്പെട്ട വ്യക്തി വീഴ്ച വരുത്തിയെന്ന് ന്യായനിർണ്ണയ ഓഫീസർക്ക് ബോധ്യമാകുന്ന സാഹചര്യത്തിൽ, ആക്ടിന്റെ 55-ാം വകുപ്പിലെ വ്യവസ്ഥകൾ പ്രകാരം അർഹമെന്നു തോന്നുന്ന പിഴ അദ്ദേഹത്തിന് ചുമത്താവുന്നതാണ്.

18. ഉപചട്ടം (16) ൽ പരാമർശിക്കും പ്രകാരം ട്രൈബ്യൂണലോ കോടതിയോ അതിനകം നടപടികളനുസരിച്ച് പിഴ ഈടാക്കാനുള്ള ഉത്തരവു പുറപ്പെടുവിച്ചു കഴിഞ്ഞിട്ടുണ്ടെങ്കിൽ ന്യായനിർണ്ണയ ഓഫീസർ പിഴയീടാക്കുന്നതിനുള്ള ഉത്തരവിറക്കാൻ പാടുള്ളതല്ല.

19. ഏതെങ്കിലും വ്യക്തിയോ പ്രയോജനാവകാശികളോ ഈ ആക്ട് പ്രകാരമുള്ള ഏതെങ്കിലും കുറ്റത്തിന് ഏതെങ്കിലും കോടതിയിൽ പരാതി നൽകുവാൻ ഉദ്ദേശിക്കുന്നുവെങ്കിൽ ആക്ടിന്റെ 61-ാം വകുപ്പനുസരിച്ച് പരാതി കൊടുക്കാനുള്ള ഉദ്ദേശ്യത്തെക്കുറിച്ച് മുപ്പതുദിവസത്തിനകം കേന്ദ്രസർക്കാരിനോ അതോറിറ്റിക്കോ ഇതിനായി അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ ഫോറം 16-ൽ ഒരു നോട്ടീസ് ഓൺലൈനായോ കൈപ്പറ്റുകാർഡു സഹിതം രജിസ്റ്റർ ചെയ്ത പോസ്റ്റിലൂടെയോ സ്പീഡ് പോസ്റ്റിലൂടെയോ നൽകേണ്ടതാണ്.

20. നോട്ടീസ് സ്വീകരിച്ച് മുപ്പതു ദിവസത്തിനുശേഷം അതോറിറ്റിയുടെ അല്ലെങ്കിൽ കേന്ദ്രസർക്കാരിന്റെ നടപടിയിൽ സംതൃപ്തിയില്ലാത്തതിനാലോ, ആ വ്യക്തിക്ക്

അല്ലെങ്കിൽ പ്രയോജനാവകാശിയ്ക്ക് കുറ്റത്തിന്റെ ന്യായവിചാരണയ്ക്കായി അധികാരപരിധിയുള്ള ഒരു കോടതിയിൽ ആക്ട് പ്രകാരം രേഖാമൂലം പരാതി ഫയൽ ചെയ്യാവുന്നതാണ്.

എന്നാൽ ആക്ടിന്റെ 61 -ാം വകുപ്പിന്റെ ഖണ്ഡം (എ) പ്രകാരം കേന്ദ്രസർക്കാരിനോ അതോറിറ്റിക്കോ സർക്കാർ അധികാരപ്പെടുത്തിയ ബന്ധപ്പെട്ട ഉദ്യോഗ സ്ഥനോ ആക്ട് പ്രകാരം കുറ്റത്തിന്റെ ന്യായവിചാരണ യ്ക്കായി രേഖാമൂലം ഒരു പരാതി കോടതിയിൽ സമർപ്പിക്കാവുന്നതാണ്.

**24. ന്യായനിർണ്ണയ ഓഫീസറുടെ ഉത്തരവിന്മേലുള്ള അപ്പീൽ :-** ന്യായനിർണ്ണയ ഓഫീസറുടെ ഉത്തരവിൽ പരാതി യുള്ള ഏതൊരു വ്യക്തിയ്ക്കും ആക്ടിന്റെ 52 (എ) വകുപ്പ് പ്രകാരം, 2010-ലെ ദേശീയ ഹരിത ട്രൈബ്യൂണൽ ആക്ട് 3-ാം വകുപ്പ് (2010 ലെ 19) പ്രകാരം സ്ഥാപിതമായ ദേശീയ ഹരിത ട്രൈബ്യൂണലിൽ അപ്പീൽ നൽകാവുന്നതാണ്.

**25. പിഴത്തുക നിർണ്ണയിക്കുന്നതിന് പരിഗണിക്കേണ്ട ഘടക ങ്ങൾ:-**

(1) പിഴത്തുക നിർണ്ണയിക്കുന്നതിന് ന്യായനിർണ്ണയ ഓഫീസർ ഇനിപ്പറയുന്ന ഘടകങ്ങൾ പരിഗണിക്കേണ്ടതാണ്, അതായത്:-

(എ) ആക്ടിലെ വ്യവസ്ഥകൾ ലംഘിച്ചതിന്റെ ഫലമായി ആനുപാതികമല്ലാതെ സമ്പാദിച്ചതോ അർഹതയില്ലാതെ ലഭ്യമായതോ ആയ മൊത്തം തുക;

(ബി) ആക്ടിന്റെ 55-ാം വകുപ്പിൽ പരാമർശിക്കുന്ന വ്യവസ്ഥ കളുടെ ലംഘനത്തിനുള്ള പിഴ ഒരുലക്ഷം രൂപയിൽ കുറയാൻ പാടില്ലാത്തതും അൻപതുലക്ഷം രൂപ വരെ ആകാവുന്നതുമാണ്;

(സി) സംഭവിച്ച നാശനഷ്ടങ്ങൾ, ഉപചട്ടം (2) പ്രകാരമുള്ള പിഴ തുകയേക്കാൾ കൂടുതലാകുന്നുവെങ്കിൽ പിഴ, സംഭവിച്ച നാശനഷ്ടങ്ങൾക്ക് ആനുപാതികമാകേണ്ടതാണ്.

**വിശദീകരണം:-** ഈ ഖണ്ഡത്തിലെ നാശനഷ്ടം എന്ന പ്രയോഗത്തിൽ, ആക്ടിലെ വ്യവസ്ഥകൾ ലംഘിച്ചതു കൊണ്ട് പരിസ്ഥിതിക്കുണ്ടായ നാശനഷ്ടവും ഉപയോഗിച്ച ജൈവവിഭവങ്ങളുടെ മൂല്യവും അവയിൽനിന്നും ഉണ്ടായി ട്ടുള്ള ഉൽപ്പന്നങ്ങളുടെ മൂല്യവും ഉൾപ്പെടുന്നു;

(ഡി) ഒരു വീഴ്ചയുടെയോ ആവർത്തിച്ചുള്ള ലംഘനത്തി ന്റെയോ കാര്യത്തിൽ,

ഉപചട്ടം (2) അല്ലെങ്കിൽ (3) പ്രകാരമുള്ള പിഴയ്ക്കുപരി യായി ഒരു കോടി രൂപയിൽ അധികരിക്കാത്ത തുക ചുമത്തേണ്ടതാണ്;

(ഇ) ജൈവവൈവിധ്യത്തിന്റെ പരിപാലനത്തിനും പരിസ്ഥി തിയുടെ സംരക്ഷണത്തിനും പ്രസക്തമാണെന്നു ന്യായ നിർണ്ണയ ഓഫീസർ കണക്കാക്കുന്ന മറ്റേതൊരു സംഗതി യും;

(2) ബന്ധപ്പെട്ട വ്യക്തിക്ക് അഥവാ സ്ഥാപനത്തിന്റെ ഭാഗം കേൾക്കുന്നതിന് ന്യായമായ അവസരം നൽകാതെ പിഴ ചുമത്താൻ പാടുള്ളതല്ല.

(3) ന്യായനിർണ്ണയ ഓഫീസർ അപ്രകാരം ചുമത്തുന്ന പിഴ ആക്ടിന്റെ 55 -ാം വകുപ്പു പ്രകാരവും 2010-ലെ ദേശീയ ഹരിത ട്രൈബ്യൂണൽ ആക്ടിന്റെ (2010 ലെ 19) 17-ാം വകുപ്പു പ്രകാരവും നൽകുന്ന ബാധ്യതയ്ക്ക് പുറമേ ആയി രിക്കുന്നതാണ്.

**26. പിഴത്തുക നിക്ഷേപിക്കൽ:-** ഈ ചട്ടങ്ങൾ പ്രകാരം എല്ലാ പിഴ തുകകളും ദേശീയ ജൈവവൈവിധ്യ ഫണ്ടിൽ നിക്ഷേപിക്കേണ്ടതും ആക്ടിന്റെ 7-ാം വകുപ്പു പ്രകാരമുള്ള കുറ്റങ്ങളുമായി ബന്ധപ്പെട്ടുള്ള എല്ലാ പിഴത്തുകകളും ബന്ധ പ്പെട്ട സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെയോ കേന്ദ്ര ഭരണപ്രദേശ ജൈവവൈവിധ്യ കൗൺസിലിന്റെയോ ജൈവ വൈവിധ്യ ഫണ്ടിൽ നിക്ഷേപിക്കേണ്ടതുമാണ്.

## ഒന്നാം പട്ടിക
## അപേക്ഷാ ഫോറങ്ങളും ഫീസും

| ക്രമ നം. | അപേക്ഷയുടെ ഉദ്ദേശ്യം | അപേക്ഷാ ഫീസ് |
|---|---|---|
| 1. | ആക്ടിന്റെ വകുപ്പ് 3(2) ൽ ഉൾപ്പെടുന്ന വ്യക്തികൾക്ക് ഗവേഷണത്തിനോ ജൈവ- സർവ്വേയ്ക്കോ ജൈവ-വിനിയോഗത്തിനോ ജൈവവിഭവങ്ങളും അതുമായി ബന്ധപ്പെട്ട അറിവും പ്രാപ്ത മാക്കുവാൻ ദേശീയ ജൈവവൈവിധ്യ അതോറിറ്റിയുടെ മുൻകൂർ അനുമതി നേടുന്നതിനുള്ള അപേക്ഷ. | |
| | വ്യക്തിക്ക് | ₹10,000.00 |
| | സ്ഥാപനത്തിന് | ₹20,000.00 |
| 2. | ആക്ടിന്റെ വകുപ്പ് 3(2) ൽ ഉൾപ്പെടുന്ന വ്യക്തികൾക്ക് വാണിജ്യ വിനിയോ ഗത്തിന് ജൈവവിഭവങ്ങളോ അതുമായി ബന്ധപ്പെട്ട അറിവുകളോ പ്രാപ്തമാക്കു ന്നതിന് ദേശീയ ജൈവവൈവിധ്യ അതോറിറ്റിയുടെ മുൻകൂർ അനുമതി നേടുന്നതിനുള്ള അപേക്ഷ. | |
| | വ്യക്തിക്ക് | ₹10,000.00 |
| | സ്ഥാപനത്തിന് | ₹20,000.00 |
| 3. | വകുപ്പ് 3 (2) ൽ ഉൾപ്പെടുന്ന വ്യക്തി കൾക്ക് വാണിജ്യ ഉദ്ദേശ്യങ്ങൾക്കോ മറ്റാവശ്യങ്ങൾക്കോ ഗവേഷണ ഫലങ്ങൾ പങ്കുവയ്ക്കുന്നതിനോ കൈ മാറുന്നതി നോ ദേശീയ ജൈവവൈവിധ്യ അതോറി റ്റിയുടെ മുൻകൂർ അനുമതി തേടുന്നതി നുള്ള അപേക്ഷ. | |
| | വ്യക്തിക്ക് | ₹5,000.00 |
| | സ്ഥാപനത്തിന് | ₹10,000.00 |

| | | |
|---|---|---|
| 4. | ഗവേഷണ ഫലങ്ങൾ കൂടുതൽ ഗവേഷണത്തിനായി ഉപയോഗിക്കുന്നതിന് കൈമാറ്റം ചെയ്യപ്പെട്ടു ലഭിക്കുന്ന വ്യക്തിക്ക് (വകുപ്പ് 3 (2)ൽ ഉൾപ്പെടുന്ന വ്യക്തി) ദേശീയ ജൈവവൈവിധ്യ അതോറിറ്റിയിൽ മുൻകൂർ രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷ. | |
| | വ്യക്തിക്ക് | ₹2,000.00 |
| | സ്ഥാപനത്തിന് | ₹5,000.00 |
| 5. | ഗവേഷണഫലം കൈമാറ്റം ചെയ്തു ലഭിക്കുന്ന വ്യക്തിക്ക് (വകുപ്പ് 3 (2)ൽ ഉൾപ്പെടുന്ന വ്യക്തി) വാണിജ്യ വിനിയോഗത്തിനായി ഉപയോഗിക്കുന്നതിന് ദേശീയ ജൈവവൈവിധ്യ അതോറിറ്റിയുടെ മുൻകൂർ അനുമതി നേടുന്നതിനുള്ള അപേക്ഷ. | |
| | വ്യക്തിക്ക് | ₹10,000.00 |
| | സ്ഥാപനത്തിന് | ₹20,000.00 |
| 6. | ഗവേഷണ ഫലങ്ങൾ കൈമാറ്റം ചെയ്യപ്പെട്ടു ലഭിക്കുന്ന വ്യക്തിക്ക് (വകുപ്പ് 3 (2)ൽ ഉൾപ്പെടുന്ന വ്യക്തി) ബൗദ്ധിക സ്വത്തവകാശം ലഭിക്കുന്നതിന് മുൻകൂർ അനുമതി തേടുന്നതിനുള്ള അപേക്ഷ. | |
| | വ്യക്തിക്ക് | ₹5,000.00 |
| | സ്ഥാപനത്തിന് | ₹10,000.00 |
| 7. | ആക്ടിന്റെ വകുപ്പ് 3 (2)ൽ ഉൾപ്പെടുന്ന വ്യക്തികൾക്ക് ബൗദ്ധിക സ്വത്തവകാശം ലഭ്യമാക്കുന്നതിനു മുൻപ് ദേശീയ ജൈവവൈവിധ്യ അതോറിറ്റിയുടെ മുൻകൂർ അനുമതി തേടുന്നതിനുള്ള അപേക്ഷ. | |

| | | |
|---|---|---|
| | വ്യക്തിക്ക് | ₹5,000.00 |
| | സ്ഥാപനത്തിന് | ₹10,000.00 |
| 8. | ആക്ടിന്റെ 7 -ാം വകുപ്പിൽ ഉൾപ്പെടുന്ന വ്യക്തികൾക്ക് ബൗദ്ധിക സ്വത്തവകാശം നൽകുന്നതിനു മുൻപ് ദേശീയ ജൈവവൈവിധ്യ അതോറിറ്റിയിൽ രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷ. | |
| | വ്യക്തിക്ക് | ₹2,000.00 |
| | സ്ഥാപനത്തിന് | ₹5,000.00 |
| 9. | ആക്ടിന്റെ 7-ാം വകുപ്പിൽ ഉൾപ്പെടുന്ന വ്യക്തികൾ ബൗദ്ധിക സ്വത്തവകാശം വാണിജ്യവൽക്കരിക്കുന്നതിന് ദേശീയ ജൈവവൈവിധ്യ അതോറിറ്റിയുടെ മുൻകൂർ അനുമതി തേടുന്നതിനുള്ള അപേക്ഷ. | |
| | വ്യക്തിക്ക് | ₹5,000.00 |
| | സ്ഥാപനത്തിന് | ₹10,000.00 |
| 10. | ഏതെങ്കിലും വിദേശ രാജ്യത്തുനിന്നും ലഭിച്ച ജൈവവിഭവങ്ങളോ ബന്ധപ്പെട്ട പരമ്പരാഗത അറിവുകളോ ഇന്ത്യയിൽ ഉപയോഗിക്കുന്നതിനുള്ള സത്യപ്രസ്താവനയ്ക്കുള്ള ഫോറം | ഇല്ല |
| 11. | കൃഷി ചെയ്തുൽപ്പാദിപ്പിച്ച ഔഷധ സസ്യങ്ങൾക്ക് ഉറവിട സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുള്ള അപേക്ഷയും മാതൃകയും | ₹200.00 |
| 12. | കൃഷി ചെയ്ത് ഉല്പാദിപ്പിക്കുന്ന ഔഷധസസ്യങ്ങളുടെ വിവരങ്ങൾ ജൈവവൈവിധ്യ പരിപാലന സമിതി രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതായ രജിസ്റ്ററിന്റെ മാതൃക | ഇല്ല |

| | | |
|---|---|---|
| 13. | ഇന്ത്യൻ ഗവേഷകർക്ക്/സ്ഥാപനങ്ങൾക്ക് ജൈവവിഭവങ്ങൾ വാണിജ്യേതര ഗവേഷണങ്ങൾക്കോ അടിയന്തരാവശ്യ ങ്ങൾക്കുള്ള ഗവേഷണങ്ങൾക്കോ, ഇന്ത്യക്ക് പുറത്ത് അയയ്ക്കുന്നതിന്/ കൊണ്ടു പോകുന്നതിന് ദേശീയ ജൈവവൈവിധ്യ അതോറിറ്റിയുടെ മുൻകൂർ അനുമതി തേടുന്നതിനുള്ള അപേക്ഷ. | ₹1,000.00 |
| 14. | തർക്കങ്ങൾ പരിഹരിക്കുന്നതിനായി കേന്ദ്രസർക്കാരിനു മുമ്പാകെ അപ്പീൽ സമർപ്പിക്കുന്നതിനുള്ള ഫോറം. | ഇല്ല |
| 15. | പരിസ്ഥിതി, വനം, കാലാവസ്ഥാ വ്യതി യാന മന്ത്രാലയം അല്ലെങ്കിൽ ദേശീയ ജൈവവൈവിധ്യ അതോറിറ്റി അതിന്റെ മുന്നിൽ ഹാജരാകുന്നതിന് നൽകുന്ന നോട്ടീസിന്റെ മാതൃക. | ഇല്ല |
| 16. | ഒരു വ്യക്തി/പ്രയോജനാവകാശി നൽകുന്ന നോട്ടീസിന്റെ മാതൃക | ഇല്ല |

## രണ്ടാം പട്ടിക
## (ചട്ടം 2 (1) (ജി) കാണുക)

### ഫോറം 1
### (ആക്ടിന്റെ 3-ാം വകുപ്പും ചട്ടം 13 (1)ഉം കാണുക)

ആക്ടിന്റെ 3 (2) വകുപ്പിൽപെടുന്ന വ്യക്തികൾക്ക് ജൈവവിഭവങ്ങളും അതുമായി ബന്ധപ്പെട്ട അറിവുകളും ഗവേഷണത്തിനോ ജൈവ-സർവ്വേയ്ക്കോ ജൈവ-വിനിയോഗത്തിനോ പ്രാപ്തമാക്കുവാൻ ദേശീയ ജൈവവൈവിധ്യ അതോറിറ്റിയുടെ മുൻകൂർ അനുമതി തേടുന്നതിനുള്ള അപേക്ഷ.

| 1. | **അപേക്ഷകന്റെ വിശദവിവരം** | |
|---|---|---|
| (i) | അപേക്ഷകന്റെ വിഭാഗം | (ഡ്രോപ്പ് ഡൗൺ മെനു)<br>(എ) വ്യക്തി<br>(ബി) വ്യക്തിയും സ്ഥാപനവും<br>(സി) സ്ഥാപനം |
| (ii) | അപേക്ഷകന്റെ പേര് | |
| (iii) | അപേക്ഷകന്റെ പദവി | (ഡ്രോപ്പ് ഡൗൺ മെനു)<br>(എ) എൻ. ആർ. ഐ<br>(ബി) വിദേശ പൗരൻ<br>(സി) ആക്ടിന്റെ 3 (2) വകുപ്പിൽ ഉൾപ്പെടുന്ന സ്ഥാപനം |
| (iv) | അപേക്ഷകന്റെ മേൽവിലാസം (പിൻകോഡ്, ഇ-മെയിൽ, മൊബൈൽ നമ്പർ, മറ്റൊരു മൊബൈൽ നമ്പറും അല്ലെങ്കിൽ ലാൻഡ് ലൈൻ നമ്പറും ഉൾപ്പെടെ) | |
| (v) | വ്യക്തിയുടെ/ സ്ഥാപനത്തിന്റെ വിവരണം | |

| | | |
|---|---|---|
| (vi) | വ്യാപാരത്തിന്റെ സ്വഭാവം (അപേക്ഷകൻ ഒരു സ്ഥാപനമാണെങ്കിൽ ബാധകം) | |
| (vii) | അപേക്ഷകന്റെ അംഗീകൃത പ്രതിനിധി യുടെ വിശദ വിവരം (അപേക്ഷകൻ ഒരു സ്ഥാപന മാണെങ്കിൽ ബാധകം) (പേരും മേൽവിലാസവും പിൻകോഡും, ഇ- മെയിലും, മൊബൈൽനമ്പറും, മറ്റൊരു മൊബൈൽ നമ്പരും/ലാൻഡ് ലൈൻ നമ്പരും) | |
| (viii) | അപേക്ഷകന്റെ ഇന്ത്യ യിലെ ബന്ധപ്പെടേണ്ട വ്യക്തി (ഉണ്ടെങ്കിൽ) (പേരും മേൽവിലാസവും പിൻകോഡും, ഇ- മെയിലും, മൊബൈൽ നമ്പറും, മറ്റൊരു മൊബൈൽ നമ്പരും/ലാൻഡ് ലൈൻ നമ്പരും) | |
| (2) | **പ്രാപ്തമാക്കുവാൻ ഉദ്ദേശിക്കുന്ന ജൈവവിഭവങ്ങളു ടെയും അതുമായി ബന്ധപ്പെട്ട അറിവിന്റെയും വിശദാംശങ്ങൾ** | |
| (i) | ജൈവവിഭവത്തിന്റെ വിശദാംശം | (ഡ്രോപ്പ് ഡൗൺ മെനു)<br>(i) ജൈവവിഭവങ്ങളുടെ സ്വഭാവം (സസ്യങ്ങൾ/ ജന്തുക്കൾ/സൂക്ഷ്മാണുക്കൾ/ ജനിതക വസ്തുക്കൾ/ വകഭേദം/ഹൈബ്രിഡ്)<br>(ii) പൊതുനാമം<br>(iii) ശാസ്ത്രീയ നാമം (ജീനസ്സും സ്പീഷീസും/ വകഭേദം/ജനുസ്സ്)<br>(iv) സസ്യഭാഗങ്ങൾ (വിത്ത്, |

| | | |
|---|---|---|
| | | കാണ്ഡം, പട്ട (തൊലി), ഇല, പുഷ്പം, ഫലം, വേര്, ഭൂകാണ്ഡം, ജനിതകവസ്തു, സത്ത്, സ്രവം തുടങ്ങിയവ). (v) ഓരോ ജൈവവിഭവത്തിന്റെയും അളവ് (കിലോഗ്രാം/ ഗ്രാം/ മില്ലിലിറ്റർ) (vi) പ്രാപ്തമാക്കലിന്റെ കാലദൈർഘ്യം. (പ്രതീക്ഷിത പ്രാരംഭ തീയതിയും അവസാന തീയതിയും) (vii) പ്രാപ്തമാക്കലിന്റെ ആവൃത്തി (ജൈവവിഭവങ്ങൾ പ്രാപ്തമാക്കുന്ന തവണകളുടെ എണ്ണം) (viii) പ്രാപ്തമാക്കുന്നതിന്റെ സ്രോതസ് (വനം/ കൃഷി ചെയ്യപ്പെട്ടത് /സ്ഥാപനം/ ശേഖരം/ വ്യാപാരികൾ/ വിപണി) (ix) ഭൂമിശാസ്ത്രപരമായ സ്ഥാനം (വില്ലേജ്, താലൂക്ക്, ജില്ല, സംസ്ഥാനം). ഒരു വ്യാപാരിയിൽ നിന്നോ ഗവേഷണ സ്ഥാപനത്തിൽ നിന്നോ ആണ് സംഭരിച്ചതെങ്കിൽ, അവരുടെ പേര്, മേൽവിലാസം, ബന്ധപ്പെടാനുള്ള വിശദവിവരം എന്നിവ നൽകേണ്ടതാണ്; ഒരു ശേഖര കേന്ദ്രത്തിൽ നിന്നോ സ്ഥാപനത്തിൽ നിന്നോ ആണ് സംഭരിച്ചതെങ്കിൽ ശേഖരത്തിന്റെ ഉറവിടം വ്യക്തമാക്കേണ്ടതാണ്. |

| | | |
|---|---|---|
| **(ii)** | **ജൈവവിഭവവുമായി ബന്ധപ്പെട്ട അറിവിന്റെ വിശദാംശം:** | |
| (എ) | അനുബന്ധ അറിവിന്റെ സ്വഭാവം<br>(വായ്മൊഴി/ലിഖിതം) | |
| (ബി) | പ്രാപ്തമാക്കുവാൻ ഉദ്ദേശിക്കുന്ന പരമ്പരാഗത അറിവിന്റെ വിശദാംശം<br>(100 വാക്കുകളിൽ കവിയാതെ) | |
| (സി) | പരമ്പരാഗത അറിവുടമയുടെ പേര്<br>(വ്യക്തി/സമൂഹം) | |
| (ഡി) | പരമ്പരാഗത അറിവുടമയുടെ മേൽവിലാസം<br>(വ്യക്തി/സമൂഹം) | |
| **(3)** | **ഗവേഷണത്തിന്റെ പ്രതീക്ഷിത കാലയളവ്** | |
| **(4)** | **ഗവേഷണ നേട്ടത്തിന്റെ തരവും വ്യാപ്തിയും അതിൽ നിന്നു ലഭിച്ച നേട്ടവും പ്രതീക്ഷിത നേട്ടവും ഉൾപ്പെടെ പ്രാപ്തമാക്കലിന്റെ ആവശ്യകത കൊണ്ടുള്ള ഉദ്ദേശ്യം** | |
| (i) | ഗവേഷണത്തെക്കുറിച്ചുള്ള ചെറു വിവരണം | |
| (ii) | ഗവേഷണത്തിന്റെ പ്രതീക്ഷിത നേട്ടം | |
| **(5)** | **ഗവേഷണത്തിലോ വികസന പ്രവർത്തനങ്ങളിലോ പങ്കാളിയായേക്കാവുന്ന സ്ഥാപനത്തിന്റെ വിശദാംശം** | |
| (i) | വ്യക്തിയുടെ അല്ലെങ്കിൽ സ്ഥാപനത്തിന്റെ പേര് | |

| | | |
|---|---|---|
| (ii) | ബന്ധപ്പെടാനുള്ള വിവരങ്ങൾ<br>(മേൽവിലാസം,<br>പിൻകോഡ് ഉൾപ്പെടെ,<br>ഇ-മെയിൽ, മൊബൈൽ നമ്പർ (മറ്റൊരു മൊബൈൽ നമ്പർ അല്ലെങ്കിൽ ലാൻഡ് ലൈൻ നമ്പർ) | |
| (6) | ആനുകൂല്യം പങ്കുവയ്ക്കലിന്റെ പ്രധാന രീതി | (i) സാമ്പത്തികം<br>(ii) സാമ്പത്തികേതരം<br>(iii) രണ്ടും |
| (7) | പ്രാപ്തമാക്കപ്പെട്ട ജൈവവിഭവങ്ങൾ, അതുമായി ബന്ധപ്പെട്ട അറിവ് എന്നിവയിൽ നിന്നും ഇന്ത്യയിലേക്ക് /സമൂഹത്തിലേക്ക് വരാവുന്ന ആനുകൂല്യത്തിന്റെ പ്രതീക്ഷിത കണക്ക് | |
| (8) | പ്രസക്തമെന്ന് കണക്കാക്കുന്ന മറ്റേതെങ്കിലും വിവരം | |
| (9) | അപേക്ഷാഫീസ് അടച്ചതിന്റെ വിശദാംശം<br>(പണം അടച്ച രീതി,<br>പണമിടപാടിന്റെ ഐഡി,<br>തുക, തീയതി തുടങ്ങിയവ) | |

## പ്രസ്താവന

ഞാൻ/ഞങ്ങൾ ഇതിനാൽ പ്രസ്താവിക്കുന്നു:

1. നിർദ്ദിഷ്ട ജൈവവിഭവത്തിന്റെ ശേഖരണം വിഭവങ്ങളുടെ സുസ്ഥിരതയെ പ്രതികൂലമായി ബാധിക്കുന്നതല്ല;
2. നിർദ്ദിഷ്ട ജൈവവിഭവത്തിന്റെ ശേഖരണം പാരിസ്ഥിതിക ആഘാതത്തിന് വഴിവയ്ക്കുകയില്ല;
3. നിർദ്ദിഷ്ട ജൈവവിഭവത്തിന്റെ ശേഖരണം ആവാസവ്യവസ്ഥയ്ക്ക് ഒരു അപായവും സൃഷ്ടിക്കുന്നതല്ല;
4. നിർദ്ദിഷ്ട ജൈവവിഭവത്തിന്റെയും അതുമായി ബന്ധപ്പെട്ട അറിവിന്റെയും ശേഖരണം തദ്ദേശ സമൂഹത്തെ പ്രതികൂലമായി ബാധിക്കുകയില്ല.

കൂടാതെ അപേക്ഷയിൽ നൽകിയിട്ടുള്ള വിവരങ്ങൾ എന്റെ/ഞങ്ങളുടെ ഉത്തമവിശ്വാസത്തിലും അറിവിലും സത്യവും ശരിയുമാണെന്നും അത് യാതൊന്നും മറച്ചുവയ്ക്കുന്നില്ലെന്നും അതിന്റെ ഒരുഭാഗവും വ്യാജമല്ലെന്നും കൂടി ഞാൻ/ഞങ്ങൾ പ്രസ്താവന ചെയ്യുന്നു. ഏതെങ്കിലും തെറ്റായതോ അയഥാർത്ഥമോ ആയ വിവരങ്ങൾ നൽകിയതിന് ഞാൻ/ഞങ്ങൾ ഉത്തരവാദിയായിരിക്കുന്നതാണ്.

സ്ഥലം ഒപ്പ്
തീയതി പേര്

**ഫോറം 2**

**(ആക്ടിന്റെ 3 -ാം വകുപ്പും ചട്ടം 13 (1)ഉം കാണുക)**

ആക്ടിന്റെ 3 (2) ൽ പെടുന്ന വ്യക്തികൾക്ക് വാണിജ്യപരമായ വിനിയോഗത്തിന് ജൈവവിഭവങ്ങളും അതുമായി ബന്ധപ്പെട്ട അറിവുകളും പ്രാപ്തമാക്കുന്നതിന് ദേശീയ ജൈവവൈവിധ്യ അതോറിറ്റിയുടെ മുൻകൂർ അനുമതി തേടുന്നതിനുള്ള അപേക്ഷ.

| 1. | **അപേക്ഷകന്റെ വിശദവിവരം** | |
|---|---|---|
| (i) | അപേക്ഷകന്റെ വിഭാഗം | (ഡ്രോപ്പ് ഡൗൺ മെനു)<br>(എ) വ്യക്തി<br>(ബി) വ്യക്തിയും സ്ഥാപനവും<br>(സി) സ്ഥാപനം |
| (ii) | അപേക്ഷകന്റെ പേര് | |
| (iii) | അപേക്ഷകന്റെ പദവി | (ഡ്രോപ്പ് ഡൗൺ മെനു)<br>(എ) എൻ. ആർ. ഐ<br>(ബി) വിദേശ പൗരൻ<br>(സി) ആക്ടിന്റെ 3 (2) വകുപ്പിൽ ഉൾപ്പെടുന്ന സ്ഥാപനം |
| (iv) | അപേക്ഷകന്റെ മേൽവിലാസം<br>(പിൻകോഡ്, ഇ-മെയിൽ, മൊബൈൽ നമ്പർ, മറ്റൊരു മൊബൈൽ നമ്പറും അല്ലെങ്കിൽ ലാൻഡ് ലൈൻ നമ്പറും ഉൾപ്പെടെ) | |
| (v) | വ്യക്തിയുടെ/ സ്ഥാപനത്തിന്റെ വിവരണം | |

| | | |
|---|---|---|
| (vi) | വ്യാപാരത്തിന്റെ സ്വഭാവം (അപേക്ഷകൻ ഒരു സ്ഥാപനമാണെങ്കിൽ ബാധകം) | |
| (vii) | അപേക്ഷകന്റെ അംഗീകൃത പ്രതിനിധി യുടെ വിശദ വിവരം (അപേക്ഷകൻ ഒരു സ്ഥാപന മാണെങ്കിൽ ബാധകം) (പേരും മേൽവിലാസവും പിൻകോഡും, ഇ- മെയിലും, മൊബൈൽനമ്പറും, മറ്റൊരു മൊബൈൽ നമ്പരും/ലാൻഡ് ലൈൻ നമ്പരും) | |
| (viii) | അപേക്ഷകന്റെ ഇന്ത്യ യിലെ ബന്ധപ്പെടേണ്ട വ്യക്തി (ഉണ്ടെങ്കിൽ) (പേരും മേൽവിലാസവും പിൻകോഡും, ഇ- മെയിലും, മൊബൈൽ നമ്പറും, മറ്റൊരു മൊബൈൽ നമ്പരും/ലാൻഡ് ലൈൻ നമ്പരും) | |
| (2) | **പ്രാപ്തമാക്കുവാൻ ഉദ്ദേശിക്കുന്ന ജൈവവിഭവങ്ങളു ടെയും അതുമായി ബന്ധപ്പെട്ട അറിവിന്റെയും വിശദാംശങ്ങൾ** | |
| (i) | ജൈവവിഭവത്തിന്റെ വിശദാംശം | (ഡ്രോപ്പ് ഡൗൺ മെനു)<br>(i) ജൈവവിഭവങ്ങളുടെ സ്വഭാവം (സസ്യങ്ങൾ/ ജന്തുക്കൾ/സൂക്ഷ്മാണുക്കൾ/ ജനിതക വസ്തുക്കൾ/ വകഭേദം/ഹൈബ്രിഡ്)<br>(ii) പൊതുനാമം<br>(iii) ശാസ്ത്രീയ നാമം (ജീനസ്സും സ്പീഷീസും/ വകഭേദം/ജനുസ്സ്)<br>(iv) സസ്യഭാഗങ്ങൾ (വിത്ത്, |

| | | |
|---|---|---|
| | | കാണ്ഡം, പട്ട (തൊലി), ഇല, പുഷ്പം, ഫലം, വേര്, ഭൂകാണ്ഡം, ജനിതകവസ്തു, സത്ത്, സ്രവം തുടങ്ങിയവ).<br>(v) ഓരോ ജൈവവിഭവ ത്തിന്റെയും അളവ് (കിലോ ഗ്രാം/ ഗ്രാം/ മില്ലിലിറ്റർ)<br>(vi) പ്രാപ്തമാക്കലിന്റെ കാലദൈർഘ്യം. (പ്രതീക്ഷിത പ്രാരംഭ തീയതിയും അവസാന തീയതിയും)<br>(vii) പ്രാപ്തമാക്കലിന്റെ ആവൃത്തി (ജൈവവിഭവങ്ങൾ പ്രാപ്തമാക്കുന്ന തവണകളുടെ എണ്ണം)<br>(viii) പ്രാപ്തമാക്കുന്നതിന്റെ സ്രോതസ് (വനം/ കൃഷി ചെയ്യപ്പെട്ടത് /സ്ഥാപനം/ ശേഖരം/ വ്യാപാരികൾ/ വിപണി)<br>(ix) ഭൂമിശാസ്ത്രപരമായ സ്ഥാനം (വില്ലേജ്, താലൂക്ക്, ജില്ല, സംസ്ഥാനം).<br>ഒരു വ്യാപാരിയിൽ നിന്നോ ഗവേഷണ സ്ഥാപനത്തിൽ നിന്നോ ആണ് സംഭരിച്ചതെ ങ്കിൽ, അവരുടെ പേര്, മേൽ വിലാസം, ബന്ധപ്പെടാനുള്ള വിശദവിവരം എന്നിവ നൽകേണ്ടതാണ്; ഒരു ശേഖര കേന്ദ്രത്തിൽ നിന്നോ സ്ഥാപന ത്തിൽ നിന്നോ ആണ് സംഭരിച്ച തെങ്കിൽ ശേഖരത്തിന്റെ ഉറവിടം വ്യക്തമാക്കേണ്ടതാണ്. |

| | | |
|---|---|---|
| (ii) | **ജൈവവിഭവവുമായി ബന്ധപ്പെട്ട അറിവിന്റെ വിശദാംശം:** | |
| (എ) | അനുബന്ധ അറിവിന്റെ സ്വഭാവം (വായ്മൊഴി/ലിഖിതം) | |
| (ബി) | പ്രാപ്തമാക്കുവാൻ ഉദ്ദേശിക്കുന്ന പരമ്പരാഗത അറിവിന്റെ വിശദാംശം (100 വാക്കുകളിൽ കവിയാതെ) | |
| (സി) | പരമ്പരാഗത അറിവുടമയുടെ പേര് (വ്യക്തി/സമൂഹം) | |
| (ഡി) | പരമ്പരാഗത അറിവുടമയുടെ മേൽവിലാസം (വ്യക്തി/സമൂഹം) | |
| (3) | **വാണിജ്യ വിനിയോഗത്തിന്റെ തരവും വ്യാപ്തിയും അതിൽനിന്നും ലഭിച്ച നേട്ടത്തിന്റെയും അളവിനെയും ലഭ്യമാകുമെന്നു പ്രതീക്ഷിക്കുന്ന നേട്ടത്തിന്റെയും ഉൾപ്പെടെ പ്രാപ്തമാക്കലിന്റെ ആവശ്യകതയുടെ ഉദ്ദേശ്യം** | |
| (4) | **ഗവേഷണ നേട്ടത്തിന്റെ തരവും വ്യാപ്തിയും അതിൽ നിന്നു ലഭിച്ച നേട്ടവും പ്രതീക്ഷിത നേട്ടവും ഉൾപ്പെടെ പ്രാപ്തമാക്കലിന്റെ ആവശ്യകത കൊണ്ടുള്ള ഉദ്ദേശ്യം** | |
| (i) | വാണിജ്യ വിനിയോഗത്തിന്റെ ലഘു വിവരണം | |
| (ii) | വാണിജ്യ വിനിയോഗത്തിന്റെ പ്രതീക്ഷിത കാലദൈർഘ്യം | |
| (4) | **അതോറിറ്റിയിൽനിന്നും ഗവേഷണത്തിനോ ജൈവ സർവ്വേയ്ക്കോ ജൈവ വിനിയോഗത്തിനോ അനുമതി ലഭിച്ചതിന്റെ വിശദാംശം** | |

| | | |
|---|---|---|
| (i) | ദേശീയ ജൈവവൈ വിധ്യ അതോറിറ്റി അപേക്ഷാ നമ്പർ | |
| (ii) | അംഗീകരിച്ച തീയതി | |
| (iii) | ദേശീയ ജൈവവൈവിധ്യ അതോറിറ്റി നൽകിയ അനുമതിയുടെ പകർപ്പ് (കരാർ രൂപത്തിൽ) അപ്‌ലോഡ് ചെയ്യുക | |
| (6) | ആനുകൂല്യം പങ്കുവയ്ക്കലിന്റെ പ്രധാന രീതി | (i) സാമ്പത്തികം<br>(ii) സാമ്പത്തികേതരം<br>(iii) രണ്ടും |
| (7) | പ്രാപ്തമാക്കപ്പെട്ട ജൈവവിഭവങ്ങൾ, അതുമായി ബന്ധപ്പെട്ട അറിവ് എന്നിവയിൽ നിന്നും ഇന്ത്യയിലേക്ക് /സമൂഹത്തിലേക്ക് വരാവുന്ന ആനുകൂല്യത്തിന്റെ പ്രതീക്ഷിത കണക്ക് | |
| (8) | പ്രസക്തമെന്ന് കണക്കാക്കുന്ന മറ്റേതെങ്കിലും വിവരം | |
| (9) | അപേക്ഷാഫീസ് അടച്ചതിന്റെ വിശദാംശം (പണം അടച്ച രീതി, പണമിടപാടിന്റെ ഐ.ഡി, തുക, തീയതി തുടങ്ങിയവ) | |

## പ്രസ്താവന

ഞാൻ/ഞങ്ങൾ ഇതിനാൽ പ്രസ്താവിക്കുന്നു:

1. നിർദ്ദിഷ്ട ജൈവവിഭവത്തിന്റെ ശേഖരണം വിഭവങ്ങളുടെ സുസ്ഥിരതയെ പ്രതികൂലമായി ബാധിക്കുന്നതല്ല;
2. നിർദ്ദിഷ്ട ജൈവവിഭവത്തിന്റെ ശേഖരണം പാരിസ്ഥിതിക ആഘാതത്തിന് വഴിവയ്ക്കുകയില്ല;
3. നിർദ്ദിഷ്ട ജൈവവിഭവത്തിന്റെ ശേഖരണം ആവാസവ്യവസ്ഥയ്ക്ക് ഒരു അപായവും സൃഷ്ടിക്കുന്നതല്ല;
4. നിർദ്ദിഷ്ട ജൈവവിഭവത്തിന്റെയും അതുമായി ബന്ധപ്പെട്ട അറിവിന്റെയും ശേഖരണം തദ്ദേശ സമൂഹത്തെ പ്രതികൂലമായി ബാധിക്കുകയില്ല.

കൂടാതെ അപേക്ഷയിൽ നൽകിയിട്ടുള്ള വിവരങ്ങൾ എന്റെ/ഞങ്ങളുടെ ഉത്തമവിശ്വാസത്തിലും അറിവിലും സത്യവും ശരിയുമാണെന്നും അത് യാതൊന്നും മറച്ചുവയ്ക്കുന്നില്ലെന്നും അതിന്റെ ഒരുഭാഗവും വ്യാജമല്ലെന്നും കൂടി ഞാൻ/ഞങ്ങൾ പ്രസ്താവന ചെയ്യുന്നു. ഏതെങ്കിലും തെറ്റായതോ അയഥാർത്ഥമോ ആയ വിവരങ്ങൾ നൽകിയതിന് ഞാൻ/ഞങ്ങൾ ഉത്തരവാദിയായിരിക്കുന്നതാണ്.

സ്ഥലം                                                                 ഒപ്പ്
തീയതി                                                                 പേര്

## ഫോറം 3
### (ആക്ടിന്റെ 4-ാം വകുപ്പും ചട്ടം 15 (1) (എ)-യും കാണുക)

വകുപ്പ് 3 (2)ൽ ഉൾപെടുന്ന വ്യക്തികൾക്ക് വാണിജ്യപരമോ മറ്റെന്തെങ്കിലുമോ ഉദ്ദേശ്യങ്ങൾക്ക് ഗവേഷണ ഫലങ്ങൾ കൈമാറുന്നതിന് അല്ലെങ്കിൽ പങ്കുവയ്ക്കുന്നതിന് ദേശീയ ജൈവവൈവിധ്യ അതോറിറ്റിയുടെ മുൻകൂർ അനുമതി തേടുന്നതിനുള്ള അപേക്ഷ.

| | | |
|---|---|---|
| 1. | **അപേക്ഷകന്റെ വിശദവിവരം** | |
| (i) | അപേക്ഷകന്റെ വിഭാഗം | (ഡ്രോപ്പ് ഡൗൺ മെനു)<br>(എ) വ്യക്തി<br>(ബി) വ്യക്തിയും സ്ഥാപനവും<br>(സി) സ്ഥാപനം |
| (ii) | അപേക്ഷകന്റെ പേര് | |
| (iii) | അപേക്ഷകന്റെ പദവി | (ഡ്രോപ്പ് ഡൗൺ മെനു)<br>(എ) ഇന്ത്യാക്കാരൻ<br>(ബി) എൻ. ആർ. ഐ<br>(സി) വിദേശ പൗരൻ<br>(ഡി) ആക്ടിന്റെ വകുപ്പ് 3 (2) ൽ ഉൾപ്പെടുന്ന സ്ഥാപനം<br>(ഇ) ആക്ടിന്റെ വകുപ്പ് 7 ൽ ഉൾപ്പെടുന്ന സ്ഥാപനം |
| (iv) | അപേക്ഷകന്റെ മേൽവിലാസം<br>(പിൻകോഡ്, ഇ-മെയിൽ, മൊബൈൽ നമ്പർ, മറ്റൊരു മൊബൈൽ നമ്പറും അല്ലെങ്കിൽ ലാൻഡ് ലൈൻ എന്നിവ ഉൾപ്പെടുന്ന പോസ്റ്റൽ മേൽവിലാസം) | |

| | | |
|---|---|---|
| (v) | വ്യക്തിയുടെ/ സ്ഥാപനത്തിന്റെ വിവരണം | |
| (vi) | വ്യാപാരത്തിന്റെ സ്വഭാവം (അപേക്ഷകൻ ഒരു സ്ഥാപനമാണെങ്കിൽ ബാധകം) | |
| (vii) | അപേക്ഷകന്റെ അംഗീകൃത പ്രതിനിധി യുടെ വിശദ വിവരം (അപേക്ഷകൻ ഒരു സ്ഥാപന മാണെങ്കിൽ ബാധകം) (പേരും മേൽവിലാസവും പിൻകോഡും, ഇ- മെയിലും, മൊബൈൽനമ്പറും, മറ്റൊരു മൊബൈൽ നമ്പരും/ലാൻഡ് ലൈൻ നമ്പരും) | |
| (viii) | അപേക്ഷകന്റെ ഇന്ത്യ യിലെ ബന്ധപ്പെടേണ്ട വ്യക്തി (ഉണ്ടെങ്കിൽ) (പേരും മേൽവിലാസവും പിൻകോഡും, ഇ- മെയിലും, മൊബൈൽ നമ്പറും, മറ്റൊരു മൊബൈൽ നമ്പരും/ലാൻഡ് ലൈൻ നമ്പർ ഉൾപ്പെടെ) | |
| **(2)** | **ഗവേഷണഫലത്തിന്റെ വിവരണം** | |
| (i) | പൂർത്തീകരിച്ച ഗവേഷണ ഫലങ്ങ ളുടെ വിശദാംശം | |
| (ii) | കൈമാറാൻ അഥവാ പങ്കുവയ്ക്കാൻ പോകുന്ന ഗവേഷണ ഫലങ്ങളുടെ വിശദാംശവും സ്വഭാവവും | |

| | | |
|---|---|---|
| (3) | ഗവേഷണത്തിൽ ഉപയോഗിച്ച ജൈവ വിഭവങ്ങളുടെ വിശദാംശം | (ഡ്രോപ്പ് ഡൗൺ മെനു)<br>(i) ജൈവവിഭവങ്ങളുടെ സ്വഭാവം (സസ്യങ്ങൾ/ ജന്തുക്കൾ/സൂക്ഷ്മാണുക്കൾ/ ജനിതക വസ്തുക്കൾ/ വകഭേദം/ഹൈബ്രിഡ്)<br>(ii) പൊതുനാമം<br>(iii) ശാസ്ത്രീയ നാമം (ജീനസ്സും സ്പീഷീസും/ വകഭേദം/ജനുസ്സ്)<br>(iv) സസ്യഭാഗങ്ങൾ (വിത്ത്, കാണ്ഡം, പട്ട (തൊലി), ഇല, പുഷ്പം, ഫലം, വേര്, ജനിതക വസ്തു,ഭൂകാണ്ഡം, സത്ത്, സ്രവം തുടങ്ങിയവ).<br>(v) ഓരോ ജൈവവിഭവ ത്തിന്റെയും അളവ് (കിലോ ഗ്രാം/ ഗ്രാം/ മില്ലിലിറ്റർ)<br>(vi) ഭൂമിശാസ്തരപരമായ സ്ഥാനം (വില്ലേജ്, താലൂക്ക്, ജില്ല, സംസ്ഥാനം)<br>ഗവേഷണ സ്ഥാപനത്തിൽ നിന്നാണ് സംഭരിച്ചതെങ്കിൽ അവരുടെ പേര്, മേൽ വിലാസം, ബന്ധപ്പെടാനുള്ള വിശദ വിവരം എന്നിവ നൽകേണ്ടതാണ്; ഒരു ശേഖര കേന്ദ്രത്തിൽ നിന്നോ സ്ഥാപന ത്തിൽ നിന്നോ ആണ് സംഭരിച്ച തെങ്കിൽ ശേഖരണത്തിന്റെ ഉറവിടം നൽകേണ്ടതാണ്. |
(എഫ്) 'കൗൺസിൽ' എന്നാൽ ആക്ടിന്റെ 22 -ാം വകുപ്പിന്റെ (2)-ാം ഉപവകുപ്പു പ്രകാരം സ്ഥാപിക്കപ്പെട്ട കേന്ദ്ര ഭരണപ്രദേശ ബയോഡൈവേഴ്സിറ്റി കൗൺസിൽ എന്നർത്ഥമാകുന്നു;

(ജി) 'ഫീ'എന്നാൽ 2024 ലെ ജൈവവൈവിധ്യ ചട്ടങ്ങളിലെ ഒന്നാം പട്ടികയിൽ വ്യക്തമാക്കിയിട്ടുള്ള ഏതെങ്കിലും ഫീ എന്നർത്ഥമാകുന്നു;

(എച്ച്) 'ചട്ടങ്ങൾ' എന്നാൽ 2024 ലെ ജൈവവൈവിധ്യ ചട്ടങ്ങൾ എന്നർത്ഥമാകുന്നു;

(ഐ) 'ട്രിബ്യൂണൽ' എന്നാൽ 2010 ലെ ദേശീയ ഹരിത ട്രിബ്യൂണൽ ആക്ട് (2010 ലെ 19) വകുപ്പ് 3 പ്രകാരം രൂപീകരിച്ചിട്ടുള്ള ദേശീയ ഹരിത ട്രിബ്യൂണൽ എന്നർത്ഥമാകുന്നു

(ജെ) 'അപ്ഫ്രണ്ട് പേമെന്റ്' (മുൻകൂർ പണമടയ്ക്കൽ) എന്നാൽ ജൈവവിഭവമോ തത്സംബന്ധമായ അറിവോ പ്രാപ്യമാക്കുന്നതിനു മുന്നോടിയായി അപേക്ഷകൻ ഒടുക്കേണ്ട തുക എന്നർത്ഥമാകുന്നു.

2) ഈ നിയമവ്യവസ്ഥയിൽ ഉപയോഗിച്ചിട്ടുള്ളതും എന്നാൽ നിർവ്വചിച്ചിട്ടില്ലാത്തതും പക്ഷേ നിയമത്തിലും ചട്ടങ്ങളിലും നിർവ്വചിച്ചിട്ടുള്ളതുമായ വാക്കുകൾക്കും പ്രയോഗങ്ങൾക്കും നിയമത്തിലും ചട്ടങ്ങളിലും അവയ്ക്കു നൽകിയിട്ടുള്ള അർത്ഥങ്ങൾ യഥാക്രമം ഉണ്ടായിരിക്കുന്നതാണ്.

**(3) നിയമത്തിന്റെ വകുപ്പ് 3 പ്രകാരം ഗവേഷണത്തിനോ ജൈവ സർവ്വേയ്ക്കോ ജൈവ ഉപയോഗത്തിനോ വേണ്ടി ഡിജിറ്റൽ സീക്വൻസ് വിവരങ്ങൾ ഉൾപ്പെടെയുള്ള ജൈവ വിഭവമോ അനുബന്ധ അറിവുകളോ പ്രാപ്യമാക്കുന്നതിനുള്ള പ്രയോജനം പങ്കിടൽ നടപടി –** 1) സംരക്ഷണ മൂല്യമോ ഉയർന്ന സാമ്പത്തിക മൂല്യമോ ഉള്ള രക്തചന്ദനം, ചന്ദനം, അഗർവുഡ് തുടങ്ങിയ ജൈവവിഭവമോ (ഡിജിറ്റൽ സീക്വൻസ് വിവരങ്ങൾ ഉൾപ്പെടെ) തത്സംബന്ധമായ അറിവുകളോ, സമയോചിതമായി അതോറിറ്റി തീരുമാനിക്കുന്ന മറ്റു വസ്തുക്കളോ, കൂടാതെ നിയമത്തിലെ വകുപ്പ് 38 പ്രകാരം വിജ്ഞാപനം ചെയ്തിട്ടുള്ള വംശനാശഭീഷണി നേരിടുന്ന സ്പീഷീസുകളോ, ഗവേഷണ ത്തിനോ ജൈവസർവ്വേയ്ക്കോ ജൈവവിനിയോഗത്തിനോ പ്രാപ്യമാക്കുന്ന പക്ഷം, മുൻകൂർ പണമടയ്ക്കൽ ഉൾപ്പെടെ യുള്ള പ്രയോജനം പങ്കിടൽ അതോറിറ്റിയ്ക്ക് നിർണ്ണയിക്കുന്ന താണ്:

എന്നാൽ ഗവേഷണത്തിനോ അല്ലെങ്കിൽ ജൈവസർവ്വേ യ്ക്കും ജൈവ വിനിയോഗത്തിനും വേണ്ടി പ്രാപ്യമാക്കുന്ന ചില ജൈവവിഭവങ്ങൾക്കും (ഡിജിറ്റൽ സീക്വൻസ് വിവരങ്ങൾ ഉൾപ്പെടെ) അനുബന്ധ അറിവുകൾക്കും, അതത് സംഗതികൾ ക്കനുസരിച്ച്, അതോറിറ്റിയ്ക്ക് മുൻകൂർ പണമടയ്ക്കൽ ആവശ്യ പ്പെടാവുന്നതാണ്:

എന്നിരുന്നാലും, ഡിജിറ്റൽ സീക്വൻസ് വിവരങ്ങൾ ഉൾപ്പെ ടുന്ന ജൈവവിഭവമോ അവയുമായി ബന്ധപ്പെട്ട അറിവുകളോ, അക്കാദമിക ഗവേഷണത്തിനായി പ്രാപ്യമാക്കുകയാണെങ്കിൽ, അതത് സംഗതികൾക്കനുസരിച്ച് അതോറിറ്റിയ്ക്ക് അനുയോ ജ്യമെന്ന് തോന്നുന്നപക്ഷം, മുൻകൂർ പണമടയ്ക്കൽ ഉൾപ്പെ ടെയുള്ള 'പ്രയോജനം പങ്കിടൽ' ഒഴിവാക്കുന്നതിന് അതോറി റ്റിയ്ക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.

(4) **നിയമത്തിലെ വകുപ്പ് 3 പ്രകാരം ജൈവവിഭവമോ അനു ബന്ധ അറിവുകളോ വാണിജ്യാവശ്യത്തിനായി പ്രാപ്യമാ ക്കുന്നതിനുള്ള പ്രയോജനം പങ്കിടൽ നടപടി – (1)**

ഡിജിറ്റൽ സീക്വൻസ് വിവരങ്ങൾ ഉൾപ്പെടുന്ന ജൈവവിഭവമോ അവയുമായി ബന്ധപ്പെട്ട അറിവോ, വാണിജ്യാവശ്യത്തിന് പ്രാപ്യമാക്കുകയാണെങ്കിൽ, ചുവടെ കൊടുത്തിട്ടുള്ള പട്ടിക യിൽ പറയും പ്രകാരം പ്രയോജനം പങ്കിടൽ തുക അപേക്ഷ കൻ ഒടുക്കേണ്ടതാണ്–

**പട്ടിക**

| ക്രമ നം. | വ്യക്തിയുടെ വാർഷിക വിറ്റുവരവ് (ഇന്ത്യൻ രൂപയിൽ) | വാണിജ്യാവശ്യത്തിന് ജൈവവിഭവം പ്രാപ്യമാക്കുന്നതിന്റെ ഭാഗമായി ഒടുക്കേണ്ട പ്രയോജനം പങ്കിടൽ തുക (ഗവൺമെന്റ് നികുതികൾ ഒഴിവാക്കി ക്കൊണ്ടുള്ള ഫാക്ടറിയിൽ നിന്നുള്ള ഉൽപ്പന്നത്തിന്റെ വാർഷിക മൊത്ത വിൽപ്പന വിലയുടെ ശതമാനം) |
|---|---|---|
| (1) | (2) | (3) |
| 1 | 5 കോടി വരെ | ഇല്ല |
| 2 | 5 കോടിയ്ക്കു മുകളിൽ 50 കോടി വരെ | 0.2% |
| 3 | 50 കോടിയ്ക്കു മുകളിൽ 250 കോടി വരെ | 0.4% |
| 4 | 250 കോടിയ്ക്കു മുകളിൽ | 0.6% |

2) വാർഷിക വരുമാനം ഒരു കോടി രൂപയിൽ കൂടുതലുള്ള ഏതെങ്കിലും വ്യക്തി, ബന്ധപ്പെട്ട സാമ്പത്തിക വർഷത്തിൽ ഉപഭോഗം നടത്തിയ ജൈവവിഭവങ്ങളെക്കുറിച്ചുള്ള വിവരങ്ങ ളടങ്ങിയ ഒരു വാർഷിക പ്രസ്താവന, പ്രസ്തുത സാമ്പത്തിക വർഷത്തിലെ വാർഷിക ആദായ നികുതി അല്ലെങ്കിൽ കോർപ്പ റേറ്റ് നികുതി റിട്ടേൺ അന്തിമമാക്കി മൂന്നു മാസത്തിനകം, ഫോറം 'എ' യിൽ സമർപ്പിക്കേണ്ടതാണ്.

3) ഈ നിയമവ്യവസ്ഥ പ്രകാരം പ്രയോജനം പങ്കിടൽ തുക

ഒടുക്കുന്നതിന് ബാധ്യസ്ഥരായിട്ടുള്ള വ്യക്തികൾ പ്രസ്തുത തുക വെബ് പോർട്ടലിലൂടെ ഡിജിറ്റലായി അയയ്ക്കേണ്ട താണ്.

4) സംരക്ഷണ മൂല്യമോ ഉയർന്ന സാമ്പത്തിക മൂല്യമോ ഉള്ള രക്തചന്ദനം, ചന്ദനം, അഗർവുഡ് തുടങ്ങിയ ജൈവ വിഭവത്തിന്റെയോ സമയോചിതമായി അതോറിറ്റി തീരുമാനി ക്കുന്ന മറ്റു വസ്തുക്കളുടെയോ, കൂടാതെ നിയമത്തിലെ വകുപ്പ് 38 പ്രകാരം വിജ്ഞാപനം ചെയ്തിട്ടുള്ള വംശനാശഭീഷണി നേരിടുന്ന സ്പീഷീസുകളുടെയോ കാര്യത്തിൽ, അതത് സാഹ ചര്യത്തിനനുസരിച്ച്, ലേലത്തിലൂടെയുള്ള വരുമാനത്തിന്റെയോ വിൽപ്പന തുകയുടെയോ വാങ്ങിയ വിലയുടെയോ അഞ്ചു ശത മാനത്തിൽ കുറയാത്ത തുക, അതത് സംഗതികൾക്കനുസരിച്ച്, പ്രയോജനം പങ്കിടലിന്റെ ഭാഗമായുള്ള മുൻകൂർ പണമടയ്ക്ക ലിനായി അതോറിറ്റിയ്ക്ക് നിർണ്ണയിക്കാവുന്നതാണ്:

എന്നാൽ സംരക്ഷണ മൂല്യമോ ഉയർന്ന സാമ്പത്തിക മൂല്യമോ ഉള്ള രക്തചന്ദനം, ചന്ദനം, അഗർവുഡ് തുടങ്ങിയ ജൈവ വിഭവത്തിന്റെയോ സമയോചിതമായി അതോറിറ്റി തീരുമാനി ക്കുന്ന മറ്റു വസ്തുക്കളുടെയോ, കൂടാതെ നിയമത്തിലെ വകുപ്പ് 38 പ്രകാരം വിജ്ഞാപനം ചെയ്തിട്ടുള്ള വംശനാശഭീഷണി നേരിടുന്ന സ്പീഷീസുകളുടെയോ കാര്യത്തിൽ, ഡിജിറ്റൽ സീക്വൻസ് വിവരങ്ങളോ അനുബന്ധ അറിവോ ഉൾപ്പെടുക യാണെങ്കിൽ, ഈ നിയമവ്യവസ്ഥയിലെ ഉപ വ്യവസ്ഥ (1) ൽ പരാമർശിച്ചിട്ടുള്ള പ്രയോജനം പങ്കിടൽ തുകയ്ക്ക് ഉപരിയായി 20 ശതമാനം അധികം തുക പ്രയോജനം പങ്കിടൽ തുകയായി ഈടാക്കേണ്ടതാണ്.

**(5) നിയമത്തിലെ വകുപ്പ് 7 പ്രകാരമുള്ള വ്യക്തികൾക്ക് വാണിജ്യോപയോഗത്തിനുള്ള മുൻകൂർ അറിയിപ്പ് നൽകു ന്നതിനുള്ള നടപടികൾ** - (1) ഡിജിറ്റൽ സീക്വൻസ് വിവരങ്ങൾ ഉൾപ്പെടെയുള്ള ജൈവവിഭവമോ അനുബന്ധ അറിവോ വാണിജ്യോപയോഗത്തിനായി പ്രാപ്യമാക്കുന്നതിന് ഉദ്ദേശി ക്കുന്ന ഏതൊരു വ്യക്തിയും, നിശ്ചിത ഫീസ് (വ്യക്തികളാ ണെങ്കിൽ 2000 രൂപയും സ്ഥാപനമാണെങ്കിൽ 5000 രൂപയും)

സഹിതം ഫോറം 'ബി' യിൽ വെബ് പോർട്ടൽ മുഖേന ബോർഡിനോ കൗൺസിലിനോ മുൻകൂർ അറിയിപ്പ് നൽകേണ്ടതും പ്രസ്തുത ഫോറത്തിൽ അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള പരസ്പര സമ്മതപ്രകാരമുള്ള നിബന്ധനകളും വ്യവസ്ഥകളും പ്രകാരമുള്ള തങ്ങളുടെ സമ്മതം നൽകേണ്ടതുമാണ്.

എന്നാൽ, നിയമത്തിലെ വകുപ്പ് 40 പ്രകാരം വിജ്ഞാപനം ചെയ്തിട്ടുള്ള കൃഷി ചെയ്ത ഔഷധസസ്യങ്ങളുടെ കാര്യത്തിൽ നിയമത്തിലെ വകുപ്പ് 7 പ്രകാരമുള്ള വ്യവസ്ഥകൾ ബാധകമാകുന്നതല്ല.

2) അപേക്ഷകൻ സമർപ്പിക്കുന്ന മുൻകൂർ അറിയിപ്പ്, എല്ലാതലത്തിലും സമ്പൂർണ്ണമാണെങ്കിൽ, ഫോറം 'സി' യിൽ ഉൾപ്പെടുത്തിയിട്ടുള്ള പരസ്പരം അംഗീകരിച്ച നിബന്ധനകളിലും വ്യവസ്ഥകളിലും തിരുത്തൽ വരുത്തിക്കൊണ്ടോ അല്ലാതെയോ അപേക്ഷ അംഗീകരിക്കുകയോ അല്ലെങ്കിൽ ഫോറം 'ഡി' യിൽ നിരാകരിക്കുന്നതിനുള്ള കാരണം ഉൾപ്പെടുത്തിക്കൊണ്ട് നിരസിക്കുകയോ ചെയ്തുകൊണ്ട്, പ്രസ്തുത സമർപ്പണം ലഭിച്ച തീയതി മുതൽ 15 ദിവസത്തിനകം, ബോർഡോ കൗൺസിലോ ആയത് തീർപ്പാക്കേണ്ടതാണ്:

എന്നാൽ ബോർഡോ കൗൺസിലോ തിരുത്തൽ വരുത്തിയ കരാറിൽ അപേക്ഷകൻ 15 ദിവസത്തിനകം ഒപ്പുവെയ്ക്കാത്ത പക്ഷം, അപേക്ഷകനെ അറിയിച്ചുകൊണ്ട് അപേക്ഷ അടഞ്ഞതായി കണക്കാക്കേണ്ടതാണ്.

എന്നിരുന്നാലും 90 ദിവസത്തിനകം ബാധകമായ ഫീസിന്റെ പകുതി തുക ലഭിയ്ക്കുന്ന പക്ഷം, അടഞ്ഞ അപേക്ഷ ബോർഡോ കൗൺസിലോ വീണ്ടും പരിഗണിക്കേണ്ടതാണ്.

എന്നാൽ അപേക്ഷകന്റെ ഭാഗം കേൾക്കുന്നതിനുള്ള ന്യായമായ അവസരം നൽകാതെ അപേക്ഷ നിരസിക്കുവാൻ പാടുള്ളതല്ല.

3) ഉപവ്യവസ്ഥ (1) പ്രകാരം അപേക്ഷ നിരസിച്ചതിൽ അസന്തുഷ്ടിയുള്ള ഏതൊരു വ്യക്തിയ്ക്കും ട്രിബ്യൂണലിൽ അപ്പീൽ നൽകാവുന്നതാണ്.

4) അപേക്ഷകന്റെ മുൻകൂർ അറിയിപ്പ് ഫോറം ലഭിച്ച് 15 ദിവസത്തിനകം ബോർഡോ കൗൺസിലോ പ്രതികരിക്കാത്തപക്ഷം, അത് ഒരു വർഷത്തേയ്ക്കുള്ള അനുമതിയായി കണക്കാക്കേണ്ടതാണ്.

5) അപേക്ഷകനും ബോർഡ്/ കൗൺസിലും തമ്മിൽ തീർപ്പാക്കാനാകാത്ത തർക്കമുണ്ടാകുന്ന പക്ഷം, ബോർഡ്/ കൗൺസിൽ ആയത് അതോറിറ്റിയുടെ പരിഗണനയ്ക്കായി ഇലക്ട്രോണിക് മാർഗ്ഗത്തിൽ വിടേണ്ടതും; അതോറിറ്റി അത് 15 ദിവസത്തിനകം തീർപ്പാക്കേണ്ടതുമാണ്.

6) ഈ നിയമ പ്രകാരം അതോറിറ്റിയുടെയോ ബോർഡിന്റയോ പ്രയോജനം പങ്കിടൽ നിർണ്ണയത്തോടോ ഉത്തരവിനോടോ അസന്തുഷ്ടിയുള്ള ഏതൊരു വ്യക്തിയ്ക്കും ട്രിബ്യൂണലിൽ അപ്പീൽ നൽകാവുന്നതാണ്.

7) ഡിജിറ്റൽ സീക്വൻസ് വിവരങ്ങൾ ഉൾപ്പെടെയുള്ള ജൈവവിഭവമോ അനുബന്ധ അറിവോ വാണിജ്യോപയോഗത്തിനായി പ്രാപ്യമാക്കുന്നതിന്, ചുവടെ കൊടുത്തിട്ടുള്ള പട്ടികയിൽ പറയും പ്രകാരമുള്ള പ്രയോജനം പങ്കിടൽ തുക അപേക്ഷകൻ അടയ്ക്കേണ്ടതാണ്.-

**പട്ടിക**

| ക്രമ നം. | വ്യക്തിയുടെ വാർഷിക വിറ്റു വരവ് (ഇന്ത്യൻ രൂപയിൽ) | വാണിജ്യാവശ്യത്തിന് ജൈവവിഭവം പ്രാപ്യമാക്കുന്നതിന്റെ ഭാഗമായി ഒടുക്കേണ്ട പ്രയോജനം പങ്കിടൽ തുക (ഗവൺമെന്റ് നികുതികൾ ഒഴിവാക്കിക്കൊണ്ടുള്ള ഫാക്ടറിയിൽ നിന്നുള്ള ഉൽപ്പന്നത്തിന്റെ വാർഷിക മൊത്ത വിൽപ്പന വിലയുടെ ശതമാനം) |
|---|---|---|
| (1) | (2) | (3) |
| 1 | 5 കോടി വരെ | ഇല്ല |
| 2 | 5 കോടിയ്ക്കു മുകളിൽ 50 കോടി വരെ | 0.2% |
| 3 | 50 കോടിയ്ക്കു മ ുകളിൽ 250 കോടി വരെ | 0.4% |
| 4 | 250 കോടിയ്ക്കു മുകളിൽ | 0.6% |

എന്നാൽ, കൃഷി ചെയ്തതും കൃഷി ചെയ്യാത്തതുമായ ഔഷധ സസ്യങ്ങൾ ഉൾക്കൊള്ളുന്ന ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്ന വ്യക്തികളുടെ കാര്യത്തിൽ, അതോറിറ്റിയുമായും ആയുഷ് മന്ത്രാലയവുമായും കൂടിയാലോചിച്ചുകൊണ്ട്, പരിസ്ഥിതി, വനം, കാലാവസ്ഥാ വ്യതിയാന മന്ത്രാലയം സമയാസമയങ്ങളിൽ വിജ്ഞാപനം ചെയ്യുന്ന ഉൽപ്പന്നങ്ങൾക്ക് പ്രയോജനം പങ്കിടൽ തുക ഒടുക്കുന്നത് ബാധകമായിരിക്കുന്നതല്ല.

8) സംരക്ഷണ മൂല്യമോ ഉയർന്ന സാമ്പത്തിക മൂല്യമോ ഉള്ള രക്തചന്ദനം, ചന്ദനം, അഗർവുഡ് തുടങ്ങിയ ജൈവവിഭവത്തിന്റെയോ സമയോചിതമായി അതോറിറ്റി തീരുമാനിക്കുന്ന മറ്റു വസ്തുക്കളുടെയോ, കൂടാതെ നിയമത്തിലെ വകുപ്പ് 38 പ്രകാരം വിജ്ഞാപനം ചെയ്തിട്ടുള്ള വംശനാശഭീഷണി നേരിടുന്ന സ്പീഷീസുകളുടെയോ കാര്യത്തിൽ, അതത് സാഹ

ചര്യത്തിനനുസരിച്ച്, ലേലത്തിലൂടെയുള്ള വരുമാനത്തിന്റെയോ വിൽപ്പന തുകയുടെയോ വാങ്ങിയ വിലയുടെയോ അഞ്ചു ശത മാനത്തിൽ കുറയാത്ത തുക, അതത് സംഗതികൾക്കനുസരിച്ച്, പ്രയോജനം പങ്കിടലിന്റെ ഭാഗമായുള്ള മുൻകൂർ പണമടയ്ക്ക ലായി ബോർഡിനോ കൗൺസിലിനോ നിർണ്ണയിക്കാവുന്ന താണ്:

എന്നാൽ സംരക്ഷണ മൂല്യമോ ഉയർന്ന സാമ്പത്തിക മൂല്യമോ ഉള്ള രക്തചന്ദനം, ചന്ദനം, അഗർവുഡ് തുടങ്ങിയ ജൈവവി ഭവത്തിന്റെയോ സമയോചിതമായി അതോറിറ്റി തീരുമാനി ക്കുന്ന മറ്റു വസ്തുക്കളുടെയോ, കൂടാതെ നിയമത്തിലെ വകുപ്പ് 38 പ്രകാരം വിജ്ഞാപനം ചെയ്തിട്ടുള്ള വംശനാശഭീഷണി നേരിടുന്ന സ്പീഷീസുകളുടെയോ കാര്യത്തിൽ, ഡിജിറ്റൽ സീക്വൻസ് വിവരങ്ങളോ അനുബന്ധ അറിവോ ഉൾപ്പെടുക യാണെങ്കിൽ, ഈ നിയമവ്യവസ്ഥയിലെ ഉപ വ്യവസ്ഥ (7) ൽ പരാമർശിച്ചിട്ടുള്ള പ്രയോജനം പങ്കിടൽ തുകയ്ക്ക് ഉപരിയായി 20 ശതമാനം അധികം തുക പ്രയോജനം പങ്കിടൽ തുകയായി ഈടാക്കേണ്ടതാണ്.

9) വാർഷിക വരുമാനം ഒരു കോടി രൂപയിൽ കൂടുതലുള്ള ഏതെങ്കിലും വ്യക്തി, ബന്ധപ്പെട്ട സാമ്പത്തിക വർഷത്തിൽ ഉപഭോഗം നടത്തിയ ജൈവവിഭവങ്ങളെക്കുറിച്ചുള്ള വിവരങ്ങ ളടങ്ങിയ ഒരു വാർഷിക പ്രസ്താവന, പ്രസ്തുത സാമ്പത്തിക വർഷത്തിലെ വാർഷിക ആദായ നികുതി അല്ലെങ്കിൽ കോർപ്പ റേറ്റ് നികുതി റിട്ടേൺ അന്തിമമാക്കി മൂന്നു മാസത്തിനകം, ഫോറം 'എ' യിൽ സമർപ്പിക്കേണ്ടതാണ്.

10) ഈ നിയമവ്യവസ്ഥ പ്രകാരം പ്രയോജനം പങ്കിടൽ തുക ഒടുക്കുന്നതിന് ബാധ്യസ്ഥരായിട്ടുള്ള വ്യക്തികൾ പ്രസ്തുത തുക വെബ് പോർട്ടലിലൂടെ ഡിജിറ്റലായി അയയ്ക്കേണ്ട താണ്.

**(6) ശേഖരണ ഫീസ്** - വാണിജ്യാവശ്യത്തിനായി ഏതൊരു ജൈവവിഭവവും പ്രാപ്യമാക്കുന്നതിനായി മുൻകൂർ അനുമതി തേടുകയോ മുൻകൂർ അറിയിപ്പ് നൽകുകയോ ചെയ്യുന്ന

ഏതൊരു വ്യക്തിയും, ചട്ടം 11 ലെ ഖണ്ഡം (ഡബ്ല്യൂ) പ്രകാരം തയ്യാറാക്കുന്ന മാതൃകാ മാർഗ്ഗനിർദ്ദേശങ്ങളിൽ നിശ്ചയിച്ചിട്ടുള്ളതിൻ പ്രകാരമുള്ള ശേഖരണ ഫീസ്, വെബ് പോർട്ടൽ മുഖേന നിയമത്തിലെ വകുപ്പ് 41, ഉപവകുപ്പ് (3) പ്രകാരം കമ്മിറ്റിയ്ക്ക് (ബി.എം.സി.) അടയ്ക്കേണ്ടതാണ്.

**(7) ജൈവവിഭവമോ അനുബന്ധ അറിവുമായോ ബന്ധപ്പെട്ട ഗവേഷണ ഫലങ്ങൾ പങ്കുവെയ്ക്കുന്നതിനോ കൈമാറ്റം ചെയ്യുന്നതിനോ ഉള്ള പ്രയോജനം പങ്കുവെയ്ക്കൽ രീതി –** (1) ജൈവവൈവിധ്യ ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം ഗവേഷണ ഫലങ്ങൾ പങ്കിടുകയോ കൈമാറുകയോ ചെയ്യുന്നപക്ഷം, അപേക്ഷകനും അതോറിറ്റിയുമായുള്ള ധാരണപ്രകാരം, അപേക്ഷകൻ അതോറിറ്റിയ്ക്ക് സാമ്പത്തിക നേട്ടം നൽകുകയോ സാമ്പത്തികേതര നേട്ടം പങ്കുവെയ്ക്കുകയോ ചെയ്യേണ്ടതാണ്:

എന്നാൽ അത്തരം കൈമാറ്റത്തിലൂടെ അപേക്ഷകന് സാമ്പത്തിക നേട്ടം ലഭിക്കുന്ന പക്ഷം, അത്തരം സാമ്പത്തിക നേട്ടത്തിന്റെ പരമാവധി അഞ്ച് ശതമാനം വരെ അതോറിറ്റിയ്ക്ക് അടയ്ക്കേണ്ടതാണ്.

എന്നാൽ ഈ നിയമവ്യവസ്ഥകൾ പ്രാബല്യത്തിൽ വരുന്നതിനു മുൻപായി അനുവദിച്ച സ്പോൺസർ ചെയ്യുന്ന പദ്ധതികളിൽ, പ്രയോജനം പങ്കിടുന്നതിനായി തുക വകയിരുത്തിയിട്ടില്ലാത്ത സാഹചര്യത്തിൽ, ഗവേഷണ ഫലങ്ങൾ വാണിജ്യാവശ്യത്തിനായി ഉപയോഗിക്കുന്ന പക്ഷം ആയതിന്റെ പ്രയോജനങ്ങൾ അതോറിറ്റിയുമായി പങ്കിടുമെന്ന് സ്പോൺസർ ചെയ്യുന്ന സംഘടന ഉറപ്പുനൽകേണ്ടതും, അത്തരം പദ്ധതികളുടെ സ്പോൺസർഷിപ്പ് പ്രയോജനപ്പെടുത്തുന്ന ഇന്ത്യൻ വ്യക്തി, ഈ ആവശ്യകതയെക്കുറിച്ച് സ്പോൺസറെ അറിയിക്കുകയും ചെയ്യേണ്ടതാണ്.

2) നിയമത്തിലെ വകുപ്പ് 3 ൽ ഉൾപ്പെടുന്ന ഏതൊരു വ്യക്തിയും, ജൈവവിഭവമോ തത്സംബന്ധമായ പരമ്പരാഗത അറിവുമായോ ബന്ധപ്പെട്ട ഗവേഷണ ഫലങ്ങൾ വാണിജ്യാവശ്യത്തിനായി ഉപയോഗിക്കുന്നതിന് ഉദ്ദേശിക്കുന്നുവെങ്കിൽ, നിയ

മവ്യവസ്ഥ 4 ലെ ഉപവ്യവസ്ഥ (1) ൽ നിർദ്ദേശിച്ചിട്ടുള്ളതിൻ പ്രകാരമുള്ള പ്രയോജനം പങ്കിടൽ തുക അതോറിറ്റിയ്ക്ക് അടയ്ക്കേണ്ടതാണ്.

3) നിയമത്തിലെ വകുപ്പ് 3 ൽ ഉൾപ്പെടുന്ന ഏതൊരു വ്യക്തിയും, ഡിജിറ്റൽ സീക്വൻസ് വിവരങ്ങൾ ഉൾപ്പെടെയുള്ള ജൈവ വിഭവമോ തത്സംബന്ധമായ പരമ്പരാഗത അറിവുമായോ ബന്ധപ്പെട്ട ഗവേഷണ ഫലങ്ങൾ ബൗദ്ധിക സ്വത്തവകാശം നേടുന്നതിനായി ഉപയോഗിക്കുന്നതിന് ഉദ്ദേശിക്കുന്നുവെങ്കിൽ, താഴെപ്പറയും പ്രകാരം തുക അതോറിറ്റിയ്ക്ക് അടയ്ക്കേണ്ടതാണ് -

(i) അപേക്ഷകൻ വാണിജ്യാവശ്യത്തിനായി ബൗദ്ധിക സ്വത്തവകാശം സ്വയം ഉപയോഗിക്കുകയാണെങ്കിൽ, സർക്കാർ നികുതികൾ ഒഴിവാക്കിക്കൊണ്ടുള്ള ഉൽപ്പന്നത്തിന്റെ വാർഷിക എക്സ് ഫാക്ടറി മൊത്ത വിൽപ്പന വിലയുടെ (Annual Gross Ex-factory Sale Price) പരമാവധി ഒരു ശതമാനം വരെ, മേഖലാടിസ്ഥാന സമീപനത്തോടെ അതത് സാഹചര്യങ്ങൾക്കനുസൃതമായി നിശ്ചയിക്കുന്ന പ്രകാരം, സാമ്പത്തിക പ്രയോജനം പങ്കുവെയ്ക്കലായി അടയ്ക്കേണ്ടതാണ്;

(ii) അപേക്ഷകൻ വാണിജ്യാവശ്യത്തിനായി ബൗദ്ധിക സ്വത്തവകാശം മൂന്നാം കക്ഷിയ്ക്ക് കൈമാറുകയോ ലൈസൻസ് നൽകുകയോ ചെയ്യുന്നുവെങ്കിൽ, അപേക്ഷകനു ലഭിക്കുന്ന ഫീസിന്റെ (ലൈസൻസ് അല്ലെങ്കിൽ ചുമതലപ്പെടുത്തുന്നതിനുള്ള ഫീസ് ഉൾപ്പെടെയുള്ള ഏതുതരം ഫീസും) പരമാവധി അഞ്ചു ശതമാനം വരെയും, കൂടാതെ ചുമതലപ്പെടുത്തുന്ന അല്ലെങ്കിൽ ലൈസൻസ് കൊടുക്കുന്ന വ്യക്തിയിൽ നിന്നും വർഷംതോറും ലഭിക്കുന്ന റോയൽറ്റിയുടെ പരമാവധി അഞ്ചു ശതമാനം വരെയും മേഖലാടിസ്ഥാന സമീപനത്തോടെ, അതത് സാഹചര്യങ്ങൾക്കനുസൃതമായി നിശ്ചയിക്കുന്ന പ്രകാരം, അതോറിറ്റിയ്ക്ക് അടയ്ക്കേണ്ടതാണ്.

**(8) നിയമത്തിലെ വകുപ്പ് 3 ൽ ഉൾപ്പെടുന്ന വ്യക്തികൾക്ക് ബൗദ്ധിക സ്വത്തവകാശം വാണിജ്യവൽക്കരിക്കുന്നതിനുള്ള പ്രയോജനം പങ്കിടൽ രീതി –** (1) അപേക്ഷകനും അതോറിറ്റി

യും തമ്മിലുള്ള ധാരണപ്രകാരം അപേക്ഷകൻ അതോറിറ്റിയ്ക്ക് സാമ്പത്തിക നേട്ടങ്ങൾ അടയ്ക്കുകയോ സാമ്പത്തികേതര നേട്ടങ്ങൾ പങ്കുവെയ്ക്കുകയോ ചെയ്യേണ്ടതും അതോറിറ്റി :-

(i) അപേക്ഷകൻ വാണിജ്യാവശ്യത്തിനായി ബൗദ്ധിക സ്വത്തവകാശം സ്വയം ഉപയോഗിക്കുകയാണെങ്കിൽ, സർക്കാർ നികുതികൾ ഒഴിവാക്കിക്കൊണ്ടുള്ള ഉൽപ്പന്നത്തിന്റെ വാർഷിക എക്സ് ഫാക്ടറി മൊത്ത വിൽപ്പന വിലയുടെ പരമാവധി ഒരു ശതമാനം വരെ, മേഖലാടിസ്ഥാന സമീപനത്തോടെ അതത് സാഹചര്യങ്ങൾക്കനുസൃതമായി സാമ്പത്തിക പ്രയോജനം പങ്കുവെയ്ക്കലായി നിശ്ചയിക്കേണ്ടതാണ്;
എന്നാൽ കണ്ടുപിടിത്തത്തിൽ പരമ്പരാഗത അറിവ് ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ, ബാധകമായിട്ടുള്ളതിനേക്കാൾ 20 ശതമാനം അധികം പ്രയോജനം പങ്കുവെയ്ക്കൽ ബാധ്യത ഉണ്ടായിരിക്കുന്നതാണ്.

കൂടാതെ, ബൗദ്ധിക സ്വത്തവകാശം അവസാനിക്കുകയോ റദ്ദാക്കപ്പെടുകയോ ചെയ്ത ശേഷം, പ്രസ്തുത ബൗദ്ധിക സ്വത്തവകാശം ലഭിച്ചിരുന്ന ഉൽപ്പന്നത്തിലോ പ്രക്രിയയിലോ ഉപയോഗിക്കുന്നതിനായി ഡിജിറ്റൽ സീക്വൻസ് വിവരങ്ങളുൾപ്പെടെയുള്ള ജൈവവിഭവമോ അനുബന്ധമായിട്ടുള്ള പരമ്പരാഗത അറിവുകളോ, വാണിജ്യാവശ്യത്തിനായി പ്രാപ്യമാക്കുവാനുദ്ദേശിക്കുന്ന ഏതൊരു വ്യക്തിയും, ജൈവവൈവിധ്യചട്ടങ്ങളിലെ ചട്ടം 13 പ്രകാരം മുൻകൂർ അനുമതി തേടേണ്ടതും നിയമവ്യവസ്ഥ 4 പ്രകാരം നേട്ടങ്ങൾ പങ്കുവെയ്ക്കേണ്ടതുമാണ്.

വിശദീകരണം - ബൗദ്ധിക സ്വത്തവകാശം നിലനിൽക്കുന്ന കാലയളവിൽ തന്നെ അപേക്ഷകൻ വാണിജ്യാവശ്യത്തിനായി ജൈവവിഭവം പ്രാപ്യമാക്കുന്ന പക്ഷം, ഈ നിയമവ്യവസ്ഥ പ്രകാരം മാത്രമേ അപേക്ഷകൻ പ്രയോജനം പങ്കുവെയ്ക്കുവാൻ പാടുള്ളൂ.

(ii) അപേക്ഷകൻ വാണിജ്യാവശ്യത്തിനായി ബൗദ്ധിക സ്വത്തവകാശം മൂന്നാം കക്ഷിയ്ക്ക് കൈമാറുകയോ ലൈസൻസ് നൽകുകയോ ചെയ്യുന്നുവെങ്കിൽ, അപേക്ഷകനു ലഭിക്കുന്ന

ഫീസിന്റെ (ലൈസൻസ് അല്ലെങ്കിൽ ചുമതലപ്പെടുത്തുന്നതിനുള്ള ഫീസ് ഉൾപ്പെടെയുള്ള ഏതുതരം ഫീസും) പരമാവധി അഞ്ചു ശതമാനം വരെയും, കൂടാതെ ചുമതലപ്പെടുത്തുന്ന അല്ലെങ്കിൽ ലൈസൻസ് കൊടുക്കുന്ന വ്യക്തിയിൽ നിന്നും വർഷംതോറും ലഭിക്കുന്ന റോയൽറ്റിയുടെ പരമാവധി അഞ്ചു ശതമാനം വരെയും മേഖലാടിസ്ഥാന സമീപനത്തോടെ, അതത് സാഹചര്യങ്ങൾക്കനുസൃതമായി നിശ്ചയിക്കുന്ന പ്രകാരം, അതോറിറ്റിയ്ക്ക് അടയ്ക്കേണ്ടതാണ്.
2) ബൗദ്ധിക സ്വത്തവകാശം വാണിജ്യവൽക്കരിക്കുന്നതിനായി, ഡിജിറ്റൽ സീക്വൻസ് വിവരങ്ങൾ ഉൾപ്പെടെയുള്ള ജൈവവിഭവം പ്രാപ്യമാക്കുന്നതിനായി ഉദ്ദേശിക്കുന്ന ഏതൊരു വ്യക്തിയും, അതത് സംഗതിയ്ക്കനുസരിച്ച്, അതോറിറ്റിയിലോ ബോർഡിലോ കൗൺസിലിലോ അപേക്ഷിക്കേണ്ടതാണ്.

**(9) നിയമത്തിലെ വകുപ്പ് 7 ൽ ഉൾപ്പെടുന്ന വ്യക്തികൾക്ക് ബൗദ്ധിക സ്വത്തവകാശം വാണിജ്യവൽക്കരിക്കുന്നതിനുള്ള പ്രയോജനം പങ്കിടൽ രീതി** - അപേക്ഷകനും അതോറിറ്റിയും തമ്മിലുള്ള ധാരണപ്രകാരം അപേക്ഷകൻ അതോറിറ്റിയ്ക്ക് താഴെപ്പറയും പ്രകാരം സാമ്പത്തിക നേട്ടങ്ങൾ അടയ്ക്കുകയോ സാമ്പത്തികേതര നേട്ടങ്ങൾ പങ്കുവെയ്ക്കുകയോ ചെയ്യേണ്ടതാണ് -

(i) അപേക്ഷകൻ വാണിജ്യാവശ്യത്തിനായി ബൗദ്ധിക സ്വത്തവകാശം സ്വയം ഉപയോഗിക്കുകയാണെങ്കിൽ, സർക്കാർ നികുതികൾ ഒഴിവാക്കിക്കൊണ്ടുള്ള ഉൽപ്പന്നത്തിന്റെ വാർഷിക എക്സ് ഫാക്ടറി മൊത്ത വിൽപ്പന വിലയുടെ പരമാവധി ഒരു ശതമാനം വരെ, മേഖലാടിസ്ഥാന സമീപനത്തോടെ അതത് സാഹചര്യങ്ങൾക്കനുസൃതമായി നിശ്ചയിക്കുന്ന പ്രകാരം, സാമ്പത്തിക പ്രയോജനം പങ്കുവെയ്ക്കലായി അടയ്ക്കേണ്ടതാണ്:

എന്നാൽ കണ്ടുപിടിത്തത്തിൽ പരമ്പരാഗത അറിവ് ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ, ബാധകമായിട്ടുള്ളതിനേക്കാൾ 20 ശതമാനം അധികം പ്രയോജനം പങ്കുവെയ്ക്കൽ ബാധ്യത ഉണ്ടായിരിക്കുന്നതാണ്.

കൂടാതെ, ബൗദ്ധിക സ്വത്തവകാശം അവസാനിക്കുകയോ റദ്ദാക്കപ്പെടുകയോ ചെയ്ത ശേഷം, പ്രസ്തുത ബൗദ്ധിക സ്വത്തവകാശം ലഭിച്ചിരുന്ന ഉൽപ്പന്നത്തിലോ പ്രക്രിയയിലോ ഉപയോഗിക്കുന്നതിനായി ഡിജിറ്റൽ സീക്വൻസ് വിവരങ്ങളുൾപ്പെടെയുള്ള ജൈവവിഭവമോ അനുബന്ധമായിട്ടുള്ള പരമ്പരാഗത അറിവുകളോ, വാണിജ്യാവശ്യത്തിനായി പ്രാപ്യമാക്കുവാനുദ്ദേശിക്കുന്ന ഏതൊരു വ്യക്തിയും, മുൻകൂർ അനുമതി തേടേണ്ടതും നിയമവ്യവസ്ഥ 5 പ്രകാരം നേട്ടങ്ങൾ പങ്കുവെയ്ക്കേണ്ടതുമാണ്.

വിശദീകരണം.- ബൗദ്ധിക സ്വത്തവകാശം നിലനിൽക്കുന്ന കാലയളവിൽ തന്നെ അപേക്ഷകൻ വാണിജ്യാവശ്യത്തിനായി ജൈവവിഭവം പ്രാപ്യമാക്കുന്ന പക്ഷം, ഈ നിയമവ്യവസ്ഥ പ്രകാരം മാത്രമേ അപേക്ഷകൻ പ്രയോജനം പങ്കുവെയ്ക്കുവാൻ പാടുള്ളൂ.

(ii) അപേക്ഷകൻ വാണിജ്യാവശ്യത്തിനായി ബൗദ്ധിക സ്വത്തവകാശം മൂന്നാം കക്ഷിയ്ക്ക് കൈമാറുകയോ ലൈസൻസ് നൽകുകയോ ചെയ്യുന്നുവെങ്കിൽ, അപേക്ഷകനു ലഭിക്കുന്ന ഫീസിന്റെ (ലൈസൻസ് അല്ലെങ്കിൽ ചുമതലപ്പെടുത്തുന്നതിനുള്ള ഫീസ് ഉൾപ്പെടെയുള്ള ഏതുതരം ഫീസും) പരമാവധി അഞ്ചു ശതമാനം വരെയും, കൂടാതെ ചുമതലപ്പെടുത്തുന്ന അല്ലെങ്കിൽ ലൈസൻസ് കൊടുക്കുന്ന വ്യക്തിയിൽ നിന്നും വർഷംതോറും ലഭിക്കുന്ന റോയൽറ്റിയുടെ പരമാവധി അഞ്ചു ശതമാനം വരെയും മേഖലാടിസ്ഥാന സമീപനത്തോടെ, അതത് സാഹചര്യങ്ങൾക്കനുസൃതമായി നിശ്ചയിക്കുന്ന പ്രകാരം, അതോറിറ്റിയ്ക്ക് അടയ്ക്കേണ്ടതാണ്.

**(10) പുതിയ സൂക്ഷ്മ ജീവിയിനങ്ങളെ പ്രസിദ്ധീകരണത്തിനായി ഇന്ത്യയ്ക്ക് പുറത്തുള്ള ശേഖര കേന്ദ്രങ്ങളിൽ നിക്ഷേപിക്കൽ –** (1) ഇന്ത്യയിൽ നിന്നും ഒരു പുതിയ ഇനം സൂക്ഷ്മ ജീവിയെ കണ്ടെത്തിയ ഇന്ത്യൻ ഗവേഷകനോ ശാസ്ത്രജ്ഞനോ, അന്താരാഷ്ട്ര മാനദണ്ഡങ്ങൾ പ്രകാരം കണ്ടുപിടിത്തം അവകാശപ്പെടുന്നതിനായി ജേണലുകളിൽ പ്രസിദ്ധീകരിക്കുന്നതിന് പ്രസ്തുത സൂക്ഷ്മ ജീവികളെ ഇന്ത്യയ്ക്ക് പുറത്തെ

ശേഖര കേന്ദ്രങ്ങളിൽ നിക്ഷേപിക്കുന്നതിന് ഉദ്ദേശിക്കുന്നുവെങ്കിൽ, ഈ നിയമവ്യവസ്ഥയുടെ അനുബന്ധമായി ഉൾക്കൊള്ളിച്ചിട്ടുള്ള ഫോറം 'ഇ' പ്രകാരം അതോറിറ്റിയുടെ വെബ് പോർട്ടലിലൂടെ അപേക്ഷിക്കേണ്ടതാണ്.

2) നിയമത്തിലെ വകുപ്പ് 39, ഉപവകുപ്പ് (3) ൽ വ്യവസ്ഥ ചെയ്തിട്ടുള്ളതിൻ പ്രകാരം അപേക്ഷകൻ ഒരു വൗച്ചർ സ്പെസിമൻ നിർദ്ദിഷ്ട ശേഖര കേന്ദ്രത്തിൽ നിക്ഷേപിക്കേണ്ടതാണ്.

3) നിയമത്തിലെ വകുപ്പ് 3 പ്രകാരം ഏതെങ്കിലും ഗവേഷണം അല്ലെങ്കിൽ ജൈവസർവ്വേ നടത്തുന്നതിനും ജൈവവിനിയോഗത്തിന് അല്ലെങ്കിൽ വാണിജ്യോപയോഗത്തിന് വേണ്ടി മുൻകൂർ അനുമതി നേടണമെന്നുള്ള ഇന്ത്യയിലെ നിയമവ്യവസ്ഥയെക്കുറിച്ച് ഏതൊരു ഉപയോക്താവിനെയും ഇന്ത്യയ്ക്ക് അകത്തോ പുറത്തോ ഉള്ള നിർദ്ദിഷ്ട ശേഖര കേന്ദ്രങ്ങൾ അറിയിക്കേണ്ടതാണ്.

എന്നാൽ ജീവജാലങ്ങളെ ശാസ്ത്രീയമായി തിരിച്ചറിയുന്നതിനുള്ള (ടാക്സോണമിക്കൽ ഐഡന്റിഫിക്കേഷൻ) ഉദ്ദേശ്യത്തിനായി വൗച്ചർ സ്പെസിമനുകൾ റഫർ ചെയ്യുന്നതിനായി ഏതെങ്കിലും ഗവേഷകൻ ആഗ്രഹിക്കുന്നുവെങ്കിൽ, ഇത്തരം അനുമതി ബാധകമല്ല.

4) വൗച്ചർ സ്പെസിമൻ കൈപ്പറ്റിയതായി ഇന്ത്യയിലെ നിർദ്ദിഷ്ട ശേഖര കേന്ദ്രത്തിൽ നിന്നും ലഭ്യമാക്കുന്ന രസീതിന്റെ പകർപ്പ് അപേക്ഷകൻ അതോറിറ്റിയ്ക്ക് സമർപ്പിക്കേണ്ടതാണ്.

**(11) പ്രയോജനം പങ്കുവെയ്ക്കൽ നിർണ്ണയിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ –** (1) ഈ നിയമവ്യവസ്ഥയിൽ അനുബന്ധമായി ഉൾക്കൊള്ളിച്ചിട്ടുള്ള ഫോറം 'എഫി'ൽ സൂചിപ്പിച്ചിട്ടുള്ളതുപോലെ, അതത് സംഗതികൾക്കനുസൃതമായി, അതോറിറ്റിയോ ബോർഡോ കൗൺസിലോ, കമ്മിറ്റിയുമായോ പ്രയോജനാവകാശികളുമായോ കൂടിയാലോചിച്ച് പരസ്പര സമ്മതത്തോടെയുള്ള, സാമ്പത്തികമോ സാമ്പത്തികേതരമോ ആയിട്ടുള്ള മാർഗ്ഗങ്ങളിലൂടെ അപേക്ഷകന് പ്രയോജനം പങ്കുവെയ്ക്കാവുന്നതാണ്.

2) നിയമവ്യവസ്ഥ 3, 4, 5, 7, 8, 9 എന്നിവ പ്രകാരം പ്രയോജനം പങ്കുവെയ്ക്കലിന്റെ നിർണ്ണയം മേഖലാനുസൃതവും ഉപയോഗിക്കുന്ന ജൈവവിഭവത്തിന്റെ സ്വഭാവവും അളവും അതിന്റെ സുസ്ഥിരതയും, പാരിസ്ഥിതിക ആഘാതം, പ്രയോഗിച്ച സാങ്കേതികവിദ്യയുടെ സ്വഭാവം, നിർദ്ദിഷ്ട പ്രവർത്തനത്തിന്റെ വാണിജ്യോപയോഗ സാധ്യത, തുടങ്ങിയ പരിഗണനകളുടെ അടിസ്ഥാനത്തിലുള്ളതും ആയിരിക്കുന്നതും, വിവിധ പ്രവർത്തനങ്ങൾ നടത്തുന്നതിനായി അതത് സംഗതികൾക്കനുസരിച്ച്, മുൻകൂർ പണമടയ്ക്കൽ ഉൾപ്പെടെയുള്ള പ്രയോജനം പങ്കുവെയ്ക്കൽ ഘടകത്തിന്റെ ശതമാനം നിർണ്ണയിക്കുന്നതിനുള്ള ഫോർമൂല അതോറിറ്റി നിർദ്ദേശിക്കുന്നതുമാണ്.

എന്നാൽ മഹാമാരികളെ നിയന്ത്രിക്കുന്നതിനും, മനുഷ്യന്റെയും ജന്തു അല്ലെങ്കിൽ സസ്യങ്ങളുടെ ആരോഗ്യത്തെ ബാധിക്കുന്ന പാരിസ്ഥിതിക മലിനീകരണം ലഘൂകരിക്കുന്നതിനും, അല്ലെങ്കിൽ ഭക്ഷ്യസുരക്ഷയ്ക്കോ ജൈവവൈവിധ്യ സംരക്ഷണത്തിനോ വേണ്ടി, ബൗദ്ധിക സ്വത്തവകാശങ്ങളിലേക്ക് നയിക്കുന്ന സാങ്കേതികവിദ്യയ്ക്കോ കണ്ടുപിടിത്തങ്ങൾക്കോ ഉൽപ്പന്നങ്ങൾക്കോ വേണ്ടി, ഡിജിറ്റൽ സീക്വൻസ് വിവരങ്ങൾ ഉൾപ്പെടെയുള്ള ജൈവവിഭവമോ അനുബന്ധ അറിവുകളോ പ്രാപ്യമാക്കുന്ന സാഹചര്യങ്ങളിൽ പ്രത്യേക പരിഗണന നൽകാവുന്നതും, അത്തരം സന്ദർഭങ്ങളിൽ, അതത് സംഗതികൾക്കനുസരിച്ച്, അതോറിറ്റിയോ ബോർഡോ കൗൺസിലോ തീരുമാനിക്കുന്ന പരിധിയ്ക്കുള്ളിൽ, കുറഞ്ഞ ശതമാനത്തിൽ പ്രയോജനം പങ്കുവെയ്ക്കൽ നിശ്ചയിക്കാവുന്നതുമാണ്:

എന്നാൽ പരസ്പര സമ്മതപ്രകാരം സാമ്പത്തികേതര പ്രയോജനം പങ്കുവെയ്ക്കൽ നൽകുന്ന സാഹചര്യത്തിൽ, ധനപരമായ പ്രയോജനം പങ്കുവെയ്ക്കൽ ബാധ്യത എന്തെങ്കിലും ഉണ്ടെങ്കിൽ, അതോറിറ്റി അല്ലെങ്കിൽ ബോർഡ് അല്ലെങ്കിൽ കൗൺസിൽ നിർണ്ണയിക്കുന്നതുപോലെ കുറയ്ക്കാവുന്നതാണ്.

3) ഉൽപ്പന്നത്തിൽ ഒന്നോ അതിൽ കൂടുതലോ ജൈവവിഭവങ്ങൾ അടങ്ങിയിട്ടുണ്ടെങ്കിലും പ്രയോജനം പങ്കുവെയ്ക്കൽ തുക അതുപോലെ തുടരുന്നതാണ്.

4) രണ്ടോ അതിലധികമോ ബോർഡുകളുടെയോ കൗൺസിലുകളുടെയോ അധികാരപരിധിയിൽ നിന്നാണ് ജൈവവിഭവം സമാഹരിക്കപ്പെട്ടിട്ടുള്ളതെങ്കിൽ, ലഭിച്ച നേട്ടങ്ങൾ മൊത്തമായും ബന്ധപ്പെട്ട ബോർഡുകളുമായോ കൗൺസിലുകളുമായോ, ആനുപാതികമായി, അതത് സംഗതികൾക്കനുസരിച്ച്, പങ്കുവെയ്ക്കേണ്ടതാണ്.

**(12) അതോറിറ്റിയും ബോർഡ് അല്ലെങ്കിൽ കൗൺസിലും പ്രയോജനാവകാശികളും തമ്മിലുള്ള പ്രയോജനം പങ്കുവെയ്ക്കൽ –** (1) ഗവേഷണത്തിനോ, വാണിജ്യോപയോഗത്തിനോ, ഗവേഷണ ഫലങ്ങൾ കൈമാറുന്നതിനോ പങ്കുവെയ്ക്കുന്നതിനോ, ബൗദ്ധിക സ്വത്തവകാശത്തിനോ വേണ്ടി അതോറിറ്റി അനുമതി നൽകുന്ന സാഹചര്യങ്ങളിൽ, താഴെപ്പറയും പ്രകാരമാവണം പ്രയോജനം പങ്കുവെയ്ക്കേണ്ടത് –

(എ) സമാഹരിച്ച നേട്ടങ്ങളുടെ കുറഞ്ഞത് 10 ശതമാനം മുതൽ പരമാവധി 15 ശതമാനം വരെ അതോറിറ്റിയിലേക്ക് പോകുകയും, ആയതിൽ പകുതി തുക അതോറിറ്റിയ്ക്ക് നിലനിർത്താവുന്നതും, ബാക്കി പകുതി അതത് സംഗതികൾക്കനുസരിച്ച്, ബന്ധപ്പെട്ട ബോർഡുമായോ കൗൺസിലുമായോ പങ്കുവെയ്ക്കേണ്ടതുമാണ്;

(ബി) അവശേഷിക്കുന്ന പ്രയോജനം പങ്കുവെയ്ക്കൽ തുക കമ്മിറ്റി (ബി.എം.സി.) ഉൾപ്പെടെയുള്ള പ്രയോജനാവകാശികൾക്ക് വിതരണം ചെയ്യേതും, ഡിജിറ്റൽ സീക്വൻസ് വിവരങ്ങൾ ഉൾപ്പെടെ ജൈവവിഭവം പ്രാപ്യമാക്കുന്ന ഉറവിടത്തെക്കുറിച്ച് അറിവില്ലാത്ത സാഹചര്യങ്ങളിൽ, സമാഹരിച്ച നേട്ടങ്ങളുടെ മുഴുവൻ തുകയും അതോറിറ്റിയ്ക്ക് സൂക്ഷിയ്ക്കാവുന്നതും നിയമത്തിലെ വകുപ്പ് 27, ഉപവകുപ്പ് (2) പ്രകാരം അതോറിറ്റിയ്ക്ക് അത് വിനിയോഗിക്കാവുന്നതുമാണ്.

(സി) ഡിജിറ്റൽ സീക്വൻസ് വിവരങ്ങൾ ഉൾപ്പെടെയുള്ള ജൈവവിഭവവും അനുബന്ധ അറിവും ഒരു വ്യക്തിയിൽ നിന്നോ വ്യക്തികളുടെ സംഘത്തിൽ നിന്നോ സംഘടനകളിൽ നിന്നോ സമാഹരിക്കുന്ന സന്ദർഭങ്ങളിൽ, ഖണ്ഡം (ബി) പ്രകാരം ലഭ്യമാകുന്ന തുക, ബാധകമായിട്ടുള്ള കരാറിലെ വ്യവസ്ഥകൾക്കും

നിബന്ധനകൾക്കും അനുസൃതമായി, അനുയോജ്യമെന്ന് തോന്നുന്ന രീതിയിൽ, പ്രസ്തുത വ്യക്തിയ്ക്കോ വ്യക്തികളുടെ സംഘത്തിനോ സംഘടനകൾക്കോ നേരിട്ട് കൈമാറേണ്ടതാണ്.
2) ബോർഡോ കൗൺസിലോ അംഗീകാരം നൽകിയിട്ടുള്ള സാഹചര്യങ്ങളിൽ, പ്രയോജനം പങ്കുവെയ്ക്കൽ രീതി താഴെ പ്പറയുംപ്രകാരം ആയിരിക്കേണ്ടതാണ് :-
(എ) സമാഹരിച്ച നേട്ടങ്ങളുടെ കുറഞ്ഞത് 10 ശതമാനം മുതൽ പരമാവധി 15 ശതമാനം വരെ ബോർഡിനോ കൗൺസിലിനോ കൈവശം വയ്ക്കാവുന്നതാണ്;

(ബി) അവശേഷിക്കുന്ന പ്രയോജനം പങ്കുവെയ്ക്കൽ തുക കമ്മിറ്റികളുൾപ്പെടെയുള്ള പ്രയോജനാവകാശികൾക്കായി വിതരണം ചെയ്യേണ്ടതും, ഡിജിറ്റൽ സീക്വൻസ് വിവരങ്ങൾ ഉൾപ്പെടെ ജൈവവിഭവം പ്രാപ്യമാക്കുന്ന ഉറവിടത്തെക്കുറിച്ച് അറിവില്ലാത്ത സാഹചര്യങ്ങളിൽ, സമാഹരിച്ച നേട്ടങ്ങളുടെ മുഴുവൻ തുകയും ബോർഡിനോ കൗൺസിലിനോ സൂക്ഷിയ്ക്കാവുന്നതും, നിയമത്തിലെ വകുപ്പ് 32, ഉപവകുപ്പ് (2) പ്രകാരം വിനിയോഗിക്കാവുന്നതുമാണ്;

(സി) ഡിജിറ്റൽ സീക്വൻസ് വിവരങ്ങൾ ഉൾപ്പെടെയുള്ള ജൈവവിഭവവും അനുബന്ധ അറിവും ഒരു വ്യക്തിയിൽ നിന്നോ വ്യക്തികളുടെ സംഘത്തിൽ നിന്നോ സംഘടനകളിൽ നിന്നോ സമാഹരിക്കുന്ന സന്ദർഭങ്ങളിൽ, ഖണ്ഡം (ബി) പ്രകാരം ലഭ്യമാകുന്ന തുക, ബാധകമായിട്ടുള്ള കരാറിലെ വ്യവസ്ഥകൾക്കും നിബന്ധനകൾക്കും അനുസൃതമായി, അനുയോജ്യമെന്ന് തോന്നുന്ന രീതിയിൽ, പ്രസ്തുത വ്യക്തിയ്ക്കോ വ്യക്തികളുടെ സംഘത്തിനോ സംഘടനകൾക്കോ നേരിട്ട് കൈമാറേണ്ടതാണ്.

3) ദേശീയ ജൈവവൈവിധ്യ ഫണ്ടിലോ സംസ്ഥാന ജൈവവൈവിധ്യ ഫണ്ടിലോ കേന്ദ്രഭരണ പ്രദേശ ജൈവവൈവിധ്യ ഫണ്ടിലോ നിക്ഷേപിച്ചിട്ടുള്ള പ്രയോജനം പങ്കുവെയ്ക്കൽ തുകയിന്മേൽ ലഭ്യമാകുന്ന പലിശ അതത് സംഗതികൾക്കനുസരിച്ച്, നിയമത്തിലെ വകുപ്പ് 27, വകുപ്പ് 32 എന്നിവ പ്രകാരം വിനിയോഗിക്കേണ്ടതാണ്.

4) ദേശീയ ജൈവവൈവിധ്യ ഫണ്ടിലോ ബന്ധപ്പെട്ട സംസ്ഥാന ജൈവവൈവിധ്യ ഫണ്ടിലോ കേന്ദ്രഭരണ പ്രദേശ ജൈവവൈവിധ്യ ഫണ്ടിലോ സമാഹരിക്കപ്പെടുന്ന എല്ലാ പിഴകളും അതിന്മേലുള്ള പലിശയും ഉൾപ്പെടെയുള്ള തുക, ജൈവവൈവിധ്യ സംരക്ഷണത്തിനും ജൈവവിഭവങ്ങളുടെ സുസ്ഥിരോപയോഗത്തിനും പിന്തുണ നൽകുന്നതിനും, പ്രസ്തുത ജൈവവിഭവങ്ങൾ കാണപ്പെടുന്ന പ്രദേശത്തെ പ്രാദേശിക ജനങ്ങളുടെ ജീവനോപാധികളെ പ്രോത്സാഹിപ്പിക്കുന്നതിനും നിയമത്തിന്റെ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായുള്ള വിവിധ പ്രവർത്തനങ്ങൾ നടത്തുന്നതിനുമായി വിനിയോഗിക്കേണ്ടതാണ്.

(13) **അനുമതി നൽകുന്നതിനുള്ള കരാർ** - നിയമത്തിലെ വകുപ്പ് 3, 4, 6, 7 എന്നിവ പ്രകാരമുള്ള അനുമതിയ്ക്കായി ഉണ്ടാക്കുന്ന കരാറിലെ വ്യവസ്ഥകളിലും നിബന്ധനകളിലും മറ്റു കാര്യങ്ങളോടൊപ്പം താഴെപ്പറയുന്നവയും ഉൾപ്പെടുത്തേണ്ടതാണ്, അതായത് -

(എ) പൊതുവായ ലക്ഷ്യങ്ങളും ഉദ്ദേശ്യവും;
(ബി) ഡിജിറ്റൽ സീക്വൻസ് വിവരങ്ങൾ ഉൾപ്പെടെയുള്ള ജൈവവിഭവത്തിന്റെയോ അതുമായി ബന്ധപ്പെട്ട അറിവിന്റെയോ (അനുബന്ധ വിവരങ്ങൾ ഉൾപ്പെടെയുള്ള) വിശദാംശങ്ങൾ;
(സി) ഡിജിറ്റൽ സീക്വൻസ് വിവരങ്ങൾ ഉൾപ്പെടെയുള്ള ജൈവവിഭവത്തിന്റെയോ അതുമായി ബന്ധപ്പെട്ട അറിവിന്റെയോ ഉദ്ദേശിക്കുന്ന ഉപയോഗങ്ങൾ;
(ഡി) ബൗദ്ധിക സ്വത്തവകാശം നേടുമ്പോൾ അപേക്ഷകൻ പാലിക്കേണ്ട വ്യവസ്ഥകളും നിബന്ധനകളും;
(ഇ) സാമ്പത്തികവും സാമ്പത്തികേതരവുമായ പ്രയോജനങ്ങളുടെ സ്വഭാവവും അളവും;
(എഫ്) അതോറിറ്റിയുടെ മുൻകൂർ അനുമതിയില്ലാതെ ഗവേഷണ ഫലങ്ങൾ മൂന്നാം കക്ഷിയ്ക്ക് പങ്കിടുകയോ കൈമാറുകയോ ചെയ്യുന്നതിലെ നിയന്ത്രണങ്ങൾ;
(ജി) നിയമത്തിലെ വകുപ്പ് 3, ഉപവകുപ്പ് (2) പ്രകാരമുള്ള സ്ഥിതിയിൽ മാറ്റമുണ്ടാകുന്ന പക്ഷം ആയതിനെക്കുറിച്ച്

അറുപത് ദിവസത്തിനുള്ളിൽ അതോറിറ്റിയെയോ ബോർഡിനെയോ കൗൺസിലിനെയോ അറിയിക്കുന്നതാണെന്നുള്ള അപേക്ഷകന്റെ പ്രസ്താവന;

(എച്ച്) അതോറിറ്റിയോ ബോർഡോ കൗൺസിലോ ആവശ്യപ്പെടുന്ന പ്രകാരം, പ്രാപ്യമാക്കുവാനുദ്ദേശിക്കുന്ന ജൈവവിഭവത്തിന്റെ ഒരു റഫറൻസ് സാമ്പിൾ, വകുപ്പ് 39 പ്രകാരം നിശ്ചയിച്ചിട്ടുള്ള ശേഖരകേന്ദ്രങ്ങളിൽ നിക്ഷേപിക്കുമെന്നുള്ള അപേക്ഷകന്റെ ഉറപ്പ്;

(ഐ)അതോറിറ്റിയോ ബോർഡോ കൗൺസിലോ നിർദ്ദേശിക്കുന്ന പ്രകാരം, അപേക്ഷകൻ ഗവേഷണവും മറ്റു പുരോഗതിയും സംബന്ധിക്കുന്ന സ്ഥിതിവിവര റിപ്പോർട്ടുകൾ കൃത്യമായ ഇടവേളകളിൽ സമർപ്പിക്കൽ;

(ജെ) നിയമത്തിലെയും ചട്ടങ്ങളിലെയും നിയമവ്യവസ്ഥകളിലെയും വ്യവസ്ഥകളും രാജ്യത്ത് നിലവിലുള്ള ബന്ധപ്പെട്ട മറ്റു നിയമങ്ങളും പാലിക്കേണ്ട ബാധ്യത;

(കെ) പ്രാപ്യമാക്കുന്ന ജൈവവിഭവത്തിന്റെ സംരക്ഷണത്തിനും സുസ്ഥിരോപയോഗത്തിനും സഹായകമാകുന്ന നടപടികൾ കൈക്കൊള്ളുമെന്നുള്ള ഉറപ്പ്;

(എൽ) ജൈവവിഭവം ശേഖരിക്കുമ്പോൾ പാരിസ്ഥിതികാഘാതം കുറയ്ക്കുമെന്നുള്ള ഉറപ്പ്;

(എം) കരാറിന്റെ കാലാവധി, കരാർ അവസാനിപ്പിക്കുന്നതിനുള്ള നോട്ടീസ് കാലയളവ്, സ്വതന്ത്രമായി വ്യവസ്ഥകൾ നടപ്പിലാക്കൽ, കരാർ കാലാവധി അവസാനിച്ച ശേഷം പ്രയോജനം പങ്കുവെയ്ക്കൽ സംബന്ധിച്ച നിബന്ധനകൾ എത്രകാലം തുടരും എന്നത് സംബന്ധിച്ച വ്യവസ്ഥകൾ, ഉത്തരവാദിത്തം പരിമിതപ്പെടുത്തുന്ന സാഹചര്യങ്ങൾ (പ്രകൃതി ദുരന്തരങ്ങൾ, തുടങ്ങിയവ), മധ്യസ്ഥം, രഹസ്യസ്വഭാവമുള്ള വ്യവസ്ഥകൾ, തുടങ്ങിയ നിയമപരമായിട്ടുള്ള വ്യവസ്ഥകൾ, എന്തെങ്കിലും ഉണ്ടെങ്കിൽ;

(എൻ) നിയമത്തിലെ ഉദ്ദേശ്യങ്ങൾക്കായി അതോറിറ്റിയോ ബോർഡോ കൗൺസിലോ ആവശ്യമെന്ന് കരുതുന്ന മറ്റ് ഏതെങ്കിലും വ്യവസ്ഥകൾ.

(14) **അനുമതിയുടെ വ്യവസ്ഥകളും നിബന്ധനകളും പാലിക്കുന്നതിനെക്കുറിച്ചുള്ള റിപ്പോർട്ട്** - അനുമതി നൽകപ്പെട്ട വ്യവസ്ഥകളും നിബന്ധനകളും പ്രകാരം ആയത് അനുവർത്തിക്കുന്നത് സംബന്ധിച്ച റിപ്പോർട്ട് അതോറിറ്റിയ്ക്കോ ബോർഡിനോ കൗൺസിലിനോ അപേക്ഷകന് സമർപ്പിക്കാവുന്നതാണ്.

## ഫോറം എ

## (നിയമവ്യവസ്ഥ 4, 5 എന്നിവ കാണുക)

വാർഷിക വരുമാനം ഒരു കോടിയിലധികമുള്ള, നിയമത്തിലെ വകുപ്പ് 3, ഉപവകുപ്പ് (2) അല്ലെങ്കിൽ വകുപ്പ് 7 പ്രകാരം ഉൾപ്പെടുന്ന വ്യക്തിയോ സ്ഥാപനമോ, വാണിജ്യോപയോഗത്തിനായി ഉപയോഗിക്കുകയോ ഉപഭോഗം ചെയ്യുകയോ ചെയ്തിട്ടുള്ള ജൈവവിഭവത്തിന്റെയോ അനുബന്ധ അറിവിന്റെയോ വിശദാംശങ്ങൾ വെളിപ്പെടുത്തുന്നതിനായി സമർപ്പിക്കേണ്ട വാർഷിക പ്രസ്താവനയുടെ മാതൃക.

| ക്രമ നം. | വിശദാംശങ്ങൾ | അപേക്ഷകൻ ലഭ്യമാക്കേണ്ട വിവരങ്ങൾ |
|---|---|---|
| 1. | അപേക്ഷകന്റെ വിഭാഗം | 1. വ്യക്തി<br>2. സ്ഥാപനം |
| 2. | അപേക്ഷകന്റെ പേരും മേൽവിലാസവും (പിൻകോഡ്, ഇ–മെയിൽ, മൊബൈൽനം. ഉൾപ്പെടെയുള്ള വിലാസം) | |
| 3. | ജൈവവിഭവങ്ങളുടെ വിവരങ്ങൾ (സംസ്ഥാനതലത്തിൽ) | 1. ജൈവവിഭവത്തിന്റെ സാധാരണ/ ശാസ്ത്രീയ നാമം<br>2. പ്രാപ്യമാക്കിയ ജൈവ വിഭവത്തിന്റെ അളവ്.<br>3. പ്രാപ്യമാക്കിയ ഉറവിടം (വന്യം/ കൃഷി ചെയ്തത്/ ശേഖര കേന്ദ്രങ്ങൾ)<br>4. ജൈവവിഭവങ്ങൾ പ്രാപ്യമാക്കിയതിന്റെ ജിയോഗ്രഫിക്കൽ ലൊക്കേഷൻ. |
| 4. | വാണിജ്യോപയോഗം നടത്തിയ വർഷം | |

| 5. | വ്യക്തി/ സ്ഥാപനത്തിന്റെ വാർഷിക വരുമാനവും വാർഷിക വരുമാനത്തിന്റെ തെളിവും (ചാർട്ടേർഡ് അക്കൗണ്ടന്റ് സാക്ഷ്യപ്പെടുത്തിയത്) | | | | | | |
|---|---|---|---|---|---|---|---|
| ക്രമ നം. | ഉൽപ്പന്നം/ ജൈവ വിഭവം | സാമ്പ ത്തിക വർഷം | നിയമ ത്തിലെ വകുപ്പ് 7/ വകുപ്പ് 3(2) പ്രകാര മുള്ള മുൻകൂർ അനുമതി യുടെ/ അംഗീ കാര ത്തിന്റെ വിശദാം ശങ്ങൾ | ഉൽപ്പന്ന തിന്റെ വാർ ഷിക മൊത്ത എക്സ് ഫാക്ടറി വിൽപ്പന വില | ഒടുക്കിയ സർക്കാർ നികുതി കൾ, ഉണ്ടെ ങ്കിൽ | വാർഷിക മൊത്ത എക്സ് ഫാക്ടറി വിൽപ്പന വില – സർക്കാർ നികുതി കൾ [7=(5) -(6)] | അതോറിറ്റി/ ബോർഡ്/ കൗൺസിലിന് അടയ്ക്കേണ്ട പ്രയോജനം പങ്കുവെയ്ക്കൽ തുക (പ്രയോ ജനം പങ്കുവെ യ്ക്കൽ തുക അടയ്ക്കാൻ ബാധ്യതയുള്ള വ്യക്തികൾ/ സ്ഥാപനങ്ങൾക്ക് മാത്രം ബാധക മാണ്). (ഇന്ത്യൻ രൂപയിൽ) |
| **(1)** | (2) | (3) | (4) | (5) | (6) | (7) | (8) |

പ്രഖ്യാപനം

1. അതോറിറ്റിയോ ബോർഡോ കൗൺസിലോ ആവശ്യപ്പെടുമ്പോൾ പ്രസക്തമായിട്ടുള്ള രേഖകൾ സമർപ്പിക്കുകയോ പങ്കുവയ്ക്കുകയോ ചെയ്യുന്നതാണെന്ന് പ്രഖ്യാപിക്കുന്നു.
2. കൂടാതെ, ഈ ഫോറത്തിൽ ലഭ്യമാക്കിയിട്ടുള്ള വിവരങ്ങൾ സത്യസന്ധവും ശരിയുമാണെന്നും പ്രഖ്യാപിക്കുന്നതോടൊപ്പം, തെറ്റായതോ ഉചിതമല്ലാത്തതോ ആയ വിവരങ്ങൾക്കും വസ്തുതകൾ മനഃപൂർവ്വം മറച്ചുവച്ചതിനും ഞാൻ ഉത്തരവാദിയായിരിക്കുമെന്നും ഞാൻ പ്രതിജ്ഞ ചെയ്യുന്നു.

തീയതി:

ഒപ്പും സീലും
പേര്

## ഫോറം ബി
## (നിയമവ്യവസ്ഥ 5 കാണുക)

നിയമത്തിലെ വകുപ്പ് 7 പ്രകാരമുള്ള വ്യക്തികൾക്ക് ജൈവ വിഭവങ്ങൾ, ഡിജിറ്റൽ സീക്വൻസ് വിവരങ്ങളോ അനുബന്ധ അറിവുകളോ വാണിജ്യാവശ്യത്തിനായി പ്രാപ്യമാക്കുന്നതിന് ബോർഡിനോ കൗൺസിലിനോ മുൻകൂർ അറിയിപ്പ് നൽകുന്നതിനുള്ള മാതൃകാ അപേക്ഷ.

| 1. | **അപേക്ഷകനെ സംബന്ധിക്കുന്ന വിവരങ്ങൾ** | |
|---|---|---|
| (1) | അപേക്ഷകന്റെ വിഭാഗം | (ഡ്രോപ്ഡൗൺ മെനു)<br>a. വ്യക്തി<br>b. സ്ഥാപനം |
| (2) | അപേക്ഷകന്റെ പേര് | |
| (3) | അപേക്ഷകന്റെ മേൽവിലാസം<br><br>(പിൻകോഡ്, ഇ-മെയിൽ, മൊബൈൽനം. ഉൾപ്പെടെയുള്ള വിലാസവും മറ്റൊരു മൊബൈൽ നം/ ലാന്റ്ലൈൻ നം.) | |
| (4) | വ്യക്തിയുടെ/ സ്ഥാപനത്തിന്റെ വിവരങ്ങൾ. i.e. ബിസിനസ്സിന്റെ സ്വഭാവം തുടങ്ങിയവ. | വ്യക്തി - പാൻ/ ആധാർ<br>സ്ഥാപനം - പാൻ/ സിൻ നം. |
| (5) | അവസാനത്തെ റിട്ടേൺ പ്രകാരമുള്ള വാർഷിക വരുമാനം. | |
| (6) | അപേക്ഷകന്റെ അംഗീകൃത പ്രതിനിധിയുടെ വിശദാംശങ്ങൾ | പാൻ/ ആധാർ |

| | | |
|---|---|---|
| | (പേരും പിൻകോഡ്, ഇ-മെയിൽ, മൊബൈൽ നം. ഉൾപ്പെടെയുള്ള വിലാസവും മറ്റൊരു മൊബൈൽ നം/ ലാന്റ്ലൈൻ നം.) | |
| 2. | **പ്രാപ്യമാക്കുവാനുദ്ദേശിക്കുന്ന ജൈവവിഭവങ്ങളുടെയും അനുബന്ധ അറിവുകളുടെയും വിശദാംശങ്ങൾ (സംസ്ഥാനതലത്തിൽ)** | |
| (1) | ജൈവവിഭവത്തിന്റെ വിശദാംശങ്ങൾ | (ഡ്രോപ്ഡൗൺ മെനു)<br>1. ജൈവവിഭവത്തിന്റെ സ്വഭാവം (സസ്യങ്ങൾ/ ജന്തുക്കൾ/ സൂക്ഷ്മ ജീവികൾ/ ജനിതക വസ്തുക്കൾ/ ഇനങ്ങൾ/ ഹൈബ്രിഡുകൾ/ ഡിജിറ്റൽ സീക്വൻസ് വിവരം (DSI))<br>2. സാധാരണ പേര്<br>3. ശാസ്ത്രീയ നാമം (ജീനസും സ്പീഷീസും/ ഇനം/ ജനുസ്സ്)<br>4. സസ്യഭാഗങ്ങൾ (വിത്ത്, കാണ്ഡം, തൊലി, ഇല, പൂവ്, പഴം, ഭൂകാണ്ഡം, വേര്, ജനിതക വസ്തു, സത്ത്, സ്രവം, തുടങ്ങിയവ)<br>5. ഓരോ ജൈവവിഭവത്തിന്റെയും അളവ് (കി.ഗ്രാം/ ഗ്രാം/ മി.ലി.)<br>6. പ്രാപ്യമാക്കൽ കാലയളവ് (പ്രതീക്ഷിത ആരംഭ തീയതിയും അവസാന തീയതിയും) |

| | | |
|---|---|---|
| | | 7. പ്രാപ്യമാക്കൽ ഉറവിടം (വന്യം/ കൃഷി ചെയ്തത്/ സ്ഥാപനം/ ശേഖരകേന്ദ്രം/ വ്യാപാരി/ വിപണി)<br>8. ജിയോഗ്രഫിക്കൽ ലൊക്കേഷൻ (വില്ലേജ്, താലൂക്ക്, ജില്ല, സംസ്ഥാനം). വ്യാപാര സ്ഥാപനത്തിൽ നിന്നാണ് ആർജ്ജിക്കുന്നതെങ്കിൽ അതിന്റെ പേരും വിലാസവും ബന്ധപ്പെടേണ്ട വിവരങ്ങളും നൽകേണ്ടതാണ്; ശേഖരകേന്ദ്രം/സ്ഥാപനം/ ഡാറ്റാബേസ് എന്നിവിടങ്ങളിൽ നിന്നും ആർജ്ജിക്കുകയാണെങ്കിൽ, ശേഖരണത്തിന്റെ ഉറവിടം (പാസ്പോർട്ട് ഡാറ്റാ) ലഭ്യമാക്കേണ്ടതാണ്. |
| (2) | അനുബന്ധ അറിവുകളുടെ വിശദാംശങ്ങൾ: (സംസ്ഥാനതലത്തിൽ) | |
| (a) | അനുബന്ധ അറിവിന്റെ സ്വഭാവം (വായ്മൊഴി/ രേഖപ്പെടുത്തിയത്) | |
| (b) | പ്രാപ്യമാക്കുവാനുദ്ദേശിക്കുന്ന പരമ്പരാഗത അറിവിന്റെ വിശദാംശങ്ങൾ (100 വാക്കിൽ കവിയാത നൽകുക) | |
| (c) | പരമ്പരാഗത അറിവുടമയുടെ പേര് (വ്യക്തി/ സമൂഹം) | |

| | | |
|---|---|---|
| (3) | പ്രാപ്യമാക്കലിന്റെ ഉദ്ദേശ്യം (ഉരുത്തിരിച്ചെടുക്കുന്നതും ഉരുത്തിരിക്കുന്നതിനുദ്ദേശിക്കുന്നതുമായ വാണിജ്യോപ യോഗത്തിന്റെ തരവും വ്യാപ്തിയും ഉൾപ്പെടെ) | |
| (i) | വാണിജ്യോപയോഗ ത്തിന്റെ ചുരുക്കത്തിലുള്ള വിവരണം | |
| (ii) | വാണിജ്യോപയോഗ ത്തിന്റെ പ്രതീക്ഷിത കാലയളവ് | |
| (4) | ലഭ്യമായ ബൗദ്ധിക സ്വത്തവകാശം വാണിജ്യവൽക്കരിക്കു ന്നതിന് ഉദ്ദേശിച്ചുള്ള താണോ നിർദ്ദിഷ്ട വാണിജ്യോപയോഗം | അതെ അല്ലെങ്കിൽ അല്ല. അതെ എങ്കിൽ, നിയമത്തിലെ വകുപ്പ് 6 (1 ബി) പ്രകാരം അതോറി റ്റിയിൽ നിന്നും ലഭ്യമായ അംഗീകാരത്തിന്റെ പകർപ്പ് അപ്‌ലോഡ് ചെയ്യുക. |
| (5) | പ്രയോജനം പങ്കുവെയ് ക്കുന്നതിന് താൽപ്പര്യ പ്പെടുന്ന രീതി | i. സാമ്പത്തികം<br>ii. സാമ്പത്തികേതരം<br>iii. രണ്ടും |
| (6) | പ്രാപ്യമാക്കിയ ജൈവ വിഭവങ്ങളുടെയും അനു ബന്ധ അറിവുകളുടെയും ഉപയോഗത്തിലൂടെ രാജ്യ ത്തിനോ സമൂഹത്തിനോ ലഭിക്കാനിടയുള്ള നേട്ടങ്ങ ളുടെ ഏകദേശ വിവരം | (ഓപ്ഷണൽ) |
| (7) | പ്രസക്തമെന്ന് കരുതുന്ന മറ്റു വിവരങ്ങൾ | |
| (8) | അപേക്ഷാഫീസ് ഒടുക്കിയതിന്റെ വിശദാം ശങ്ങൾ (അടച്ച രീതി, ട്രാൻസാക്ഷൻ ഐഡി, തുക, തീയതി, തുടങ്ങിയവ) | |

## പ്രസ്താവന

ഞാൻ/ഞങ്ങൾ പ്രസ്താവിക്കുന്നതെന്തെന്നാൽ,

1. നിർദ്ദിഷ്ട ജൈവവിഭവത്തിന്റെ ശേഖരണം വിഭവത്തിന്റെ സുസ്ഥിരതയെ ദോഷകരമായി ബാധിക്കുന്നതല്ല;
2. നിർദ്ദിഷ്ട ജൈവവിഭവത്തിന്റെ ശേഖരണം യാതൊരു പാരിസ്ഥിതിക ആഘാതവും ഉണ്ടാക്കുന്നതല്ല;.
3. നിർദ്ദിഷ്ട ജൈവവിഭവത്തിന്റെ ശേഖരണം ആവാസവ്യവസ്ഥയ്ക്ക് യാതൊരുവിധ ഹാനിയും ഉണ്ടാക്കുന്നതല്ല;
4. നിർദ്ദിഷ്ട ജൈവവിഭവത്തിന്റെയും അനുബന്ധ അറിവുകളുടെയും ശേഖരണം പ്രാദേശിക സമൂഹത്തിനെ ദോഷകരമായി ബാധിക്കുന്നില്ല.
5. അതോറിറ്റി നിർദ്ദേശിക്കുന്ന പരസ്പര സമ്മതത്തോടെയുള്ള മാതൃകാ വ്യവസ്ഥകളിലെ വ്യവസ്ഥകളും നിബന്ധനകളും ഞാൻ/ ഞങ്ങൾ അംഗീകരിക്കുകയും ജൈവവിഭവത്തിന്റെയും അനുബന്ധ അറിവുകളുടെയും നിർദ്ദിഷ്ട പ്രാപ്യമാക്കലിനായി ആയത് സമർപ്പിക്കുകയും ചെയ്യുന്നതാണ്.

ഈ അപേക്ഷയിൽ ലഭ്യമാക്കിയിട്ടുള്ള വിവരങ്ങൾ എന്റെ/ ഞങ്ങളുടെ അറിവിലും വിശ്വാസത്തിലും സത്യസന്ധവും ശരിയുമാണെന്നും ആയത് ഒന്നും മറച്ചുവയ്ക്കുന്നില്ലെന്നും ആയതിന്റെ ഒരുഭാഗവും തെറ്റല്ലെന്നും ഞാൻ/ ഞങ്ങൾ പ്രസ്താവിക്കുന്നു. തെറ്റായതോ ഉചിതമല്ലാത്തതോ ആയ വിവരങ്ങൾക്കും വസ്തുതകൾ മനഃപൂർവ്വം മറച്ചുവച്ചതിനും ഞാൻ/ ഞങ്ങൾ ഉത്തരവാദിയായിരിക്കുന്നതാണ്.

സ്ഥലം ഒപ്പ്

തീയതി പേര്

## ഫോറം സി
## (നിയമവ്യവസ്ഥ 5 കാണുക)

### ഭേദഗതി വരുത്തിയിട്ടോ അല്ലാതെയോ ഉള്ള പരസ്പര സമ്മതത്തോടെയുള്ള വ്യവസ്ഥകൾക്കും നിബന്ധനകൾക്കുമുള്ള അംഗീകാരം

(പ്രേക്ഷിതൻ) ഓഫീസ് പേര് ............................
(വിലാസം)................................................................
അപേക്ഷാ നമ്പർ.................. തീയതി ...............

സ്വീകർത്താവ്

..................................
..................................

സർ/മാഡം,

ജൈവവിഭവങ്ങളോ അനുബന്ധ അറിവുകളോ വാണിജ്യാവശ്യത്തിനായി പ്രാപ്യമാക്കുന്നതിനുള്ള അനുമതിയ്ക്കായി അതത് സമയങ്ങളിലെ ഭേദഗതിയനുസരിച്ചുള്ള ജൈവവൈവിധ്യ നിയമം, 2002 (2003 ലെ 18) വകുപ്പ് 7 പ്രകാരം സംസ്ഥാന ജൈവവൈവിധ്യ ബോർഡ്/ കേന്ദ്രഭരണ പ്രദേശ ജൈവവൈവിധ്യ കൗൺസിലിന് താങ്കൾ സമർപ്പിച്ച ............. തീയതിയിലെ ....................നമ്പർ അപേക്ഷയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

2. അപേക്ഷ പരിശോധിച്ചതിന്റെയും അപേക്ഷകന്റെ ഭാഗം കേട്ടതിന്റെയും അടിസ്ഥാനത്തിൽ, സംസ്ഥാന ജൈവവൈവിധ്യ ബോർഡ്/ കേന്ദ്രഭരണ പ്രദേശ ജൈവവൈവിധ്യ കൗൺസിൽ, അതത് സമയങ്ങളിലെ ഭേദഗതിയനുസരിച്ചുള്ള ജൈവവൈവിധ്യ നിയമം, 2002 വകുപ്പ് 23(ബി), 24(2) എന്നിവ പ്രകാരം പരസ്പര സമ്മതത്തോടെയുള്ള വ്യവസ്ഥകളും നിബന്ധനകളും ഉൾപ്പെടെ ....................തീയതിയിലെ .................... (ഫോറം നമ്പറും അപേക്ഷാ നമ്പറും) അപേക്ഷ അംഗീകരിക്കുന്നു.

അല്ലെങ്കിൽ

അപേക്ഷ പരിശോധിച്ചതിന്റെയും അപേക്ഷകന്റെ ഭാഗം കേട്ടതിന്റെയും അടിസ്ഥാനത്തിൽ, സംസ്ഥാന ജൈവവൈവിധ്യ ബോർഡ്/ കേന്ദ്രഭരണ പ്രദേശ ജൈവവൈവിധ്യ കൗൺസിൽ, അതത് സമയങ്ങളിലെ ഭേദഗതിയനുസരിച്ചുള്ള ജൈവവൈവിധ്യ നിയമം, 2002 വകുപ്പ് 23(ബി), 24(2) എന്നിവ പ്രകാരം പരസ്പര സമ്മതത്തോടെയുള്ള വ്യവസ്ഥകളിലും നിബന്ധനകളിലും താഴെപ്പറയുംപ്രകാരമുള്ള ഭേദഗതികൾ വരുത്തിക്കൊണ്ട്, ....................തീയതിയിലെ ................... (ഫോറം നമ്പറും അപേക്ഷാ നമ്പറും) അപേക്ഷ അംഗീകരിക്കുന്നു. അതായത്.-

..........................................................................................................

..........................................................................................................

ബോർഡ്/ കൗൺസിൽ നിർദ്ദേശിച്ച ഭേദഗതി വരുത്തിയ വ്യവസ്ഥകളിലും നിബന്ധനകളിലും മേലുള്ള താങ്കളുടെ സമ്മതം നൽകുന്നതിനും 15 ദിവസത്തിനകം കരാർ ഒപ്പുവെയ്ക്കുന്നതിനും അഭ്യർത്ഥിക്കുന്നു. ആയത് ചെയ്യാത്തപക്ഷം താങ്കളുടെ അപേക്ഷ നിയമവ്യവസ്ഥ 5 പ്രകാരം അവസാനിപ്പിക്കുന്നതാണ്.

ബന്ധപ്പെട്ട അധികാരിയുടെ അംഗീകാരത്തോടെ പുറപ്പെടുവിച്ചിട്ടുള്ളതാണിത്.

മെമ്പർ സെക്രട്ടറി<br>
(പേര്) സംസ്ഥാന ജൈവവൈവിധ്യ ബോർഡ്/<br>
കേന്ദ്രഭരണ പ്രദേശ ജൈവവൈവിധ്യ കൗൺസിൽ.

പകർപ്പ്: അറിവിലേക്കും അടിയന്തര നടപടിയ്ക്കുമായി,

1. ........ (പേര്) ജൈവവൈവിധ്യ പരിപാലന സമിതി
2. സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ വെബ്സൈറ്റിൽ ഒരു പകർപ്പ് അപ്ലോഡ് ചെയ്യേണ്ടതാണ്.

## ഫോറം ഡി
## (നിയമവ്യവസ്ഥ 5 കാണുക)

### നിരാകരിക്കൽ ഉത്തരവ്

(പ്രേക്ഷിതൻ) ഓഫീസ് പേര് .........................
(വിലാസം) ..........................................................
അപേക്ഷാ നമ്പർ............. തീയതി ..................

സ്വീകർത്താവ്

.................................
.................................

സർ/മാഡം,

ജൈവവിഭവങ്ങളോ അനുബന്ധ അറിവുകളോ വാണിജ്യാവശ്യത്തിനായി പ്രാപ്യമാക്കുന്നതിനുള്ള അനുമതിയ്ക്കായി അതത് സമയങ്ങളിലെ ഭേദഗതിയനുസരിച്ചുള്ള ജൈവവൈവിധ്യ നിയമം, 2002 (2003 ലെ 18) വകുപ്പ് 7 പ്രകാരം സംസ്ഥാന ജൈവ വൈവിധ്യ ബോർഡ്/ കേന്ദ്രഭരണ പ്രദേശ ജൈവവൈവിധ്യ കൗൺസിലിന് താങ്കൾ സമർപ്പിച്ച ............... തീയതിയിലെ ................... നമ്പർ അപേക്ഷയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

2. അപേക്ഷ പരിശോധിച്ചതിന്റെയും അപേക്ഷകന്റെ ഭാഗം കേട്ടതിന്റെയും അടിസ്ഥാനത്തിൽ, സംസ്ഥാന ജൈവവൈവിധ്യ ബോർഡ്/ കേന്ദ്രഭരണ പ്രദേശ ജൈവവൈവിധ്യ കൗൺസിൽ, അതത് സമയങ്ങളിലെ ഭേദഗതിയനുസരിച്ചുള്ള ജൈവവൈവിധ്യ നിയമം, 2002 വകുപ്പ് 23(ബി), 24(2) എന്നിവ പ്രകാരം .....................തീയതിയിലെ ........................(ഫോറം നമ്പറും അപേക്ഷാ നമ്പറും) അപേക്ഷ താഴെപ്പറയുന്ന കാരണങ്ങളാൽ നിരാകരിക്കുന്നു:-

..........................................................................................................
..........................................................................................................
..........................................................................................................

3. അതത് സമയങ്ങളിലെ ഭേദഗതിയനുസരിച്ചുള്ള ജൈവ വൈവിധ്യ നിയമം, 2002 വകുപ്പ് 52 എ പ്രകാരം, ഈ ഉത്തരവ് അറിയിച്ച തീയതി മുതൽ 30 ദിവസത്തിനകം ദേശീയ ഹരിത ട്രിബ്യൂണൽ ആക്ട് 2010, വകുപ്പ് 3 പ്രകാരം സ്ഥാപിതമായ ദേശീയ ഹരിത ട്രീബ്യൂണലിന് താങ്കൾക്ക് അപ്പീൽ നൽകാവുന്നതാണ്.

ബന്ധപ്പെട്ട അധികാരിയുടെ അംഗീകാരത്തോടെ പുറപ്പെടുവിച്ചിട്ടുള്ളതാണിത്.

മെമ്പർ സെക്രട്ടറി<br>(പേര്) സംസ്ഥാന ജൈവവൈവിധ്യ ബോർഡ്/<br>കേന്ദ്രഭരണ പ്രദേശ ജൈവവൈവിധ്യ കൗൺസിൽ.

പകർപ്പ്: അറിവിലേക്കും അടിയന്തര നടപടിയ്ക്കുമായി,

1. ........... (പേര്) ജൈവവൈവിധ്യ പരിപാലന സമിതി
2. സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ വെബ്സൈറ്റിൽ ഒരു പകർപ്പ് അപ്‌ലോഡ് ചെയ്യേണ്ടതാണ്.

## ഫോറം ഇ
## (നിയമവ്യവസ്ഥ 10 കാണുക)

ഇന്ത്യയിലെ ഗവേഷകന് പുതിയ സൂക്ഷ്മ ജീവിയിനങ്ങളുടെ കണ്ടെത്തലുകൾ പ്രസിദ്ധീകരണത്തിനായി ഇന്ത്യയ്ക്ക് പുറത്തുള്ള ശേഖര കേന്ദ്രങ്ങളിൽ നിക്ഷേപിക്കുന്നതിന് ദേശീയ ജൈവവൈവിധ്യ അതോറിറ്റിയ്ക്ക് മുൻകൂർ അറിയിപ്പ് നൽകുന്നതിനുള്ള അപേക്ഷ.

| ക്രമ നം. | വിശദാംശങ്ങൾ | ലഭ്യമാക്കേണ്ട വിവരങ്ങൾ |
|---|---|---|
| 1. | അപേക്ഷകന്റെ പേര് (നിക്ഷേപിക്കുന്നയാൾ) | |
| 2. | അപേക്ഷകന്റെ വിഭാഗം | a. വ്യക്തി ഗവേഷകൻ<br>b. സ്ഥാപനം |
| 3. | പൂർണ്ണമായ വിലാസവും ബന്ധപ്പെടേണ്ട വിവരങ്ങളും<br><br>(പിൻകോഡ്, ഇ-മെയിൽ, മൊബൈൽ നം. ഉൾപ്പെടെയുള്ള പോസ്റ്റൽ വിലാസവും മറ്റൊരു മൊബൈൽ നം/ ലാന്റ്ലൈൻ നം.) | |
| 4. | വിദേശ ശേഖരകേന്ദ്രങ്ങളിൽ നിക്ഷേപിക്കുന്ന സൂക്ഷ്മജീവിയുടെ പേര് | |
| 5. | പ്രസ്തുത സൂക്ഷ്മജീവി ശേഖരിക്കപ്പെട്ട സ്ഥലത്തിന്റെ ജിയോഗ്രഫിക്കൽ ലൊക്കേഷൻ | |

| | | |
|---|---|---|
| 6. | ജൈവവിഭവം നിക്ഷേപിക്കുവാനുദ്ദേശിക്കുന്ന വിദേശ ശേഖര കേന്ദ്രത്തിന്റെ പേരും ബന്ധപ്പെടേണ്ട വിവരങ്ങളും<br><br>(പിൻകോഡ്, ഇ-മെയിൽ, മൊബൈൽനം. ഉൾപ്പെടെയുള്ള പോസ്റ്റൽ വിലാസവും മറ്റൊരു മൊബൈൽ നം/ ലാന്റ്ലൈൻ നം.) | |
| 7. | ജൈവവിഭവം നിക്ഷേപിച്ചിട്ടുള്ള ഇന്ത്യയിലെ ശേഖരകേന്ദ്രത്തിന്റെ പേരും ബന്ധപ്പെടേണ്ട വിവരങ്ങളും<br><br>(പിൻകോഡ്, ഇ-മെയിൽ, മൊബൈൽനം. ഉൾപ്പെടെയുള്ള പോസ്റ്റൽ വിലാസവും മറ്റൊരു മൊബൈൽ നം/ ലാന്റ്ലൈൻ നം.) | |
| 8. | നിക്ഷേപിക്കപ്പെട്ടിട്ടുള്ള സൂക്ഷ്മജീവിയ്ക്കായി ഇന്ത്യൻ ശേഖരകേന്ദ്രം ലഭ്യമാക്കിയിട്ടുള്ള ആക്സഷൻ നമ്പർ | |

## പ്രസ്താവന

വിദേശ ശേഖരകേന്ദ്രത്തിൽ നിക്ഷേപിച്ചിട്ടുള്ള സൂക്ഷ്മജീവിയെ ഗവേഷണത്തിനോ ജൈവസർവ്വേയ്ക്കോ ജൈവവിനിയോഗത്തിനോ വാണിജ്യോപയോഗത്തിനോ വേണ്ടി ഏതെങ്കിലും ഇന്ത്യാക്കാരനല്ലാത്ത ഉപയോക്താവിന് പ്രാപ്യമാക്കുന്നതിന് നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം ദേശീയ ജൈവവൈവിധ്യ അതോറിറ്റിയുടെ മുൻകൂർ അനുമതി നേടണമെന്ന് വിദേശ ശേഖരകേന്ദ്രത്തെ അറിയിക്കുന്നതാണെന്ന് ഞാൻ/ഞങ്ങൾ പ്രസ്താവിക്കുന്നു.

കൂടാതെ, നിയമത്തിലെ വകുപ്പ് 3, ഉപവകുപ്പ് (2) ൽ ഉൾപ്പെടുന്ന ഒരു വ്യക്തിയല്ല താനെന്നും ഞാൻ പ്രസ്താവിക്കുന്നു.

മുകളിൽ ലഭ്യമാക്കിയിട്ടുള്ള വിവരങ്ങൾ എന്റെ അറിവിലും വിശ്വാസത്തിലും സത്യസന്ധവും ശരിയുമാണെന്നും ഞാൻ പ്രസ്താവിക്കുകയും ഉറപ്പ് നൽകുകയും ചെയ്യുന്നു. തെറ്റായതോ ഉചിതമല്ലാത്തതോ ആയ വിവരങ്ങൾക്കും വസ്തുതകൾ മനഃപൂർവ്വം മറച്ചുവച്ചതിനും ഞാൻ/ഞങ്ങൾ ഉത്തരവാദിയായിരിക്കുന്നതാണ്.

സ്ഥലം

തീയതി

അപേക്ഷകന്റെ ഒപ്പ്
(നിക്ഷേപിക്കുന്നയാൾ)

# ഫോറം എഫ്
## (നിയമവ്യവസ്ഥ 11 കാണുക)
## തുല്യവും നീതിയുക്തവുമായ പ്രയോജനം പങ്കുവെയ്ക്കൽ മാർഗ്ഗങ്ങൾ

ആക്ടിലെ വകുപ്പ് 21, 23 എന്നിവയിലെ വ്യവസ്ഥകൾക്കനുസൃതമായി, അതത് സംഗതികൾക്കനുസരിച്ച്, അപേക്ഷകനും ദേശീയ ജൈവവൈവിധ്യ അതോറിറ്റി അല്ലെങ്കിൽ സംസ്ഥാന ജൈവവൈവിധ്യ ബോർഡ് അല്ലെങ്കിൽ കേന്ദ്രഭരണ പ്രദേശ ജൈവവൈവിധ്യ കൗൺസിലുമായി പരസ്പരം സമ്മതിച്ച വ്യവസ്ഥകൾ പ്രകാരം, താഴെപ്പറയുന്ന ഒന്നോ അതിലധികമോ ഓപ്ഷനുകൾ പ്രയോഗിക്കാവുന്നതാണ്. ഇവ സൂചകങ്ങളായിട്ടുള്ള ഓപ്ഷനുകളാണ്. കേന്ദ്ര സർക്കാരുമായി കൂടിയാലോചിച്ച് ദേശീയ ജൈവവൈവിധ്യ അതോറിറ്റി അംഗീകരിക്കുന്ന മറ്റു ഓപ്ഷനുളും സ്വീകരിക്കാവുന്നതാണ്:

**(എ) സാമ്പത്തിക നേട്ടങ്ങളുടെ ഓപ്ഷനുകൾ:**

i. മുൻകൂർ പണമടയ്ക്കൽ;
ii. ഒറ്റത്തവണ പണമടയ്ക്കൽ;
iii. ഘട്ടംഘട്ടമായുള്ള പണമടയ്ക്കൽ (Milestone payment);
iv. റോയൽറ്റിയുടെയും സമാഹരിച്ച നേട്ടങ്ങളുടെയും പങ്ക്;
v. ലൈസൻസ് ഫീസിന്റെ പങ്ക്;
vi. ദേശീയതലത്തിലെയോ സംസ്ഥാനതലത്തിലെയോ കേന്ദ്രഭരണ പ്രദേശത്തിലെയോ പ്രാദേശികതലത്തിലെയോ ജൈവവൈവിധ്യ ഫണ്ടിലേക്ക് സംഭാവന നൽകൽ;
vii. ഇന്ത്യയിലെ ഗവേഷണത്തിനും വികസനത്തിനും ഫണ്ട് നൽകൽ;
viii. ഇന്ത്യയിലെ സ്ഥാപനങ്ങളും കമ്പനികളുമായുള്ള സംയുക്ത സംരംഭങ്ങൾ.

**(ബി) സാമ്പത്തികേതര നേട്ടങ്ങളുടെ ഓപ്ഷനുകൾ:**

i. സുസ്ഥിരോപയോഗ രീതികളുടെ പരിശീലനം, അടിസ്ഥാന സൗകര്യ വികസനം (പരിസ്ഥിതി വൃത്തിയ്ക്കുവേണ്ടി മാലിന്യ സംസ്ക്കരണം/കമ്പോസ്റ്റിംഗ്, സുരക്ഷിത കുടി വെള്ളം/ സോളാർ ലൈറ്റുകൾ ലഭ്യമാക്കൽ എന്നിവ ഉൾപ്പെടെ) ഉൾപ്പെടെ സ്ഥാപനങ്ങൾക്ക് കാര്യശേഷി വികസനം ലഭ്യമാക്കുകയും ജൈവവിഭവങ്ങളുടെ സംരക്ഷണവും സുസ്ഥിരോപയോഗവുമായി ബന്ധപ്പെട്ടുള്ള പ്രവർത്തനങ്ങൾ വികസിപ്പിക്കുകയും ചെയ്യുക;

ii. ഇന്ത്യയിലെ ഇൻസ്റ്റിറ്റ്യൂഷനുകൾ / വ്യക്തികൾ/ സ്ഥാപനങ്ങൾ എന്നിവരുമായി സാങ്കേതികത കൈമാറുകയോ ഗവേഷണത്തിന്റെയും വികസിപ്പിക്കലിന്റെയും ഫലങ്ങൾ പങ്കുവെയ്ക്കുകയോ ചെയ്യുക; പ്രാദേശിക ജനങ്ങൾ/ സമൂഹങ്ങൾക്ക് ഹരിത സാങ്കേതികതകൾ ലഭ്യമാക്കുക;

iii. ആവാസകേന്ദ്രങ്ങളുടെ നാശമോ മലിനീകരണമോ പ്രദേശങ്ങൾ മലിനമാകുന്നതോ തടയുന്നതിനുള്ള പരിഹാര നടപടികളും പുനരുജ്ജീവന പ്രവർത്തനങ്ങളും;

iv. സാങ്കേതികവിദ്യ വികസിപ്പിക്കുന്നതിനും ഇന്ത്യയിലേക്ക് സാങ്കേതികവിദ്യാ കൈമാറുന്നതിനും ഇന്ത്യയിലെ ഇൻസ്റ്റിറ്റ്യൂഷനുകൾ / വ്യക്തികൾ/ സ്ഥാപനങ്ങൾ എന്നിവരുമായുള്ള പങ്കാളിത്ത ഗവേഷണവും വികസന പരിപാടികളും ശാക്തീകരിക്കൽ;

v. ജൈവവിഭവങ്ങളുടെ സംരക്ഷണത്തിനും സുസ്ഥിരോപയോഗത്തിനുമായുള്ള വിദ്യാഭ്യാസവും പരിശീലനവുമായി ബന്ധപ്പെട്ടുള്ള സംഭാവനകൾ/ പങ്കാളിത്തം;

vi. പ്രാദേശിക സമ്പദ്‌വ്യവസ്ഥയ്ക്കും പ്രാദേശിക സമൂഹത്തിന്റെ വരുമാനത്തിനും സഹായകമാകുന്ന ഉൽപ്പാദന, ഗവേഷണ, വികസന യൂണിറ്റുകൾ/ സൗകര്യങ്ങൾ വികസിപ്പിക്കൽ;

vii. അപൂർവ്വവും വംശനാശഭീഷണി നേരിടുന്നതുമായ ജീവജാലങ്ങളുടെ സംരക്ഷണത്തിനും പരിപാലനത്തിനുമായി

ജൈവവിഭവങ്ങൾ പ്രാപ്യമാക്കിയ പ്രദേശത്ത് നഴ്സറികൾ / പ്ലാന്റേഷനുകൾ വികസിപ്പിക്കുന്നതിനുള്ള ഉചിതമായ നടപടികൾ കൈക്കൊള്ളൽ;

viii. ജൈവവൈവിധ്യത്തിന്റെ പട്ടികപ്പെടുത്തലിനും വിഭവ വിലയിരുത്തലിനും വേണ്ടിയുള്ള പഠനങ്ങൾ/ പദ്ധതികൾ ആരംഭിക്കൽ;

ix. ജൈവവൈവിധ്യ കണക്കെടുപ്പും വർഗ്ഗീകരണ പഠനവും ഉൾപ്പെടെ ജൈവവൈവിധ്യത്തിന്റെ സംരക്ഷണത്തിനും സുസ്ഥിരോപയോഗത്തിനും വേണ്ടിയുള്ള പ്രസക്തമായ ശാസ്ത്രീയ വിവരങ്ങൾ പങ്കുവെയ്ക്കൽ;

x. ജൈവവിഭവങ്ങളെ കേന്ദ്രീകരിച്ചുകൊണ്ടുള്ള ഭക്ഷണം, ആരോഗ്യം, ജീവനോപാധി എന്നിവയുടെ സുരക്ഷ ഉൾപ്പെടെയുള്ള ഇന്ത്യയുടെ മുൻഗണനാവശ്യങ്ങളിലേക്ക് നയിക്കുന്ന ഗവേഷണങ്ങൾ നടപ്പിലാക്കൽ;

xi. ജീവിതച്ചെലവ് ഉൾപ്പെടെയുള്ള സ്കോളർഷിപ്പുകൾ വ്യക്തികൾക്ക് നൽകലും ഇന്ത്യയിലെ സ്ഥാപനങ്ങൾക്ക് സാമ്പത്തിക സഹായം നൽകലും പ്രത്യേകിച്ചും ജൈവ വിഭവങ്ങളുടെ വിതരണത്തിനും തുടർന്നുള്ള ലാഭവിഹിതത്തിനും സംഭാവന ചെയ്യുന്ന പ്രദേശങ്ങൾക്കും ഗ്രോത്ര വിഭാഗങ്ങൾ/സമുദായങ്ങൾക്കും, ഉണ്ടെങ്കിൽ;

xii. പ്രയോജനാവകാശികളുടെ ആവശ്യങ്ങൾക്കും അവകാശങ്ങൾക്കും പിന്തുണ നൽകുന്നതിനായി സംരംഭക മൂലധന ഫണ്ട് സ്ഥാപിക്കൽ;

xiii. പ്രസക്തമായിട്ടുള്ള ബൗദ്ധിക സ്വത്തവകാശങ്ങളുടെ കൂട്ടായ ഉടമസ്ഥാവകാശം;

xiv. പരസ്പര സമ്മതത്തോടെയുള്ള ശമ്പളവും പ്രത്യേക വ്യവസ്ഥകളും.

**Dr. B. BALAJI,** Member Secy.

[ADVT.-III/4/Exty./65/2025-26]

കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്
തിരുവനന്തപുരം